KOTTAYAM PUBLIC LIBRARY

Call No MA9 KER.D Acc. No 1848

Author കേരള സാഹിത്യ അക്കാദമി

Title ദ്രൗപദി സ്വയംവരം

## BOOK To READER

- Thank you for not tearing my pages.
- Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.
2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

*Sree Rama Varma Grandhavali*

# DROUPATHEE SWAYAMVARAM

(BHASHA CHAMPU)

Book of the Erstwhile Malayalam
Improvement Committee.

Published by
The Kerala Sahitya Akademi
Malayalam Literature Fund

Third Impression, November 1969,
Copies One Thousand-
(Rights held by Kerala Sahitya Akademi
Malayalam Literature Fund)

Printed at
SREETHULAKAM PRESS, KOTTAYAM-2

Distributors:

NATIONAL BOOK STALL
KOTTAYAM - KERALA STATE, INDIA

Price: Rs. 1-50

KOTTAYAM PUBLIC LIBRARY
R
KO 1848



# ദ്രൗപദീസ്വയംവരം

## ഭാഷാചമ്പു

കേരളസാഹിത്യ അക്കാദമിയിൽനിന്നു പ്രസിദ്ധപ്പെടുത്തുന്ന
മുൻകൊച്ചിഭാഷാപരിഷ്കരണക്കമ്മിററിവക ഗ്രന്ഥം

പകർപ്പവകാശം കേരളസാഹിത്യ അക്കാദമി
മലയാളസാഹിത്യനിധിക്ക്

വില: ഒന്നര രൂപ

വിതരണം

**നാഷനൽ ബുക്ക്സ്റ്റാൾ**

**കോട്ടയം**

19[illegible]

മൂന്നാം പതിപ്പ്

കോപ്പി ആയിരം

കോട്ടയം

ശ്രീതിലകം പ്രസ്സിൽ അച്ചടിച്ചതു്.

# പ്രസ്താവന

ഭാഷാഭാരതചമ്പു പരിശോധിച്ച ടിപ്പണിയോടും അവതാരികയോടുംകൂടി പ്രസിദ്ധപ്പെടുത്തുവാൻ ഭാഷാപരിഷ്ക്കരണക്കമ്മെററിയുടെ കഴിഞ്ഞ യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. അതുപ്രകാരം തൃപ്പൂണിത്തുറ ഗ്രന്ഥശാലയിലെ ഗ്രന്ഥത്തിലുള്ള ദ്രൗപദീസ്വയംവരവും കവനോദയക്കാരുടെ ഭാരതചമ്പുവിലുള്ള പാഞ്ചാലീസ്വയംവരവും കൂടി ഒത്തുനോക്കി തയ്യാറാക്കീട്ടുള്ളതാണ് വായനക്കാരുടെ മുമ്പിൽ അവതരിപ്പിക്കുന്ന ഈ ദ്രൗപദീസ്വയംവരം.

മഹാഭാരതം ആദിപർവ്വത്തിൽ ചൈത്രരഥപർവ്വം (165–183 അദ്ധ്യായങ്ങൾ), സ്വയംവരപർവ്വം (184–192 അദ്ധ്യായങ്ങൾ), വൈവാഹികപർവ്വം (193–201 അദ്ധ്യായങ്ങൾ) എന്ന മൂന്നു പർവ്വങ്ങളെക്കൊണ്ടു വിസ്തൃതമായി വിവരിച്ചിട്ടുള്ള പാഞ്ചാലീസ്വയംവരകഥ സംക്ഷിപ്തമായി വർണ്ണിക്കുകയാണ് ദ്രൗപദീസ്വയംവരചമ്പുവിൽ കവി ചെയ്തിട്ടുള്ളത്.

ബകവധാനന്തരം വിപ്രവേഷധാരികളായ പാണ്ഡവന്മാർ ബ്രാഹ്മണരുടെ സൽക്കാരവുമേററു മാതാവിനോടുംകൂടി ഏകചക്രയിൽ സുഖമായി വസിക്കുന്നതു മുതൽക്കാണ് ഈ ചമ്പുവിൽ കഥ ആരംഭിക്കുന്നത്. അക്കാലത്ത് പാഞ്ചാലരാജധാനിയിൽ ദ്രുപദപുത്രിയായ പാഞ്ചാലിക്കു സ്വയംവരം നിശ്ചയിച്ചിട്ടുള്ളതായും അതിനു നാനാദേശങ്ങളിൽ നിവസിക്കുന്ന ബ്രാഹ്മണർ പോകുന്നതായും ഒരു വഴിപോക്കൻ പറഞ്ഞറിയുകയാൽ, അവർ ആ മഹോ

ത്സവം കാണുവാൻ കുതുകികളായിത്തീൎന്നു. ഉടൻതന്നെ ഏകചക്രയിൽ തങ്ങളുടെ ആതിഥേയനായിരുന്ന ബ്രാഹ്മണനോടു യാത്രപറഞ്ഞു്, അമ്മയേയും കൂട്ടി യാത്രക്കാരായ ബ്രാഹ്മണരുമൊരുമിച്ചു പുറപ്പെടുകയും ചെയ്തു. അവർ വഴിക്കുള്ള പല നദികളേയും നിഷ്പ്രയാസം കടന്നു പാഞ്ചാലനഗരത്തിലെത്തി.

പാഞ്ചാലനഗരിയിൽ സ്വയംവരത്തിന്നു് ഒരുക്കംകൂട്ടുന്ന ബഹളം. നഗരം അലങ്കരിക്കുക, രാജാക്കന്മാരെ ക്ഷണിക്കുക മുതലായതെല്ലാം കാലേതന്നെ കഴിഞ്ഞു. വരുന്ന രാജാക്കന്മാൎക്കു പരിവാരസമേതം താമസിക്കുന്നതിനുള്ള എല്ലാ ഏൎപ്പാടുകളും പൂൎണ്ണമായിരിക്കുന്നു. ദൂതന്മാർ ചെന്നു ക്ഷണിച്ചപ്രകാരം നാനാദേശങ്ങളിൽനിന്നും നിരവധി രാജാക്കന്മാർ അവരവരുടെ സന്നാഹങ്ങളോടുംകൂടി പാഞ്ചാലരാജധാനിയിൽ എത്തിച്ചേൎന്നു. ത്രൈലോക്യസുന്ദരിയായ പാഞ്ചാലിയെ 'എനിക്കെനിക്കു' ലഭിക്കണമെന്നുള്ള അഭിലാഷത്താൽ പ്രേരിതന്മാരായി വന്നെത്തിയ നാനാരാജാക്കന്മാരുടെ സാന്നിദ്ധ്യംകൊണ്ടു് പാഞ്ചാലരാജധാനി ഒരു പുതുമോടിയെ പ്രകടിപ്പിച്ചു. ഇതിന്നിടയിൽ ബ്രാഹ്മണവേഷംപൂണ്ടു സ്വയംവരത്തിന്നു പുറപ്പെട്ടിട്ടുള്ള പാണ്ഡവന്മാർ, കുന്തീദേവിയെ ഒരു കുലാലന്റെ ഗൃഹത്തിൽ കൊണ്ടുപോയാക്കി, പാഞ്ചാലരാജധാനിക്കകത്തു പ്രവേശിച്ചു, പ്രധാനപ്പെട്ട ബ്രാഹ്മണസത്തമന്മാരുടെ കൂട്ടത്തിൽ ഗൂഢമായി വസിച്ചു. ദ്രുപദരാജാവിന്റെ പുത്രനും പാഞ്ചാലിയുടെ സോദരനുമായ ധൃഷ്ടദ്യുമ്നൻ, പിതാവിന്റെ ആജ്ഞപ്രകാരം, രാജധാനിയിൽ സമാഗതന്മാരായ എല്ലാ രാജാക്കന്മാരേയും അവരവരുടെ താമസത്തിന്നു സജ്ജമാക്കിയ ഗൃഹങ്ങളിൽ യഥോചിതം പൂജിച്ചിരുത്തി.

സ്വയംവരദിവസം സമാഗതമായി. അന്തഃപുരത്ത

ലെ ധാത്രിമാരും തോഴിമാരുംകൂടി ദിവ്യവസ്ത്രാഭരണാദികളെക്കൊണ്ടു കമനീയമായി അലങ്കരിച്ചതിനുശേഷം, കന്യകയെ ആപ്തസഖിമാർ സ്വയംവരരംഗത്തിന്റെ സമീപത്തേക്കു നയിച്ച്, രംഗവാസികളായ രാജാക്കന്മാരെ കാണുവാൻ സൗകര്യമുള്ള ഒരു സ്ഥലത്തു നിറുത്തി. അപ്പോൾ ഏററവും വാഗ്വൈഭവമുള്ള ഒരു വൃദ്ധസഖി സഭയിൽ ആസനസ്ഥന്മാരായിരിക്കുന്ന രാജാക്കന്മാരെ ഓരോരുത്തരെയായി പാഞ്ചാലിക്കു കാണിച്ചുകൊടുത്ത് അവരുടെ ഗുണങ്ങളേയും യോഗ്യതകളേയും പ്രത്യേകം പ്രത്യേകം വിസ്തരിച്ചു പറഞ്ഞുകൊടുത്തു.

സഖിയുടെ രാജവൎണ്ണന കഴിഞ്ഞതോടുകൂടി കന്യകയെ സ്വയംവരരംഗത്തിലേക്കു കൊണ്ടുചെല്ലുവാൻ ധൃഷ്ടദ്യുമ്നന്റെ നിയോഗപ്രകാരം ഒരു ദൂതൻ വരുന്നു. സൎവ്വാലങ്കാരഭൂഷിതയായ പാഞ്ചാലിയെ സഖിമാർ വിവാഹരംഗത്തിലേക്കു നയിക്കുന്നു. ധൃഷ്ടദ്യുമ്നൻ വിവാഹരംഗത്തിൽ കയറി, രംഗവാസികളായ രാജാക്കന്മാരെ സംബോധനചെയ്തു, തന്റെ സോദരിയായ പാഞ്ചാലിയുടെ വിവാഹത്തിനു നിശ്ചയിച്ച വീരപരീക്ഷയ്ക്കു കുലയ്ക്കേണ്ട വില്ലും, തൊടുക്കേണ്ട ശരങ്ങളും, മുറിക്കേണ്ട ലക്ഷ്യവും ചൂണ്ടിക്കാണിച്ചു. നിശ്ചയപ്രകാരം ലക്ഷ്യം മുറിക്കുന്നതാരോ ആ വീരനെ കന്യക വരിക്കുമെന്നും, നിശ്ചയം തെററിച്ച് ആരെങ്കിലും ബലാൽക്കാരം ചെയ്യുന്നതായാൽ, അയാളെ താൻ യുദ്ധം ചെയ്തു നിഗ്രഹിക്കുമെന്നും ഉച്ചത്തിൽ പ്രഖ്യാപനം ചെയ്യുന്നു. ഈ വിവരം പാഞ്ചാലിയേയും പറഞ്ഞു ധരിപ്പിച്ചതിനുശേഷം, ധൃഷ്ടദ്യുമ്നൻ കന്യകയുടെ മൂടുപടംമെടുത്തുനീക്കി രംഗത്തിൽനിന്നു പിൻവാങ്ങുന്നു.

തങ്ങൾ കാമിച്ചുംകൊണ്ടിരിക്കുന്ന പാഞ്ചാലിയുടെ ദിവ്യമായ രൂപലാവണ്യം പ്രത്യക്ഷമായി കണ്ടപ്പോൾ,

സഭയിൽ സന്നിഹിതന്മാരായിരിക്കുന്ന രാജാക്കന്മാർ പലവിധ വികാരങ്ങൾക്കു വിധേയന്മാരായി നാനാപ്രകാരത്തിലുള്ള ആകാശഹർമ്മ്യങ്ങൾ നിർമ്മിക്കുവാൻ തുടങ്ങി. സ്വയംവരംപ്രമാണിച്ചു വന്നിട്ടുള്ള രാജാക്കന്മാരിൽ താനൊഴികെയുള്ളവരാരും കന്യകക്കു ചേർന്നവരല്ലെന്നും, കന്യക മററുള്ളവരുടെമുമ്പിൽവെച്ചു തീർച്ചയായും തന്നെ വരിക്കുമെന്നുമായിരുന്നു ഓരോ രാജാവിൻേറയും വിചാരം. ഇങ്ങനെ വിവിധവിചാരങ്ങളാൽ വിവശന്മാരായിച്ചമഞ്ഞ രാജാക്കന്മാർ ഒട്ടും താമസിയാതെ വീരപരീക്ഷ നടത്തുവാൻവേണ്ടി വില്ലിൻെറ സമീപത്തേക്കു തിക്കിത്തിരക്കി ചെന്നുതുടങ്ങി. എന്നാൽ ആ ധനുസ്സു കുലയേററുവാൻ ആരെക്കൊണ്ടും സാധിച്ചില്ല. വെറും സാധാരണന്മാരായ രാജാക്കന്മാർ മുതൽ ഏററവും വീരന്മാരായ ശിശുപാലൻ, ജരാസന്ധൻ, ദുര്യോധനൻ തുടങ്ങിയ മഹാരാജാക്കന്മാർവരെയുള്ളവരെല്ലാം തങ്ങളുടെ സർവ്വശക്തികളും വില്ലിന്മേൽ പ്രയോഗിച്ചുനോക്കി; ആക്കും അതു കുലക്കുവാൻ കഴിഞ്ഞില്ല. ക്ഷത്രിയജാതിക്കാരായ എല്ലാവരും പരാജിതന്മാരായി പിൻവാങ്ങി.

ക്ഷത്രിയവീരന്മാർ തോററു പിൻതിരിച്ചപ്പോൾ, സ്വയംവരം കാണ്മാൻവേണ്ടി സഭയിൽ ഇരിക്കുന്ന ബ്രാഹ്മണർ വലിയ പരിഹാസവചനങ്ങൾ ഘോഷിക്കുവാൻ തുടങ്ങി. ക്ഷത്രിയരെക്കൊണ്ടു് ഈ വില്ലു കുലക്കുവാൻ സാധിക്കയില്ലെന്നു വ്യക്തമായി. ഇനി ബ്രാഹ്മണരായ നമുക്കു സാധിക്കുമോ എന്നൊന്നു പരീക്ഷിക്കാം; സാധിച്ചുവെങ്കിൽ സുന്ദര[illegible]തമായ പാഞ്ചാലിയെ ലഭിക്കും; സാധിച്ചില്ലെങ്കിൽ, [illegible]മ്യമൊന്നും വരാനുമില്ല; ഏതായാലും പാഞ്ചാലി നിത്യകന്യകയായിരിക്കുവാനിടവരുത്തുന്നതു ശരിയല്ല; എന്നു് അവർ തമ്മിൽ തമ്മിൽ സംസാരിക്കു

വാൻ തുടങ്ങി. തങ്ങളുടെ ഇടയിൽ ഈ വീരകൃത്യത്തിനു മതിയായവർ ആരെങ്കിലുമുണ്ടോ എന്നു നോക്കിയപ്പോരം ഭീമകായനായ ഭീമസേനനെ കണ്ടെത്തി. ബ്രാഹ്മണർ ഉത്സാഹജനകങ്ങളായ വാക്കുകളെക്കൊണ്ട് അദ്ദേഹത്തെ ധനുരാരോപണത്തിന്നു പ്രേരിപ്പിച്ചു. അപ്പോരം അദ്ദേഹം ചിരിച്ചുംകൊണ്ട് അജ്ജുനനെ ചൂണ്ടിക്കാണിച്ച്, ''അതാ, അദ്ദേഹം ആയുധവിദ്യകളിലെല്ലാം നിപുണനാണ്,'' എന്നു പറഞ്ഞു. അതു കേരംക്കേണ്ട താമസമേ ഉണ്ടായുള്ളു, അപ്പോഴേക്കും അവർ അജ്ജുനന്റെ സമീപത്തു ചെന്നു കൈക്കു പിടിച്ച് വേഗം എഴുന്നേററുചെന്നു വില്ലു കുലയ്ക്കുവാൻ നിർബ്ബന്ധിച്ചു. നിർബ്ബന്ധം കലശലായപ്പോരം, അദ്ദേഹം ശ്രീകൃഷ്ണന്റേയും യുധിഷ്ഠിരന്റേയും ഭീമസേനന്റേയും മുഖത്തു ശ്രദ്ധമായി നോക്കുകയും, നേത്രസംജ്ഞകൊണ്ടും മുഖഭാവം കൊണ്ടും പ്രസ്തുത കാര്യത്തിൽ അവരുടെ അനുവാദവും അനുഗ്രഹവും ഉണ്ടെന്നു മനസ്സിലാക്കുകയും ചെയ്തു. പിന്നെ താമസമൊന്നുമുണ്ടായില്ല; അജ്ജുനൻ ഗൗരവഭാവത്തോടെ ബ്രാഹ്മണസഭാമദ്ധ്യത്തിൽ നിന്നെഴുന്നേററു രംഗത്തിലേക്കു യാത്രയായി. തദവസരത്തിൽ ബ്രാഹ്മണസഭയിലുണ്ടായ ബഹളം ചില്ലറയൊന്നുമല്ല. ചിലർ ആ യുവാവിന്റെ സാഹസത്തെ വിലക്കിക്കൊണ്ടും, വേറെ ചിലർ അദ്ദേഹത്തിന്റെ ഉദ്യമത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ടും പലതും പറഞ്ഞു.

അജ്ജുനനാകട്ടെ, സംഭ്രാന്തരായ ബ്രാഹ്മണരെയെല്ലാം പറഞ്ഞു സമാധാനിപ്പിച്ചു, നേരെ രംഗത്തിലേക്കു കയറി. രംഗാധിരൂഢനായ അദ്ദേഹത്തെ പതിംവരയായ പാഞ്ചാലി സതൃഷ്ണം നോക്കി. അദ്ദേഹം ഭക്തിപൂർവ്വം വില്ലിനു പ്രദക്ഷിണം ചെയ്തു നിഷ്പ്രയാസം എടുത്തു കുലയ്ക്കുകയും ശരങ്ങരം പ്രയോഗിച്ചു ലക്ഷ്യം മുറിക്കുകയും ചെയ്തു. ലക്ഷ്യ

വേധം കഴിഞ്ഞ ഉടനെ പാഞ്ചാലി മദനാവസ്ഥയ്ക്കധീന യായി, ഇന്ദ്രതുല്യനായ അജ്ജുനന്റെ സമീപത്തേക്ക് മന്ദം മന്ദം നടന്നു ചെന്നു്, അദ്ദേഹത്തിന്റെ കണ്ഠത്തിൽ വരണ മാലയെ സമപ്പിച്ചു. അപ്പോൾ ദേവകൾ സന്തോഷിച്ചു പുഷ്പവൃഷ്ടി ചെയ്കയും, ജനങ്ങൾ സന്തോഷാശ്രുക്കളെ പൊഴിക്കയും ചെയ്തു. സ്വയംവരം മംഗളമായി നടന്നതു കണ്ടു സന്തുഷ്ടനായ ധൃഷ്ടദ്യുമ്നൻ വധൂവരന്മാൎക്കു പോകുവാൻ മഹനീയമായ ഒരു മണിരഥം കൊണ്ടുവന്നു. അജ്ജുനൻ അ തിൽ കയറി, പാഞ്ചാലിയേയും കയററി, ജ്യേഷ്ഠന്മാരോടും അനുജന്മാരോടുംകൂടി യാത്ര പുറപ്പെടുകയും ചെയ്തു.

അപ്പോഴേക്കും സഭാവാസികളായ രാജാക്കന്മാർ ക്ഷോ ഭിച്ചുവശായി. വീരന്മാരായ തങ്ങൾ നോക്കിക്കൊണ്ടിരി ക്കെ, വെറും ഒരു ബ്രാഹ്മണൻ തങ്ങളെക്കൊണ്ടു കുലയേററു വാൻ കഴിയാഞ്ഞ വില്ലുകുലച്ചു ലാക്കറുത്തു കന്യകയെ കൊണ്ടുപോകുക എന്നതു തങ്ങളോടു ചെയ്യുന്ന വലിയൊരു ധിക്കാരമാണെന്നു് അവർ വിചാരിച്ചു. ഈ ധിക്കാരം കാ ണിച്ച ബ്രാഹ്മണനെ യുദ്ധംചെയ്തുജയിച്ചു കന്യകയെ വീ ണ്ടുകൊണ്ടുവരുവാൻ അവർ സന്നദ്ധന്മാരായി. അവരുടെ സംരംഭം കണ്ടു വരപക്ഷക്കാരായ ബ്രാഹ്മണരും ക്ഷോഭിച്ചു വശായി. ലക്ഷ്യവേധത്തിൽ ക്ഷത്രിയന്മാർ തോററതിന്നു ജയം നേടിയ ബ്രാഹ്മണർ അപരാധികളല്ലെന്നും, ഈ സം ഗതിക്കു രാജാക്കന്മാർ യുദ്ധത്തിനൊരുങ്ങുന്നതു് അക്രമമാ ണെന്നും, ഇക്കാര്യത്തിൽ ഒന്നുകൊണ്ടും ഒഴിഞ്ഞുമാറുവാൻ പാടില്ലെന്നും, യുദ്ധത്തിൽ ജയംവരുന്നതിനു് എന്തുവേണ മെങ്കിലും ചെയ്യ്വാൻ തങ്ങൾ തയ്യാറാണെന്നും വലിയ വാശിയോടുകൂടി അവർ ഉൽഘോഷിച്ചു. അജ്ജുനനാകട്ടെ, വിനയത്തോടൊപ്പം ഗവ്വം തോന്നിക്കുന്ന വാക്കുകൾ പറ

ഞ്ഞുംകൊണ്ടു് യുദ്ധോദ്യതന്മാരായ ക്ഷത്രിയന്മാരുടെനേരെ ചെന്നു.

സാഹസികളായ രാജാക്കന്മാർ യുദ്ധമാരംഭിച്ചു. അജ്ജുനൻ അവരോടെതിൎത്തു. വായുപുത്രനായ ഭീമസേനൻ അജ്ജുനന്റെ സാരഥ്യംവഹിച്ചു. അജ്ജുനൻ അതിസാമൎത്ഥ്യത്തോടുകൂടി എല്ലാ രാജാക്കന്മാരേയും യുദ്ധത്തിൽ തോല്പിച്ചു. എടുക്കുന്നതും തൊടുക്കുന്നതും അയയ്ക്കുന്നതും അറിയുവാൻ കഴിയാത്തവിധം അത്രവേഗത്തിൽ ശരവൎഷം ചെയ്യുന്ന ആ രണധീരന്റെ നേരെ നില്ക്കുവാൻ ശക്തന്മാരാകാതെ കുരുരാജൻ, ചേദിരാജൻ മുതലായ മഹാരഥന്മാരെല്ലാം ഓടിപ്പോയി. അംഗരാജനായ കൎണ്ണനും തന്റെ ശത്രുവിന്റെ ബ്രഹ്മതേജസ്സിനെ ജയിപ്പാൻ കഴികയില്ലെന്നു കണ്ടു യുദ്ധത്തിൽനിന്നു തിരിച്ചു. അജ്ജുനനാകട്ടെ യാതൊരു വാട്ടവും കോട്ടവും കൂടാതെ പാഞ്ചാലിയേയുംകൊണ്ടു നേരെ കുലാലഗൃഹത്തിലേക്കും പോയി.

പാഞ്ചാലിയുടെ പതിയായ ആ വീരൻ സവ്യസാചിയായ അജ്ജുനൻതന്നെയാണെന്നും, പാണ്ഡവന്മാർ അരക്കില്ലത്തിൽ കിടന്നു മരിച്ചുപോകാതെ രക്ഷപ്പെട്ടിട്ടുണ്ടെന്നും ശ്രീകൃഷ്ണന്റെ വാക്കിൽനിന്നു പാഞ്ചാലരാജാവു മനസ്സിലാക്കി. ഉടനെ അദ്ദേഹം പാണ്ഡവന്മാരെ അവരുടെ അമ്മയോടുകൂടി കുലാലഗൃഹത്തിൽനിന്നു് ആളയച്ചു വരുത്തി സല്ക്കരിക്കയും, ലക്ഷ്യവേധം ചെയ്ത അജ്ജുനൻ പാഞ്ചാലിയെ വിധിപ്രകാരം വിവാഹം ചെയ്യണമെന്നു നിശ്ചയിക്കുകയും ചെയ്തു. അപ്പോൾ പാണ്ഡവന്മാരിൽ ജ്യേഷ്ഠനായ ധമ്മപുത്രൻ തങ്ങൾ അഞ്ചുപേരുംകൂടി പാഞ്ചാലിയെ വേൾക്കണമെന്നാണു വിചാരിക്കുന്നതെന്നും, ഐവരുംകൂടി അനുഭവിച്ചുകൊള്ളുവാൻ അമ്മ നിയോഗിച്ചതിനാൽ അപ്രകാരം ചെയ്‌വാൻ എല്ലാവരുംകൂടി സമയം

ചെയ്തിട്ടുണ്ടെന്നും പറഞ്ഞു. അതുകേട്ട പാഞ്ചാലരാജൻ മൗനമവലംബിച്ചു.

തദവസരത്തിൽ, ധർമ്മജ്ഞോത്തമനും പരാപരവേദിയുമായ വ്യാസമഹർഷി അവിടെ എഴുന്നെള്ളി. യഥോചിതം സൽക്കാരം സ്വീകരിച്ച് സുപ്രസന്നനായിട്ടിരുന്നരുളുന്ന മുനിയോട് പാഞ്ചാലിയെ പാണ്ഡവന്മാരൈവരും കൂടി വേൾക്കുന്നതു ശരിയാണോ എന്നു സംശയം ചോദിച്ചപ്പോൾ അതിനു വിരോധമില്ലെന്നും, പാഞ്ചാലിക്കു മുജ്ജന്മത്തിൽത്തന്നെ അഞ്ചു ഭർത്താക്കന്മാരുണ്ടാവാൻ യോഗമുണ്ടായിട്ടുണ്ടെന്നും അദ്ദേഹം വിശദമാക്കി. പാണ്ഡവന്മാർ മനുഷ്യരല്ലെന്നും യമൻ, വായു, ഇന്ദ്രൻ, അശ്വിനീദേവകൾ എന്നിവരുടെ അവതാരമാണെന്നും പാഞ്ചാലി ലക്ഷ്മീദേവിയുടെ അവതാരമാണെന്നുംകൂടി വ്യാസഭഗവാൻ പാഞ്ചാലനെ പറഞ്ഞു ധരിപ്പിച്ചു. പാഞ്ചാലരാജാവിന്റെ സംശയം തീർന്നു. പാണ്ഡവന്മാരൈവരുംകൂടി പാഞ്ചാലിയെ വിവാഹം ചെയ്തു. അതിൽപ്പിന്നെ, പാണ്ഡവന്മാർക്കു സാധിച്ച പാഞ്ചാലീവിവാഹവും പാഞ്ചാലരാജബന്ധുത്വവും കേട്ട് അസൂയ മുഴുത്തു കൗരവന്മാർ അവരോടു യുദ്ധത്തിനൊരുങ്ങിവരികയുണ്ടായി. എന്നാൽ പാണ്ഡവന്മാർ അവരെ ആയോധനത്തിൽ തോല്പിച്ചോടിച്ചു, പാഞ്ചാലിയോടുകൂടി സുഖമായി വസിച്ചു.

മേൽക്കാണിച്ചപ്രകാരം ചമ്പൂകാരൻ പ്രതിപാദിച്ചിട്ടുള്ള കഥയ്ക്ക് ആധാരമായ മഹാഭാരതത്തിലെ കഥയിൽനിന്നു ചില ചില്ലറ വ്യത്യാസങ്ങൾ കാണുന്നുണ്ട്. ഭാരതത്തിൽ ആഖ്യാനത്തിന്നാണു പ്രാധാന്യം കല്പിച്ചിട്ടുള്ളതു് എന്നു പറ[illegible]ില്ലല്ലോ. ചമ്പൂകാരൻ പ്രധാനമായി രസത്തെയാണ് ആശ്രയിച്ചിരിക്കുന്നതു്. രസത്തിന്റെ ആനുഗുണ്യത്തിനും പുഷ്ടിക്കും വേണ്ടി ആഖ്യാനത്തിലെ

ശ്രുഷ്ഠഭാഗങ്ങളെ കൈവിടുകയോ മാററുകയോ ചെയ്തു് പ്രബന്ധത്തിനു് ആകപ്പാടെ ഒരു നീരോട്ടം വരുത്തുവാൻ കവി യത്നിച്ചിട്ടുമുണ്ടു്. പാണ്ഡവന്മാർ ഏകചക്രയിൽനിന്നു പാഞ്ചാലപുരിയിലേക്കു പോകുന്ന വഴിക്കു, വിസ്തൃതമായ ചിത്രരഥോപാഖ്യാനവും ധൗമ്യപുരോഹിതവരണവും ഭാരതത്തിലുള്ളതു ചമ്പുവിൽ വിട്ടുകളഞ്ഞിരിക്കുന്നു. ഇതുപോലെ പാണ്ഡവന്മാർ ബ്രാഹ്മണരുമായി കണ്ടുമുട്ടുന്നതും, പാഞ്ചാലീസ്വയംവരവാർത്ത വിസ്തരിച്ചുപറയുന്നതും, വഴിക്കു വേദവ്യാസമുനിയെക്കാണുന്നതും ചമ്പുവിൽ ഉപദാനംചെയ്തിട്ടില്ല.

പാഞ്ചാലിയെ അർജ്ജുനനു കൊടുക്കണമെന്നു മുമ്പുതന്നെ കരുതിയിരുന്നു. പാണ്ഡവന്മാരെ കണ്ടുപിടിപ്പാൻ വളരെ അന്വേഷിച്ചിട്ടും സാധിക്കാതെവന്നതുകൊണ്ടാണു് വില്ലുകുലച്ചു ലക്ഷ്യം എയ്തുമുറിക്കുന്നതാരോ അദ്ദേഹത്തെ കന്യക വരിക്കുക എന്നു നിശ്ചയം ചെയ്തതു്. അതനുസരിച്ചു നാനാരാജ്യങ്ങളിൽനിന്നും വന്നുചേർന്ന രാജാക്കന്മാരുമായി പതിനഞ്ചുദിവസം സമാജം കൂടുകയും, പതിനാറാം ദിവസം കന്യക സ്വയംവരത്തിനു രംഗത്തിൽ പ്രവേശിക്കുകയും ചെയ്തു. ഇത്രയും സംഗതികൾ ഭാരതത്തിൽ ഓരോന്നോരോന്നായി പറഞ്ഞിട്ടുണ്ടെങ്കിലും ചമ്പുവിൽ അങ്ങനെ ചെയ്തിട്ടില്ല.

ഭാരതത്തിൽ സഭാവാസികളായ രാജാക്കന്മാരെ പാഞ്ചാലിക്കു കാട്ടിക്കൊടുത്തു് അവരുടെ യോഗ്യതകളെപ്പററി വർണ്ണിക്കുന്നതു ധൃഷ്ടദ്യുമ്നനാണു്. ചമ്പുവിൽ ആ കൃത്യം നിർവ്വഹിക്കുന്നതു് വാഗ്വൈഭവമുള്ള ഒരു വൃദ്ധസഖിയാണു്. ചമ്പുവിലെ ധൃഷ്ടദ്യുമ്നൻ പാഞ്ചാലി [illegible]വേശം ചെയ്ത സമയത്തു സഭാവാസികളായ രാജാക്കന്മാരെ സംബോധനചെയ്തു് സ്വയംവരത്തിനു നിശ്ചയിച്ചിട്ടുള്ള നിബന്ധനയെ

ഓമ്മപ്പെടുത്തുകയും, നിബന്ധനപ്രകാരമുള്ള പരീക്ഷയിൽ ആർ ജയിക്കുന്നുവോ അദ്ദേഹത്തെ വരിച്ചുകൊള്ളുവാൻ കന്യകയെ നോക്കി ഉപദേശിക്കുകയും ചെയ്തു. കന്യകയുടെ മൂടുപടം നീക്കി രംഗത്തിൽനിന്നു പിൻവാങ്ങുകയേ ചെയ്യുന്നുള്ളു.

രാജാക്കന്മാർ ഓരോരുത്തരായിച്ചെന്ന് വില്ലു കുലയ്ക്കുവാൻ ശ്രമിക്കുന്നതും പരാജയം പ്രാപിക്കുന്നതും ഭാരതത്തിൽ കവിവാക്കായിട്ടാണു പറയുന്നത്. ചമ്പൂകാരൻ അതു കാണികളായ ബ്രാഹ്മണരെക്കൊണ്ടു പറയിക്കുകയാണു ചെയ്യുന്നത്. ഭാരതത്തിൽ വില്ലാളിയായ കർണ്ണൻ വില്ലു കുലച്ച് അമ്പുകളഞ്ചും തൊടുത്തതായും അതുകണ്ടു പാണ്ഡവന്മാർ കർണ്ണൻ കാര്യംപററിച്ചു എന്നുറച്ചതായും അപ്പോഠം പാഞ്ചാലി ''സൂതനെ ഞാൻ വരിക്കയില്ല''എന്ന് ഉറക്കെ വിളിച്ചുപറകയാൽ അദ്ദേഹം അമർഷത്തോടുകൂടി വില്ലു വലിച്ചെറിഞ്ഞു തിരിച്ചതായും പറഞ്ഞിരിക്കുന്നു. ചമ്പൂകാരൻ കർണ്ണനെക്കൊണ്ട് ഇങ്ങനെ ചെയ്യിക്കുന്നില്ല.

ബ്രാഹ്മണരാൽ പ്രോത്സാഹിതനായ അർജ്ജുനൻ സഭയിൽനിന്നെഴുന്നേററു രംഗത്തിലേക്കു ചെല്ലുമ്പോഠംത്തന്നെ സവ്യസാചിയാണതെന്നു രാജാക്കന്മാർ സംശയിച്ചുവെന്നും, എന്നാൽ അങ്ങനെ ശങ്കിക്കുവാൻ പ്രസക്തിയില്ലാത്തതിനാൽ ശങ്ക തനിയേ തീൎന്നുവെന്നും, ശരംതൊടുത്തു ലാക്കു ഖണ്ഡിച്ചപ്പോഠം ദ്രോണക്കും ഭീഷ്മക്കും കൃപക്കും വിദുരക്കും പരമാൎത്ഥം മനസ്സിലായെന്നും ചമ്പുവിൽ പറയുന്നതു ഭാരതത്തിലില്ല. ലക്ഷ്യവേധം കഴിഞ്ഞപ്പോഠം പാഞ്ചാലി അർജ്ജുനനെ മാലയിടുവാൻ പോകുന്നതിൽ ചമ്പൂകാരൻ ''ആളീധൃതം കുഞ്ചുക പഞ്ചവൎണ്ണം'' ഇത്യാദി ശ്ലോകംകൊണ്ടു പറഞ്ഞതുപോലെയുള്ള സൂചനമൊന്നും ഭാരതത്തിലില്ല.

സ്വയംവരാനന്തരം പാണ്ഡവന്മാർ കുലാലഗൃഹത്തിൽ ചെന്നു് അമ്മയോടു തങ്ങാക്കൊരു ഭിക്ഷകിട്ടിയതായി പറയുന്നതും, ഐവരുംകൂടി അനുഭവിക്കുവാൻ അമ്മ കല്പിക്കുന്നതും, ഭിക്ഷ കന്യകയാണെന്നു മനസ്സിലായപ്പോഠം കുന്തി വ്യാകുലയാകുന്നതും, അതുകണ്ടു ധർമ്മപുത്രൻ അർജ്ജുനനോടു വോപ്പാൻ പറയുന്നതും, അർജ്ജുനൻ സംശയിക്കുന്നതും, പാഞ്ചാലിയെ നോക്കിയപ്പോഠം എല്ലാവൎക്കും ഒരുപോലെ രാഗമുണ്ടാകുന്നതും, തന്നിമിത്തം ഐവരും കൂടിത്തന്നെ വോപ്പാനുറയ്ക്കുന്നതും ഭാരതത്തിൽ വിസ്തരിച്ചിട്ടുണ്ടു്. ചമ്പുവിൽ ഇതു ധർമ്മപുത്രനും പാഞ്ചാലനും തമ്മിലുള്ള സംഭാഷണത്തിൽ സൂചിപ്പിച്ചിട്ടേയുള്ളു.

അപമാനം നിമിത്തം കുപിതന്മാരായ നൃപന്മാർ ദ്രുപദനേയും ധൃഷ്ടദ്യുമ്നനേയും കൊല്ലണമെന്നു പറഞ്ഞപ്പോഠം, ദ്രുപദൻ ബ്രാഹ്മണരെ ശരണംപ്രാപിച്ചതായും അപ്പോഠം ശ്രീകൃഷ്ണൻ, പാഞ്ചാലി ധർമ്മപ്രകാരം പരിണീതയായി എന്നു പറഞ്ഞു രാജാക്കന്മാരെ വിലക്കിയതായും ഭാരതത്തിൽ പറഞ്ഞിരിക്കുന്നു. ഇതു് ചമ്പുവിലില്ല. കുലാലഗൃഹത്തിലേക്കു് അർജ്ജുനൻ കന്യകയെ കൊണ്ടുപോയതിന്നുശേഷം, ധൃഷ്ടദ്യുമ്നൻ അവിടെ ഒററുനോക്കിയെന്നും അതിൽവെച്ചു് അവർ പാണ്ഡവന്മാരാണെന്നു സംശയം തോന്നി എന്നും ഭാരതത്തിൽ വിസ്തരിച്ചു പറഞ്ഞിട്ടുണ്ടു്; അതും ചമ്പുവിലില്ല. വ്യാസഭഗവാനെഴുന്നെള്ളിയതിനു ശേഷമുള്ള ധർമ്മനിർണ്ണയവും ചമ്പൂകാരൻ വളരെ ചുരുക്കിക്കൊണ്ടാണു പ്രതിപാദിച്ചിട്ടുള്ളതു്.

മേൽക്കാണിച്ചതിൽനിന്നു്, ചമ്പൂകാരൻ ഇതിഹാസത്തിൽനിന്നെടുത്ത കഥയെ സാഹിത്യത്തിന്റെ കരുവിൽ വാർത്തു രസകരമാക്കിയിട്ടാണു് നമ്മുടെ മുമ്പിൽ അവതരിപ്പിച്ചിട്ടുള്ളതെന്നു വ്യക്തമാകുന്നു. ഭാരതത്തിൽനിന്നു ചമ്പൂ

കാരൻവരുത്തീട്ടുള്ള വ്യതിയാനങ്ങരം സാഹിത്യദൃഷ്ടിയിൽ ആവശ്യകങ്ങളാണെന്നു സൂക്ഷ്മദശിക്കറം കാണാവുന്നതാണു്. പാഞ്ചാലപുരയാത്രയിലുള്ള ചിത്രരഥദശനം പാണ്ഡവന്മാരുടെ ഗതിക്കു് ഒരു പ്രതിബന്ധമായതുപോലെ കഥയുടെ നിരർഗ്ഗളമായ ഒഴുക്കിന്നും ഒരു വിഘ്നമാകയാൽ അതു വിട്ടുകളഞ്ഞതുകൊണ്ടു രസത്തിനു യാതൊരു കോട്ടവും വരുന്നില്ല. പാണ്ഡവന്മാർ അരക്കില്ലത്തിൽക്കിടന്നു മരിച്ചുപോയെന്നു കേട്ടതിനുശേഷം, പാഞ്ചാലരാജാവു് അവരെക്കുറിച്ചു് അന്വേഷണം നടത്തിയെന്നും മററുമുള്ള സംഗതികറം കഥയുടെ അടക്കിന്നും രസത്തിൻെറ പ്രവാഹത്തിന്നും അപരിഹാര്യങ്ങളല്ലാായ്കയാൽ, അതും ഉപേക്ഷിച്ചതുകൊണ്ടു ദോഷമില്ല. രാജാക്കന്മാരുടെ ഗുണങ്ങളെ പാഞ്ചാലിക്കു വിവരിച്ചുകൊടുത്തു മനസ്സിലാക്കുവാൻ സഖിയെ സ്വീകരിച്ചതു് എത്ര ഉചിതമായിട്ടുണ്ടെന്നു സ്പഷ്ടമാകുന്നുണ്ടു്. കന്യാകാമുകന്മാരായി വന്നിട്ടുള്ള രാജാക്കന്മാരുടെ ഗുണങ്ങളെ കന്യകയുടെ മുമ്പിൽ പ്രകീത്തിക്കുവാൻ അവളുടെ മാന്യനായ ജ്യേഷ്ഠനെക്കാളധികം പററിയ ആറം വിശ്വസ്തയായ സഖിയാണെന്നു പറയേണ്ടതില്ലല്ലോ. ചാപാരോപണത്തിന്നൊരുങ്ങിച്ചെന്ന രാജാക്കന്മാർ ആ ഉദ്യമത്തിൽ പരാജിതന്മാരായ കഥ കവിവാക്കായിപ്പറയാതെ ബ്രാഹ്മണരുടെ വാക്കായി വണ്ണിച്ചതുകൊണ്ടു് ചമ്പൂകാരൻ അതിരമണീയമായ ഒരു പരിഹാസത്തിനു വകയുണ്ടാക്കിയിരിക്കുന്നു. അംഗരാജാവായ കണ്ണനെ ചമ്പൂകാരൻ ലക്ഷ്യവേധനത്തിൽനിന്നു് ഒഴിവാക്കിയതു സാഹിത്യദൃഷ്ടികൊണ്ടു നോക്കുമ്പോറം ഉചിതമായിട്ടുണ്ടെന്നു കാണാം. വില്ലു കുലയ്ക്കുകയും അഞ്ചു ശ്ശരങ്ങളും തൊടുക്കുകയും കഴിയുന്നതുവരെ ഒന്നും മിണ്ടാതിരുന്നു് കന്യക തത്സമയംവെച്ചു് ''സൂതനെ ഞാൻ വരിക്കുക/ചില്ല'' എന്നു പറഞ്ഞതു് കവിദൃഷ്ടിയിൽ

അത്ര കമനീയമായിത്തോന്നാത്തതു സ്വാഭാവികമാണ ല്ലോ. വില്ലു കുലയ്ക്കുന്ന സമയത്തു് ദ്രോണഭീഷ്മാദികാംക്ക് അജ്ജുനൻെറ പരമാത്ഥം മനസ്സിലായി എന്നു പറഞ്ഞതു് നായകോൽക്കഷ്ത്തിന്നു സഹായിക്കുന്നതാകയാൽ ചമ്പൂ കത്താവിൻെറ ആ കല്പനയും ഉചിതംതന്നെയായിട്ടുണ്ടു്.

സാഹിത്യദൃഷ്ടികൊണ്ടു നോക്കുമ്പോറം ദ്രൗപദീസ്വ യംവരചമ്പുവിന്നുള്ള ഉൽക്കഷം ഒട്ടും ചില്ലറയല്ല. വണ്ണന, രചന, അലങ്കാരം, രസം, ഭാവം മുതലായവയിലാണല്ലോ സാഹിത്യകാരൻെറ സാമത്ഥ്യംകൊണ്ടു പ്രബന്ധത്തിന്നു ണ്ടാകാവുന്ന ഗുണങ്ങറം കാണേണ്ടതു്. ഇവയിലെല്ലാം ഈ ചമ്പുവിൻെറ പ്രണേതാവു് വലിയ മെച്ചം കൊണ്ടുപോയി രിക്കുന്നു. കഥയിലെ ധാമ്മികാംശങ്ങളിലാണു് ഇതിഹാ സകത്താവിൻെറ ശ്രദ്ധ അധികവും പതിയുന്നതു്. അദ്ദേ ഹം കഥ പറഞ്ഞുപോകുമ്പോറം കഥാശരീരത്തിൽ ചില അംശങ്ങറം മുഴച്ചുനില്ക്കുകയും ചില ഭാഗങ്ങറം ശുഷ്കാസ്ഥിക ളാൽ നിറഞ്ഞിരിക്കയും ചെയ്യും. ആ ശുഷ്കാസ്ഥികളെ രക്ത മാംസചമ്മങ്ങളാൽ ആകഷകമാക്കിത്തീക്കുവാനാണു കവി ശ്രദ്ധിക്കുന്നതു്. ഇതിൽ അധികഭാഗവും കവി സാധിക്കു ന്നതു സന്ദഭാനുസാരേണയുള്ള വണ്ണനകറംകൊണ്ടാണു്. പാഞ്ചാലരാജധാനിയിൽ സ്വയംവരത്തിന്നായിട്ടുള്ള രാജ പരമ്പരയുടെ ആഗമനം, പാഞ്ചാലിയോടുള്ള സഖിയുടെ രാജസ്തുതി, പാഞ്ചാലിയെക്കണ്ടു മതിമറന്നു രാജാക്കന്മാർ ചെയ്യുന്ന പ്രശംസ, കന്യകയെക്കുറിച്ചു് അവക്കുണ്ടാകുന്ന ബ ഹുവിധസങ്കല്പങ്ങറം, രാജാക്കന്മാരുടെ ധനുരാരോപണസം രംഭത്തെ പരിഹസിച്ചുകൊണ്ടുള്ളബ്രാഹ്മണരുടെസംസാരം, അജ്ജുനൻ വില്ലുകുലയ്ക്കുവാൻ സന്നദ്ധനായി എഴുന്നേററപ്പോറം ബ്രാഹ്മണർ ചെയ്യുന്ന സംഭാഷണം, രാജാക്കന്മാരുടെ യുദ്ധോദ്യമവും ബ്രാഹ്മണരുടെ ഉത്സാഹവും എന്നുതുടങ്ങി

അത്യന്തഹൃദ്യങ്ങളായ അനേകം ഭാഗങ്ങരം ഇതിൽ ചമൽക്കാരപൂൎണ്ണമായി വൎണ്ണിച്ചിട്ടുണ്ടു്. രാജാക്കന്മാരുടെ ആഗമനം വൎണ്ണിക്കുമ്പോരം രാജധാനിയിലെ തെരുവുകളിൽ കാഴ്ചക്കാരായ മഹാജനങ്ങളുടേയും സ്ത്രീകളുടേയും മററും തിരക്കും കോലാഹലവും എടുത്തുകാണിച്ചു് ''പാഞ്ചാലസുതാകല്യാണോത്സവകലാവിശേഷങ്ങ''ളെ തുലോം രസകരമായി കവി ചിത്രീകരിച്ചിരിക്കുന്നു. സഖിയുടെ രാജസ്തുതിയിലുള്ള ഓരോ ശ്ലോകവും പാഞ്ചാലീകാമുകന്മാരായി വന്നിരിക്കുന്ന രാജാക്കന്മാരുടെ ഓരോ തന്മയചിത്രമാണു്. രത്നഭൂഷണങ്ങളണിഞ്ഞു പൊൻപിടിയിട്ട വെൺചാമരങ്ങളാൽ വീജിതനായി സിംഹാസനത്തിലിരിക്കുന്ന ദുര്യോധനൻ, അതിൻെറ വലതുഭാഗത്തു തോളോളം തൂങ്ങിയ കുണ്ഡലവും ധരിച്ചു്, നിലത്തു വാളുംകുത്തി സ്ഥിതിചെയ്യുന്ന കൎണ്ണൻ, അതിൻെറയും വലത്തു് കാഴ്ചയിൽ മുഖത്തു ക്രൂരതതോന്നിക്കുന്ന അശ്വത്ഥാമാവു് എന്നു തുടങ്ങി ഓരോരുത്തരുടേയും ഇരിപ്പു് കണ്ണിൽക്കാണുന്നതുപോലെ ഈ വൎണ്ണനയിൽനിന്നു നമുക്കു കാണുവാൻസാധിക്കുന്നുണ്ടു്. സഖിയുടെ ഈ രാജവൎണ്ണന പ്രശംസാമാത്രപമാണെങ്കിലും, അതിൽ ആ രാജാക്കന്മാരെക്കുറിച്ചു കന്യകയ്ക്കു് അനുരാഗം തോന്നുന്നതിന്നു പ്രതിബന്ധകമായ ഒരു പരിഹാസലേശം നിഴലിക്കുന്നതായി സൂക്ഷ്മനിരീക്ഷകന്മാൎക്കു കാണുവാൻ കഴിയും. രത്നഭൂഷണങ്ങളണിഞ്ഞു വെഞ്ചാമരങ്ങളുംവീയിച്ചു് 'വിതാനിച്ചിരിക്കുന്ന' ദുര്യോധനൻ ഒരൈശ്വര്യമത്തനാണെന്നു തോന്നും. ദുര്യോധനൻെറ സന്നിധിയിൽ വാരം നിലത്തുകുത്തി സ്ഥിതിചെയ്യുന്ന കൎണ്ണൻ ദുര്യോധനഭൃത്യഭാവത്തിൽ അഭിമാനമുള്ളവനാണെന്നും തോന്നും, അശ്വത്ഥാമാവിന്നു മുഖത്തു് 'അച്ഛിദ്രക്രൂരഭാവം', ബലഭദ്രന്നു 'ഹാലാമദോല്ലാസം' എന്നുതുടങ്ങി ശേഷമുള്ളവൎക്കും ഓരോ

വക ദോഷങ്ങറം ഉള്ളതായി കാണിച്ചിട്ടുണ്ട്. ചതുക്ക ത്തിൽ സഖിയുടെ വൎണ്ണന പാഞ്ചാലിക്കു തന്നിൽ ഔത്സു ക്യംപൂണ്ടു വന്നിരിക്കുന്ന യുവാക്കന്മാരുടെ ആകൃതിയെന്ന പോലെ പ്രകൃതിയുംകൂടി സ്പഷ്ടമാക്കിക്കൊടുക്കുവാൻ ഉപക രിക്കുന്നതായിട്ടുണ്ട്. പാഞ്ചാലിയെക്കണ്ടപ്പോറം മതിമറ ന്നു രാജാക്കന്മാർ ചെയ്യുന്ന പ്രശംസയിൽ അധികഭാഗവും അന്യഗ്രന്ഥങ്ങളിൽനിന്നുദ്ധരിച്ചിട്ടുള്ള ശ്ലോകങ്ങളാണ്. എന്നാൽ അവയുടെ സങ്കലനത്തിൽ കാണിച്ചിട്ടുള്ള പാട വത്തിന്നു കവി തീൎച്ചയായും അഭിനന്ദനമൎഹിക്കുന്നുണ്ട്. ''ചൊല്ലാവതോ ചുഴലം'' ഇത്യാദി ദണ്ഡകംകൊണ്ടു ചെ യ്തിട്ടുള്ള കേശാദിപാദാന്തവൎണ്ണന വിശേഷിച്ചും മനോഹര മായിരിക്കുന്നു. ''ബഹുവിധസങ്കല്പസൌധാധിരൂഢ''ന്മാ രായി സ്ഥിതിചെയ്യുന്ന രാജാക്കന്മാരുടെ വിചാരം വൎണ്ണി ച്ചിട്ടുള്ളതു് ഏററവും സരസമായിട്ടുണ്ട്. പാഞ്ചാലിയെ പ്പോലെ അലോകസാമാന്യമായ സൌന്ദൎയ്യത്തിന്നിരിപ്പിട മായ ഒരു കന്യകയിൽ അനേകപുരുഷന്മാർ അത്യന്തം അ നുരക്തന്മാരായ്‌വരുന്നു. അവരിൽ ആൎക്കായാലും അവളെ ലഭിക്കേണമെങ്കിൽ നിശ്ചിതമായ ഒരു പരീക്ഷയിൽ ജയിക്കേണമെന്നും വരുന്നു. പരീക്ഷ നടത്തുവാൻ എല്ലാവ രും സന്നദ്ധന്മാരാകയും ചെയ്യുന്നു. ഇങ്ങനെയുള്ള സന്ദൎഭ ത്തിൽ അവരുടെ വിചാരത്തിന്റെ ഗതി എങ്ങനെയായി രിക്കുമെന്നു ഭാവനാദൃഷ്ടികൊണ്ടു കണ്ടറിഞ്ഞിട്ടാണു കവി ഈ വൎണ്ണന ചെയ്തിട്ടുള്ളതു്. സാധ്യസാധനങ്ങളിൽവെച്ചു സാധ്യത്തിൽ മനസ്സിനുള്ള പിടി മുറുകിവരുന്തോറും സാധ നത്തിലുള്ളതു് അയഞ്ഞുവരുന്നതു സ്വാഭാവികമാണ്. സാ ധ്യമായ പാഞ്ചാലീപാണിഗ്രഹണത്തെക്കുറിച്ചുള്ള അഭി നിവേശത്താൽ സാധനമായ ലക്ഷ്യവേധനത്തെ എല്ലാവ രും നിസ്സാരമായി ഗണിക്കുന്നു. മനോരാജ്യം വിചാരിക്കു

ന്നതിൻെറ പരമകാഷ്ഠയ്ക്കു് ഉദാഹരണമാക്കാവുന്ന ഈ വർണ്ണന മനശ്ശാസ്ത്രത്തിൽ കവിക്കുള്ള അഭിജ്ഞതയെ വ്യക്തമാക്കുന്നുണ്ടു്. രാജാക്കന്മാർ വില്ലു കുലയ്ക്കുവാൻ ശ്രമിക്കുന്നതിനേയും തോല്ക്കുന്നതിനേയും കുറിച്ചുള്ള ബ്രാഹ്മണരുടെ സംഭാഷണം ഹാസ്യരസം വഴിഞ്ഞൊഴുകുന്ന ഒരു വർണ്ണനയാണു്. ഇങ്ങനെ ഓരോന്നായി പരിശോധിച്ചാൽ, സ്ഥാനം നോക്കി കവി പ്രയോഗിച്ചിട്ടുള്ള വർണ്ണനകൾ ഈ കൃതിയെ ആപാദചൂഡം മനോഹരമാക്കിച്ചമച്ചിരിക്കുന്നു എന്നു കാണാം.

രചനാഗുണത്തിൽ ചമ്പൂപ്രബന്ധങ്ങൾ ഒട്ടും പിന്നണിയിലല്ല നില്ക്കുന്നതു്. കളോദാരങ്ങളായ പദങ്ങളാൽ നിബന്ധിക്കപ്പെട്ട പദ്യങ്ങളുടെ സുഭഗസന്നിവേശം മണിപ്രവാളകൃതികളിൽ, അതിലും വിശേഷിച്ചു ചമ്പൂപ്രബന്ധങ്ങളിൽ ഒന്നു വേറെയാണു്. ഭാഷയിൽ 'രചന' എന്ന പദംകൊണ്ടു പറയുന്നതു് സംസ്കൃതത്തിൽ പ്രസിദ്ധമായ 'രീതി'യെയാണു്. രീതിയെന്നതു പദങ്ങളുടെ കേവലമായ ഘടനയല്ല; അതിനു ഗുണങ്ങളുടേയും രസങ്ങളുടേയും അപേക്ഷയുണ്ടു്. ഇന്ന രസം പ്രധാനമായുള്ള സന്ദർഭത്തിൽ ഇന്ന ഗുണത്തെ വ്യഞ്ജിപ്പിക്കുന്ന അക്ഷരങ്ങളാൽ ഘടിതങ്ങളായ പദങ്ങൾ ഇന്നവിധം രചിക്കുന്നതു് ഇന്ന രീതി എന്നു സംസ്കൃതസാഹിത്യത്തിൽ വ്യവസ്ഥചെയ്തിട്ടുണ്ടു്. വൈദർഭി, ലാടി, ഗൗഡി, പാഞ്ചാലി എന്നിങ്ങനെ രീതികൾ നാലെണ്ണം വ്യവസ്ഥയുണ്ടു്. വിദർഭദേശക്കാർക്കു് അധികം പ്രിയമായതു് വൈദർഭി, ലാടന്മാർക്കു കൂടുതൽ ഹൃദ്യമായതു ലാടി, ഗൗഡന്മാർക്കു് ഏററവും രുചിക്കുന്നതു ഗൗഡി, പാഞ്ചാലനാട്ടുകാർക്കു്, തുലോം സമ്മതമായതു പാഞ്ചാലി എന്നാണു് സംസ്കൃതത്തിൽ രീതികളുടെ ആഗമം. എന്നാൽ വിദർഭ—ലാട—ഗൗഡ—പാഞ്ചാലദേശങ്ങളിൽ പ്രചാരമില്ലാ

ത്ത കേരളഭാഷയിൽ ഈ രീതിനിയമം അങ്ങനെതന്നെ സ്വീകരിക്കുന്നതു യുക്തമാകയില്ല. കേരളഭാഷയിലുള്ള സാഹിത്യപ്രസ്ഥാനങ്ങളിൽ ഉപയോഗിച്ചിട്ടുള്ള ഗദ്യപദ്യങ്ങളിൽവെച്ച് അധികം സൗന്ദര്യമുള്ളവയെ നോക്കി പുതുതായൊരു രീതിനിർണ്ണയം ചെയ്യുന്നതായിരിക്കും മലയാളത്തിന് അധികം യോജിക്കുക. അങ്ങനെ ചെയ്യുന്നതായാൽ മലയാളകവിതയുടെ രചനയിൽ 'ചമ്പൂരീതി' എന്നൊരു രീതി സവിശേഷം പ്രസ്താവയോഗ്യമായിരിക്കും. സംസ്കൃതപദങ്ങളും ഭാഷാപദങ്ങളും തമ്മിൽ ക്ഷീരനീരന്യായേന ചേർന്നും, പ്രാസഭംഗി കലർന്നും, ശ്രവണസുഖമിയന്നുമുള്ള ഒരു രീതിയാണ് ചമ്പൂരീതി. ഈ ചമ്പൂരീതി ദ്രൗപദീസ്വയംവരത്തിൽ എത്ര ഭംഗിയായി പ്രതിഫലിച്ചിട്ടുണ്ടെന്നു താഴെ പകർത്തുന്ന പദ്യങ്ങളിൽനിന്നറിയാവുന്നതാണ്.

''ഓമൽപ്പൂമ്പട്ടണിഞ്ഞാളൊരുവരം തിരുകി ന-
        ന്നായ്മലർക്കുന്തൽമീതേ
സീമന്തം ചേർത്തണിഞ്ഞാളൊരുവരം തിലകമി-
        ട്ടാരം മനോരമ്യമന്യാ
വാർമെത്തും കണ്ണഭൂഷാമഴകിനൊടപരാ
        പിന്നെ വാർകങ്കണാദി-
ശ്രീമന്നാനാമനോജ്ഞാഭരണഗണമൊരോ
        നാരിമാർ ചേർത്തണിഞ്ഞാർ''

''തോളിന്മേലടിപെട്ട കുണ്ഡലകലാ-
        പം പൂണ്ട തത്സന്നിധൗ
വാളും കുത്തി വലത്തു കാണ്മൊരു മഹാ-
        വീരൻ മനോജ്ഞാനനേ!
കേളിന്നംഗമഹീന്ദ്രനായതിവന-
        ല്ലോ തമ്പി! മാററാർക്കും-

കാളും വിക്രമരാശിയെന്നു ഭുവനേ
കണ്ണേ്റായമാകർണ്ണ്യതാം''

''ഓമൽപ്പാദാംബുജംതൊട്ടണികുഴലൊളമ-
മ്പോടു പൂമേനി മൂടി-
ക്കോമൽപ്പട്ടാംബരംകൊണ്ടണിമണ!മുകുരം
കൈപ്പിടിച്ചുല്പലാക്ഷീ
ശ്രീമന്മഞ്ജീരമഞ്ജുകപണിതമിയലവേ
കോമളാഭ്യാം പദാഭ്യാ-
മാമന്ദം നീയമാനാ ചതുരസഖികളാൽ
പ്രാപ കല്യാണരംഗം''

''ഭക്ത്യാ ചാപം വലംവെച്ചുപചിതവിനയം
തത്ര മോദേന കമ്പി-
ട്ടുത്തുംഗാത്മാ മഹീയഃ സ്വയമഥ കുലവി-
ല്ലങ്ങെടുത്താച്ചി മെല്ലെ
ബദ്ധോല്ലാസം കുലച്ചാനണിപവഴി തൊടു-
ത്താൻ വലിച്ചാൻ മുറിച്ചാൻ
ചിത്രാകാരഞ്ച ലക്ഷം ഝടിതി പടുധിയാ-
മഗ്രണീരപ്രയാസം.''

അലങ്കാരങ്ങളുടെ കാര്യത്തിൽ ദ്രൗപദീസ്വയംവരത്തിന്റെ കർത്താവു് തുലോം മനസ്സിരുത്തുന്നവനാണു്. സ്ഥാനത്തും അസ്ഥാനത്തും ഒരുപോലെ അലങ്കാരങ്ങൾ വാരിവലിച്ചണിയിച്ചു് കവിതാംഗനയെ ശ്വാസംമുട്ടിക്കുന്നതിൽ ഇദ്ദേഹം വിമുഖനാണു്; എന്നാൽ കവിതയുടെ സ്വാഭാവികസൗന്ദര്യത്തിന്നു കുറേക്കൂടി മിഴിവുവരുത്തുവാൻ ഉപകരിക്കുന്ന അല്പം ചില അലങ്കാരങ്ങൾ സ്ഥാനംനോക്കി പ്രയോഗിക്കുന്നതിൽ ഉന്മുഖനുമാണു്.

നോക്കുക—

''ചീനപ്പട്ടാംബരംകൊണ്ടുപരചിതവിതാ-
നേഷു തൂക്കിക്കിടക്കും
നാനാരത്നാവലീമാലകളിൽ നിറമൂലാ-
വുന്ന കാന്ത്യാ തദാനീം
താനേ ദിൿചക്രമൊക്കപ്പരികലിതമഹേ-
ന്ദ്രായുധസ്തോമമയ്യാ!
കാണായ്‌വന്നു തദാനീം കഥമിവ കഥയേ
മുഖ്യകല്യാണഘോഷം.''

ഇതിലെ ഉൽപ്രേക്ഷ എത്ര മനോഹരമായിരിക്കുന്നു! പലജാതി രത്നങ്ങൾ കൂട്ടുമ്പോൾ പല നിറം വരുന്നതുകൊണ്ടു രത്നമാലാലംകൃതമായ ദിൿചക്രത്തെ വിവിധവർണ്ണമുള്ള മഴവില്ലുകളാൽ വ്യാപ്തമോ എന്നു തോന്നുമെന്നുൽപ്രേക്ഷിച്ചതു് എത്ര ചമൽക്കാരമായിരിക്കുന്നു!

''കുതിരപ്പടകൾ കുതിക്കുന്നതു കാ-
ണലനടുവിൽത്തിരമാലകണക്കേ''
''വെൺകൊററക്കുടകൊണ്ടോ തീർത്തു
പങ്കജഭവനിതു ഗഗനമശേഷം,
വെഞ്ചാമരനിരകൊണ്ടോ ശിവശിവ
സഞ്ചാരോചിതവീഥികളെല്ലാം,
പൊടികൊണ്ടോ ബത ഭുവനകടാഹം''

എന്നിവയിലെ ഉപമയും ഉൽപ്രേക്ഷകളും കേവലം കൃത്രിമങ്ങളല്ലെന്നു് ഏവരും സമ്മതിക്കും.

''പ്രത്യക്ഷാംഭോജബാണം വലരിപുതനയം
തത്ര രംഗാധിരൂഢം

പ്രത്യഗ്രൗത്സുക്യലോലം ദ്രുപദകുലശിഖാ–
മഞ്ജരീ സാ കുമാരീ
ഉദ്യന്നീരാക്കൺകലാമംഗലമരതകമാ–
ലാമണിഞ്ഞാരം തദാ വ–
ന്നെത്തും മാലാപ്പ്ണത്തിന്നിനിയ പൊഴുതുകൊ–
ണ്ടീടിനാളെന്നപോലെ.''

പാഞ്ചാലി അജ്ജ്ജുനൻെറ മേൽ കടാക്ഷമരതകമാലയ ണിയുന്നതിനെ ഭാവിയായ മാലാപ്പ്ണത്തിന്നു് പൊഴുതു കൊള്ളുകയാണോ എന്നു തോന്നുമെന്നൽപ്രേക്ഷിച്ചതു വള രെ മനോഹരമായിട്ടുണ്ടു്. വിവാഹത്തിൽ 'പൊഴുതുതാലി' കെട്ടുന്നതും മററും കണ്ടു പരിചയിച്ച കേരളീയരോടു് ഈ പൊഴുതുമാലയിടുന്നതിൻെറ അഴകു പറഞ്ഞു ധരിപ്പിക്കേ ണ്ടതില്ല.

''രംഗേ പാത്ഥൻ കരേറുന്നളവവനിഭുജാം
ചിത്തവും പോസ്സരേറീ
ശങ്കായാം, വില്ലെടുക്കുന്നളവൊരു തലനോ–
വങ്ങെടുത്തു വിശേഷാൽ,
ഭംഗം ലക്ഷത്തിലെത്തുന്നളവിലഥ തദീ–
യാസ്രപാതേന തേഷാം
സങ്കല്പം പത്തുനൂറ,ല്പതിനിടയിലഹോ
ലക്ഷലക്ഷം മുറിഞ്ഞൂ.''

ഇതിലെ അക്രമാതിശയോക്തി, അജ്ജ്ജുനൻെറ രംഗാ രോഹണം മുതൽക്കു ലക്ഷ്യവേധംവരെയുള്ള ഓരോ പ്രവൃ ത്തിയും പ്രതിപക്ഷക്കാക്കു് എത്ര വലിയ അപജയങ്ങരം ക്കു ഹേതുവായി എന്നു വ്യക്തമാക്കുന്നുണ്ടു്.

രസം, ഭാവം ഇവയെ സംബന്ധിച്ച നോക്കുമ്പോഴും

KOTTAYAM PUBLIC LIBRARY KOTTAYAM

ഈ ചമ്പു ഉത്തമമായ ഒരു കൃതിയാണെന്നു വേണം പറയുവാൻ. കഥ ദ്രൗപദീസ്വയംവരമാകയാൽ ഇതിൽ അംഗിയായ രസം ശൃംഗാരമാണെന്നു പറയേണ്ടതില്ലല്ലോ. ശൃംഗാരത്തിന്റെ സ്ഥായീഭാവമായ രതി പാഞ്ചാലിക്കു് അർജ്ജുനനേയും അർജ്ജുനന്നു പാഞ്ചാലിയേയും ആലംബിച്ചു ജനിക്കുന്നതിനാൽ പാഞ്ചാലിയും അർജ്ജുനനും ആലംബനവിഭാവങ്ങൾ. അർജ്ജുനൻ പഞ്ചപാണ്ഡവന്മാരുടെ പ്രതിനിധിയാകയാൽ പാണ്ഡവന്മാർ അഞ്ചുപേരും ആലംബനവിഭാവങ്ങൾതന്നെ. ഈ രതി മുജ്ജന്മത്തിൽ ശിവന്റെ വരംകൊണ്ടു് ഉൽപ്പന്നമായി വാസനാരൂപേണ ഇജ്ജന്മത്തിലേക്കു് അനുസ്യൂതമായി നിൽക്കുന്നു. പാഞ്ചാലിയും അർജ്ജുനനും തമ്മിൽ ഭാര്യാഭർത്താക്കന്മാരാകുമെന്നുള്ള ദ്രുപദരാജന്റെ നിശ്ചയം ബാല്യത്തിൽത്തന്നെ കേൾക്കുകയാൽ അവർ അന്യോന്യം കാമിച്ചിട്ടുള്ളതുകൊണ്ടു് ജന്മാന്തരവാസനാരൂപേണയുള്ള ആ രതി ഹൃദയത്തിൽ കരുപ്പിടിച്ചുകിടക്കുന്നു. പക്ഷേ, അതിന്നു പൂർവ്വാനുരാഗവിപ്രലംഭാവസ്ഥയെ പ്രാപിപ്പാൻ ഇടവരുന്നില്ല. അപ്പോഴേക്കു പാണ്ഡവന്മാർ ജതുഗൃഹത്തിൽ കിടന്നു മരിച്ചുപോയി എന്നു കേട്ടതുകൊണ്ടു് പാഞ്ചാലിയുടെ രതി കരുണവിപ്രലംഭദശയേയും, പാണ്ഡവന്മാർ വേഷംമാറി സഞ്ചരിപ്പാൻ തുടങ്ങിയതുകൊണ്ടു് അർജ്ജുനന്റെ രതി പ്രവാസവിപ്രലംഭദശയേയും പ്രാപിക്കുന്നു. ഇങ്ങനെ വളരെക്കാലം വിച്ഛിന്നപ്രായമായിക്കിടന്ന രതി സ്വയംവരാവസരത്തിൽ അർജ്ജുനൻ വില്ലുകുലയ്ക്കുന്നതിന്നു ബ്രാഹ്മണസഭയിൽനിന്നു് എഴുന്നേല്ക്കുന്നതോടുകൂടി ഉൽഭിന്നമാകുന്നു. അർജ്ജുനൻ എഴുന്നേററതു ദ്രൗപദിയുടെ പ്രേമത്തോടൊപ്പം (''ദ്രുപദദുഹിതുഃ സാർദ്ധം പ്രേമ്ണാ'') ആണെന്നു പറഞ്ഞതിൽനിന്നു് കവിതന്നെ ഈ സംഗതി സൂചിപ്പിച്ചിട്ടുണ്ടു്. ഇതിനുശേഷമാണു് നയ

നപ്രീതി, ചിത്താസംഗം, സങ്കല്പം മുതലായ കാമദശകൾ ദ്രൗപദിക്കുണ്ടാകുന്നത്. അവയിൽ നയനപ്രീതിയും ചിത്താസംഗവും ''പ്രത്യക്ഷാംഭോജബാണം വലവിപുതനയം തത്ര രംഗാധിരൂഢം'' ഇത്യാദി ശ്ലോകത്തിൽ പറയപ്പെട്ടിരിക്കുന്നു.

''വേലാതീതാനുഭാവപ്രകടിതഭുജവീ-
        ര്യം മഹാത്മാനമേനം
ബാലാ കൃഷ്ണാ തദാനീമുപചിതകുതുകം
        വീക്ഷ്യ മന്ദാക്ഷലോലാ
ലീലാമന്ദം തദാ രണ്ടടി നതമുഖി മു-
        ന്നോക്കിവന്നങ്ങണിഞ്ഞാൾ
മാലാം പാർത്ഥസ്യ കണ്ഠേ നിജഭുജലതികാ-
        ശ്ലേഷമാസൂത്രയന്തീ.''

എന്ന പദ്യത്തിൽ പ്രതിപാദിച്ചിട്ടുള്ള ലജ്ജ മററുള്ള അനുഭാവങ്ങളുടേയും ''നൃപദുഹിതൃകരാഗ്രാൽ സ്വേദവൃഷ്ടിസ്തദാനീം'' എന്നു പറയപ്പെട്ട സ്വേദം ഇതരസാത്വികവികാരങ്ങളുടേയും ഉപലക്ഷണമാകുന്നു. ഇങ്ങനെ വിഭാവാനുഭാവങ്ങളാൽ പരിപോഷിതമായ രതിഭാവം ഒടുവിൽ,

''ബന്ധിച്ചുൾക്കാമ്പിലും കയ്യിലുമഹനി ശുഭേ
        കൗതുകം ധൗമ്യനോത്തും
മന്ത്രംകൊണ്ടഗ്രഹീഷുർമ്മുരഭിദനുമതാ
        യാജ്ഞസേനീകരാഗ്രം.''

എന്നും, ''അർമ്മീതയാ ചേർന്നഥ നൃപസുതയാ സൗഖ്യമാർന്നുകൊണ്ടിരുന്നു'' എന്നും പറയപ്പെട്ട പാണിഗ്രഹണം, സൗഖ്യപ്രാപ്തി ഇവയോടുകൂടി ശൃംഗാരാത്മനാ പരിണമിക്കു

ന്നു. ഇങ്ങനെയാണ് ഇതിൽ ആധികാരികകഥയെ ആശ്രയിച്ചുള്ള രസം സ്ഥിതിചെയ്യുന്നതു്.

ആധികാരികമായിട്ടല്ലാതെ, എന്നുവെച്ചാൽ അംഗിയായ രസത്തിന്റെ സ്ഥായിയായിട്ടല്ലാതെ ഒരു പ്രബന്ധത്തിൽവരുന്ന രത്യാദികളെ സഞ്ചാരിഭാവങ്ങളായിട്ടാണ് ആലങ്കാരികന്മാർ പറയുന്നതു്. ഹാസ്യരസത്തിന്റെ സ്ഥായിയായ ഹാസം ശൃംഗാരരസത്തിൽ സഞ്ചാരിഭാവമാകും. അതുകൊണ്ടു് ശൃംഗാരപ്രധാനമായ ഈ പ്രബന്ധത്തിൽ ഹാസം വ്യഞ്ജിക്കുന്നതു സർവ്വഥാ ഭൂഷണമാകുന്നു. രാജാക്കന്മാർ വില്ലുകുലയ്ക്കുന്നതിൽ പരാജയം പ്രാപിക്കുന്നതിനെപ്പററിയുള്ള ബ്രാഹ്മണരുടെ സംഭാഷണത്തിൽ സഹൃദയഹൃദയാവർജ്ജകമായ ഹാസം വ്യഞ്ജിക്കുന്നുണ്ടു്. കവി നല്ലൊരു പരിഹാസത്തിനു വകയുണ്ടാക്കണമെന്നു കരുതിയായിരിക്കണം ചാപാരോപണത്തിലെ ഭൂപാലപരാജയം കവിവാക്കാക്കാതെ ബ്രാഹ്മണവചനമാക്കി നിബന്ധിച്ചതു്. പ്രസ്തുത സന്ദർഭത്തിലെ ഓരോ പദ്യത്തിലും തുലോം അഭിജാതമായ പരിഹാസം വിളയാടുന്നുണ്ടു്. രാജാക്കന്മാരെപ്പററി ബ്രാഹ്മണരുടെ അഭിപ്രായത്തിന്റെ ചുരുക്കം,

''എന്നേ വൈചിത്ര്യമേ നന്നിതു വലിയ വിനോ-
ദം നൃപന്മാരിലേകൻ
നന്നായീലെന്നു വന്നീലഴകിതു പുനരെ-
ല്ലാവരും നല്ലരല്ലോ''

എന്നാണ്. ''കിട്ടുംകോപ്പല്ല നൂനം കരുതുമളവിലിപ്പെണ്ണിവക്കെന്നും'' ഇത്യാദി പദ്യത്തിൽ ''എന്നേ ധൃഷ്ടദ്യുമ്നാചമച്ചോരഴകിതു പെരികക്കൗശലക്കാരനേ നീ'' എന്നൊരന്തർവ്വാക്യം ഘടിപ്പിച്ചിട്ടുള്ളതിൽ അന്തർഭവിച്ചിരിക്കുന്ന പരിഹാസം അതിഹൃദ്യമായിരിക്കുന്നു.

''അല്പല്ലേ കാണെഴന്നേററത പുനരൊരുവൻ
ചേദിഭ്രമീശ്വരൻതാ–
നല്പല്പീ സത്യമെങ്കിൽ ചെറുതു പശപെട്ട–
ന്നുണ്ട കാര്യം വിചാര്യം
വില്ലങ്കൽ ചെന്നുപുക്കാനഴകിതവനെട്ട–
ക്കും ദ്ദഢം നില്ലെടാ നീ
കില്ലില്ലേ വില്ലെടുത്താൻ ചിലയത്ത് കുലയേ–
ററീല പിൻവാങ്ങിനാനോ''

എന്നു ശിശുപാലൻ വില്ലുകുലയ്ക്കുന്നതിനെപ്പററി പറഞ്ഞിട്ടുള്ളത് എത്ര ചതുരമായിരിക്കുന്നു! 'ചെറുതു പശപെടുന്നുണ്ട കാര്യം വിചാര്യം' എന്നതു് എത്ര ഹൃദയസ്പൃക്കായിരിക്കുന്നു! ജരാസന്ധൻ വില്ലുകുലച്ചതുകൊണ്ടുണ്ടായ ഫലത്തെ ''എത്ര പല്പത്ര പോയീ'' എന്നാണ് ബ്രാഹ്മണർ പറയുന്നതു്. ആകപ്പാടെ ഈ ഘട്ടം പരിഹാസമയം എന്നുതന്നെ പറയണം.

ദ്രൗപദീസ്വയംവരം ഉൾക്കൊണ്ടുകിടക്കുന്ന ഭാഷാഭാരതചമ്പുവിൽപ്പെട്ട കഥകൾ ഭാഷാപരിഷ്കരണക്കമ്മിററിയിൽനിന്നു പ്രസിദ്ധപ്പെടുത്തുന്നതു് ഇതാദ്യമായിട്ടല്ല. ബകവധം, കേശഗ്രഹണം എന്ന രണ്ടു കഥകൾ ഇതിനു മുമ്പുതന്നെ കമ്മിററി പുറത്തിറക്കീട്ടുണ്ട്. ബകവധത്തിന്ന് അന്നു കമ്മിററിപ്രസിഡണ്ടായിരുന്ന റാവു സാഹിബ് മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യരവർകൾ എഴുതിയ പ്രസ്താവനയിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: ''ഈ ചമ്പുവിൻെറ ആദിയിലുള്ള കുറേ ശ്ലോകങ്ങൾ കവനോദയപ്രവൎത്തകന്മാർ പ്രസിദ്ധപ്പെടുത്തിയ ഭാരതചമ്പുവിലെ പാഞ്ചാലീസ്വയംവരത്തിൽ കാണുന്നുണ്ട്. ''വീരശ്രീതാൻ കളിക്കും'' (പദ്യം 4), ''തസ്മിന്നിന്ദ്രപുരോപമേ'' (പദ്യം 6), ''ആദ്യസ്തത്ര തയോഃ'' (പദ്യം 7), ''കാലേ കല്യാണ

ശീലാം'' (പദ്യം 8), ''തസ്മിൻ കാലേ കദാചിൽ'' (പദ്യം 9), ''സന്താനപ്രാപ്ത്യുപായം'' (പദ്യം 10), ''ക്ലൃപ്തന്നേൻ കരുവംശദീപ'' (പദ്യം 11), ഏവം കേട്ടതൃദാരം'' (പദ്യം 12), ''ഇത്ഥം ഭർത്തൃന്നിയോഗാൽ'' (പദ്യം 13), ''ആപ്തമന്ത്രബലം'' (പദ്യം 14), ''അഗ്രേ തത്ര യുധിഷ്ഠിരൻ'' (പദ്യം15), ''ഉദ്രിക്താൻ കളഭങ്ങളെ'' (പദ്യം 16), ''ചൊല്ലേറുന്നാത്മപുത്രൈഃ'' (പദ്യം 35) എന്നിത്രയും പദ്യങ്ങളാണ് പാഞ്ചാലീസ്വയംവരത്തിൽ കാണുന്നതു്. ബകവധത്തിലുള്ള ''തദനുനിരന്തരമൊക്കത്തക്കെ'' എന്നു തുടങ്ങുന്ന ഗദ്യവും (ഗദ്യം 3) ചിലേടത്തു വ്യത്യാസം കൂടാതേയും ചിലേടത്തു വ്യത്യാസത്തോടുകൂടിയും പാഞ്ചാലീസ്വയംവരത്തിൽ കാണുന്നുണ്ടു്.

സൂക്ഷ്മമായുള്ള പരിശോധനയിൽ ഈട്ടുവയ്പുഗ്രന്ഥശാലയിലെ ഗ്രന്ഥത്തിലുള്ള ബകവധം, ദ്രൗപദീസ്വയംവരം ഈ രണ്ടു പ്രബന്ധങ്ങളേയും സങ്കലനം ചെയ്തു സംക്ഷിപ്തമാക്കിയ ഒരു പ്രബന്ധമാണു കവനോദയക്കാരുടെ പാഞ്ചാലീസ്വയംവരം എന്നു വിശദമാകുന്നുണ്ടു്. ഭാഷാഭാരതചമ്പു 14 പ്രബന്ധങ്ങൾ അടങ്ങിയതും അവയെല്ലാം ഒരേ കവിയുടെ കൃതിയുമാണെന്നുള്ളതിനു് അതിൽത്തന്നെ ലക്ഷ്യമുണ്ടു്. കിരാതം പ്രബന്ധത്തിന്റെ അവസാനത്തിൽ,

''ചതുർദ്ദശകഥാബന്ധം കൃഷ്ണവീര്യാവതംസകം
വക്ഷ്യാമി ഭാരതം സാരം ഗുരുപാദപ്രസാദതഃ
ദൈത്യം ഹത്വാ ബകാഖ്യം ദ്രുപദദുഹിതൃകാ-
 ന്താസ്സുഭദ്രാസമേതാ
ഹുത്വാഗ്നൗ ഖാണ്ഡവം വിശ്രുതയജനകൃതോ
 ദ്വൈതകാന്താരവാസാഃ

ലബ്ധാസ്ത്രാശ്ശങ്കരാൽ കീചകനിധനകൃതഃ
സോദ്യമാഃ കൃഷ്ണദൂതാഃ
പിഷ്ട്വാജൗ സിന്ധുരാജം ക്ഷപിതകുരുബലാ–
സ്സാശ്വമേധാ വിമുക്താഃ''

എന്നിങ്ങനെ രണ്ടു ശ്ലോകങ്ങൾ കാണുന്നു. ആദ്യത്തെ ശ്ലോകത്തിൽ സൂചിപ്പിച്ച കഥകൾ ഏതെല്ലാമെന്നു രണ്ടാമത്തെ ശ്ലോകത്തിൽനിന്ന് ഏറെക്കുറെ വ്യക്തമാകുന്നു. 1. ബകവധം, 2. ദ്രൗപദീസ്വയംവരം, 3. സുഭദ്രാഹരണം, 4. ഖാണ്ഡവദാഹം, 5. രാജസൂയം, 6. വനവാസം,7. കിരാതം, 8. കീചകവധം, 9. ഉദ്യോഗം, 10. ദൂതവാക്യം, 11. ജയദ്രഥവധം, 12. സുയോധനവധം, 13. അശ്വമേധം, 14. സ്വർഗ്ഗാരോഹണം ഇവയായിരിക്കണം ആ കഥകൾ. കവനോദയക്കാരുടെ സംക്ഷിപ്തമായ ഭാരതചമ്പു പത്തു ഭാഗങ്ങളായി വേർതിരിച്ചിരിക്കുന്നു. അവ 1. പാഞ്ചാലീസ്വയംവരം, 2. ഖാണ്ഡവദാഹം, 3. കിരാതം, 4. കീചകവധം, 5. ഗോഗ്രഹണം, 6. ഉദ്യോഗം, 7. ദൂതവാക്യം, 8. ജയദ്രഥവധം, 9. ഭാരതയുദ്ധം സുയോധനവധം], 10. അശ്വമേധം ഇവയാണ്. ബാക്കിയുള്ള ഭാഗങ്ങൾ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് കവനോദയക്കാർക്ക് അയച്ചുകൊടുത്ത ഗ്രന്ഥത്തിൽ ഇല്ലായിരുന്നു എന്നുവെച്ച് അവയുടെ അഭാവത്തിൽ നാം വിശ്വസിക്കേണ്ടതില്ല. കിരാതംതന്നെ കവനോദയക്കാരുടെ പതിപ്പിൽ ഒരു ഭാഗമായിട്ടേയുള്ളു. എന്നാൽ ഈടുവയ്പു ഗ്രന്ഥശാലയിലെ പുസ്തകത്തിൽ അതിൽ രണ്ടു ഭാഗങ്ങൾ അടങ്ങിയിരിക്കുന്നു.

'കൈലാസയാത്രാ പ്രഥമാ കിരാതാ–
ർജ്ജുനീയമന്യാ ദ്വിവിധാഭിധേതി

ഭൂഷായതാം സൂരിഹൃദീന്ദ്രസൂനോ-
രേഷാ ചരിത്രസ്തുതിരത്നമാലാ'

എന്ന ശ്ലോകം ഒന്നാം ഭാഗത്തിൻെറ അവസാനത്തിൽ കാണുന്നതുമുണ്ട്. അതിനാൽ കൈലാസയാത്ര എന്നും കിരാതാർജ്ജുനീയമെന്നുമാണ് ഈ ഭാഗങ്ങൾക്ക പേർ എന്ന വരുന്നു. കൈലാസയാത്രയെപ്പററി യാതൊന്നും ''ദൈത്യം ഹത്വാ ബകാഖ്യം'' ഇത്യാദി ശ്ലോകത്തിൽ പ്രസ്താവിക്കുന്നില്ലെങ്കിലും, അതും കിരാതവും ഒരു കവിയുടെ കൃതിയാണെന്നുള്ളതു നിസ്സംശയമാണ്.''

ഈടുവപ്പു ഗ്രന്ഥശാലയിലെ ഗ്രന്ഥത്തിൽനിന്നു പകർത്തിയതാണ് ഈ ദ്രൗപദീസ്വയംവരം. എന്നാൽ കവനോദയക്കാരുടെ ഭാരതചമ്പുവിൽപ്പെട്ട പാഞ്ചാലീസ്വയംവരവുമായി തട്ടിച്ചുനോക്കി വേണ്ടുന്ന ആവാപോദ്വാപങ്ങൾ ഇതിൽ ചെയ്തിട്ടുമുണ്ട്. കവനോദയക്കാരുടെ പാഞ്ചാലീസ്വയംവരം അപൂർണ്ണമാണ്. പാഞ്ചാലി അർജ്ജുനനെ മാലയിടുന്നതുവരെ മാത്രമേ അതിലുള്ളു. അത്രയും ഉള്ളതിൽത്തന്നെ ചില ശ്ലോകങ്ങൾ വിട്ടുപോയിട്ടുമുണ്ട്. പാഞ്ചാലീസ്വയംവരം ഈ പതിപ്പിന്ന് അല്പം സാഹായ്യം ചെയ്തിട്ടുണ്ടെന്നു മാത്രമേ ഉള്ളു. യഥാർത്ഥത്തിൽ ഈടുവപ്പു ഗ്രന്ഥശാലയിലെ ദ്രൗപദീസ്വയംവരംതന്നെയാണ് ഈ പുസ്തകം എന്നു പറയാം.

ഭാഷാഭാരതചമ്പു അഗസ്ത്യഭട്ടൻെറ ബാലഭാരതത്തെ അനുസരിച്ചാണ നിർമ്മിച്ചിട്ടുള്ളതെന്നും അതിലെ പല പദ്യങ്ങൾ ഒരു മാററവും കൂടാതെ ഇതിൽ ചേർത്തിട്ടുണ്ടെന്നും ഈ കമ്മിററിയിൽനിന്നു പ്രസിദ്ധീകരിച്ച ബകവധം, കേശഗ്രഹണം എന്നിവയുടെ പ്രസ്താവനകളിൽ പറഞ്ഞിട്ടുണ്ടല്ലോ. ദ്രൗപദീസ്വയംവരത്തിലും ചമ്പൂകാരൻ അഗസ്ത്യഭട്ടനെ കടപ്പെട്ടിട്ടുണ്ടെന്നു സാമാന്യമായിപ്പറയാം. എന്നാൽ,

അതുപോലെ വേറെയും ചില കവികളോട്ട് ഇദ്ദേഹം അധമൎണ്ണനാണെന്നു സൂക്ഷ്മപരിശോധനയിൽ വ്യക്തമാകുന്നുണ്ട്. പാഞ്ചാലിയുടെ സൗന്ദൎയ്യാതിശയത്തെക്കുറിച്ചുള്ള രാജാക്കന്മാരുടെ സ്തുതിയിലടങ്ങിയ മിക്ക പദ്യങ്ങളും ഗ്രന്ഥാന്തരങ്ങളിൽനിന്നു് ഉദ്ധൃതങ്ങളാണു്. ''അസ്യാഃ സൎഗ്ഗവിധൗ പ്രജാപതിരഭൂച്ചന്ദ്രോ നു കാന്തപ്രഭഃ'' (പദ്യം 56) എന്ന മനോഹരപദ്യം വിക്രമോൎവ്വശീയത്തിലുള്ളതാണു്. ഈ പദ്യവും ''ചിത്രം ചിത്രം ക്ഷിതിതലഗതാസ്ഥായിനീ കാപി വിദ്യുൽ'' (പദ്യം 53) ''സീമാ സരോരുഹഭുവഃ കരകൗശലാനാം'' (പദ്യം 54) എന്ന രണ്ടു ശ്ലോകങ്ങളും ഈ ചമ്പുവിലെന്നപോലെ ''കൊടിയവിരഹ''ത്തിൽ സംഗീതകേതു ശൃംഗാരചന്ദ്രികയെക്കാണുന്ന ഘട്ടത്തിലുമുണ്ട്. ''സീമാ സരോരുഹഭുവഃ'' എന്നും ''വിധായ ശേതാംശും കമലവസതിൎഗ്ലാളനപടം'' (പദ്യം 57) എന്നുമുള്ള രണ്ടു പദ്യങ്ങൾ രാമായണചമ്പുവിൽ സീതാസ്വയംവരഘട്ടത്തിലും അല്പ പാഠഭേദത്തോടുകൂടി ചേൎത്തിട്ടുണ്ട്. ദ്രൗപദിയെ സ്തുതിച്ചുംകൊണ്ടു രാജാക്കന്മാർ പറയുന്ന ''സ്നിഗ്ദ്ധേന്ദ്രോപലസുന്ദരഃ കചഭരോ വക്ത്രം സഗോത്രം വിധോഃ'' (പദ്യം 55) എന്ന ശ്ലോകം രാമായണചമ്പുവിൽ സീതാപഹരണഘട്ടത്തിൽ രാവണൻ സീതയുടെ സൗന്ദൎയ്യത്തെ വാഴ്ത്തിക്കൊണ്ടു പറയുന്നതായും കാണുന്നുണ്ട്.

സഭാവാസികളായ രാജാക്കന്മാരെ വൎണ്ണിച്ചുംകൊണ്ടു സഖി ദ്രൗപദിയോടു പറയുന്ന ഘട്ടത്തിൽ ശ്രീകൃഷ്ണനെപ്പററിയുള്ള രണ്ടു പ്രാകൃതശ്ലോകങ്ങൾ (പദ്യം 29—30) ഗ്രന്ഥാന്തരത്തിൽനിന്നു് എടുത്തതായിരിക്കുമെന്നു തോന്നുന്നു. കവനോദയക്കാരുടെ പാഞ്ചാലീസ്വയംവരത്തിൽ ഇവ കാണുന്നില്ല. ശ്രീകൃഷ്ണനെക്കുറിച്ചുതന്നെയുള്ള ''കേവലം ദധതി കൎത്തൃവാചിനഃ'' (പദ്യം 31) എന്ന സംസ്കൃതപദ്യ

മാകട്ടെ മാഘമഹാകവിയുടെ ശിശുപാലവധത്തിൽനിന്നെടുത്തതാണ്. അതിലെ രാജസൂയഘട്ടത്തിൽ ഈ പദ്യം അടങ്ങിയിട്ടുണ്ട്.

മേൽപ്പറഞ്ഞതിൽനിന്ന് അന്യഗ്രന്ഥങ്ങളിലുള്ള സരസശ്ലോകങ്ങൾ സന്ദർഭാനുസാരേണ സ്വകൃതികളിൽ എടുത്തുചേർക്കുന്നതു ഭാഷാചമ്പൂകാരന്മാരുടെ പതിവാണെന്നും ആ പതിവ് ദ്രൗപദീസ്വയംവരത്തിന്റെ കർത്താവ് അനുസരിച്ചതിൽ അനുചിതമായിട്ടൊന്നുമില്ലെന്നും സിദ്ധിക്കുന്നു. എന്നാൽ, അന്യഗ്രന്ഥങ്ങളിൽനിന്നു സംസ്കൃതശ്ലോകങ്ങളല്ലാതെ ഭാഷാപദ്യങ്ങൾ—അതും മററു ഭാഷാചമ്പുക്കളിലുള്ളവ—എടുത്തുചേർക്കുന്നതു ചമ്പൂപ്രബന്ധങ്ങളിൽ അത്ര അധികമായി കണ്ടിട്ടില്ല. ദ്രൗപദീസ്വയംവരത്തിൽ അതും ചെയ്തുകാണുന്നുണ്ട്. പാഞ്ചാലരാജധാനിയിൽ കല്യാണോത്സവം പ്രമാണിച്ചു ചെയ്ത അലങ്കാരങ്ങളെ വർണ്ണിക്കുന്ന സന്ദർഭത്തിൽ ''പ്രതിനവപനിനീരിലാസ്ഥലക്കം'' (പദ്യം 10) എന്നും, ''നൽപ്പാവാട വിരിച്ചു മേദിനിതലേ മേളം വളർത്തീടിനാർ'' (പദ്യം 11) എന്നും ആരംഭിക്കുന്ന രണ്ടു പദ്യങ്ങൾ രാമായണചമ്പുവിലെ സീതാസ്വയംവരവർണ്ണനയിൽനിന്ന് ഈഷൽഭേദത്തോടുകൂടി എടുത്തവയാണ്.

ഈടുവെപ്പുഗ്രന്ഥശാലയിലെ ഗ്രന്ഥത്തിലുള്ള ബകവധം മുതലായ ചമ്പുക്കൾ ''പൗർവ്വാപര്യക്രമത്തോടുകൂടിയും അനുപൂർവ്വീസൂചകങ്ങളായ പദ്യങ്ങളാൽ അനുസ്യൂതങ്ങളായും'' കാണുന്നുണ്ടെന്നും, അതു് ഇവയെല്ലാം ഒരു കവിയുടെ കൃതികളാണെന്നുള്ളതിലേക്ക് ഒരു തെളിവാണെന്നും ബകവധത്തിന്റെ പ്രസ്താവനയിൽ പറഞ്ഞിട്ടുണ്ട്. ആ കവി ഇന്നാളാണെന്നുള്ളതിലേക്കു ലക്ഷ്യമൊന്നും കിട്ടീട്ടില്ല. പുനം, മഹിഷമംഗലം, നീലകണ്ഠൻ എന്നിങ്ങനെ ഭാഷാ

ചമ്പൂകാരന്മാരെന്നു പ്രഖ്യാതന്മാരായ മൂന്നു പേരിലൊരുവനാണ് ഇതിന്റെ പ്രണേതാവെന്ന് അനുമാനിക്കുവാൻ തെളിവൊന്നുമില്ല. എന്നാൽ ക്രി. പി. പതിന്നാലാം ശതകത്തിൽ ജീവിച്ചിരുന്ന അഗസ്ത്യഭട്ടന്റെ ബാലഭാരതത്തെ ഉപജീവിക്കുന്നതുകൊണ്ട് ആ കാലത്തിനു ശേഷമാണ് ഭാഷാഭാരതചമ്പൂകാരൻ ജീവിച്ചിരുന്നതെന്നു വിചാരിക്കാം. ഈ വിഷയം ഉപരിഗവേഷണത്തിനായി നിറുത്തി വെക്കുവാനേ തല്കാലം കഴിവുള്ളു.

എന്ന്,

എറണാകുളം,
27-12-'14

കമ്മററിപ്പണ്ഡിതർ,
കെ. വാസുദേവൻമൂസ്സത്

KOTTAYAM PUBLIC LIBRARY
KOTTAYAM

# ദ്രൗപദീസ്വയംവരം

## പ്രബന്ധം

ലക്ഷ്മീമാതിൻ നറും കുങ്കുമസുരഭിലമാം
കൊങ്കതൻ പുണ്യപാളീ–
മുഖ്യാഭോഗം ജഗൽപാലനനിപുണത കൈ–
ക്കൊണ്ട തൃക്കൺവിലാസം
ഉൾക്കാമ്പിൽക്കണ്ടുപാസേ സജലജലധര–
ശ്രേണി നാണുന്ന കാന്തി–
പ്രക്ഷോഭം നിത്യമായക്കമലഭവമഹേ–
ന്ദ്രാദിവന്ദ്യം മുകുന്ദം. 1

---

### ടിപ്പണി

ശ്ലോകം 1. മംഗളാചരണം:— ലക്ഷ്മീമാതിൻ....മുഖ്യാഭോഗം= ലക്ഷ്മീമാതിൻെറ (ലക്ഷ്മീദേവിയുടെ) നറുംകുങ്കുമത്താൽ സുരഭിലമായ കൊങ്കയുടെ പുണ്യപാളിയുടെ (സുകൃതസമൂഹത്തിൻെറ) മുഖ്യമായ ആഭോഗം(പരപ്പ്)ആയ. ജഗൽപാലന....തൃക്കൺവിലാസം=ജഗത്തിൻെറ പാലനത്തിങ്കൽ നിപുണത (നൈപുണ്യം) ഉള്ള തൃക്കണ്ണുകളുടെ വിലാസത്തോടുകൂടിയ. ഉപാസേ=ഞാൻ സേവിക്കുന്നു. സജല.... പ്രക്ഷോഭം=സജലങ്ങളായ (വെള്ളമുള്ള) ജലധരങ്ങളുടെ (മേഘങ്ങളുടെ) ശ്രേണി (സമൂഹം) നാണുന്ന (നാണിക്കുന്ന) കാന്തിപ്രക്ഷോഭത്തോട് (കാന്തിപ്രവാഹത്തോടു) കൂടിയ. കമലഭവ....വന്ദ്യം=കമലഭവൻ (ബ്രഹ്മാവ്) മഹേന്ദ്രൻ (ഇന്ദ്രൻ) മുതലായവരാൽ വന്ദ്യനായ. മുകുന്ദം=വിഷ്ണുവിനെ. വിഷ്ണുഭഗവാനെ ധ്യാനദൃഷ്ടിയാൽ മനസ്സിൽ കണ്ടുംകൊണ്ടു ഞാൻ സേവിക്കുന്നുവെന്നത്ഥം. പൂവ്വാദ്ധത്തിൽ ഹേതുവായ ലക്ഷ്മീകുചപുണ്യവും ഹേതുമാനായ മുകുന്ദനും തമ്മിൽ അഭേദം

ഭംഗ്യാ ചഞ്ചൽപ്രതോദാഞ്ചിതകരകമലം
ചാരു കർണ്ണാർജ്ജുനീയേ
സംഗ്രാമേ കെട്ടഴിഞ്ഞിട്ടഴകിനൊടു വിരി-
ഞ്ഞീടുമാലോലകേശം
നിൻകോലം കാലനീലോൽപലനവകലികാ-
ശ്യാമളം കോമളം മേ
മംഗല്യം കൈവളർത്തീടുക ഘനകരുണാ-
സത്മമേ പത്മനാഭാ! 2
ഗാഢാനന്ദസ്വരൂപം നരകവിജയിനം
ചിന്മയം മദ്ധ്യനാഡീ-
വാടീമദ്ധ്യേ വളർക്കേണ്ടുകിലവിടെ നടേ
മുമ്പിലൊന്നുണ്ടു വേണ്ടൂ

ഉപചരിച്ചിരിക്കുകയാൽ ഹേത്വതിശയോക്തി അലങ്കാരം. വൃത്തം സ്രഗ്ദ്ധര. ''ഏഴേഴായ് മൂന്നു ഖണ്ഡം മരഭന യയയം സ്രഗ്ദ്ധരാ വൃത്തമാകും.''

2. ഭംഗ്യാ=ഭംഗിയോടെ. ചഞ്ചൽ....മലം=ചഞ്ചത്തായ (ഇളകുന്ന) പ്രതോദത്താൽ (ചമ്മട്ടിയാൽ) അഞ്ചിതം (അലംകൃതം) ആയ കരകമലത്തോടുകൂടിയ. ചാരു (ക്രി. വി.)=മനോഹരമാകുംവണ്ണം. കർണ്ണാർജ്ജുനീയേ=കർണ്ണാർജ്ജുനന്മാരെസ്സംബന്ധിച്ച. സംഗ്രാമേ=യുദ്ധത്തിൽ. കെട്ട....കേശം=കെട്ടഴിഞ്ഞു ചിതറുന്ന ആലോലമായ കേശത്തോടുകൂടിയ. നിൻകോലം=നിന്റെ ശരീരം. കാല....ശ്യാമളം=കാലമായ (കറുത്ത) നീലോൽപലത്തിന്റെ നവമായ കലിക (മൊട്ടു) പോലെ ശ്യാമളവർണ്ണമായ. കോമളം=മൃദുവായ. മേ=എനിക്കു്. മംഗളം=ശുഭം. ഘന....ത്മമേ=ഘനയായ (കനത്ത) കരുണയ്ക്കു സത്മം (ഗൃഹം) ആയവനേ! അല്ലയോ പത്മനാഭ, കർണ്ണാർജ്ജുനയുദ്ധത്തിൽ ചമ്മട്ടിയേന്തി പുരികുഴലഴിഞ്ഞ നിന്തിരുവടിയുടെ തിരുമേനി എനിക്കു ശുഭം നൽകട്ടെ.

3. കഥയെ ഉപക്ഷേപിക്കുന്നു:- ഗാഢാനന്ദസ്വരൂപം=ഗാഢമായ ആനന്ദമാകുന്ന സ്വരൂപത്തോടുകൂടിയ. ചിന്മയം ജ്ഞാനസ്വരൂ

പാടേ പഞ്ചേന്ദ്രിയാണാമുടനൊരുമ വരേ-
ണം തഥാ ചേതനായാം
പ്രൗഢാനാം പാണ്ഡവാനാമമിതരുചി യഥാ
പണ്ടു പാഞ്ചാലജായാം. 3

ധാത്രീഗീർവ്വാണവേഷംതടവി വിലസിതാ
വിശ്വലോകാപകാര-
സ്ഫൂർത്തിം ചേർക്കും ബകധ്വംസനമുദിതമഹീ-
ദേവസംഭാവ്യമാനാഃ
നേത്രാനന്ദം ജനാനാം ദിവസമനു വള-
ർത്തേകചക്രാപ്രദേശേ
മാത്രാ സാകം സുഖേന വ്യദധത സുചിരം
പാണ്ഡവാസ്തേ നിവാസം. 4

---

പനായ. നരകവിജയിനം=ശ്രീകൃഷ്ണനെ. മധ്യ....മധ്യേ=മദ്ധ്യനാഡി (സുഷുമ്നാനാഡി)യാകുന്ന വാടിയുടെ (ഉദ്യാനത്തിൻെറ)നടുവിൽ. വള ർക്കേണ്ടുകിൽ=വളർത്തണമെങ്കിൽ. നടേ=ആദ്യമേതന്നെ. പാടേ=വഴി പോലെ. പഞ്ചേന്ദ്രിയാണാം=നേത്രം, ശ്രോത്രം, ഘ്രാണം, ത്വക്കു്, രസനം എന്ന അഞ്ചു ജ്ഞാനേന്ദ്രിയങ്ങൾക്കു്. ഒരുമ=ഐക്യം. തഥാ= അപ്രകാരം. ചേതനായാം=ബുദ്ധിയിൽ. പ്രൗഢാനാം=യോഗ്യന്മാരാ യ. പാണ്ഡവാനാം=പാണ്ഡവന്മാർക്കു്. അമിതരുചി (ക്രി. വി.)= അനല്പമായ അഭിലാഷത്തോടുകൂടി. യഥാ=യാതൊരുപ്രകാരം. പാ ഞ്ചാലജായാം=പാഞ്ചാലിയിൽ. പഞ്ചപാണ്ഡവന്മാർക്കു് പാഞ്ചാ ലിയിൽ ഒരുമ വന്നതുപോലെ പഞ്ചേന്ദ്രിയങ്ങൾക്കു ചേതനയിൽ ഇളക്കമില്ലാത്തതായ ഒരുമ ആദ്യമായുണ്ടാകണം. എന്നാലേ ആനന്ദ രൂപനായ ശ്രീകൃഷ്ണനെ ധ്യാനംകൊണ്ടു സുഷുമ്നാനാഡിയിൽ തെളി യിക്കുവാൻ സാധിക്കയുള്ളൂ എന്നു സാരം.

4. കഥാരംഭം:- ധാത്രീഗീർവ്വാണ....വിലസിതാഃ=ബ്രാഹ്മണ വേഷം പൂണ്ടു ശോഭിച്ച. വിശ്വലോകാപകാര....സംഭാവ്യമാനാഃ=

കാലേ തത്ര ബലാലറിഞ്ഞു പഥികാൽ
　　കാണേണമെന്നുത്സുകാഃ
പാഞ്ചാലീമഹിതസ്വയംവരമഹാ–
　　കല്യാണകോലാഹലം
വേലാതീതഗുണോജ്ജ്വലാ ഗൃഹപതിം
　　ഭൂദേവമാമന്ത്ര്യതം
ചേലേന്തും ധരണീസുരൗഘസഹിതാ
　　ന്നിശ്ചക്രമുഃ പാണ്ഡവാഃ 5

---

വിശ്വലോകങ്ങൾ (എല്ലാ ലോകങ്ങൾ)ക്കും അപകാരസ്ഫൂർത്തിയെ (അധികമായ അപകാരത്തെ) ചേർക്കുന്നവനായ ബകന്റെ ധ്വംസനത്താൽ മുദിതരായ ബ്രാഹ്മണരാൽ സംഭാവ്യമാനന്മാർ (ബഹുമാനിക്കപ്പെടുന്നവർ) ആയ. നേത്രാനന്ദം=കണ്ണുകൾക്കു സന്തോഷം. ജനാനാം=ജനങ്ങൾക്ക്. ദിവസമനു=ദിനംപ്രതി. ഏകചക്രാപ്രദേശേ=ഏകചക്ര എന്ന സ്ഥലത്ത്. മാത്രാ സാകം=അമ്മയോടുകൂടി. സുഖേന=സുഖത്തോടുകൂടി. വ്യദധത=ചെയ്തു. സുചിരം=വളരെക്കാലം. നിവാസം=നിവാസത്തെ. പാണ്ഡവന്മാർ ബ്രാഹ്മണവേഷധാരികളായി ബകവധം കഴിഞ്ഞ് ഏകചക്രയിൽ സുഖമായി വസിച്ചുകൊണ്ടിരുന്നു.

5. കാലെ തത്ര=ആ കാലത്തിങ്കൽ. ബലാൽ=പെട്ടെന്ന്. പഥികാൽ=വഴിപോക്കരിൽ നിന്ന്. ഉത്സുകാഃ=താൽപര്യമുള്ളവരായി. പാഞ്ചാലീ....കോലാഹലം=പാഞ്ചാലിയുടെ മഹിതം (പൂജിതം) ആയ സ്വയംവരമഹാകല്യാണത്തിന്റെ കോലാഹലത്തെ. വേലാ....ജ്ജ്വലാഃ=വേല (അതിർ)യില്ലാത്ത ഗുണങ്ങളെക്കൊണ്ട് ഉജ്ജ്വലന്മാർ (ശോഭിക്കുന്നവർ) ആയ. ഗൃഹപതിം ഭൂദേവം=ഗൃഹനായകനായ ബ്രാഹ്മണനോട്. ആമന്ത്ര്യ=യാത്രപറഞ്ഞിട്ട്. ധരണീ....സഹിതാഃ=ധരണീസുരന്മാരുടെ (ബ്രാഹ്മണരുടെ) ഓഘ (സമൂഹ)ത്തോടുകൂടിയവരായിട്ട്. നിശ്ചക്രമുഃ=നിഷ്ക്രമിച്ചു (പോയി). വൃത്തം ശാർദ്ദൂലവിക്രീഡിതം. ''പന്ത്രണ്ടാൽ മസജം സതം ത ഗുരുവും ശാർദ്ദൂലവിക്രീഡിതം.''

ഭൂദേവാവലിയോടുകൂട വഴിമേൽ
        നിർഗ്ഗത്യ മാത്രാ സമം
വീതാശങ്കമമീ വിസൃത്വരമഹ–
        സ്സംഭാരരമ്യോജ്ജ്വലാഃ
സ്വാതന്ത്ര്യേണ കടന്നനേകതടിനീഃ
        സ്വൈരം നടന്നീടിനാർ
മോദം പൂണ്ടഥ യജ്ഞസേനനഗരീം
        നോക്കി പ്രരൂഢോത്സവാം. 6

ചൊല്ലാവതല്ലയി സഖേ! ഘനമോദമുദ്രാ–
മുല്ലാസയന്മനസി വിശ്വജുഷാം വിശേഷാൽ
കല്യാണഘോഷസമുപക്രമവിസ്മയശ്രീ–
ഹല്ലോഹലം ദ്രുപദരാജപുരേ തദാനീം. 7

6. ഭൂദേവാവലി=ബ്രാഹ്മണസമൂഹം. നിർഗ്ഗത്യ=പോയിട്ട്. മാത്രാ=അമ്മയോട്. സമം=കൂടെ. വീതാശങ്കം (ക്രി. വി.) =ആശങ്ക കൂടാതെ. അമീ=ഇവർ (പാണ്ഡവന്മാർ). വിസൃത്വര....ജ്വലാഃ=വിസൃത്വരമായ (വ്യാപിക്കുന്ന) മഹസ്സിന്റെ (തേജസ്സിന്റെ) സംഭാരം (സമൂഹം)കൊണ്ടു രമ്യന്മാരും ഉജ്ജ്വലന്മാരുമായ. സ്വാതന്ത്ര്യേണ=സ്വാതന്ത്ര്യത്തോടെ. അനേകതടിനീഃ=വളരെ നദികളെ. സ്വൈരം (ക്രി. വി.) =സുഖമായിട്ട്. യജ്ഞസേനനഗരീം=യജ്ഞസേനന്റെ (പാഞ്ചാലരാജാവിന്റെ) നഗരിയെ. പ്രരൂഢോത്സവാം=പ്രരൂഢം (ജാതം) ആയ ഉത്സവത്തോടുകൂടിയ. പാണ്ഡവന്മാർ നാനാനദികൾ കടന്നു പാഞ്ചാലരാജധാനിയെ അഭിമുഖീകരിച്ചു യാത്രചെയ്തു.

7. പാഞ്ചാലീസ്വയംവരഘോഷത്തെ വർണ്ണിക്കുന്നു:—അയി സഖേ=അല്ലയോ തോഴരേ! തദാനീം=അപ്പോൾ. ദ്രുപദരാജപുരേ=പാഞ്ചാലരാജധാനിയിൽ. വിശ്വജുഷാം=വിശ്വവാസികളുടെ. മനസി =മനസ്സിൽ. വിശേഷാൽ=വിശേഷിച്ചും. ഘനമോദമുദ്രാം=ഘനമായ മോദത്തിന്റെ മുദ്രയെ (ബന്ധത്തെ). ഉല്ലാസയൽ=പ്രകാശിപ്പിക്കുന്നതായ. കല്യാണ....ഹലം=കല്യാണഘോഷത്തിന്റെ ആരംഭ

പൊന്നിൻപത്മങ്ങറം നീളപ്പുതുമയൊടു വിരി
ഞ്ഞൊക്ക നിന്നംബരാന്തേ
മിന്നും പോലേ വിളങ്ങും നഗരവരവധൂ-
വക്ത്രമാലാഭിരാമം
എണ്ണം കോലാത സൗധോൽക്കരമഭിനവര-
ത്നാംശുസന്ദീപ്തമുച്ചൈ-
രുന്നമ്രാഭോഗമയ്യാ! പ്രതിദിശി ദദൃശേ
ഭംഗിയിൽത്തീർത്തൊരോന്നേ. 8

ത്തിങ്കലുള്ള വിസ്മയത്തിൻേറയും ശ്രീയുടേയും കോലാഹലം. ചൊല്ലാവതല്ല=വണ്ണിക്കുവാൻ സാദ്ധ്യമല്ല. ['ഹല്ലോഹലം' സംസ്കൃതമാക്കപ്പെട്ട ശബ്ദമാണ്. ഇതു് സന്തോഷാധിക്യത്തിൽ തനിയേ പുറപ്പെടുന്ന ധ്വനിവിശേഷത്തിൻേറ അനുകരണമായിരിക്കാം. ''ആലോലകല്ലോലഹല്ലോഹലം പോലെ'' എന്നു ഭാരതത്തിലും, ''ഉല്ലാസഹല്ലോഹലങ്ങറം'' എന്നു് നളചരിതത്തിലും പ്രയോഗമുണ്ടു്] വൃത്തം വസന്തതിലകം. ''ചൊല്ലാം വസന്തതിലകം തഭജം ജഗംഗം.''

8. പൊന്നിൻപത്മങ്ങറം=പൊന്താമരപ്പൂക്കറം. നീളെ=എല്ലാടത്തും. പുതുമയോടു വിരിഞ്ഞൊ....ഭിരാമം=പുതുതായി വിരിഞ്ഞു നിന്നു് അംബരാന്തത്തിൽ (ആകാശമദ്ധ്യത്തിൽ) മിന്നുന്നതുപോലെ ശോഭിക്കുന്ന നഗരവരവധൂക്കളുടെ (പുരസുന്ദരിമാരുടെ) മുഖസമൂഹങ്ങളെക്കൊണ്ടു മനോഹരമായി. എണ്ണം കോലാത=സംഖ്യയില്ലാത്ത. സൗധോൽക്കരം=ഹർമ്മ്യസമൂഹം. അഭി....സന്ദീപ്തം=പുതിയ രത്നങ്ങളുടെ രശ്മികളെക്കൊണ്ടു ജ്വലിക്കുന്നതായി. ഉച്ചൈഃ=ഉന്നതമായി. ഉന്നമ്രാഭോഗം=വലിയ വിശാലതയോടുകൂടിയതായി. ഭംഗിയിൽതീർത്തൊരോന്നേ=ഭംഗിയിൽ പണിയിക്കപ്പെട്ടതു്. പ്രതിദിശി=ദിക്കുതോറും. ദദൃശേ=കാണപ്പെട്ടു. അയ്യാ=ആശ്ചര്യം. [''തീർത്തൊരോന്നേ'' എന്നതു തീർത്തു എന്ന മുറവിനയിൽ ഒരു (ഒരോന്നേ) എന്ന ചുട്ടെഴുത്തു ചേർത്തു പേരെച്ചമാക്കിയ രൂപമാകുന്നു]. ദ്രുപദരാജധാനിയിൽ അത്യന്തം ഭംഗിയോടുകൂടി നിർമ്മിക്കപ്പെട്ട അനവധി രമ്യഹർമ്മ്യങ്ങറം ദിക്കുകറംതോറും കാണപ്പെട്ടു. അവ നാഗ

ചീനപ്പട്ടാംബരംകൊണ്ടുപരചിതവിതാ–
നേഷു തൂക്കിക്കിടക്കും
നാനാരത്നാവലീമാലകളിൽ നിറമുലാ–
വുന്ന കാന്ത്യാ തദാനീം
താനേ ദിക്ചക്രമൊക്കപ്പരികലിതമഹേ–
ന്ദ്രായുധസ്തോമമയ്യാ!
കാണായ്‌വന്നൂ തദാനീം കഥമിവ കഥയേ
മുഖ്യകല്യാണഘോഷം. 9

പ്രതിനവപനിനീരിലാശ്ശലക്കും
ഘുസൃണരസേന തളിച്ചു രാജധാനീം
ചിതമൊടു മെഴുകിച്ചുമച്ചണിഞ്ഞാർ
മധുരതരം തരളാക്ഷിമാർ തദാനീം. 10

---

രികാംഗനമാരുടെ മുഖങ്ങളെക്കൊണ്ടു രമണീയങ്ങളായിരുന്നു. ആ മുഖങ്ങൾ ശോഭിക്കുന്നതു കണ്ടാൽ പൊൻതാമരപ്പൂക്കൾ ആകാശത്തിൽ വിരിഞ്ഞു മിന്നുകയാണോ എന്നു തോന്നും. ഉൽപ്രേക്ഷാലങ്കാരം.

9. ചീനപ്പട്ടാംബരം.... കാന്ത്യാ=ചീനപ്പട്ടുവസ്ത്രംകൊണ്ടുണ്ടാക്കപ്പെട്ട വിതാനങ്ങളിൽ തൂങ്ങിക്കിടക്കുന്ന നാനാരത്നസമൂഹങ്ങൾകൊണ്ടുള്ള മാലകളിൽ നിറംതിളങ്ങുന്ന കാന്തികൊണ്ട്. തദാനീം=അപ്പോൾ. ദിക്ചക്രമൊക്കെ=ദിക്കുകളുടെ സമൂഹമെല്ലാം. പരി.... സ്തോമം=പരികലിതം (വ്യാപ്തം) ആയ ഇന്ദ്രചാപസമൂഹത്തോടുകൂടിയതായിട്ട്. മുഖ്യകല്യാണഘോഷം=പ്രധാനമായ കല്യാണഘോഷത്തെ. കഥമിവ=എങ്ങനെ. കഥയേ=ഞാൻ പറയുന്നു. ചീനപ്പട്ടുവിതാനങ്ങളിൽ തൂക്കിയ നാനാരത്നമാലകളുടെ നാനാനിറങ്ങളോടുകൂടിയ കാന്തികൊണ്ടു ദിക്കുകളൊക്കയും മഴവില്ലുകൾ പരന്നിരിക്കുന്നുവോ എന്നു തോന്നുമാറു കാണപ്പെട്ടു. ഉൽപ്രേക്ഷാലങ്കാരം ഗമ്യം.

10. പ്രതിനവ....രസേന=പ്രതിനവമായ (പുതിയ) പനിനീരിൽ കലക്കിയ ഘുസൃണ (കുങ്കുമം) ത്തിൻെറ ചാറുകൊണ്ട്. രാജ

നൽപ്പാവാട വിരിച്ച മേദിനിതലേ
　　　　മേളം വളത്തീടിനാർ
കർപ്പൂരത്തിരിയിട്ട ദീപകലികാ-
　　　　ജാലം കൊളുത്തീടിനാർ
കല്പിച്ചാർ നിരവേ തദാ നിറപറ-
　　　　ച്ചാർത്തും പുകഠംത്താവത-
ല്ലപ്പാ! കേഠം മഹിതസ്വയംവരമഹാ-
　　　　കോലാഹലാഡംബരം. 11

ലോലം ബാ ഇവ ലോഭനീയമധുധാ-
　　　　രാംചാരുപൂമഞ്ജരീം
ലോലാം പൂണ്ണഹുണ്ണാനപിതാം ദ്രുപദജാം
　　　　ലുബ്ധ്വം നിബദ്ധോദ്യമാഃ

---

ധാനീം=രാജധാനിയെ. ചിതമൊടു=ഭംഗിയോടെ. മെഴുകിച്ചമച്ച്= തേച്ചുശരിപ്പെടുത്തി. തദാനീം=അപ്പോഠം. തരളാക്ഷിമാർ=സുന്ദരിമാർ. തരളതരം (ക്രി. വി.)=ഏററവും മനോഹരമായി. അണിഞ്ഞാർ=അണിഞ്ഞു. സ്പഷ്ടം. വൃത്തം പുഷ്പിതാഗ്ര. ''നനരയ വിഷമത്തിലും സമത്തിൽ പുനരിഹ നം ജജരംഗ പുഷ്പിതാഗ്രാ.''

11. മേദിനിതലേ=നിലത്തു്. മേളം=ഭംഗി. ദീപകലികാജാലം=കലികകഠം (പൂമൊട്ടുകഠം) പോലെയുള്ള വിളക്കുകളുടെ സമൂഹം. നിരവേ=നിരക്കേ. അപ്പാ=ആശ്ചര്യദ്യോതകമായ വ്യാക്ഷേപകം. മഹിതസ്വയംവരമഹാകോലാഹലാഡംബരം=മഹിതം (പൂജിതം) ആയ സ്വയംവരത്തിൻെറ മഹത്തായ കോലാഹലഘോഷം. സാരം സ്പഷ്ടം.

12. നാലംഭോ....നൃപാധീശ്വരാഃ=നാലാഴികഠം ചൂഴുമൂഴിയിലുള്ള നാനാരാജാക്കന്മാർ. ദൂതാനനാകാരിതാഃ=ദൂതമുഖേന ക്ഷണിക്കപ്പെട്ടവരായിട്ടു്, ലോഭനീയമധുധാരാം=സ്പൃഹണീയമായ പൂന്തേനിൻെറ ധാരയോടുകൂടിയ. ചാരുപൂമഞ്ജരീം=മനോഹരമായ പൂങ്കുലയെ. ലോലംബാഃഇവ=വണ്ടുകളെന്നപോലെ. ലോലാം=ചഞ്ചല

മേളംപൂണ്ടൊരുമിച്ചു നീളയിളകീ
ദ്രുതാനനാകാരിതാ
നാലംഭോനിധി ചൂഴമൂഴിയിലെഴം
നാനാനൃപാധീശ്വരാഃ. 12

അവതംസിതശിഖിപിഞ്ഛോ
നവമേഘശ്യാമളോ മഹാതേജാഃ
യദുഭിസ്സഹ സമഭിയയൌ
ശ്രീകൃഷ്ണോ വൃഷ്ണിവംശസീമന്തഃ 13

തൽകാലേ പാണ്ഡവാ മാതരമിനയ കുലാ–
ലാലയേ വെച്ചു വിപ്രൈ–
രൊക്കത്തക്കത്തദാ ചെന്നഖിലജനഘടാ–
പൂരിതേ ഗോപുരാന്തേ

---

യായി. പൂൎണ്ണഗുണാന്വിതാം=തികഞ്ഞഗുണങ്ങളോടുകൂടിയവളായി രിക്കുന്ന. ദ്രുപദജാം=പാഞ്ചാലിയെ. ലബ്ധും=ലഭിപ്പാൻ. നിബദ്ധോദ്യമാഃ=ഉത്സാഹത്തെ ബന്ധിച്ചവരായിട്ടു്. നീളയിളകീ= എല്ലായിടത്തുനിന്നും ഇളകി. 'ലോലംബാഃ ഇവ' എന്നേടത്തു് ഉപമാലങ്കാരം.

13. സ്വയംവരത്തിന്നായി ശ്രീകൃഷ്ണൻെറ ആഗമനത്തെ വൎണ്ണിക്കുന്നു:–അവതംസിതശിഖിപിഞ്ഛഃ=ശിഖിപിഞ്ഛത്തെ (മയിൽപ്പീലിയെ) അവതംസം (ശിരോലങ്കാരം) ആക്കിയവനായി. നവമേഘശ്യാമളഃ=പുതുമേഘംപോലെ നീലവൎണ്ണനായി. മഹാതേജാഃ=വലിയ തേജസ്സുള്ളവനായി. വൃഷ്ണിവംശസീമന്തഃ=വൃഷ്ണിവംശത്തിന്ന സീമന്തം (ശിരോമദ്ധ്യരേഖ) ആയിരിക്കുന്ന. ശ്രീകൃഷ്ണഃ=ശ്രീകൃഷ്ണൻ. യദുഭിസ്സഹ=യാദവന്മാരോടുകൂടി. സമഭിയയൌ=വന്നു. വൃഷ്ണിവംശസീമന്തമെന്നാൽ വൃഷ്ണിവംശത്തിനു് ശിരോലങ്കാരമായിട്ടുള്ളവനെന്നു സാരം. വൃത്തം ഗീതി.

14. തൽക്കാലേ=അക്കാലത്തു്. തേ പാണ്ഡവാഃ=ആ പാണ്ഡവന്മാർ. മാതരം=അമ്മയെ. ഇനയ=നല്ലതായ. കുലാലാലയേ=

അഗ്രേ തേ ലബ്ധമാർഗ്ഗാ ദ്രുപദപുരമകം
　　പുക്ക നിർമ്മായരമ്യം
മുഖ്യാനാം ഭൂസുരാണാം നടുവിലുടനിരു-
　　ന്നീടിനാർ ഗൂഢഗൂഢം. 14

ഗദ്യം 1. ശിവശിവ ചൊൽവാൻ പണിപെടു വൊന്നിതു പാഞ്ചാലസുതാകല്യാണോത്സവകലവിവിശേഷാൻ. ദ്രുപദപുരേ വരകല്യാണോത്സവമുണ്ടെന്നതു കേട്ടുദിതകുതൂഹലമിളകി വരുന്ന ജനങ്ങളൊടൊക്കയകംപുക്കവിടെഗ്ഗോപുരവീഥിയിലരയർ പെരുന്തെരുവോടു നടന്നു നടന്നു നരേന്ദ്രന്മാരിന്നാരും വന്നീലല്ലോ ദൂതന്മാരെ ദ്രുപദനയച്ചു നാലഞ്ചാറു ദിനംപോലും പോലെങ്കിലതല്ലോ വാദ്യനിനാദം പോക മതിന്മേലേറിക്കൊണ്ടാലൊക്കെക്കൊ

---

കുംഭകാരൻെറ ഗൃഹത്തിൽ. വിപ്രൈഃഒക്കത്തക്ക=ബ്രാഹ്മണരോടു കൂടി. തദാ=അപ്പോൾ. അഖിലജനഘടാപൂരിതേ=എല്ലാ ജനസമൂഹങ്ങളാലും നിറയപ്പെട്ട. ഗോപുരാന്തേ=ഗോപുരപ്രദേശത്തു്. അഗ്രേ=മുമ്പിൽ. ലബ്ധമാർഗ്ഗാ=മാർഗ്ഗം ലഭിച്ചവരായിട്ടു്. നിർമ്മായരമ്യം = അവ്യാജസുന്ദരമായ. ദ്രുപദപുരം=പാഞ്ചാലരാജധാനിയെ. മുഖ്യാനാം ഭൂസുരാണാം=പ്രധാനപ്പെട്ടവരായ ബ്രാഹ്മണരുടെ. ഗൂഢഗൂഢം=ഏററവും ഗൂഢമാകുംവണ്ണം. സ്പഷ്ടം.

ഗദ്യം 1. ശിവശിവ....വിശേഷാൽ=പാഞ്ചാലീസ്വയംവരോത്സവത്തിൻെറ കോലാഹലവിശേഷങ്ങളെ വർണ്ണിപ്പാൻ പ്രയാസമുണ്ടു്. 'ദ്രുപദപുരേ' എന്നതു മുതൽ 'കാഴ്ചക്കാരർ മഹാജനഘോഷം കുഹചന ഭാഗേ' എന്നതുവരെ ഒരന്വയം. ദ്രുപദപുരേ=പാഞ്ചാലരാജധാനിയിൽ. വരകല്യോണോത്സവം=ശ്രേഷ്ഠമായ സ്വയംവരോത്സവം. ജനങ്ങളൊടൊക്ക=ജനങ്ങളോടൊപ്പം. ഗോപുരവീഥിയിൽ=ഗോപുരദ്വാരമാർഗ്ഗത്തിൽ. അരയർ പെരുന്തെരുവോടു=പ്രധാന രാജമാർഗ്ഗത്തൂടെ. 'നരേന്ദ്രന്മാരിഹ വന്നീലിന്നും' എന്നു തുടങ്ങി 'വിസ്മയമഖിലം മുഴവൻ പാർത്താൽ' എന്നതുവരേ കാഴ്ചക്കാർ തമ്മിൽ

ണാം വരവുവിശേഷം, വന്ന മഹീശ്വരനാരവനെങ്ങു സംഭ്രാമിയാസ്സു പൊറുക്ക നിമേഷം ദുസ്സഹനിന്നു തകത്തിട്ടേത്തും കേരംക്കരുതല്ലോ വരവിൻഘോഷം കാൺക വലത്തൊരു പൊടിധൂളിച്ചത കാഹളശൃംഗദ്ധ്വനിതമിതല്ലോ കാണൊരകമ്പടിമേളന്നീളെപ്പെരിക മുഴത്തൊന്നിതു ബത സൈന്യം കനകമണിഞ്ഞ കരീന്ദ്രന്മാരുണ്ടൊരു നിരയായ് പുനരത്ര വിചിത്രം കുതിരപ്പടകരം കുതികുന്നതു കാണല നടുവിൽത്തിർമാല കണക്കേ ചവളമിളക്കിച്ചാടുന്നതു കാൺ ചമയം നന്നിതു സമരഭടാനാം ദൂരേ മറെറാരു പരുഷയതല്ലോ ചാമരനിരയത നിവിരുന്നു കാണതിനെക്കാളിതു പടയൊട്ടേറം മറെറാന്നെങ്കിലതല്ലോ വന്നു കൊററക്കുടകരം നിവിന്നുകൊണ്ടേ കോലാഹലമുണ്ടതിനു വിശേഷാൽ കൊള്ളാ നഗരിയിലിപ്പടയൊക്കെ ത്രിഭുവനമിളകിവരുമ്പോലേ കാൺ പിന്നാലേയും പിന്നാലേയും വന്നിതിതല്ലോ മറെറാന്നങ്ങത രണ്ടുതരം പടവന്നു മതി മതി സംഖ്യ കഴിഞ്ഞു വരവിതു സകല ദിഗന്താൽ. നല്പ്പാ ചിലനര

---

വിളിച്ചുപറയുന്ന വാക്കുകളാണ്. നരേന്ദ്രന്മാർ=രാജാക്കന്മാർ. ഇന്നും=ഇനിയും. വാദ്യനിനാദം=വാദ്യധ്വനി. മതിന്മേൽ=മതിലിന്മേൽ. മഹീശ്വരൻ=രാജാവു്. സംഭ്രമിയാസ്സ=പരിഭ്രമിക്കാതിരിക്കു. നിമേഷം=നിമിഷനേരം. ദുസ്സഹൻ=സഹിക്കപ്പെടുവാൻ കഴിയാത്തവൻ. കാഹള....നിതം=കാഹളങ്ങളുടേയും കൊമ്പുകളുടേയും ശബ്ദം. പെരിക മുഴത്തൊന്നു്=വലിയതു്. കനകമണിഞ്ഞ=സ്വർണ്ണക്കോപ്പിട്ട. കരിവീരന്മാർ=ഗജേന്ദ്രന്മാർ. അലനടുവിൽ=സമുദ്രമദ്ധ്യത്തിൽ. ചവളം=ചാട്ടുകുന്തം. ചമയം=അലങ്കാരം. പരുഷ (പരിഷ)=കൂട്ടം. ചാമരനിര=വെഞ്ചാമരകളുടെ നിര. സമരഭടാനാം=യുദ്ധഭടന്മാരുടെ. ത്രിഭുവനം=മൂന്നുലോകങ്ങരം. സകലദിഗന്താൽ=എല്ലാദിക്കുകളുടേയും അററത്തുനിന്നു്. നല്പ്പാ=ആശ്ചര്യമേ (വ്യാക്ഷേ

പതിമാരത പല്ലക്കേറിവരുന്നതു മമ്മാ തണ്ടിന്മേലേ ചില രത വന്നു കണ്ടാൽ വേഷമതെത്ര മനോജ്ഞം തേർമേലേറി വരുന്നതു കാൺ ചിലർ മേന്മ കലൎന്ന ഗജങ്ങളിലന്യേ കാൺ ചില ഭംഗിക്കോപ്പുകളയ്യോ പാഞ്ചാലീഹൃദയഭ്രാമക മിപ്പൊൽക്കാളാഞ്ചികരം കാഞ്ചനമാല മണിക്കണ്ണാടികരം താംബൂലപ്പണി രത്നപ്പെട്ടികരം പട്ടകരം പൊട്ടകരം വി സറി ചുഴററികരം കുത്തക്കോൽ ചില പീച്ചാങ്കത്തികരം പച്ചപ്പൊന്തികരം മാരച്ചെങ്കോൽ മാരക്കുന്തം കളഭപ്പെട്ടി കരം കർപ്പൂരച്ചിമിഴാഭരണപ്പിണി പെട്ടികരം പെട്ടകമല്ലി ക്കയറുകരം കനകചിലമ്പു കലമ്പൻമാലകളിത്തരമെത്ര മനോഹരവസ്തുകദംബം പരിജനപാണിധൃതം കാൺനി രവേ. ഹരഹരപാൎത്താലാഡംബരമിതു വെൺകൊററക്കുട കൊണ്ടോ തീർത്തു പങ്കജഭവനിതു ഗഗനമശേഷം വെൺ ചാമരനിരകൊണ്ടോ ശിവശിവ സഞ്ചാരോചിത വീഥി കളെല്ലാം പൊടികൊണ്ടോ ബത ഭുവനകടാഹം വിസ്മയ മഖിലം മുഴുവൻ പാൎത്താൽ ഇത്ഥം തമ്മിലഴച്ചു പറഞ്ഞു വിലോലിതചിത്തം കൈയും കോൎത്തുപിടിച്ചു നടന്നീടും ചില കാഴ്ചക്കാരർ മഹാജനഘോഷം കുഹചനഭാഗേ.

---

പകം). നരപതിമാർ=രാജാക്കന്മാർ. മമ്മാ=അത്ഭുതം (വ്യാക്ഷേപകം), മനോജ്ഞം=മനോഹരം. പാഞ്ചാലീഹൃദയഭ്രാമകം=പാഞ്ചാലിയുടെ ഹൃദയത്തെ ഭ്രമിപ്പിക്കുന്നതു്. പൊൽകാളാഞ്ചികരം=സ്വൎണ്ണത്തൊ ങ്ങലുകരം. മനോഹരവസ്തുകദംബം=മനോഹരവസ്തുക്കളുടെ സമൂഹം. പരിജനപാണിധൃതം=ഭൃത്യന്മാരുടെ കൈകളിൽ എടുക്കപ്പെട്ടതു്. പങ്കജനാഭൻ=ബ്രഹ്മാവു്. ഗഗനം=ആകാശം. സഞ്ചാരോചിതവീ ഥികരം=സഞ്ചാരത്തിന്നുചിതമായ രഥ്യകരം. ഭുവനകടാഹം=ബ്രഹ്മാ ണ്ഡകടാഹം. അഴച്ചുപറഞ്ഞു്=വിളിച്ചു പറഞ്ഞു്. വിലോലിത ചിത്തം=ചഞ്ചലമാക്കപ്പെട്ട മനസ്സോടുകൂടി (ക്രി. വി.). കുഹചന

കല്യാണോത്സവസന്തോഷഭ്രമകലവികലന്നനുവേലം ചമയക്കോപ്പും ചരതമൊരുക്കിയുമഞ്ഞോടിഞ്ഞോടനിശമുഴന്നും തരുണരൊടൊക്കെ വഴക്കുപറഞ്ഞും തരമല്ലാത വിഭ്രൂഷണമെന്നും ഞാനോ പോകുന്നീലിതിനെന്നും കളഭമരച്ചതുകൊണ്ടാ പെണ്ണേ നിച്ചിരികത്തിക്കേതും പോരാ കാഴ്ചക്കാരരശേഷം പോയാർ നാശക്കൈവിളയാട്ടമിതെന്നും രാജവരാണാം വരവുതുടങ്ങീ നാശമിതൊന്നുമൊരുങ്ങീലെന്നും ഗോപുരനികടേ കേളതുപടഹം മാതർ ചമഞ്ഞു പുറപ്പെട്ടാർ പോൽ മതിമതിയെല്ലാം പിന്നേച്ചമയാം മരതകമാടത്തിന്മേലോ നാം മണിലേഖേ ബത വന്നായോ നീ കുവലയമാലേ കുറിയിട്ടീലേ സത്രംകൊണ്ടു മറന്നേൻ

---

ഭാഗേ=ഒരു ഭാഗത്തു്. ''കല്യാണോത്സവ'' എന്നു മുതൽ ''യുവതികൾ പറയും ഘോഷംകൊണ്ടു വിശിഷ്ടമിതങ്ങൊരു ഭാഗം'' എന്നതുവരെ സ്ത്രീജനങ്ങളുടെ ഘോഷത്തെയാണു വർണ്ണിക്കുന്നതു്. കല്യാണോത്സവ.......കലവി=കല്യാണമഹോത്സവം കൊണ്ടുള്ള സന്തോഷത്താലുണ്ടായ സംഭ്രമത്തിൻെറ തികവു്. ചമയക്കോപ്പു്=അലങ്കരിപ്പാനുള്ള കോപ്പു്. ചരതമൊരുക്കിയും=ശ്രദ്ധയോടെ ഒരുക്കിയും. തരുണരൊടു്=യുവാക്കന്മാരോടു് (കാന്തന്മാരോടു്). വിഭ്രൂഷണം=ആഭരണം. നിച്ചിരിയത്തിക്കു്=വേശ്യയ്ക്കു്. ഏതും പോരാ=ഒട്ടും മതിയാകയില്ല. കാഴ്ചക്കാരർ=കാഴ്ച കാണ്മാൻ പോകുന്നവർ. അശേഷം=മുഴുവൻ. നാശക്കൈ വിളയാട്ടം=നാശത്തിൻെറ വിളയാട്ടം. (കാഴ്ചക്കാരെല്ലാം പൊയ്ക്കഴിഞ്ഞു. നമ്മുടെ പുറപ്പാടു നശിക്കാനുള്ള പുറപ്പാടാണു് എന്നു ഭാവം.) രാജവരാണാം=രാജശ്രേഷ്ഠന്മാരുടെ. ഗോപുരനികടേ=ഗോപുരത്തിൻെറ സമീപത്തിൽ. പടഹം=പെരുമ്പറവാദ്യം. മാതർ=സ്ത്രീകൾ. മരതകമാടം=മരതകക്കല്ലുകൊണ്ടു് നിർമ്മിക്കപ്പെട്ട മാളിക. (മതി മതി.......ന്മേലോനാം=ചമഞ്ഞതു മതി; നമ്മുടെ അവസ്ഥയ്ക്കായി. നാം മരതകമാടത്തിന്മേലിരിക്കുന്നവരൊന്നുമല്ലല്ലോ.) മണിലേഖേ, കുവലയമാലേ=രണ്ടും ആ പേരുകളുള്ള സ്ത്രീകളുടെ സംബോധന. സത്രം=ആഘോഷമെന്നർത്ഥം.

ഞാനോ മണിമഞ്ജീരമിതെന്തൊരു കാൽക്കോ മരതക ലേഖേ കാഞ്ചി മറന്നോ ചെമ്പഞ്ഞിച്ചാറിട്ടീലയ്യോ സംഭ്ര മമായാലൊന്നും വല്ലേൻ കണ്ണാഭരണമിതെന്തണിയാഞ്ഞു കണ്ണെഴുതീല വലത്തേതയ്യോ ചമയംകൊണ്ടോ പാപിക ളെങ്ങാൻ കാണുന്നു ചില വരവുവിശേഷം. മുന്നിൽ വരു ന്നതു കണ്ടായോ നീ മന്നവർമുടിയതു ശിശുപാലൻപോൽ മഗധനരേന്ദ്രനകംപുക്കാൻ പോൽ പെരിക വിദഗ്ദ്ധൻ പോലവനധുനാ മേളമിയന്നൊരുയാത്രയതാർപോൽ മാള വനവനോ മാരസമാനൻ കോസലഭൂമിപനങ്ങത വന്നു കോലാഹലമുണ്ടതിനു വിശേഷാൽ കേരളരാജനിതല്ലോ വന്നു കേൾക്കാകുന്നു ഘോഷം മീതേ മൈഥിലനരപതി വരവിതു കാൺ നീ മീതേ മീതേ പടഹവിരാവം കൗരവ നൃപതികൾ വന്നീലാരും പാവമിതാസ്താം ദൈവനി രോധം നിശ്ചയമെപ്പൊഴുമർജ്ജുനനെന്നേ നേർന്നു വളൎന്നൊരു പെണ്ണിവളല്ലോ ഭാഗ്യമിതിന്നു നമുക്കില്ലല്ലോ തെളിവി

---

മണിമഞ്ജീരം=രത്നനൂപുരം. മരതകലേഖേ! എന്നു സംബോധനാ കാഞ്ചി=അരഞ്ഞാണ്. വല്ലേൻ=ഞാൻ ശക്തയാകുന്നില്ല. ചമയം കൊണ്ടോ........വിശേഷം=ആഭരണാദികളണിഞ്ഞു ചമഞ്ഞതുകൊ ണ്ടു് പാപികൾക്കു് ആഗമനവിശേഷം കാണുവാൻ സാധിക്കുമോ? മന്നവർമുടി=രാജമൗലി. മഗധനരേന്ദ്രൻ=മഗധരാജാവു് (ജരാസ ന്ധൻ). വിദഗ്ദ്ധൻ=നാഗരികൻ. യാത്രയതാർപോൽ=ആ യാത്രവരു ന്നതാരാണു്? മാളവൻ=മാളവരാജാവു്. മാരസമാനൻ=കാമതുല്യൻ. കോസലഭൂമിപൻ=കോസലരാജാവു്. കേരളരാജൻ=കേരളനാട്ടിലെ രാജാവു്. മൈഥിലനരപതിവരവു്=മിഥിലാരാജാവിന്റെ വരവു്. പടഹവിരാവം=പെരുമ്പറനാദം. കൗരവനൃപതികൾ=കുരുരാജാക്ക ന്മാർ. പാവം=കഷ്ടം. ഇതാസ്താം ദൈവനിരോധം=ദൈവം വരു ത്തിയ ഈ നിരോധനം ഇരിക്കട്ടെ. അർജ്ജുനനെന്നേ നേർന്നു=അർജ്ജുന

നൊടിത്ഥംകതിചന യുവതികരം പറയും ഘോഷംകൊണ്ടു വിശിഷ്ടമിതങ്ങൊരു ഭാഗം. സമ്മദമിളകി മഹോത്സവ വിഭവദിദൃക്ഷാലോലമശേഷദിഗന്താൽ വന്നു മുതിൎന്നുരു പരിതുഷ്ടാശയമധിരംഗം പോയിപ്പുക്കതുമിതുമഴകിലഴച്ചു പറഞ്ഞുമൊരോനരപാലന്മാരെക്കണ്ടും കണ്ടാൽ നല്ലനി വൻ ബലവാനഭിജന്മംകൊണ്ടഴകെന്തൊരു ദാനപടുത്വമവ ന്നെന്നും ചില ഘോഷമുടക്കും ഭൂസുരവിലസിതമൊരു ഭാഗാന്തേ. മണിരംഗേ വരസംഭാരങ്ങളൊരുക്കിയുമമ്പേ റീടിന പൂമ്പട്ടാൽ പലപണി നിറമിട്ടു വിതാനിച്ചിടയിട മണിമുകുരങ്ങരം പതിച്ചണിമാലകരം ചേൎത്തോരോതര മിത്ഥം സത്രം പൂണ്ടു നടക്കുമമാത്യാഞ്ചിതമൊരു ഭാഗാന്തം.

---

നെന്നുതന്നെ കല്പിച്ചു്. കതിചന യുവതികരം=ചില തരുണിമാർ. ഇത്ഥം........വിശിഷ്ടമിതങ്ങൊരു ഭാഗം=ഇങ്ങനെ ചില സ്ത്രീകരം പറയുന്ന ഘോഷത്താൽ വിശേഷിക്കപ്പെട്ടതാണു് ഒരു ഭാഗം. സമ്മദമിളകി=സന്തോഷം പെരുകി. മഹോത്സവ.......ലോലം=മഹോത്സവത്തിൻെറ വൈഭവം ദൎശിപ്പാനുള്ള ഇച്ഛയാൽ ചഞ്ചലമായി. അശേഷദിഗന്താൽ=എല്ലാ ദിക്കുകളുടേയും അററത്തുനിന്നു്. മുതിൎന്നു്= ഒരുങ്ങീട്ടു്. ഉരുപരിതുഷ്ടാശയം=ഏററവും സന്തുഷ്ടമായ മനസ്സോടു കൂടിയതായി. അധിരംഗം=രംഗത്തിങ്കൽ. അതുമിതും=ഇന്നതെന്നില്ലാത്ത ഓരോന്നു്. നരപാലന്മാരെ=രാജാക്കന്മാരെ. കണ്ടാൽ നല്ലനിവൻ=കണ്ടാൽ നല്ലവനാണിദ്ദേഹം. അഭിജന്മം=ആഭിജാത്യം. ദാനപടുത്വം=ദാനശൂരത്വം. ഘോഷമുടക്കും........വിലസിതം=ഘോഷം മുഴക്കുന്ന ബ്രാഹ്മണരുടെ വിലാസം. ഒരു ഭാഗാന്തേ=ഒരു ഭാഗത്തു്. ''സമ്മദമിളകി''എന്നതുമുതൽ ''ഒരുഭാഗാന്തേ''എന്നതുവരെ ബ്രാഹ്മണരുടെ ഘോഷത്തെ പറഞ്ഞിരിക്കുന്നു. മണിരംഗേ=മണിമയമായ രംഗത്തിൽ. വരസംഭാരങ്ങരം=ശ്രേഷ്ഠങ്ങളായ ഉപകരണങ്ങരം. മണിമുകുരങ്ങരം=രത്നക്കണ്ണാടികരം. അണിമാലകരം=ഭംഗിയുള്ള മാലകരം. സത്രംപൂണ്ടു=ആഘോഷം കലൎന്നു്. നടക്കു...ത്യാഞ്ചിതം= നടക്കുന്ന അമാത്യന്മാരാൽ അലംകൃതം. ''മണിരംഗേ വര'' എന്നതു

മാർദ്ദളികന്മാർ മൗരജികന്മാർ മാർദ്ദംഗികരും വൈണികരിതവിയ വൈണവികന്മാർ പമ്പരമരശ്ശൂമൊരമ്മാനകളെന്ന കലാകുശലന്മാരും പാടുന്നവരുടനാടുന്നവരും തിക്കിഞെരിച്ചു മദീയം കൈയൊടിയുന്നു കാലൊടിയുന്നു തലമുടി വിട്ടുവിൻ പുടവ പൊളിഞ്ഞു മുണ്ടിതഴിഞ്ഞിതു കണ്ടീലെന്നും തൊപ്പികളത്ഭുതമൊപ്പം പോയീ കുപ്പായത്തിനു ശില്പം മാഞ്ഞു പൊക്കിക്കൂട്ടം മുമ്പിൽ നടന്നു തിക്കായ്കെന്നും തിക്കട്ടെന്നും ശിവശിവയെന്നും പോ പോയെന്നും പോകട്ടെന്നും തിക്കുന്നവരെത്തച്ചുമൊഴിച്ചും ചൂരക്കോൽ കൊണ്ടോങ്ങിയുമിടയിടയൂടും പാടും ചാടുന്നവരും പ്രതിമുഹുരിടകലരുന്ന മഹാഡംബരകലവിയിലാഭരണങ്ങൾ മുറിഞ്ഞു തെറിച്ചും മൈമേൽ കുങ്കുമരസപൊടി ധൂളിച്ചും പൗരസ്ത്രൈണചിലമ്പൊലികൊണ്ടും വാദ്യഗണദ്ധ്വനി മാറ്റൊലികൊണ്ടും ഘോഷമിയന്നതിമാത്രം പേർത്തും പുരഹരതാ

---

മുതൽ ''അമാത്യാഞ്ചിതമൊരുഭാഗാന്തം'' എന്നതുവരെ അമാത്യന്മാരുടെ ശ്രമം വർണ്ണിച്ചിരിക്കുന്നു. മാർദ്ദളികന്മാർ=മദ്ദളക്കാർ. മൗരജികന്മാർ=മുരജവാദ്യക്കാർ. (മുരജം=മുരശ്ശ്.) മാർദ്ദംഗികർ=മൃദംഗക്കാർ. വൈണികന്മാർ=വീണവായനക്കാർ. ഇതവിയ=യോഗ്യതപ്പെട്ട. വൈണവികന്മാർ=വേണുഗാനം ചെയ്യുന്നവർ. പമ്പര.... കുശലന്മാർ=പമ്പരം (പമ്പരമേറ്), അരശ്ശ് (അരശ്ശുവയ്ക്കുക, ചതുരംഗക്കളി), അമ്മാനകൾ (അമ്മാനമാട്ടങ്ങൾ) എന്നീ കലകളിൽ കുശലന്മാർ. തിക്കിഞെരിച്ച്=തിക്കിത്തിരക്കി. മദീയം=എന്നെ സംബന്ധിച്ച (എന്റെ). ശില്പം=ചിത്രപ്പണി. പൊക്കിക്കൂട്ടം=കൂട്ടംപൊക്കി (തിരക്കുകൂട്ടി). തിക്കട്ടെന്നും=തിക്കട്ടെ എന്നും. പോകട്ടെന്നും=പോകട്ടെ എന്നും. ഊടും പാടും ചാടുന്നവർ=തിരക്കൊഴിപ്പാൻവേണ്ടി നേരെയും വിലങ്ങത്തിലും ചാടുന്നവർ. പ്രതിമുഹുഃ=പിന്നെയും പിന്നെയും. മഹാഡംബരകലവിയിൽ=വലിയ ആഡം

ണ്ഡവഘോഷംപോലെ ജലനിധിമഥനപ്രൗഢിമപോലെ പ്രളയമഹാൎണ്ണവമിളകിനപോലെ സമ്മോദത്തിനു ജന്മാലയമാനന്ദത്തിനു കളിനിലയനമാശ്ചൎയ്യത്തിനൊരാകരമായ് നെറി വാൎന്നുമൊരുത്സവകോലാഹലമിതു പറകില സാദ്ധ്യം.

ശ്രീമാൻ പാഞ്ചാലരാജസ്തദനു നിജതനൂ-
ജം വിളിച്ചാശു ധൃഷ്ട-
ദ്യുമ്നം ചൊന്നാനിവണ്ണം ഗുരുനയവിനയൗ-
ദാൎയ്യസൗജന്യശാലീ

---

രത്തികവിൽ. പൗരസ്ത്രൈണചിലമ്പൊലി=പുരസ്ത്രീസമൂഹങ്ങളുടെ കാൽച്ചിലമ്പൊച്ച. വാദ്യ........മാറ്റൊലി=നാനാവാദ്യഘോഷത്തിന്റെ പ്രതിശബ്ദം. പുര........ഘോഷം=ശിവന്റെ നൃത്തഘോഷം. ജലനിധി...............പ്രൗഢിമ=സമുദ്രമഥനത്തിന്റെ പ്രൗഢി. പ്രളയമഹാൎണ്ണവം=പ്രളയസമുദ്രം. സമ്മോദത്തിനു=സന്തോഷത്തിനു. ജന്മാലയം=ജനനഗൃഹം. കളിനിലയം=ക്രീഡാഗൃഹം. ആകരം=വിളനിലം. [ത്രിഭുവനമിളകിവരുമ്പോലെ, വെങ്കൊററക്കുടകൊണ്ടോ........ഗഗനമശേഷം, വെഞ്ചാമരനിര........വീഥികളെല്ലാം, പൊടികൊണ്ടോ ബത ഭുവനകടാഹം എന്നിവയിൽ അലങ്കാരം ഉൽപ്രേക്ഷ. പുരഹരതാണ്ഡവഘോഷംപോലെ ഇത്യാദിയായ മൂന്നു വാക്യങ്ങളിലും ഉൽപ്രേക്ഷതന്നെ.)

15. തദനു=അതിനു ശേഷം. ശ്രീമാൻ=ശ്രീയുള്ളവനായി. ഗുരു....ശാലീ=വലിയ നയത്താലും വിനയത്താലും ഔദാൎയ്യത്താലും സൗജന്യത്താലും ശോഭിക്കുന്നവനായിരിക്കുന്ന. പാഞ്ചാലരാജഃ=പാഞ്ചാലരാജാവ്. നിജതനൂജം=തന്റെ പുത്രനായ. ധൃഷ്ടദ്യുമ്നം=ധൃഷ്ടദ്യുമ്നനെ. ആശു=വേഗത്തിൽ, വിളിച്ച് ഇവ്വണ്ണം ചൊന്നാൻ. എവ്വണ്ണമെന്നു പറയുന്നു. ശ്രീമൻ ഇത്യാദി—ശ്രീമൻ വത്സ=ശ്രീമാനായ ഉണ്ണീ! പ്രസിദ്ധാൻ=പ്രസിദ്ധന്മാരായി. ആഗതാൻ=ആഗതന്മാരായി. നാനാഗുണാഢ്യാൻ=പല ഗുണങ്ങളെക്കൊണ്ട് ശ്രേഷ്ഠന്മാരാ

''ശ്രീമൻ വത്സ! പ്രസിദ്ധാനിവരെ നരപതീ-
നാഗതാൻ പേൎത്തുമോരോ
സമ്മാനംകൊണ്ടു സംഭാവയ സമുചിതമോ-
ൎത്തോൎത്തു നാനാഗുണാഢ്യാൻ.'' 15

ഇത്ഥം താതാജ്ഞ കൈക്കൊണ്ടഥ മുദിതമനാ
മെല്ലവേ ചെന്നു നാനാ-
പൃഥ്വീപാലാനൊരോരോ കൈനിലനിരകളിൽ മാ-
നിച്ചിരുത്തിത്തദാനീം
പുത്തൻപൂമാലികാകുങ്കുമമലയജകർ-
പ്പൂരതാംബൂലപൂഗൈഃ
പ്രത്യേകം വ്യഞ്ജനൈരപ്യതനുഭിരപരൈഃ
പൂജയാമാസ പൂജ്യാൻ. 16

---

യിരിക്കുന്ന. ഇവരെ നരപതീൻ=ഈ രാജാക്കന്മാരേ. സമുചിതമോൎത്തോൎത്തു=സമുചിതമാകുംവണ്ണം വിചാരിച്ചു്. പേൎത്തും=പിന്നെയും പിന്നെയും. ഓരോ സമ്മാനംകൊണ്ടു്, സംഭാവയ=മാനിച്ചാലും. എല്ലാ രാജാക്കന്മാരേയും അവരുടെ അവസ്ഥ നോക്കി അതിന്നുചിതമായ വിധത്തിൽ പൂജിക്കണമെന്നു സാരം.

16. അഥ=അനന്തരം. മുദിതമനാഃ=സന്തുഷ്ടമാനസനായി. (അവൻ എന്നദ്ധ്യാഹരിക്കണം.) ഇത്ഥം=ഇപ്രകാരം. താതാജ്ഞ=അച്ഛൻെറ ആജ്ഞ. മെല്ലവേ ചെന്നു്, നാനാപൃഥ്വീപാലാൻ=നാനാ രാജാക്കന്മാരെ. ഓരോ കൈനിലകളിൽ മാനിച്ചിരുത്തി, തദാനീം= അപ്പോൾ. പൂജ്യാൻ (താൻ)=പൂജ്യന്മാരായ അവരെ. പ്രത്യേകം=ഓരോരുത്തരേയും. പുത്തൻ....പൂഗൈഃ=പുതിയ പൂമാല, കുങ്കുമം, കർപ്പൂരം, വെററില, അടയ്ക്ക എന്നിവകൊണ്ടും, അതനുഭിഃ=അനല്പങ്ങളായ. അപരൈഃ വ്യഞ്ജനൈഃ അപി==മററു പദാൎത്ഥങ്ങളെക്കൊണ്ടും. പൂജയാമാസ=പൂജിച്ചു. സ്പഷ്ടം.

കല്യാണീമദ്ദശായാം കനിവിനൊടു കുളി-
പ്പിച്ചുകൊണ്ടമ്മമാരും
ചൊല്ലേറും തോഴിമാരും കുശലവിധിവിശേ-
ഷങ്ങളും ചെയ്തോരോന്നേ
മല്ലാർമംഗല്യഭൂഷാമണിനികരമെടു-
ത്തന്തികേ കൊണ്ടുവച്ചു-
ങ്ങെല്ലാരുംകൂട ഞാൻ ഞാനിദമിദമിതി മാ-
നിച്ചു ലാളിച്ചണിഞ്ഞാർ. 17

ഓമൽപ്പൂമ്പട്ടണിഞ്ഞാളൊരുവരം തിരുകി ന-
ന്നായ്മലർക്കുന്തൽമീതേ
സീമന്തംചേർത്തണിഞ്ഞാളൊരുവരം തിലകമി-
ട്ടാരം മനോരമ്യമന്യാ

---

17. കന്യകയുടെ അലങ്കരണത്തെപ്പറയുന്നു:—അദ്ദശായാം=ആ അവസ്ഥയിൽ (അപ്പോരം). അമ്മമാരും=ധാത്രിമാരും. ചൊല്ലേറും തോഴിമാരും. കല്യാണീം=മംഗളസ്വരൂപിണിയെ (പാഞ്ചാലിയെ) കനിവിനൊടു കുളിപ്പിച്ചുകൊണ്ടു്. കുശലവിധിവിശേഷങ്ങളും=വിശിഷ്ടങ്ങളായ രക്ഷാവിധികളും. ചെയ്തോരോന്നേ=ഓരോന്നുചെയ്തു് (ഓരോ രക്ഷാവിധിയും ചെയ്തു്). മല്ലാർ....നികരം=ശില്പവേല ചെയ്തവയും മംഗലാത്മകങ്ങളുമായ ആഭരണങ്ങളുടെ സമൂഹം. എടുത്തു്, അന്തികേ=അരികത്തു്, കൊണ്ടുവെച്ചു്, എല്ലാരുംകൂടെ, ഞാൻ ഞാനിദമിദമിതി=ഇതു ഞാൻ ഇതു ഞാൻ എന്നിങ്ങനെ. മാനിച്ചു ലാളിച്ചണിഞ്ഞാർ=ബഹുമാനത്തോടുംകൂടി അണിഞ്ഞു.

18. ഓമൽ....ളൊരുവരം=ഒരുവരം പട്ടുടുപ്പിച്ചു. തിരുകി....ളൊരുവരം=ഒരുവരം മലർക്കുന്തൽ (പൂവേണി) തിരുകി സീമന്തം (ശിരോമദ്ധ്യരേഖ)വികഞ്ഞു് ശിരോലങ്കാരമണിഞ്ഞു. തിലക....മന്യാ=മറ്റൊരുവരം മനോഹരമായ തിലകം തൊടുവിച്ചു. വാർമെത്തും....ടപരാ=വേറെ ഒരുവരം ഭംഗിയേറിയ (വാർമെത്തും) കണ്ഠാലങ്കാരമ

വാർമെത്തും കണ്ണുഭൂഷാമഴകിനൊടപരാ
പിന്നെ വാർകങ്കണാദി-
ശ്രീമന്നാനാമനോജ്ഞാഭരണഗണമൊരോ
നാരിമാർ ചേർത്തണിഞ്ഞാർ. 18

ബാലാം താം ചമയിച്ചുകൊണ്ടു ലളിതാ-
ലങ്കാരചാരുപ്രഭാ-
മാലാപാടല പാടലീകൃതസമ-
സ്താശാം കലേശാനനാം
കാലംപാർത്തുപരംഗമങ്ങൊരു മണി-
ക്കെട്ടുങ്കൽ നിർത്തീടിനാർ
ചാലേയക്കതകിന്നടുത്തു ചതുരാ-
ലാപാസ്സഖീനാം ഗണാഃ. 19

ണിഞ്ഞു. പിന്നെ വാർകങ്ക....ചേർത്തണിഞ്ഞാർ=പിന്നെ ഓരോരു ത്തർ വാർകങ്കണം (വള) മുതലായി ശ്രീമത്തായി മനോഹരമായിരിക്കുന്ന ആഭരണസമൂഹം അതാതുസ്ഥാനത്തു ചേർത്തു് അണിയിച്ചു.

19. ചതുരാലാപാഃ=ചതുരം (നിപുണം) ആയ ആലാപത്തോടുകൂടിയവരായ. സഖീനാംഗണാഃ=സഖികളുടെ സമൂഹങ്ങൾ. ബാലാം=ബാലയായി. ലളിതാലങ്കാര....സമസ്താശാം=മനോഹരങ്ങളായ അലങ്കാരങ്ങളെക്കൊണ്ടു് ചാരുവായ പ്രഭാമാല (പ്രഭാപടലം) യാൽ സമസ്താശകളെ (എല്ലാദിക്കുകളേയും) പാടലപാടലകൾ (അത്യന്തം രക്തവർണ്ണത്തോടുകൂടിയവ) ആക്കിച്ചെയ്തവളായി. കലേശാനനാം=ചന്ദ്രമുഖിയായിരിക്കുന്ന. താം=അവളെ(പാഞ്ചാലിയെ). ഉപരംഗം=രംഗത്തിൻെറ സമീപത്തിങ്കൽ. അങ്ങൊരു മണിക്കെട്ടുങ്കൽ, അക്കതകിന്നടുത്തു=രംഗത്തിലേക്കുള്ള വാതിലിന്നരികിൽ. ചാലേ, കാലംപാർത്തു, നിർത്തീടിനാർ. തോഴിമാർ അലങ്കരണമെല്ലാം കഴിഞ്ഞു് കന്യകയെ കൊണ്ടുവന്നു് സമയംനോക്കി നിർത്തിയായി എന്നു ഭാവം.

തദനു നൃവരകന്യാസന്നിധൗ പുക്കു തോഴീ-
പ്പുരുഷയിലതിവൃദ്ധാ കാപി വാചി പ്രഗത്ഭാ
സദസി മരുവുമോരോ ഭൂപതീൻ നീള നോക്കി-
ക്കലിതമൃദുലഹാസം വാചമൂചേ ഗഭീരാം. 20

''പാഞ്ചാലക്ഷിതിപാലഭാഗ്യകലികേ!
ബാലേ! സദസ്സന്നിധൗ
കാൺ ചാലച്ചില രാജവീരനിവഹാൻ
നാനാദിഗന്താഗതാൻ
തേഞ്ചോരും കളവാണി! മുന്നമറിയു-
ന്നീലൊക്കയോ നീയിമാൻ
വാഞ്ഛാ ചേൽ തവ കേളശേഷമറിയി-
ക്കുന്നുണ്ടു ഞാനോമലേ! 21

---

20. ഇനി ആഗതന്മാരായ രാജാക്കന്മാരെ കന്യകയ്ക്കു കാട്ടി ക്കൊടുത്തു് അവരുടെ ഗുണങ്ങളെ സ്തുതിക്കുവാൻ തുടങ്ങുന്നു:—തദനു= അതിന്നുശേഷം. തോഴീ....വൃദ്ധാ=സഖീസമൂഹത്തിൽവെച്ചു് അ ത്യന്തം വൃദ്ധയായി. വാചിപ്രഗല്ഭാ=വാക്കിൽ വിദഗ്ദ്ധയായിരി ക്കുന്ന. കാപി=ഒരുവൾ. നൃവര....പുക്കു=രാജകന്യകയുടെ സന്നി ധിയിൽച്ചെന്നു്. സദസി....ഭൂപതീൻ=സഭയിൽ വസിക്കുന്ന ഓ രോ രാജാക്കന്മാരേയും. നീള നോക്കി, കലിതമൃദുലഹാസം=മനോഹര മന്ദഹാസം തൂകിക്കൊണ്ടു് (ക്രി. വി.). ഗഭീരാം=ഗംഭീരമായ. വാ ചം ഊചേ=വാക്കിനെ പറഞ്ഞു. മാലിനീവൃത്തം. ''നനമയയുഗമെ ട്ടിൽ തട്ടണം മാലിനിക്കു.''

21. പാഞ്ചാല....കലികേ=പാഞ്ചാലരാജാവിൻെറ ഭാഗ്യത്തി ൻെറ മൊട്ടേ, ബാലേ! സദസ്സന്നിധൗ=സഭാസമീപത്തു്. നാനാ ....ഗതാൻ=നാനാദിക്കുകളിൽനിന്നു് വന്നവരായ. ചില രാജ.... വഹാൻ=ചില വീര രാജാക്കന്മാരുടെ സമൂഹങ്ങളെ. കാൺചാലെ= വഴിപോലെ കണ്ടാലും. തേഞ്ചോരും കളവാണി എന്നു സംബോ

ധന്യേ! കാണിന്ദ്രകോപപ്പണി കലരെ വിതാ-
നിച്ചിരിക്കുന്നിതേകൻ
പൊന്നിൻതണ്ടിട്ട വെൺചാമരകരം ചുഴലവേ
രത്നഭൂഷാവിശേഷൈഃ
മന്നിൽച്ചൊല്ലാൻലാവും കുരുകുലപെരുമാറം
ധാർത്തരാഷ്ട്രോയമേനം
പുണ്യാത്മാനം മനോജ്ഞേ! കമലമകരം കളി-
ച്ചും പിരിഞ്ഞീട വല്ലാറം. 22

വിഭാന്തി പുനരന്തികേ ചുഴലവും തദീയാനുജാ
വിഭൂഷണപരമ്പരാവിലസമാനരമ്യാംഗകാഃ
അപേതഭയമാട്ടി വെന്നരിചമൂമദം മാററുവോ-
രുപേതധൃതിവാഷ്ണവാനരിമപാക്കിലേഷാംഗുണം. 23

---

ധന. മുന്ന....യിമാൻ=ഇവരെയൊക്കെയും നീ മുമ്പറിയുന്നില്ല. വാഞ്ഛാ....കേറം=നിനക്കിച്ഛയുണ്ടെങ്കിൽ കേട്ടാലും. അശേഷ....നോമലേ=എല്ലാം ഞാനറിയിക്കാം. സാരം സ്പഷ്ടം.

22. ധന്യേ കാൺ=ഭാഗ്യവതീ! നീ കണ്ടാലും. ഇന്ദ്ര....വിതാനിച്ച്=ഇന്ദ്രഗോപപ്പുഴുവിന്റെ ആകൃതിയിൽ പല വർണ്ണങ്ങളോടുകൂടിയ വിതാനം ചമച്ച്. പൊന്നി....ചുഴലവേ=പൊൻപിടിയുള്ള വെഞ്ചാമരകരം ചുഴന്നുകൊണ്ട്. രത്നഭൂഷാവിശേഷൈഃ=രത്നഭൂഷണങ്ങളോടുകൂടി. ഇരിക്കുന്നിതേകൻ=ഒരുവൻ ഇരിക്കുന്നു (ഇതു കാൺക എന്നു പൂർവ്വത്തോടന്വയം.) മന്നിൽ....പെരുമാറം=ലോകത്തിൽ കീർത്തികലൎന്നു വൎത്തിക്കുന്ന കുരുകുലമഹാരാജാവ്. ധാർത്തരാഷ്ട്രോയം=ധൃതരാഷ്ട്രപുത്രൻ(ദുര്യോധനൻ) ആണിദ്ദേഹം. ഏനം പുണ്യാത്മാനം=പുണ്യസ്വരൂപനായ ഇദ്ദേഹത്തെ. മനോജ്ഞേ=ഹേ സുന്ദരി! കമല....വല്ലാറം=ശ്രീഭഗവതി കളിയായിട്ടുകൂടി പിരിഞ്ഞിരിപ്പാൻ ശക്തയാകുന്നില്ല. നിത്യശ്രീമാനാണിദ്ദേഹമെന്നു ഭാവം.

23. പുനഃ=പിന്നെ. അന്തികേ ചുഴലവും=അരികത്തു ചുററും. വിഭൂഷണ....ഗകാഃ=ആഭരണസമൂഹങ്ങളെക്കൊണ്ട് ശോഭിക്കുന്നരമ

തോളിന്മേലടിപെട്ട കുണ്ഡലകലാ–
പം പൂണ്ടു തത്സന്നിധൗ
വാളും കുത്തി വലത്തു കാണൊരു മഹാ–
വീരൻ മനോജ്ഞാനനേ!
കേളിന്നംഗമഹീന്ദ്രനായതിവന–
ല്ലോ തന്വി! മാററാക്കകം–
കാളും വിക്രമരാശിയെന്നു ഭുവനേ
കർണ്ണോയമാകർണ്ണ്യതാം. 24

---

ണീയങ്ങളായ അവയവങ്ങളോടുകൂടിയ. തദീയാനുജാഃ=അദ്ദേഹത്തിന്റെ (ദുര്യോധനന്റെ) അനുജന്മാർ. വിഭാന്തി=ശോഭിക്കുന്നു. (ഇവർ) അപേതഭയം=ഭയംകൂടാതെ (ക്രി. വി.). ആട്ടിവെന്നു്=ആട്ടിജ്ജയിച്ചു്. അരിചമൂമദം=ശത്രുസേനയുടെ ഗവ്വത്തെ. മാററുവോർ=ശമിപ്പിക്കുന്നവരാണു്. ഉപേതധൃതി=ധൈര്യത്തോടുകൂടി (ക്രി. വി.). ഏഷാം ഗുണാൻ=ഇവരുടെ ഗുണങ്ങളെ. വാം‌ത്തുവാനരിമപാക്കിൽ=വിചാരിച്ചാൽ വർണ്ണിപ്പാൻ പ്രയാസമാണു്. പൃത്ഥ്വീവൃത്തം. ''ജസം ജസയലങ്ങളും ഗുരുവുമെട്ടിനാൽ പൃത്ഥ്വിയാം.''

24. തോളിന്മേ....കലാപം=ചുമലിൽ അടിപെട്ട (തൊട്ടുകിടക്കുന്ന) കുണ്ഡലകലാപം (ശ്രേഷ്ഠമായ കർണ്ണാഭരണം). തത്സന്നിധൗ= അദ്ദേഹത്തിന്റെ (ദുര്യോധനന്റെ) സമീപത്തു്. മനോജ്ഞാനനേ= മനോജ്ഞം (മനോഹരം) ആയ ആനനം (മുഖം) ഉള്ളവളേ (സംബോധന.) കേളിന്നു്=കേൾ+ഇന്നു്. അംഗമഹീന്ദ്രൻ=അംഗരാജാവു്. തന്വി കൃശാംഗി, സുന്ദരി (സംബോധന). മാററാ........രാശി=മാററാക്കു് (ശത്രുക്കൾക്കു്) അകം (മനസ്സു്) കാളുന്ന വിക്രമ (പരാക്രമം) ത്തിന്റെ രാശി (സമൂഹം) ആയിട്ടുള്ളവൻ. ഭുവനേ=ലോകത്തിൽ. കർണ്ണോയം (കർണ്ണഃ+അയം)=കർണ്ണനാണിവൻ. ആകർണ്ണ്യതാം=കേൾക്കപ്പെട്ടാലും. ദുര്യോധനന്റെ വലത്തുഭാഗത്തു വാൾ നിലത്തൂന്നിക്കൊണ്ടിരിക്കുന്നവൻ അംഗരാജാവു് കർണ്ണനാകുന്നു.

അച്ഛിദ്രക്രൂരഭാവം തടവി മുഖരുചാ
കാണൊരുത്തൻ വലത്ത-
ങ്ങശ്വത്ഥാമാവിരിക്കുന്നതു പുനരയമാ-
ചാര്യപുത്രോ മഹാത്മാ
വിശ്വത്തിങ്കൽ ക്ഷണം നേരിട്ടവരൊരുവരി-
ല്ലസ്യ വീരേഷു പാർത്ഥാ-
ലച്ചോ കേരം പാർവ്വതീനന്ദനതുലന കല-
ന്നൊന്നിതേതൽപ്രഭാവം. 25

മുഖ്യേ രത്നാസനേ കാണതിപരിണതിപൂ-
ണ്ണന്യതഃ കശ്ചിദാസ്തേ
വിഖ്യാതോ ഭീഷ്മനാമാ പുനരയമമിതോ-
ദ്ദണ്ഡദോർദ്ദണ്ഡശാലീ

25. മുഖരുചാ=മുഖത്തിൻെറ രുക്ക് (കാന്തി) കൊണ്ടു്. അച്ഛിദ്രക്രൂരഭാവം=അച്ഛിദ്രമായ (ഛിദ്രമില്ലാത്ത, പഴുതില്ലാത്ത, തികഞ്ഞ) ക്രൂരഭാവം (ക്രൂരത). പുനരയം (അയംപുനഃ)=ഇദ്ദേഹമാകട്ടെ. ആചാര്യപുത്രോ മഹാത്മാ=മഹാത്മാവായ ആചാര്യപുത്രൻ (ദ്രോണാചാര്യരുടെ പുത്രൻ) ആണു്. വിശ്വത്തിങ്കൽ=ലോകത്തിൽ. ക്ഷണം=അല്പനേരം (പോലും). നേരിട്ടവർ=നേരിടുന്നവർ. അസ്യ=ഇവന്നു്. വീരേഷു=വീരന്മാരിൽ. ഇദ്ദേഹത്തിൻെറ നേരിട്ടു ക്ഷണനേരമെങ്കിലും എതിർത്തുനില്ക്കുന്നവർ ആരുമില്ല. അച്ചോ=വിസ്മയദ്യോതകമായ വ്യാക്ഷേപകം. പാർവ്വതീനന്ദനതുലന=പാർവ്വതീപുത്രൻെറ (സുബ്രഹ്മണ്യൻെറ) തുലന (സാദൃശ്യം). കലന്നൊന്നിതു്=കലന്നതാണു്. ഏതൽപ്രഭാവം=ഇദ്ദേഹത്തിൻെറ പ്രഭാവം (പരാക്രമം). കണ്ണൻെറ വലത്തുകാണുന്നതു് ദ്രോണപുത്രനായ അശ്വത്ഥാമാവാണു്. ഇദ്ദേഹത്തിൻെറ മുഖത്തു് എല്ലാപ്പോഴും ക്രൂരത തോന്നും. ഇദ്ദേഹത്തിൻെറ വിക്രമം സുബ്രഹ്മണ്യസ്വാമിയുടെ വിക്രമത്തോടു തുല്യമാണു്.

26. മുഖ്യേ രത്നാസനേ=മുഖ്യം (ശ്രേഷ്ഠം) ആയ രത്നസിംഹാസനത്തിൽ. അതിപരിണതി=അതിയായ പരിണതി (വാർദ്ധക്യം.)

സഖ്യാ സാകം കൃപേണ സ്വയമിഹ ഗുരുരാ–
ഭാസതേ ദ്രോണനാമാ
ചൊൽക്കൊള്ളും വിശ്വവില്ലാളികളിൽ വിരുതവ–
ന്നെന്നു കേൾപ്പീലയോ നീ. 26

മാണിക്കക്കല്ലുമൂൾത്തും പുതിയ മരതക–
ത്തുണ്ടത്തിന്ദുധാമാ
കാണഗ്രേ കശ്ചിദാസ്തേ ഹലധരനതു ഹാ–
ലാമദോല്ലാസശാലീ

---

അന്യതഃ=മററൊരിടത്തു്. കശ്ചിൽ=ഒരുവൻ. ആസ്തേ=ഇരിക്കുന്നു. വിഖ്യാതഃ=പ്രസിദ്ധനായ. ഭീഷ്മനാമാ=ഭീഷ്മൻ എന്നു നാമത്തോടു കൂടിയവൻ. അമിതോ.........ശാലീ=അമിതങ്ങൾ (അനല്പങ്ങൾ) ആയി ഉദ്ദണ്ഡങ്ങൾ (ദീർഘങ്ങൾ) ആയിരിക്കുന്ന ദോർദ്ദണ്ഡങ്ങൾ (ദണ്ഡാകാരങ്ങളായ ദോസ്സുകൾ=കൈകൾ) കൊണ്ടു ശാലനം ചെയ്യുന്നവൻ (ശോഭിക്കുന്നവൻ). അതിവൃദ്ധനും അത്യന്തദീർഘബാഹുവുമായി പ്രധാനമായൊരു രത്നസിംഹാസനത്തിലിരിക്കുന്നതു് ഭീഷ്മരാണു്. സഖ്യാ=സഖി (സ്നേഹിതൻ) ആയ. കൃപേണ=കൃപനോടു. സാകം=കൂടെ. സ്വയം=താൻതന്നെ. ഇഹ=ഇവിടെ. ഗുരു=ആചാര്യൻ. ആഭാസതേ=ശോഭിക്കുന്നു. ദ്രോണനാമാ=ദ്രോണനെന്നു നാമത്തോടുകൂടിയ. ചൊൽക്കൊള്ളും...........കളിൽ=ചൊൽക്കൊള്ളുന്ന (പേർ നേടിയ) വിശ്വ (സർവ്വ) വില്ലാളികളിൽ. വിരുതു്=യോഗ്യത. ദ്രോണാചാര്യർ താൻതന്നെ സ്നേഹിതനായ കൃപരോടുകൂടി ഇവിടെ ശോഭിക്കുന്നു. ഇദ്ദേഹം പ്രസിദ്ധന്മാരായ വില്ലാളികളിൽ ശ്രേഷ്ഠനാകുന്നു.

27. മാണിക്ക.....ണ്ടത്തു്=മാണിക്യക്കല്ലു് അമൂർത്തിയ (പതിച്ച) പുതിയ മരതകരത്നത്തുണ്ടിന്നടുത്തു്. ഇന്ദുധാമാ=ചന്ദ്രന്റെ ധാമം (ശോഭ) പോലെയുള്ള ശോഭയോടുകൂടിയവൻ. കാണഗ്രേ=(കാൺ+അഗ്രേ) മുൻഭാഗത്തുകണ്ടാലും. ഹലധരനതു്=അതുഹലധരൻ (ഹലം=കലപ്പ ആയുധമായവൻ, ബലഭദ്രൻ) ആണു്. ഹാലാ........ശാലീ=ഹാലായുടെ (മദ്യത്തിന്റെ) മദത്താൽ ഉല്ലാസത്തോടുകൂടിയവൻ.

താന്തരംക്കോപാൽ വലിച്ചങ്ങുപനതയമുനാ-
വീചികൊണ്ടെന്നപോലേ
ചേണുററീടുന്ന നീലപ്പണിനവതുകിൽകൊ-
ണ്ടുജ്ജ്വലോയം മഹാത്മാ. 27

ഭൂഭരക്ഷയകൃതേ പിറന്നു യദുവം-
ശസീമനി വളൎന്നെഴും
ശ്രീപതിഃ സ്വയമയം വിരാജതി ജഗ-
ത്ത്രയീമണിവിഭൂഷണം

---

താന്തരംക്കോപാൽ........ണ്ടെന്നപോലെ=താൻ ഉള്ളിലുള്ള കോപംനിമിത്തം വലിച്ചു് അങ്ങു ഉപനതയായ (ആഗതയായ) യമുനയുടെ (കാളിന്ദീനദിയുടെ) വീചി (തിര) കൊണ്ടോ എന്നു തോന്നുമാറു്. ചേണുററീടുന്ന=ഭംഗികലൎന്ന. നീലപ്പണി........കൊണ്ടു്=നീലപ്പണിയായ (നീലച്ഛായം പിടിപ്പിച്ച) നവമായിരിക്കുന്ന തുകിൽ(വസ്ത്രം) കൊണ്ടു്. ഉജ്ജ്വലഃ=ശോഭിക്കുന്നവനാണു്. അയം മഹാത്മാ=ഈ മഹാത്മാവു്. മാണിക്യക്കല്ലു പതിച്ച പച്ചക്കൽത്തുണിന്നടുത്തു് ചന്ദ്രനേപ്പോലെ ധവളകാന്തിയായി മദ്യത്തിൻെറ മദത്താൽ ഉല്ലാസത്തോടുകൂടി ഇരിക്കുന്നതു ബലഭദ്രനാണു്. ഇദ്ദേഹം കോപിച്ചു വലിച്ചപ്പോരം അടുക്കൽ വന്ന യമുനാനദിയുടെ തിരമാലയോ എന്നു തോന്നുമാറിരിക്കുന്ന നീലവസ്ത്രംകൊണ്ടു് ശോഭിതനാകുന്നു. നീലവസ്ത്രത്തെ യമുനാവീചിയോ എന്നു തോന്നുമെന്നുൽപ്രേക്ഷിക്കയാൽ ഉൽപ്രേക്ഷ അലങ്കാരം. ''ഉരംക്കോപാൽ........വീചി'' എന്നേടത്തു് പ്രയോഗം ക്ലിഷ്ടം.

28. ഭൂഭരക്ഷയകൃതേ=ഭൂമിയുടെ ഭരത്തിൻെറ ക്ഷയത്തിന്നുവേണ്ടി. യദുവംശസീമനി=യദുവംശത്തിൻെറ സീമാവിൽ (അതൃത്തിയിൽ). ശ്രീപതിഃ=ലക്ഷ്മീപതി (വിഷ്ണു). വിരാജതി=ശോഭിക്കുന്നു. ജഗത്ത്രയീ........ഷണം=ജഗത്തുകളുടെ ത്രയിക്കു (മൂന്നിന്നു; മൂന്നുലോകങ്ങരംക്കു്) രത്നഭൂഷണമായിട്ടുള്ളവൻ. പാൽപഴി........മൊഴി=പാലിനെ പഴിച്ച(നിന്ദിച്ച) മൊഴിയോടുകൂടിയവളായ സത്യഭാമയുടെ മൊഴി. വാനവർമരം=ദേവവൃക്ഷം(പാരിജാതം). ബലാൽ=

പാൽപഴിച്ചമൊഴി സത്യഭാമമൊഴി കേട്ട
വാനവർമരം ബലാൽ
വേർപറിച്ചവരനികേതപാൎശ്വഭുവി
നട്ടകൊണ്ട നയശീലവാൻ. 28

(പ്രാകൃതം)

സാമിദ്ധിം സഅളജണാണ്ണഅസ്സ കാഉം
തെള്ളൊക്കപ്പഹവപഹു സസംകവംസെ
സംജാഒ വിഉളസമിദ്ധപുണ്ണപുണ്ണെ
സൊ എസൊ പഉരകളംകമുദ്ധരംതൊ 29

---

ബലംപ്രയോഗിച്ച്. അവരം നികേ....ഭുവി=അവളുടെ നികേത (ഗൃഹം) ത്തിന്റെ പാൎശ്വഭൂമിയിൽ. നയശീലവാൻ=നയത്തോടും ശീലത്തോടും കൂടിയവൻ. ഭൂഭാരഹരണത്തിന്നുവേണ്ടി യദുവംശത്തിലവതരിച്ച വിഷ്ണുഭഗവാൻ ഇതാ ശോഭിക്കുന്നു. ഇദ്ദേഹം സത്യഭാമയുടെ വാക്കുകേട്ടിട്ട് പാരിജാതഹരണംചെയ്തവനാണ്. വൃത്തം കുസുമമഞ്ജരി. 'രം നരം നരനരം നിരന്നു വരുമെങ്കിലോ കുസുമമഞ്ജരി.'

(ഛായാ) സമൃദ്ധിം സകലജനാന്വയസ്യ കൎത്തും
ത്രൈലോക്യപ്രഭവപ്രഭുഃ ശശാങ്കവംശേ
സംജാതോ വിപുലസമിദ്ധപുണ്യപുണ്യേ
സ ഏഷ പ്രചുരകളങ്കമുദ്ധരൻ. 29

29. അനന്തരം മൂന്നു ശ്ലോകങ്ങളെക്കൊണ്ട് ശ്രീകൃഷ്ണനെ വൎണ്ണിക്കുന്നു:—സമൃദ്ധിം=സമൃദ്ധിയെ. സകലജനാന്വയസ്യ=എല്ലാ ജനങ്ങളുടേയും അന്വയത്തിന്നു (വംശത്തിന്). കൎത്തും=ചെയ്‌വാൻ. ത്രൈലോക്യ....പ്രഭുഃ=ത്രൈലോക്യത്തിന്റെ പ്രഭവത്തിന്നു (ഉൽപത്തിക്കു) പ്രഭുവായവൻ. ശശാങ്കവംശേ=സോമവംശത്തിൽ. സംജാതഃ=ജാതനായി. വിപുല....പുണ്യേ=വിപുല(വിസ്തൃതം)വും സമിദ്ധ (വൎദ്ധിച്ചതു്)വും പുണ്യപുണ്യ(അതിപുണ്യം)വുമായ (ശശാങ്കവംശവിശേഷണം). സ ഏഷഃ=ഇദ്ദേഹം. പ്രചുരകളങ്കം=പ്രചുരമായ (വൎദ്ധിച്ച) കളങ്കത്തെ. ഉദ്ധരൻ=ഉദ്ധരിക്കുന്നവൻ (നശിപ്പിക്കുന്നവൻ) ആയിട്ട്. മൂന്നുലോകങ്ങളുടേയും ഉത്ഭവകാരണമായ ഇദ്ദേഹം (ശ്രീകൃഷ്ണൻ)സകല

കിസ്സാകിസ്സെ കീയുകീ കീയുകീയെ
കീയാകീയെ ണൊ ഘരം എസ കഹ്ണൊ
സാമിദ്ധീഎ സൊമ്മദാഎ ഖമാഎ
ഭാഎ ധീഎ ഉണ്ണദീഎ സിരീഎ 30
കേവലം ദധതി കർത്തൃവാചിനഃ
പ്രത്യയാനിഹ ന ജാതു കമ്മണി
ധാതവഃ സൃജതിസംഹൃശാസ്തയഃ
സ്തൗതിരത്ര വിപരീതകാരകഃ. 31

---

ജനസമുദായത്തിന്നും സമൃദ്ധിവരുത്തുവാൻവേണ്ടി വിസ്തൃതവും പ്രവൃദ്ധവും അതിപുണ്യവുമായ ചന്ദ്രവംശത്തിൽ കളങ്കംഉപേക്ഷിച്ചും കൊണ്ടു് അവതരിച്ചു.

30. കസ്യ കസ്യ (പുല്ലിംഗം)=ഏതിൻെറ ഏതിൻെറ. കസ്യാഃ കസ്യാഃ(സ്ത്രീലിംഗം)=ഏതിൻെറ ഏതിൻെറ. കസ്യ കസ്യ(നപുംസകലിംഗം)=ഏതിൻെറ ഏതിൻെറ. നഗൃഹം=ഗൃഹമല്ല. ഏഷ കൃഷ്ണഃ=ഈ കൃഷ്ണൻ. സമൃദ്ധ്യാഃ=സമ്പത്തിൻെറ. സൗമ്യതായാഃ=സൗമ്യതയുടെ. ക്ഷമായാഃ=ക്ഷമയുടെ ഭായാഃ=ഭ(പ്രഭ)യുടെ. ധിയാഃ=ബുദ്ധിയുടെ. ഉന്നത്യാഃ=ഔന്നത്യത്തിൻെറ. ശ്രിയാഃ ച=ശ്രീ(കാന്തി)യുടേയും. ഈ ശ്രീകൃഷ്ണൻ പുംസ്ത്രീനപുംസകലിംഗങ്ങളെക്കൊണ്ടു പറയുന്ന ഏതേതുവസ്തുക്കളുടെ ഇരിപ്പിടമല്ല? എല്ലാററിൻേറയും ഇരിപ്പിടമാണെന്നൎത്ഥം. ഉത്തരാൎദ്ധത്തിൽ പറഞ്ഞ സമൃദ്ധി മുതലായവസ്തു് ഇദ്ദേഹം ഗൃഹമാണ് എന്നൎത്ഥം. സമൃദ്ധ്യാഃ ഇത്യാദിയായ ഷഷ്ഠ്യന്തപദങ്ങളെ നഗൃഹം എന്നതിനോടുചേൎത്തു അന്വയിക്കണം.

(ഛായ) കസ്യ കസ്യ കസ്യാഃ കസ്യാഃ
കസ്യ കസ്യ ന ഗൃഹമേഷ കൃഷ്ണഃ
സമൃദ്ധ്യാഃ സൗമ്യതായാഃ ക്ഷമായാ
ഭായാ ധിയാ ഉന്നത്യാഃ ശ്രിയാശ്ച 30

31. സൃജതിസംഹൃശാസ്തയഃ=സൃജ്, സംഹൃ, ശാസ് എന്നിവയായ. ധാതവഃ=ധാതുക്കൾ. ഇഹ=ഇവിടെ (ഇവനിൽ). കൎത്തൃവാചിനഃ=കൎത്താവിനെപ്പറയുന്നവയായ. പ്രത്യയാൻ=പ്രത്യയങ്ങളെ. കേവലം=മാത്രം. ദധതി=ധാനംചെയ്യുന്നു(ധരിക്കുന്നു). കൎമ്മണി=

തസ്യ സമീപേ ചുഴലം
കണ്ടേ യദുവീരമണ്ഡലം ബാലേ!
പൂൎണ്ണകലേശനു ചുററും
വിലസിന നവതാരകാഗണംപോലെ. 32

പച്ചപ്പട്ടു വിരിച്ച വജ്രമണിപീ–
ഠേ കാണൊരുത്തൻ വല–
ത്തുച്ചശ്രീ മരുവുന്നതക്കരതലേ
കല്പപ്രസൂനം വഹൻ

---

കൎമ്മത്തിങ്കൽ. (പ്രത്യയാൻ=പ്രത്യയങ്ങളെ.) ജാതു=ഒരിക്കലും. ന= ഇല്ല. (ധരിക്കുന്നില്ല). സ്തൗതിഃ=സ്തൗതിധാതു. അത്ര=ഇവനിൽ. വിപരീതകാരകഃ=വിപരീതമായ കാരകത്തോടു് (കൎമ്മകാരത്തോടു്) കൂടിയതാകുന്നു. ശ്രീകൃഷ്ണനെപ്പററിപ്പറയുമ്പോൾ സൃജ്(സൃഷ്ടിക്കുക), സംഹൃ (സംഹരിക്കുക, ശാസ്, രക്ഷിക്കുക) എന്നീ ധാതുക്കളിൽ കൎത്തൃകാരകങ്ങളായ പ്രത്യയങ്ങൾ മാത്രമേ വരികയുള്ളു; കൎമ്മകാരകങ്ങളായ പ്രത്യയങ്ങൾ ഒരിക്കലും വരികയില്ല. സ്തൗതി(സ്തുതിക്കുക) ധാതുവിലാകട്ടെ ഇതിന്നു വിപരീതമായ (കൎമ്മവാചികളായ) പ്രത്യയങ്ങൾ മാത്രമേ വരികയുള്ളു. ശ്രീകൃഷ്ണൻ ലോകത്തെ സൃഷ്ടിക്കുകയും സംഹരിക്കുകയും രക്ഷിക്കുകയും, ചെയ്യുകയല്ലാതെ അദ്ദേഹത്തെ സൃഷ്ടിക്കുകയോ സംഹരിക്കുകയോ രക്ഷിക്കുകയോ ചെയ്‌വാൻ മറെറാരുവനില്ലെന്നും, അദ്ദേഹത്തെ മററുള്ളവർ സ്തുതിക്കുകയല്ലാതെ അദ്ദേഹം മററുള്ളവരെ സ്തുതിക്കുക എന്നതില്ലെന്നും ഭാവം. വൃത്തം രഥോദ്ധത. 'രം നരം ല ഗുരുവും രഥോദ്ധതാ.'

32. തസ്യ=അവന്റെ(ശ്രീകൃഷ്ണന്റെ). സമീപേ=അരികിൽ. കണ്ടേ=കണ്ടുവല്ലോ. യദുവീരമണ്ഡലം=യാദവവീരന്മാരുടെ സമൂഹം. ബാലെ എന്നു സംബോധന. പൂൎണ്ണകലേശൻ=പൂൎണ്ണചന്ദ്രൻ. വിലസിന=ശോഭിച്ച. നവതാരകാഗണം=പുതിയ നക്ഷത്രങ്ങളുടെ കൂട്ടം. സാരം സ്പഷ്ടം. അലങ്കാരം ഉപമ.

33. വജ്രമണിപീഠേ=വജ്രമണി(വൈരക്കല്ലു്) മയമായ പീഠത്തിൽ. ഉച്ചശ്രീ=ഉന്നതയായ ശ്രീയോടുകൂടിയവൻ. കരതലേ=ക

നിച്ചത്തസ്യ വശംവദാ വിജയല-
ക്ഷ്മീഃ സുപ്രസിദ്ധോയമി-
ദ്ദിക്ചക്രേ മഗധേന്ദ്രനെന്നയി! ജരാ-
സന്ധോയമാകർണ്ണ്യതാം. 33

വെള്ളപ്പട്ടാംബരംകൊണ്ടുപരചിതമനോ-
ജ്ഞോത്തരീയേണ നീ കാ-
ണല്ലൊക്കുംവേണി! കശ്ചിന്മരതകമണിപീ-
ഠാധിരൂഢോ മഹാത്മാ
ചൊല്ലെത്തും ചേദിഭൂമീശ്വരനിതു ശിശുപാ-
ലാഭിധാനോ ജഗത്യാ-
മില്ലത്രേ നൂനമേതത്സമനൊരു ധരണീ-
വല്ലഭൻ മല്ലനേത്രേ! 34

---

യ്യിൽ. കല്പപ്രസൂനം=പാരിജാതപുഷ്പം. വഹൻ=വഹിക്കുന്നവൻ. നിച്ചെ=നിത്യവും. തസ്യ=അവന്നു്. വശംവദാവിജയലക്ഷ്മീഃ=വിജയലക്ഷ്മി സ്വാധീനയാണു്. സുപ്രസിദ്ധോയം=സുപ്രസിദ്ധനാണിദ്ദേഹം. ഇദ്ദിക്ചക്രേ=ഈ ദിക്ചക്രത്തിൽ (ദിങ്മണ്ഡലത്തിൽ). മഗധേന്ദ്രൻ=മഗധരാജാവു്. ജരാസന്ധഃഅയം ആകർണ്യതാം=ജരാസന്ധനാണിവനെന്നു് കേൾക്കപ്പെട്ടാലും. കയ്യിൽ പാരിജാതപ്പൂവും വഹിച്ചുകൊണ്ടു പച്ചപ്പട്ടു വിരിച്ച വജ്രസിംഹാസനത്തിന്മേലിരിക്കുന്നതു് മഗധരാജാവു് ജരാസന്ധനാണു്. ഇദ്ദേഹത്തിന്നു ജയലക്ഷ്മി എന്നും സ്വാധീനയാകുന്നു.

34. വെള്ളപ്പട്ടാംബരം=വെളുത്ത പട്ടുവസ്ത്രം; ഉപര....യേണ =ഉപരചിതമായ. (ഉണ്ടാക്കപ്പെട്ട) മനോജ്ഞമായിരിക്കുന്ന ഉത്തരീയത്തോടുകൂടി (ഉപലക്ഷിതതൃതീയ). അല്ലൊക്കുംവേണി=അല്ലിനോടു് (ഇരുളിനോടു്) ഒക്കുന്ന വേണി (തലമുടി)യോടു കൂടിയവളേ! കശ്ചിൽ=ഒരുത്തൻ. മര....രൂഢഃ=മരതകരത്നമയമായ സിംഹാസനത്തിൽ അധിരോഹണം ചെയ്യുവൻ. മഹാത്മാ=മഹാമനസ്സൻ. ചൊല്ലെ....ശ്വരൻ=ചൊല്ലെത്തുന്ന (കീർത്തി വാഴ്ത്തുന്ന) ചേദിരാജാവു്. ശി

തുംഗേ നീടെഴമിന്ദ്രനീലമണിപീ–
ഠേ ചേന്നു കണ്ടീലയോ
മംഗല്യാംഗി! വലത്തു ഹേഹയമഹീ–
ചന്ദ്രോയമാരോമലേ!
ലങ്കാനായകനെപ്പിടിച്ചു വിരവിൽ
കാരാഗൃഹേ ചേത്തെഴും
മംഗല്യാംബുധി കാത്തവീര്യനൃപതേ–
വ്വംശോത്ഭവോയം ബലീ. 35

മമ്മാ കാൺ വിദ്രുമാലംകൃതചതുരമണി–
പ്പാദപീഠോപകണ്ഠേ

---

ശുപാലാഭിധാനഃ=ശിശുപാലനെന്നഭിധാന(നാമം)ത്തോടുകൂടിയവൻ ജഗത്യാം=ജഗതിയിൽ (ലോകത്തിൽ). നൂനം=നിശ്ചയമായും. ഏതത്സമൻ=ഇവനോടു് തുല്യൻ. ധരണീവല്ലഭൻ=രാജാവു്. മല്ലനേത്രേ=മല്ലപ്പൂപോലെയുള്ള നേത്രങ്ങളോടുകൂടിയവളേ! വെള്ളപ്പട്ടുകൊണ്ടുള്ള ഉത്തരീയമിട്ടു പച്ചക്കൽസിംഹാസനത്തിലിരിക്കുന്നതു് ചേദിരാജാവായ ശിശുപാലനാണു്.

35. തുംഗേ=ഉന്നതമായ. നീടെഴ....പീഠേ=നീടു് (നീളം) ഉള്ള ഇന്ദ്രനീലമണികൊണ്ടുള്ള പീഠത്തിൽ. മംഗല്യാംഗി=ശോഭനങ്ങളായ അംഗങ്ങൾ (അവയവങ്ങൾ) ഉള്ളവളെ! ഹേഹയമഹീചന്ദ്രോയം=ഹേഹയഭൂമിക്കു ചന്ദ്രൻ (ചന്ദ്രനെന്നപേരലെ ആഹ്ലാദം നല്കുന്നവൻ) ആണിദ്ദേഹം. ആരോമലേ=സുന്ദരി! ലങ്കാനായകനെ=രാവണനെ. കാരാഗൃഹേ=തടവുമുറിയിൽ. മംഗല്യാംബുധി=മംഗലങ്ങൾക്കു സമുദ്രമായിട്ടുള്ള. കാത്തവീര്യനൃപതേഃ=കാത്തവീര്യാജ്ജുനരാജാവിന്റെ. വംശോത്ഭവഃ=വംശത്തിൽ പിറന്നവനാണു്. അയം ബലീ=ബലവാനായ ഇദ്ദേഹം. ഉന്നതവും ദീഘവുമായ ഇന്ദ്രനീലാസനത്തിലിരിക്കുന്നതു കാത്തവീര്യാജ്ജുനന്റെ വംശക്കാരനായ ഹേഹയരാജാവാകുന്നു.

36. മമ്മാ=ആശ്ചര്യം.(വ്യാക്ഷേപകം) വിദ്രുമാ....കണ്ഠേ=വിദ്രുമം (പവിഴം)കൊണ്ടു് അലംകൃതവും ചതുര (മനോഹരം)വുമായ മണി

പൊന്മാരക്കുന്തമൂന്നിക്കലിതരസമിരി–
ക്കുന്നതന്യൻ മനോജ്ഞേ!
പൊന്മാനേല്ക്കുണ്ണിമാർന്നൂതനമലർവിശിഖൻ
മാളവക്ഷോണിമാതിൻ
കമ്രാലങ്കാരമല്ലോ പുനരിതു നയനാ–
നന്ദനിഷ്യന്ദഭൂമാ. 36

കല്യാണാത്മാ കലിംഗൻ പുനരിതു കരതാർ–
കൊണ്ടു കേളീസരോജം
മെല്ലേ മെല്ലെത്തിരിക്കുന്നവനവനിഭുജാ–
മഗ്രണീരുഗ്രതേജാഃ

പ്പാദപീഠത്തിൻെറ (കാൽ വെക്കുവാനുള്ള രത്നപീഠത്തിൻെറ)സമീപത്തിൽ. പൊന്മരക്കുന്തം=പൊന്നുകൊണ്ടും മുത്തുകൊണ്ടും കെട്ടിച്ച ഒരുതരം കളിക്കുന്തം. കലിതരസം=(ക്രി. വി.)കലിതമായ (കൃതമായ) രസത്തോടുകൂടി, രസം ഭാവിച്ചുകൊണ്ടു്. അന്യൻ=മററൊരുവൻ. മനോജ്ഞേ=മനോഹരേ! പൊന്മാനേൽ....ശിഖൻ=പൊന്മാൻ ഏലുന്ന (ഇയലുന്ന) കണ്ണുപോലെയുള്ള കണ്ണുകളുള്ളവൾക്കു്(സുന്ദരിമാക്കു്) നൂതനനായ (പുതിയ) മലർവിശിഖൻ (പൂവമ്പൻ) ആയിട്ടുള്ളവൻ. മാളവ....ങ്കാരം=മാളവക്ഷോണി (മാളവഭൂമി)യാകുന്ന മാതിൻെറ(സ്ത്രീയുടെ) കമ്രമായ (മനോഹരമായ) അലങ്കാരമായിട്ടുള്ളവൻ. നയനാ.... =ഭൂമാ=നയനാനന്ദത്തിൻെറ നിഷ്യന്ദത്തിൻെറ (പ്രവാഹത്തിൻെറ) ഭൂമാവു് (അതിശയം, അതായതു് നേത്രാനന്ദം വദ്ധിപ്പിക്കുന്നവൻ) ആയവൻ. രത്നമയമായ പാദപീഠത്തിനടുത്തു് പൊൻമയമായിരിക്കുന്ന കുന്തമൂന്നിക്കൊണ്ടിരിക്കുന്നവൻ മാളവരാജാവാണു്. മാളവഭൂമിയാകുന്ന സ്ത്രീക്കലങ്കാരം എന്നു പറകയാൽ ഇദ്ദേഹത്തിനു വേറെ ഭാര്യയില്ലെന്നും തോന്നുന്നു.

37. കല്യാണാത്മാ=കല്യാണം (ശോഭനം)ആയ ആത്മാവു് (ശരീരം) ഉള്ളവൻ, സുന്ദരൻ. കലിംഗൻ=കലിംഗരാജാവു്. കരതാർ=താരു (പുഷ്പം)പോലെയുള്ള (അത്രമൃദുവായ)കൈ. കേളീസരോജം=കളിത്താമരപ്പൂവു്. അവനിഭുജാം=അവനി (ഭൂമി)യെ ഭുജിക്കുന്ന (രക്ഷി

ചൊല്ലേറും കോസലാധീശ്വരനിതു മൃദുസ-
ഞ്ചാരിവെൺചാമരാളീ-
മല്ലാർമന്ദാനിലാന്ദോളിതസുലളിതമ-
ന്ദാരമാലാകലാപീ. 37

കല്യോയം ഭഗദത്തനുത്തമഗുണേ!
തദ്വാമഭാഗസ്ഥിതൻ
നല്ലാർമഞ്ജരി! സിന്ധുരാജനരികേ
കാണായ വീരാഗ്രണീഃ
ചൊല്ലാം തന്നികടസ്ഥിതോയമബലേ!
മാത്സ്യൻ മഹാധീരധീ-
രുല്ലാസം കലരുന്ന പാണ്ഡ്യനൃവരൻ
മറേറതു മുഗ്ദ്ധേക്ഷണേ. 38

---

ക്കുന്ന)വരിൽവെച്ച്. അഗ്രണീഃ=അഗ്രത്തിൽ നടത്തപ്പെടുന്നവൻ (മുമ്പൻ). ഉഗ്രതേജാഃ=ഉഗ്രമായ തേജസ്സ് (വീര്യം) ഉള്ളവൻ. കളിത്താമരപ്പൂവു കൈകൊണ്ടു തിരിക്കുന്നവൻ കലിംഗരാജാവാണ്. കോസലാധീശ്വരൻ=കോസലരാജാവ്. മൃദുസഞ്ചാരി....കലാപീ=മൃദുവാകുംവണ്ണം സഞ്ചരിക്കുന്ന (വീയുന്ന) വെഞ്ചാമരാളിയുടെ (വെഞ്ചാമരക്കൂട്ടത്തിൻെറ) മല്ലാർമന്ദാനിലനാൽ (പൂങ്കാററിനാൽ) ആന്ദോളിതം (ആടിക്കപ്പെട്ടതു്) ആയി സുലളിതം (അതിമനോഹരം) ആയിരിക്കുന്ന മന്ദാരമാലാകലാപം(പ്രശസ്തമായമന്ദാരപുഷ്പമാല) ഉള്ളവൻ. വെഞ്ചാമരം വീശുമ്പോഴുള്ള നനുത്ത കാററുകൊണ്ട് ആടുന്ന മന്ദാരപ്പൂമാലയോടുകൂടിയ ഇദ്ദേഹം കോസലരാജാവാകുന്നു.

38. കല്യോയം (കല്യഃ+അയം)=ശ്രേഷ്ഠനായ ഇവൻ. ഭഗദത്തൻ=ഭഗദത്തനെന്ന പേരുള്ള രാജാവ് (കാമരൂപദേശാധിപൻ). ഉത്തമഗുണേ=ഉത്തമങ്ങളായ ഗുണങ്ങളോടു കൂടിയവളേ! തദ്വാമഭാഗസ്ഥിതൻ=അവൻെറ (കോസലരാജൻെറ)വാമ (ഇടത്തു)ഭാഗത്തിരിക്കുന്നവൻ. നല്ലാർമഞ്ജരി=നല്ലാർക്കു (സുന്ദരിമാർക്കു) മഞ്ജരി (പൂങ്കുല)യാ

ഇക്കാണായതു മുററുമിന്ദുവദനേ!
സാലപൻ വിദർഭൻ മഹീ–
ശക്രൻ കോം നിഷധക്ഷമാപതി തുല്യ–
ഷ്ഠാദ്യാഃ പരേ ഭൂമിപാഃ
മൈക്കാർവേണികാംവേണിരത്നകലികേ!
കൃഷ്ണേ! ധരിച്ചീട്ട നീ
വിഖ്യാതാ ബത നിങ്കലുത്സുകത പൂ–
ണ്ടേതേ മുതിന്നാഗതാഃ.'' 39

---

യിട്ടുള്ളവളേ (സുന്ദരിമാർ മുടിയിൽ ചൂടുന്നവളേ!) സിന്ധുരാജൻ= സിന്ധുദേശരാജാവു് (ജയദ്രഥൻ). വീരാഗ്രണീഃ=വീരന്മാരിൽ മുമ്പൻ. കോസലരാജാവിൻെറ ഇടത്തുഭാഗത്തിരിക്കുന്നവൻ ഭഗദത്തനും, അതിനടുത്തിരിക്കുന്നവൻ സിന്ധുരാജാവുമാണു്. തന്നികടസ്ഥിതഃ=അവൻെറ നികട(സമീപം)ത്തിൽ സ്ഥിതിചെയ്യുന്ന. അയം=ഇവൻ. അബലേ=ബലമില്ലാത്തവളേ (സുകുമാരാംഗി!) മാത്സ്യൻ=മത്സ്യരാജാവു് (വിരാടരാജാവു്). മഹാധീരധീഃ=വലിയ ധൈര്യമുള്ള ബുദ്ധിയോടുകൂടിയവൻ. പാണ്ഡ്യനൃവരൻ=പാണ്ഡ്യരാജാവു്. മുഗ്ധേക്ഷണേ=മുഗ്ധങ്ങൾ (മനോഹരങ്ങൾ) ആയ കണ്ണുകളുള്ളവളേ! സിന്ധുരാജനനടുത്തവൻ മത്സ്യരാജാവും, പിന്നെ അടുത്തിരിക്കുന്നവൻ പാണ്ഡ്യരാജാവുമാണു്.

39. മുററും=മുഴുവൻ. ഇന്ദുവദനേ=ചന്ദ്രമുഖി! സാലപൻ=സാലപരാജാവു്. വിദർഭൻ=വിദർഭരാജാവു്. മഹീശക്രൻ=ഭൂമിയിലെ ഇന്ദ്രൻ. (വിദർഭവിശേഷണം) നിഷധക്ഷമാപതി=നിഷധരാജാവു്. തുല്യഷ്ഠാദ്യഃ=തുല്യഷ്ഠൻ തുടങ്ങിയ. പരേ=മററുള്ള. ഭൂമിപാഃ=രാജാക്കന്മാർ. മൈക്കാർ....കലികേ=മൈക്കാർ (മഷിപോലെ കറുത്ത കാറിനൊത്ത) വേണി (തലമുടി)യുള്ളവക്കു് അതായതു സുന്ദരിമാക്കു് വേണിരത്നകലിക (ശ്രേഷ്ഠമായ മുടിരത്നം) ആയവളേ! കൃഷ്ണേ=പാഞ്ചാലി! വിഖ്യാതാഃ=പ്രസിദ്ധന്മാരായ (ഏതേ എന്നതിൻെറ വിശേഷണം). ഉത്സുകത=ഔത്സുക്യം. ഏതേ=ഇവർ. മുതിന്നു്=ഉത്സാഹിച്ചു്. ആഗതാഃ=വന്നവരാകുന്നു. സാരം സ്പഷ്ടം.

ഇതി പലവിധവാചാ തത്ര തസ്യാം സ്ഥിതായാം
ദ്രുപദസുതനിയോഗാൽ കോപി സന്ദേശഹാരീ
നെറിതടവിന ചൂരക്കോലുമായ്യോന്നു വന്നാൻ
വിരവൊടു മണിരംഗം ദ്രൗപദീം നേതുകാമഃ. 40

ഓമൽപ്പാദാംബുജംതൊട്ടണികുഴലൊളമ–
 ന്വോടു പൂമേനി മൂടി–
ക്കോമൽപ്പട്ടാംബരംകൊണ്ടണിമണിമുകുരം
 കൈപ്പിടിച്ചുല്പലാക്ഷീ

---

40. ഇതി=ഇപ്രകാരം. പലവിധവാചാ=പലവിധമുള്ള വാക്കോടുകൂടി. തത്ര=അവിടെ. തസ്യാം സ്ഥിതായാം(സത്യാം)=അവരം (തോഴി) സ്ഥിതയായപ്പോരം. ദ്രുപദസുതനിയോഗാൽ=ദ്രുപദപുത്രന്റെ (ധൃഷ്ടദ്യുമ്നന്റെ) നിയോഗത്താൽ (ആജ്ഞയാൽ). കോപി=ഒരു. സന്ദേശഹാരീ=ദൂതൻ. നെറി....മായ്=ഭംഗിയുള്ള ചൂരക്കോലുമേന്തിക്കൊണ്ടു്. മണിരംഗം=രത്നരംഗത്തിലേക്കു്. ദ്രൗപദീം=ദ്രുപദരാജപുത്രിയെ(പാഞ്ചാലിയെ). നേതുകാമഃ=നയിപ്പാൻ (കൊണ്ടുപോവാൻ) ഇച്ഛയോടുകൂടിയവനായിട്ടു്. ഇപ്രകാരം തോഴി ഓരോന്നു പറഞ്ഞുകൊണ്ടിരിക്കുമ്പോരം, ധൃഷ്ടദ്യുമ്നന്റെ ഒരു ദൂതൻ, അധികാരചിഹ്നമായ ചൂരക്കോലുമേന്തി, പാഞ്ചാലിയെ രംഗത്തിലേക്കു് കൊണ്ടുപോവാൻവേണ്ടി വന്നെത്തി.

41. രംഗത്തിലേക്കുള്ള പാഞ്ചാലിയുടെ പ്രവേശത്തെ വർണ്ണിക്കുന്നു:—ഓമൽപ്പാദാംബുജം=മൃദുവായ അംബുജം (താമരപ്പൂവ്)പോലെയുള്ള പാദം (കാലടി). അണികുഴൽ=ഭംഗിയുള്ള തലമുടി. കോമൽപ്പട്ടാംബരംകൊണ്ടു് [കോമപ്പട്ടു് എന്നു കൃഷ്ണഗാഥയിൽ പ്രയോഗമുണ്ടു്]=നേരിയ ഒരുതരം പട്ടുവസ്ത്രംകൊണ്ടു് (പൂമേനി മൂടി എന്നതിനോടു യോജന). അണിമണിമുകുരം=ഭംഗിയുള്ള രത്നക്കണ്ണാടി. ഉൽപലാക്ഷീ=ഉൽപലം(ചെങ്ങഴിനീർപ്പൂവ്)പോലെയുള്ള അക്ഷികളോടുകൂടിയവരം(സുന്ദരി). ശ്രീമ....ക്വണിതം=ശ്രീമത്തുക്കളായ മഞ്ജീരങ്ങളുടെ (നൂപുരങ്ങളുടെ)മഞ്ജു (മനോഹരം)ആയ ക്വണിതം(കിലുക്കം). കോമളാഭ്യാം=മാർദ്ദവമുള്ളവനായ. പദാഭ്യാം=കാലടികളെക്കൊണ്ടു്.

ശ്രീമന്മഞ്ജീരമഞ്ജുക്വണിതമിയലവേ
കോമളാഭ്യാം പദാഭ്യാ–
മാമന്ദം നീയമാനാ ചതുരസഖികളാൽ
പ്രാപ കല്യാണരംഗം. 41

ചൂരക്കോൽക്കാരർ ചൂഴം നടനടനടയെ–
ന്നുഗ്രഹുങ്കാരഘോഷാ
വാരസ്ത്രീപാളി പിമ്പേ കുരവനെറി വള–
ത്താളിമാരും വിശേഷാൽ

ആമന്ദം=(ക്രി. വി.)തെല്ലൊന്നു പതുക്കെ. നീയമാനാ=നയിക്കപ്പെട്ട ന്നവളായിട്ടു്. ചതുരസഖികളാൽ=ചതുരകൾ (നിപുണകൾ) ആയ തോഴികളാൽ (നീയമാനാ എന്നതിനോടു യോജന). പ്രാപ=പ്രാപിച്ചു. കല്യാണരംഗം=സ്വയംവരരംഗത്തിലേക്കു്. അടിമുതൽ മുടിയോളം പട്ടുകൊണ്ടു മൂടി, കയ്യിൽ കണ്ണാടിയും ധരിച്ചു്, ചിലങ്കകൾ കിലുങ്ങുമാറു് കാലടികൾ വെച്ചുകൊണ്ടു്, സഖികളാൽ നീയമാനയായ പാഞ്ചാലി സ്വയംവരരംഗത്തിലേക്കു പ്രവേശിച്ചു.

42. ചൂരക്കോൽക്കാരർ=ചൂരക്കോലുധരിച്ചവർ (ശിപായിമാർ). ചൂഴം=ചുററും. നടനട....ഘോഷാഃ=നട നട എന്നിങ്ങനെ ഉഗ്രമായ ഹുംകാരത്തോടുകൂടിയവരായിട്ടു്. 'ഹും'കാരത്തിന്നു് സ്മരണം, പ്രശ്നം, അനുജ്ഞ, നിവാരണം എന്നീ അർത്ഥങ്ങളുണ്ടു്. ഇവിടെ നിവാരണമാണർത്ഥം. ആളുകളെ വിലക്കുന്നതിന്നു ഹുങ്കാരംചെയ്തു യും 'നട നട' എന്നു നടത്തു ചൊല്ലുകയും ചെയ്തുംകൊണ്ടു 'ചൂരക്കോൽക്കാരർ' ചൂഴം നടന്നുവെന്നു സാരം. വാരസ്ത്രീപാളി=വാരസ്ത്രീകളുടെ (വേശ്യമാരുടെ) പാളി(സമൂഹം). കുരവനെറി=കുരവയുടെ ഭംഗി. വേശ്യമാർ കുരവ വിളിച്ചുംകൊണ്ടു പിമ്പിൽ നടന്നു. ആളിമാർ=തോഴിമാർ. വിശേഷാൽ=വിശേഷിച്ചു്. ഉത്തരാർദ്ധം മുഴവനും ആളിമാരുടെ വിശേഷണം. ചാരുശ്രീ.......ദ്യൽകരാബ്ജാഃ=ചാരു (മനോഹരം) ആയ ശ്രീ(ശോഭ)യോടുകൂടിയ പൊൻവിളക്കിൻനിര, ചമരി (ചാമരം) മണിച്ചെപ്പു, കണ്ണാടി, മുക്താഹാരം (മുത്തുമാല), പൂമാല, താലം, പവഴവലയം (പവിഴവള) എന്നീദൃശങ്ങൾ (എന്നി

ചാരുശ്രീ പൊൻവിളക്കിൻനിര ചമരി മണി-
ച്ചെപ്പു കണ്ണാടി മുക്താ-
ഹാരം പൂമാല താലം പവഴവലയമെ-
ന്നീദൃശോദ്യൽകരാബ്ജാഃ. 42

ഉന്നിദ്രാത്മാ രുദാനീം ദ്രുപദതനയനാ-
രുഹ്യ മംഗല്യരംഗം
മാണിക്യസ്തംഭകാന്തിപ്രസരനിരസിതാ-
ശേഷദോഷാന്ധകാരം
ധന്യശ്രീചേൎന്നിരിക്കും ധരണിപരിവൃഢാൻ
നീള നിൎവ്വണ്ണ്യ മോദം-
മുന്നിട്ടേവം ബഭാഷേ വചനമനുപമ-
പ്രൗഢിമാനംദധാനം. 43

---

ങ്ങനെയുള്ള വസ്തുക്കൾ)കൊണ്ടു് ഉദ്യത്തുക്കളായ (ശോഭിക്കുന്ന) കരാബ്ജങ്ങളോടുകൂടിയവർ. തോഴിമാർ ദീപാദികളെടുത്തുംകൊണ്ടു നടന്നു. ഇപ്പറഞ്ഞ വസ്തുക്കൾ മംഗല്യങ്ങളാകയാൽ കല്യാണാവസരങ്ങളിൽ അപരിഹാര്യങ്ങളാകുന്നു.

43. ഉന്നിദ്രാത്മാ=ഉന്നിദ്രമായ (നിദ്രയില്ലാത്ത അതായതു് ഉന്മിഷിതമായ) ആത്മാവു് (മനസ്സു്) ഉള്ളവൻ. ദ്രുപദതനയൻ=ദ്രുപദരാജപുത്രൻ, (ധൃഷ്ടദ്യുമ്നൻ). ആരുഹ്യ=കയറീട്ടു്. മംഗല്യരംഗം=കല്യാണരംഗത്തെ (ആരുഹ്യ എന്നതിൻെറ കൎമ്മം). മാണി........കാരം=മാണിക്യസ്തംഭങ്ങളുടെ കാന്തിയുടെ പ്രസരത്താൽ (വ്യാപ്തിയാൽ)അശേഷമായ ദോഷാന്ധകാരത്തെ (രാത്രിയിലെ ഇരുട്ടിനെ) നിരസിച്ച (നീക്കിയ) ഇതു മംഗല്യരംഗവിശേഷണം. ധന്യശ്രീ....വൃഢാൻ=ധന്യയായ ശ്രീയോടുകൂടിയിരിക്കുന്ന ധരണിപരിവൃഢന്മാരെ (രാജാക്കന്മാരെ). നീളെ=നിരക്കെ. നിൎവ്വണ്ണ്യ=നോക്കീട്ടു്. മോദം=സന്തോഷം. ഏവം=ഈവണ്ണം. ബഭാഷേ=പറഞ്ഞു. വചനം=വാക്കിനെ. അനുപമ പ്രൗഢിമാനം=അനുപമം (അതുല്യം)ആയ പ്രൗഢിമാവിനെ (പ്രൗഢതയെ) ദധാനം=ധരിക്കുന്ന (വചനവിശേഷ

''കോംക്കേണം ബാഹുവീര്യപ്രകടിതവിജയോ-
ദ്ദാമശൗര്യപ്രവാഹം
വാച്ചും ഭൂപാലവീരാ മമ വചനമിദം
മാനനീയം വിശേഷാൽ
ശ്ലാഘ്യാഭം കണ്ടതല്ലീ കുലചിലയുമിദം
പഞ്ചകം വാ ശരാണാം
ലാക്കും വൈചിത്ര്യപാത്രം പടുതരകൃതഹ-
സൈ്തകഭേദ്യം നരേന്ദ്രാഃ! 44

ഏതച്ചാപം കുലച്ചിപ്പുതുപവഴികരംകൊ-
ണ്ടിന്നു ലക്ഷം വിലോലം
ഭേദിച്ചീടുന്നതേവൻ കനിവൊടു ഭവതാം
മണ്ഡലേ മാനശാലീ

---

ണം.) ധൃഷ്ടദ്യുമ്നൻ രംഗത്തിൽ കയറി രാജാക്കന്മാരോടു് ഇങ്ങനെ പ്രൗഢമായ വാക്കിനെപ്പറഞ്ഞു.

44. ബാഹു....ഭൂപാലവീരാഃ=ബാഹുവീര്യം (കയ്യൂക്കു)കൊണ്ടു പ്രകടിതവിജയം(വിജയത്തെ പ്രകടിപ്പിച്ചതു്) ആയി ഉദ്ദാമം(ദാമം= ശൃംഖലയില്ലാത്തതു്; അപ്രതിഹതം) ആയിരിക്കുന്ന ശൗര്യപ്രഭാവം (ശൗര്യശക്തി) വാച്ചുന്ന ഭൂപാലവീരന്മാർ (വീരരാജാക്കന്മാർ). ഇതു കോംക്കണം എന്നതിന്റെ കർത്താവു്. മമ=എന്റെ. വചനമിദം=ഈ വാക്കിനെ (കർമ്മം). മാനനീയം=മാനിക്കപ്പെടേണ്ടതു് (കർമ്മവിശേഷണം). ശ്ലാഘ്യാഭം=ശ്ലാഘ്യയായ ആഭയോടുകൂടിയതു്. കണ്ടതല്ലീ= കണ്ടില്ലേ? കുലചില=കുലവില്ലു്. ഇദം പഞ്ചകം വാ ശരാണാം=ഈ ശരങ്ങളുടെ അഞ്ചും (വാ എന്നതിന്നു സമുച്ചയാർത്ഥം). ലാക്കും=ലക്ഷ്യവും. വൈചിത്ര്യപാത്രം=വൈചിത്ര്യത്തിന്നു് (അത്ഭുതത്തിന്നു്) പാത്രം. പടുതര....ഭേദ്യം=പടുതരന്മാർ (അതിനിപുണന്മാർ) ആയ കൃതഹസ്തന്മാരാൽ (കൈത്തഴക്കമുള്ളവരാൽ)മാത്രം ഭേദിക്കപ്പെടാവുന്നതു് (രണ്ടും. ലാക്കിന്റെ വിശേഷണം). സാരം സ്പഷ്ടം.

45. ഏതച്ചാപം=ഈ വില്ലു്. പുതുപവഴികരം=പുതിയ ബാണങ്ങരം. ലക്ഷം=ലാക്കു്. വിലോലം=ഇളകുന്നതു്. (ലക്ഷവിശേഷണം). ഭേദിച്ചീടുന്നതു=മുറിക്കുന്നതു്. ഭവതാം=നിങ്ങളുടെ. മണ്ഡലേ=

ചോതിക്കേണ്ടാ വിശേഷിച്ചവനമലകുലാ-
ചാരചാരുപ്രശസ്തേ-
രാധിക്യം പൂണ്ട ജായാ ഭവതി കുലവതീ
സോദരീയം മനോജ്ഞാ. 45

കൂട്ടാക്കാതേ മദീയം വചനമിതു ബലാൽ-
ക്കാരമിപ്പോളൊരുത്തൻ
കാട്ടുന്നോനാകിൽ വാച്ചും നിജഭുജബലഗ-
ർവ്വേണ ദുർവ്വൈരശാലീ
കേട്ടാലുന്തന്നെ ഞാന്താനതിരഭസമവ-
ന്താനൊടുങ്ങേണമിന്നെ-
ന്നച്ചന്താനാണ നൂനം ദ്രുപദതനയന-
ല്ലേവമല്ലാസ്സിലിഞ്ഞാൻ.'' 46

---

സമൂഹത്തിൽ. മാനശാലീ=മാനംകൊണ്ടു് ശോഭിക്കുന്നവൻ (മാനി). ചോതിക്കേണ്ട=ചോദിക്കേണ്ടാ. അവനു്=അവന്നു്. അമല....പ്രശസ്തേഃ=അമലം (നിർമ്മലം)ആയ കുലംകൊണ്ടും ആചാരംകൊണ്ടും ചാരു (മനോഹരം) ആയ പ്രശസ്തി (യോഗ്യത)യോടുകൂടിയ (അവനു് എന്നതിൻെറ വിശേഷണം). ആധിക്യം=ഗുണാധിക്യം. ജായാ=ഭാര്യ. ഭവതി=ഭവിക്കുന്നു. കുലവതീ=പ്രശസ്തമായ കുലത്തോടുകൂടിയ. സോദരീഇയം=ഈ സഹോദരി. മനോജ്ഞാ=രമണീയ. ഭവാന്മാരുടെ കൂട്ടത്തിൽ ആരാണോ ഈ വില്ലു കുലച്ചു് ഈ ബാണങ്ങൾകൊണ്ടു് ഈ ലാക്കെയ്തു മുറിക്കുന്നതു്, കുലാചാരശീലനായ അവന്നു് എൻെറ ഈ സോദരി, ചോദിക്കാതെതന്നെ, ഭാര്യയാകുന്നതാണു്. 'ഭവതി' എന്ന വർത്തമാനകാലം വർത്തമാനസാമീപ്യത്തെക്കാണിക്കുന്നു. ഉടനെ ഭവിക്കുകയായി എന്നു താല്പര്യം. ''അമല....പ്രശസ്തേഃ'' എന്ന വിശേഷണം കുലാചാരഹീനന്മാരായവരെ വാരണംചെയ്യുന്നതിനാകുന്നു. ഇപ്രകാരമുള്ള വിശേഷണം മഹാഭാരതം മൂലത്തിലുമുണ്ടു്.

46. കൂട്ടാക്കാതേ=കണക്കാക്കാതേ. മദീയം=എന്നെസ്സംബന്ധിച്ച (എൻെറ). വചനമിതു്=ഈ വാക്കു് (കൂട്ടാക്കാതെ എന്നതിനോടു യോജന). ബലാല്ക്കാരം=കയ്യേററം. കാട്ടുന്നോനാകിൽ=കാട്ടിയാൽ. വാച്ചും....ഗർവ്വേണ=വാച്ചുന്ന നിജഭുജബലം (തൻെറ കയ്യൂക്കു്)

ഇതി പ്രഗത്ഭം പുരതോ നൃപാണാ–
മതിസ്ഫുടം വാക്യമുദീര്യ ധീമാൻ
അടുത്തു ചെന്നാത്മസഹോദരീന്താം
തുടൎത്ത വാത്സല്യവശേന ചൊന്നാൻ. 47

''കല്യാണി! കാണിമ്മണിമഞ്ചസംസ്ഥാൻ
കല്യാനൊരോരോ നരപാലവീരാൻ
ചൊല്ലാൎന്ന ശൗൎയ്യാദിഗുണപ്രഭാവൈ–
രെല്ലാരുമത്യത്ഭുതമൎച്ച്യനീയാഃ. 48

---

കൊണ്ടുള്ള ഗൎവ്വത്താൽ. ദുവ്വൈരശാലീ=ദുഷിച്ച വൈരത്തോടു കൂടിയവൻ. കേട്ടാലുംതന്നെ=നിശ്ചയമായും കേൾക്കണം. അതിരഭസം=അതിവേഗത്തിൽ. നൂനം=നിശ്ചയം. ദ്രുപദതനയൻ=ദ്രുപദപുത്രൻ. ഭുജബലംകൊണ്ടു ഗൎവ്വിച്ച് വൈരംകലൎന്ന് എന്റെ വാക്കു വിലവെക്കാതെ ഒരുവൻ ബലാൽക്കാരം കാട്ടിയാൽ അവനോ ഞാനോ ഇന്നു തന്നെ നശിക്കണം. അവനെ ഞാൻ നിഗ്രഹിക്കുമെന്നു സാരം.

47. ഇതി=ഇപ്രകാരം. പ്രഗല്ഭം=പ്രൌഢമാകുംവണ്ണം (ക്രി. വി.) പുരതഃ=മുമ്പിൽ. നൃപാണാം=രാജാക്കന്മാരുടെ. അതിസ്ഫുടം= ഏററവും സ്പഷ്ടം. വാക്യം=വചനത്തെ. ഉദീൎയ്യ=പറഞ്ഞിട്ട്. ആത്മസഹോദരീം താം=തന്റെ സഹോദരിയായ അവളോട്. തുടൎത്ത= ബന്ധിച്ച. വാത്സല്യവശേന=വാത്സല്യത്തിന്റെ വശത്താൽ (ആധീനത്താൽ). ധൃഷ്ടദ്യുമ്നൻ രാജാക്കന്മാരുടെ മുമ്പിൽ ഇപ്രകാരം സ്പഷ്ടമായിപ്പറഞ്ഞിട്ട് വാത്സല്യത്തോടെ പാഞ്ചാലിയോടിങ്ങനെ പറഞ്ഞു. ഉപേന്ദ്ര വജ്രാവൃത്തം. ''ഉപേന്ദ്രവജ്രയ്ക്കു ജതം ജഗം ഗം.''

48. കല്യാണി=മംഗളരൂപിണി! ഇമ്മണിമഞ്ചസംസ്ഥാൻ= ഈ രത്നമഞ്ചങ്ങളിലിരിക്കുന്ന. കല്യാൻ=കല്യന്മാർ (കുശലന്മാർ)ആയ. നരപാലവീരാൻ=രാജവീരന്മാരെ. ശൗൎയ്യാ....പ്രഭാവൈഃ=ശൗൎയ്യം തുടങ്ങിയ ഗുണങ്ങളുടെ പ്രഭാവങ്ങളാൽ. അത്യത്ഭുതം=(ക്രി.വി.) ഏററവും അത്ഭുതമാകുംവണ്ണം. അൎച്ച്യനീയാഃ=അൎച്ചിക്ക (പൂജിക്ക)പ്പെടുവാൻ യോഗ്യന്മാരാകുന്നു. സാരം സ്പഷ്ടം

ഇവരിലൊരുവനേവൻ വന്നെടുത്തശ്രമം കോം
ധനുരിദമയി! സജ്യം കല്പയൻ ദ്രപ്യദാത്മാ
ദലയതി പുനരേതൈഃ സായകൈരദ്യ ലക്ഷം
വരയ വരഗുണന്തം മാലയാ ബാലികേ! നീ.'' 49

കല്യാണീമുപദിശ്യ സാദരമിവ–
ണ്ണും നിൎത്തിയുംവെച്ചസൗ
മെല്ലേ മൂടുപടം ബലാലുടനെടു–
ത്തുംകൊണ്ടു പിൻവാങ്ങിനാൻ
ഉല്ലാസം പെറുമിന്ദുമണ്ഡലമുദി–
ക്കുന്നേരമംഭോനിധൗ
കല്ലോലപ്പരിചാബഭൂവ സഹസാ
രംഗേ നൃപാണാം ഗണം. 50

---

49. ഒരുവനേവൻ=ഏവനൊരുത്തൻ. അശ്രമം=(ക്രി. വി.)ശ്രമം കൂടാതെ. ധനുരിദം=ഈ ധനുസ്സിനെ (വില്ലിനെ). അയി=അല്ലയോ. സജ്യം=സജ്യം(ജ്യയോടു്=ഞാണിനോടു ചേൎന്നതു്)ആക്കി. കല്പയൻ=കല്പിക്കുന്നവൻ (ചെയ്യുന്നവൻ) ആയിട്ടു്. ദലയതി=ദലനം (ഛേദനം) ചെയ്യുന്നു. പുനഃ=പിന്നെ. ഏതൈഃ സായകൈഃ=ഈ സായകങ്ങൾ(ശരങ്ങൾ)കൊണ്ടു്. അദ്യ=ഇന്നു്. ലക്ഷം=ലാക്കിനെ (ദലനക്രിയയുടെ കൎമ്മം). വരയ=വരിച്ചാലും. വരഗുണം=വരങ്ങൾ (ശ്രേഷ്ഠങ്ങൾ)ആയ ഗുണങ്ങളോടു കൂടിയ. തം=അവനെ. മാലയാ=മാലകൊണ്ടു് (വരയ എന്നതിനോടു യോജന.) ബാലികേ=ബാലേ! ഇവരിൽ ആരാണോ ഈ വില്ലു കുലയേററി ഈ ശരങ്ങളെക്കൊണ്ടു് ഈ ലാക്കു മുറിക്കുന്നതു് അവനെ നീ മാലയിട്ടു വരിച്ചാലും.

50. കല്യാണീം=കല്യാണിയെ. ഉപദിശ്യ=ഉപദേശിച്ചിട്ടു്. സാദരം (ക്രി. വി.)=ആദരത്തോടുകൂടി. നിൎത്തിയുംവെച്ചു്=നിറുത്തീട്ടു്. അസൌ=ഇവൻ (ധൃഷ്ടദ്യുമ്നൻ). ബലാൽ=പെട്ടെന്നു്. ഇന്ദുമണ്ഡലം=ചന്ദ്രബിംബം. അംഭോനിധൗ=സമുദ്രത്തിൽ. കല്ലോലപ്പരിചു്=കല്ലോലങ്ങൾ(തിരകൾ)പോലെ. ആബഭൂവ=ഭവിച്ചു. സഹസാ=

ആശ്ചര്യം കാങ്ക ബാലാരുണനികരമുദി-
ക്കുന്നിതെന്നേവമേകേ
വാച്ചീടും ചാരു മിന്നൽപിണർവടിവിദമു-
ല്ലാസമോടെന്നുമന്യേ
പ്രാജ്യശ്രീസമ്പദാ നിണ്ണയമിയമബലാ-
മാലികാ മാന്മഥീ സാ-
മ്രാജ്യശ്രീരേവ കൃഷ്ണാ നിയതമിതി നൃപാഃ
സംബഭ്രുവുഃ പ്രമൂഢാഃ. 51

''അയ്യേ കണ്ണിന്നു മറെറന്തിഹ ജഗതി നൃണാ-
മുത്സവം വിശ്വചക്രം

---

പെട്ടെന്നു്. രംഗേ=രംഗത്തിൽ. നൃപാണാം=രാജാക്കന്മാരുടെ. ഗണം= സമൂഹം. ഇങ്ങനെ പാഞ്ചാലിയോടുപദേശിച്ച നിറുത്തി ധൃഷ്ടദ്യു മ്നൻ അവളുടെ മൂടുപടം നീക്കി. ആ സമയത്തു് രാജാക്കന്മാരെല്ലാം ചന്ദ്രോദയത്തിൽ തിരമാലകൾ പോലെയായിത്തീൎന്നു. ഇളകിവശാ യി എന്നു ഭാവം. ഉപമാലങ്കാരം.

51. ബാലാരുണനികരം=ബാലാരുണ (ബാലസൂര്യ) സമൂഹം. എന്നേവം=എന്നിങ്ങനെ. ഏകേ=ചിലർ. അന്യേ=മററു ചിലർ. പ്രാജ്യശ്രീസമ്പദാ=പ്രാജ്യയായ (വദ്ധിച്ച) ശ്രീയുടെ സമ്പത്തു് (സമൃ ദ്ധി)കൊണ്ടു്. ഇയം=ഈ. അബലാമാലികാ=അബലമാക്കു് (സുന്ദ രിമാക്കു) മാലികാ (മുടിമാല). മാന്മഥീ=മന്മഥനെ (കാമനെ)സംബ ന്ധിച്ച. സാമ്രാജ്യശ്രീഃ=രാജ്യലക്ഷ്മി. ഏവ=തന്നെ. കൃഷ്ണാ=പാഞ്ചാ ലി. നിയതം=നിശ്ചയം. ഇതി=എന്നു്. നൃപാഃ=രാജാക്കന്മാർ. സംബഭ്രുവുഃ=സംഭവിച്ച. പ്രമൂഢാഃ=ഏററവും മോഹിച്ചവർ(മതിമറന്ന വർ) ആയിട്ടു്. വളരെ ബാലസൂര്യന്മാർ ഉദിക്കയാണോ എന്നു ചി ലർ. മിന്നൽപ്പിണർ മിന്നുകയാണോ എന്നു ചിലർ. ഇങ്ങനെ രാജാ ക്കന്മാർ കാമദേവൻെറ രാജ്യലക്ഷ്മി തന്നെയാണു് പാഞ്ചാലി എന്നു വിചാരിച്ചു ഭ്രമിച്ചവശായി.

52. ജഗതി=ലോകത്തിൽ. നൃണാം=മനുഷ്യക്കു്. വിശ്വച ക്രം=ഭുവനമണ്ഡലം. അലർശരനു്=പൂവമ്പനു്. ഏഷാ=ഈ. സു യാഷാമതല്ലീ=സുന്ദരീമണി. മെയ്യേ=സത്യമായും. താത്തയ്യല്ലാം=

കയ്യേറിക്കൊണ്ടടക്കും ദൃഢമലർശരനേ-
ഷാ സുയോഷാമതല്ലീ
മെയ്യേ താർത്തയ്യലാംതാനചലതനയതാ-
നത്ര കൃഷ്ണേതി നാമ്നാ
പയ്യേ പാഞ്ചാലരാജാന്വയതിലകതയാ
പോന്നു ജാതൈവ നൂനം. 52

ചിത്രഞ്ചിത്രം ക്ഷിതിതലഗതാ
സ്ഥായിനീ കാപി വിദ്യു-
ത്തസ്യാശ്ചാഗ്രേ തിമിരഭരഭൃൽ
പാർവ്വണഞ്ചന്ദ്രബിംബം
തസ്മിൻ ബിംബേ കുവലയയുഗം
വിദ്രുമസ്തത്സമീപേ
തസ്യാധസ്താൽ കനകകലശൗ
നൈവ കിഞ്ചിത്തതോധഃ 53

---

ശ്രീഭഗവതി. അചലതനയ=ശ്രീപാർവ്വതി. കൃഷ്ണേതിനാമ്നാ=കൃഷ്ണ എന്ന പേരോടെ. പാഞ്ചാ....തയാ=പാഞ്ചാലരാജൻെറ അന്വയ (വംശം)ത്തിന്നു് തിലകമെന്ന നിലയിൽ. ജാതൈവ=ജനിച്ചതന്നെ. ഈ സുന്ദരീമണി കാമദേവന്നു വിശ്വംമുഴുവൻ കീഴടക്കിക്കൊടുക്കും. ശ്രീഭഗവതിയോ ശ്രീപാർവ്വതിയോ തന്നെ പാഞ്ചാലരാജവംശത്തിന്നു തിലകമായി പിറന്നതാണു് ഇവരം.

53. ഇനി അഞ്ചുശ്ലോകവും ഒരു ദണ്ഡകവുംകൊണ്ടു പാഞ്ചാലിയെ വർണ്ണിക്കുന്നു:—ചിത്രം ചിത്രം=ആശ്ചര്യമാശ്ചര്യം. ക്ഷിതിതലഗതാ=ക്ഷിതിതലത്തെ (ഭൂതലത്തെ) പ്രാപിച്ച. സ്ഥായിനീ=സ്ഥിരയായ (ഇളക്കമില്ലാത്ത). കാപി=ഒരു. വിദ്യൂൽ=മിന്നൽപ്പിണർ. തസ്യാഃ=അതിൻെറ. അഗ്രേ=അഗ്രത്തിൽ തിമിരഭർഭൃൽ= തിമിരഭരത്തെ (ഇരുൾനിരയെ) ഭരിക്കുന്ന. പാർവ്വണം=പർവ്വത്തിൽ (പൂർണ്ണിമയിൽ) ഉള്ള. ചന്ദ്രബിംബം=ചന്ദ്രമണ്ഡലം. തസ്മിൻബിംബേ=ആ

സീമാ സരോരുഹഭവഃ കരകൗശലാനാ-
മാകഷ്ണാത്ഭുതമഹൗഷധമിന്ദ്രിയാണാം
സാമ്രാജ്യസമ്പദധിദൈവതമംഗയോനേഃ
സ്ത്രീരത്നമേതദിഹ തിഷ്ഠതി വിശ്വരമ്യം 54

---

ബിംബത്തിൽ. കുവലയയുഗം=രണ്ടു കരിങ്കുവളപ്പൂക്കരം. വിദ്രുമഃ= പവിഴം. തത്സമീപേ=അവയുടെ സമീപത്തിൽ. തസ്യ=അതിൻെറ (വിദ്രുമത്തിൻെറ). അധസ്താൽ=ചുവട്ടിൽ. കനകകലശൗ=രണ്ടു സ്വ ൎണ്ണക്കുടങ്ങരം. നൈവ=ഇല്ലതന്നെ. കിഞ്ചിൽ=ഒന്നും. തതോധഃ=അവി ടെ നിന്നു കീഴിൽ. ഭൂമിയിൽ ഇളക്കമില്ലാത്തതായ ഒരു മിന്നൽപ്പി ണർ. അതിൻെറ തലയ്ക്കൽ ഇരുട്ടിനെ ചുമന്നുംകൊണ്ടൊരു പൂൎണ്ണചന്ദ്ര ബിംബം. ആ ബിംബത്തിന്മേൽ രണ്ടു കരിങ്കുവളപ്പൂക്കരം. അതിന്ന രികിൽ പവിഴമണി. അതിൻെറ താഴെ രണ്ടു പൊൻകുടങ്ങരം. അ തിന്നുതാഴെ ഒന്നുമില്ല. ഇതു വലിയ ആശ്ചര്യംതന്നെ. ഇതിൽ പാ ഞ്ചാലിയെ മിന്നൽപ്പിണരായും, മുഖത്തെ ചന്ദ്രബിംബമായും, മുടി യെ ഇരുട്ടായും, മിഴികളെ കുവലയപ്പൂക്കളായും, അധരത്തെ പവിഴ മായും, സ്തനങ്ങളെ പൊൻകുടങ്ങളായും, നാഭിയെ ശൂന്യതയായും രൂപണംചെയ്തിരിക്കുന്നു. വിഷയങ്ങളായ പാഞ്ചാലി, മുഖം, മുടി ഇത്യാദികളെ വാക്കുകൊണ്ടു പറയാതെ നിഗരണംചെയ്ത് വിഷയി കളായ വിദ്യുദാദികളായി അദ്ധ്യവസാനം ചെയ്തിരിക്കകൊണ്ട് രൂ പകാതിശയോക്തി അലങ്കാരം. വിദ്യുത്തിന്നു് സ്ഥായിത്വം, ക്ഷിതി തലഗതത്വം എന്നിവയും ചന്ദ്രമണ്ഡലത്തിന്നു് തിമിരഭരണവുമെന്ന വിശേഷം പറഞ്ഞിരിക്കയാൽ വ്യതിരേകവും. മന്ദാക്രാന്താവൃത്തം. ''മന്ദാക്രാന്താ മഭനതതഗം നാലുമാറേഴുമായ്ഗം.''

54. സീമാ=അതിരു്. സരോരുഹഭവഃ=സരോരുഹത്തിൽ(താമ രയിൽ)നിന്നുണ്ടായവൻെറ, അതായതു് ബ്രഹ്മാവിൻെറ. കരകൗശ ലാനാം=കൈവിരുതുകളുടെ. ആക....ഷധം=ആകഷ്ണത്തിന്നുള്ള അത്ഭുതമായ മഹൗഷധം (സിദ്ധൗഷധം). ഇന്ദ്രിയാണാം=ഇന്ദ്രിയ ങ്ങളുടെ. സാമ്രാ....വതം=സാമ്രാജ്യസമ്പത്തിൻെറ (മഹാരാജത്വമ ഹൈശ്വര്യത്തിൻെറ) അധിദൈവതം (അധിഷ്ഠാനദേവത). അംഗ യോനേഃ=അംഗത്തിൽനിന്നു ജനിച്ചവൻെറ (കാമൻെറ). സ്ത്രീരത്നം ഏതൽ=ഈ സ്ത്രീരത്നം. ഇഹ=ഇവിടെ. തിഷ്ഠതി=നില്ക്കുന്നു. വിശ്വ

സ്നിഗ്ദ്ധേന്ദ്രോപലസുന്ദരഃ കചഭരോ
വക്ത്രം സഗോത്രം വിധോ-
ർവ്വക്ഷോജൗ മണികുംഭഡംബരമുഷൗ
മദ്ധ്യോസ്തി വാ നാസ്തി വാ
ശ്രോണീമണ്ഡലമൂരുദ്വഹമഹോ
ശോണാബ്ജതുല്യേ പദേ
മന്യേ മഞ്ജുഗിരോ മരാളമഹിളാ-
ദ്ധ്യേയോ ഗതേർവ്വിഭ്രമഃ 55

---

രമ്യം=വിശ്വത്തിൽവെച്ച രമണീയം. ഈ സ്ത്രീരത്നം ബ്രഹ്മാവിൻെറ ശില്പസാമർത്ഥ്യത്തിൻെറ അതിർത്തിയും, ഇന്ദ്രിയങ്ങളെ വശീകരിക്കുന്നതിനുള്ള സിദ്ധൗഷധവും, കാമസാമ്രാജ്യത്തിൻെറ അധിദേവതയുമാകുന്നു. അലങ്കാരം രൂപകം.

55. സ്നിഗ്ദ്ധേ....ന്ദരഃ=സ്നിഗ്ദ്ധമായ ഇന്ദ്രോപലം (ഇന്ദ്രനീലക്കല്ല്) പോലെ സുന്ദരം. കചഭരഃ=കചങ്ങളുടെ (മുടിയുടെ) ഭാരം. വക്ത്രം=മുഖം. സഗോത്രം=സമാനമായ ഗോത്രത്തോടുകൂടിയതു് (ഒരേ ഗോത്രത്തിൽപ്പെട്ടതു്; തുല്യമെന്നർത്ഥം). വിധോഃ=വിധുവിൻെറ (ചന്ദ്രൻെറ). വക്ഷോജൗ=വക്ഷസ്സിൽ (മാറിൽ) ജനിച്ചവ, സ്തനങ്ങൾ. മണി....മുഷൗ=മണികുംഭങ്ങളുടെ (രത്നക്കുടങ്ങളുടെ) ഡംബരത്തെ (ശോഭാതിശയത്തെ) മോഷണം ചെയ്യുന്നവ. മദ്ധ്യഃ=മദ്ധ്യപ്രദേശം. അസ്തിവാനാസ്തിവാ=ഉണ്ടോ ഇല്ലയോ? ശ്രോണീമണ്ഡലം=നിതംബബിംബം. ഊരുദ്വഹം=ഊരുക്കൾ (തുടകൾ)ക്കു് ദുർവ്വഹം (ചുമക്കാൻ വയ്യാത്തതു്). അഹോ=ആശ്ചര്യം. ശോണാബ്ജതുല്യേ=ശോണാബ്ജങ്ങളോടു് (ചെന്താമരപ്പൂക്കളോടു്) തുല്യങ്ങൾ. പദേ=പദങ്ങൾ (കാലടികൾ). മന്യേ=ഞാൻ വിചാരിക്കുന്നു. മഞ്ജുഗിരഃ=മഞ്ജുവായ ഗീരു(വാക്കു്) ള്ളവളുടെ; മധുരവാണിയുടെ. മരാള....ദ്ധ്യേയഃ= മരാളമഹിളകളാൽ (ഹംസപ്പേടകളാൽ) അധ്യയനംചെയ്യ (പഠിക്ക)പ്പെടുവാൻ യോഗ്യം. ഗതേഃ=ഗതി (നട)യുടെ. വിഭ്രമഃ=വിഭ്രമം (ഭംഗി). ഈ സുന്ദരിയുടെ മുടിക്കെട്ടു് സ്നിഗ്ദ്ധതയുള്ള ഇന്ദ്രനീലക്കല്ലു് പോലെ സുന്ദരം; മുഖം ചന്ദ്രതുല്യം; സ്തനങ്ങൾ മണികുംഭങ്ങളോടു കിടപിടിക്കുന്നവ; മദ്ധ്യം ഉണ്ടോ ഇല്ലയോ ആവോ; അരക്കെട്ടു് തുട

അസ്യാസ്സഗ്ഗ്വിധൗ പ്രജാപതിരഭൂ-
ച്ചന്ദ്രോ നു കാന്തപ്രഭഃ
ശൃംഗാരൈകരസഃ സ്വയം നു മദനോ
മാസോ നു പുഷ്പാകരഃ
വേദാഭ്യാസജളഃ കഥം സ വിഷയ-
വ്യാവൃത്തകൗതുഹലോ
നിമ്മാതും പ്രഭവേന്മനോഹരമിദം
രൂപം പുരാണോ മുനിഃ 56

---

കാരംക്കെട്ടപ്പാൻ വയ്യാത്തതു്; കാലടികരം ചെന്താമരപ്പൂക്കരംപോലെ; ഗമനഭംഗി അന്നപ്പിടകരം കണ്ടുപഠിക്കേണ്ടതാണെന്നു തോന്നും. ഉപമയും ഉൽപ്രേക്ഷയും അലങ്കാരങ്ങരം.

56. അസ്യാഃ=ഇവളുടെ. സഗ്ഗവിധൗ=സൃഷ്ടികമ്മത്തിൽ. പ്രജാപതിഃ അഭൂൽ=ബ്രഹ്മാവു് (സൃഷ്ടികത്താവു്) ആയിബ്ഭവിച്ചു. ചന്ദ്രോനു=ചന്ദ്രനോ. കാന്തപ്രഭഃ=കാന്ത (മനോഹര)യായ പ്രഭയോടുകൂടിയ (ചന്ദ്രവിശേഷണം). ശൃംഗാരൈകരസഃ=ശൃംഗാരമാകുന്ന ഏക (മുഖ്യം) രസത്തോടുകൂടിയ (മദനവിശേഷണം). സ്വയം നു=താൻ തന്നെയോ. മദനഃ=കാമദേവൻ. മാസഃ നു=മാസമോ. പുഷ്പാകരഃ=പുഷ്പങ്ങരംക്കു് ആകരം (ഉത്ഭവസ്ഥാനം)ആയ എന്നു മാസവിശേഷണം. വേദാഭ്യാസജളഃ=വേദാഭ്യാസം (ഓത്തുരുവിടൽ)കൊണ്ടു ജളൻ(മന്ദൻ) ആയ (മുനിയുടെ വിശേഷണം). കഥംനു=എങ്ങനെ. വിഷയവ്യാവൃത്തകൗതുഹലഃ=വിഷയങ്ങളിൽനിന്നു് കൗതുകം പിന്തിരിഞ്ഞവൻ ആയ(മുനി വിശേഷണം). നിമ്മാതും=നിമ്മിപ്പാൻ. പ്രഭവേൽ=ശക്തനാകും. മനോഹരം=മനോഹരമായ. ഇദം രൂപം=ഈ രൂപത്തെ. പുരാണഃ മുനിഃ=പുരാണൻ (പഴമക്കാരൻ)ആയ മുനി അതായതു് ബ്രഹ്മാവു്. ഇവളുടെ സൃഷ്ടിയാൽ സൃഷ്ടികത്താവായിരുന്നതു ചന്ദ്രനോ, കാമദേവനോ, വസന്തമോ ആയിരുന്നിരിക്കണം. അല്ലാതെ, ഓത്തുരുവിട്ടു മരവിച്ചു് വിഷയകൗതുകം തീരെ ഇല്ലാത്ത ആ പഴമക്കാരൻ മുനി രമണീയമായ ഈ രൂപം നിമ്മിപ്പാൻ എങ്ങനെ ശക്തനാകും? ഇതിൽ രൂപത്തിന്നു പുരാണ പ്രജാപതിനിമ്മാണസംബന്ധമുണ്ടെ

വിധായ ശ്വേതാംശും കമലവസതിർഗ്ഗാളനപടം
തതഃ സ്വച്ഛീഭൂതപ്രചുരതരലാവണ്യസുധയാ
വിശാലാക്ഷീമേനാമസൃജദത ഏവാമൃതകരേ
കളങ്കവ്യാജേന സ്ഫുരതി മലജാലവ്യതികരഃ 57

ദണ്ഡകം:—ചൊല്ലാവതോ ചുഴലമുല്ലാസകാന്തിഭര കല്ലോലമാല ചിതറുന്നൂ, ചുരുളുമിരുണ്ടകേശം ചുളുകിത

---

ങ്കിലും അതില്ലെന്നു പറഞ്ഞിരിക്കയാൽ സംബന്ധത്തിൽ അസംബന്ധമെന്ന അതിശയോക്തി അലങ്കാരം.

57. വിധായ=സൃഷ്ടിച്ചിട്ടു്. ശ്വേതാംശും=ചന്ദ്രനെ. കമലവസതിഃ=താമരപ്പൂവിൽ വസിക്കുന്നവൻ (ബ്രഹ്മാവു്). ഗാളനപടം=ഗാളനത്തിന്നു്(അരിക്കുന്നതിന്നു്)ഉള്ള വസ്ത്രം. തതഃ=അതിൽനിന്നു്. സ്വച്ഛീ....സുധയാ=സ്വച്ഛീഭൂതം (നിർമ്മലമായി ഭവിച്ചതു്)ആയി പ്രചുരതരം (ഏററവും വർദ്ധിച്ചതു്) ആയിരിക്കുന്ന ലാവണ്യമാകുന്ന സുധ (അമൃതം)കൊണ്ടു്. വിശാലാക്ഷീം ഏനാം=വിശാലാക്ഷി(വിരിഞ്ഞ കണ്ണുകളുള്ളാൾ, സുന്ദരി) ആയ ഇവളെ. അസൃജൽ=സൃഷ്ടിച്ചു. അതഃ ഏവ=അതിനാൽ തന്നെ. അമൃതകരേ=അമൃതരശ്മിയിൽ (ചന്ദ്രനിൽ). കളങ്കവ്യാജേന=കളങ്കമെന്ന വ്യാജത്താൽ. സ്ഫുരതി=പ്രകാശിക്കുന്നു. മലജാലവ്യതികരഃ=മലജാലത്തിൻെറ (മലസമൂഹത്തിൻെറ) വ്യതികരം (സംബന്ധം). ബ്രഹ്മാവു് ചന്ദ്രനെ അരിപ്പുവസ്ത്രമാക്കി അതിൽ ലാവണ്യാമൃതം അരിച്ചു്, അതിൽനിന്നു തെളിഞ്ഞുകിട്ടിയ ലാവണ്യസ്സത്തുകൊണ്ടാണു് ഈ സുന്ദരിയെ സൃഷ്ടിച്ചതു്. അതുകൊണ്ടാണു് ചന്ദ്രനിൽ കളങ്കമെന്ന വ്യാജേന മാലിന്യം പററിക്കാണുന്നതു്. ഇതിൽ ഗാളനക്രിയയുടെ അസംബന്ധത്തിൽ സംബന്ധത്തെപ്പറഞ്ഞിരിക്കയാൽ അസംബന്ധത്തിൽ സംബന്ധമെന്ന അതിശയോക്തി. കളങ്കത്തെ വ്യാജപദംകൊണ്ടു് അപഹ്നവം ചെയ്തിരിക്കയാൽ അതു് അപഹ്നവഗർഭം. ശിഖരിണീവൃത്തം. ''യതിക്കാറിൽ തട്ടും യമനസഭലംഗം ശിഖരിണീ.''

ദണ്ഡകം:—ഉല്ലാസ....മാല=ഉല്ലസിക്കുന്നതായ കാന്തിഭരത്തിൻെറ (ഉൽകൃഷ്ടകാന്തിയുടെ) തിരമാല. ചുരുളുമിരുണ്ടകേശം=ചുരുണ്ടു് ഇരു

ഘനാശം സ്സുരിതരുചി കുറുനിരയുമതിലളിതമൊളിതി രളുമളികളഭപടലികാനികാശം. മല്ലാർകലേശകലവെല്ലും നിടാലമലർവില്ലോടു തല്ലുമണിചില്ലീ, മഴറുമിളമാനും ക ലിതധൃതി മീനും മലർവിശിഖശരവുമൊരു മദമുലയുമണി മിഴികളൊടു കരുതുമളവിലിതു നൂനം. മല്ലീമലർ പ്രതിമമ ല്ലോ മൃദുസ്മിതമതെല്ലാം മറക്കുമിതു കണ്ടാൽ, അധരമണി

---

ട്ടുപോലെയുള്ള (കറുത്ത തലമുടി). ചുളുകിതഘനാശം=ഘന (മേഘ) ത്തിന്റെ ആശയെ (കേശത്തോടു കിടനില്പ്പാനുള്ള ഇച്ഛയെ) ചുളു കീകരിച്ചതു് (നശിപ്പിച്ചതു്). ഇതു് കേശവിശേഷണം. സ്സുരി തരുചി=സ്സുരിച്ച (പ്രകാശിച്ച) രുചി(ശോഭ)യോടു കൂടിയ. കുറു നിര=കുറുനിര. അതിലളിതം=അതിമനോഹരം. ഒളി....നികാശം= ഒളി (കാന്തി) തിരളുന്ന (വദ്ധിക്കുന്ന) അളികളഭങ്ങളുടെ (വണ്ടിൻ കുട്ടികളുടെ?)പടലികളോടു് (സമൂഹങ്ങളോടു്) തുല്യം. മല്ലാർ....നി ടാലം=മനോഹരമായ കലേശകലയെ (ചന്ദ്രക്കലയെ) വെല്ലുന്ന നി ടാലം (നെററിത്തടം). അലർ....ചില്ലീ=അലർ വില്ലിനോടു്(കുസുമ ചാപത്തോടു്; കാമന്റെ വില്ലിനോടു്)തല്ലുന്ന അതായതു് കാമചാ പതുല്യമായ അണിചില്ലി(ഭംഗിയുള്ള പുരികക്കൊടി).മഴറുമിളമാൻ= മഴറുന്ന(ഭയപ്പെടുന്ന) ഇളയമാൻ. കലിതധൃതി=കലിത(കൃത)യായ ധൃതിയോടു് (ധൈര്യത്തോടു്) കൂടിയ, അതായതു് തന്നെജ്ജയിപ്പാ നാരുമില്ലെന്നുകരുതി ധൈര്യപ്പെട്ടിരിക്കുന്ന. മീൻ=മത്സ്യം. മലർ വിശിഖശരം=മലർ (പുഷ്പം) ആകുന്ന വിശിഖത്തോടു് (ബാണ ത്തോടു്) കൂടിയവന്റെ അതായതു് കാമദേവന്റെ ശരം. മദമുലയും= മദം (ഗവ്വം) ഉലയും (ഇല്ലാതാകും). അണി മിഴികളൊടു=ഭംഗിയുള്ള ക ണ്ണുകളോടു്. കരുതുമളവിൽ=വിചാരിക്കുമ്പോൾ. നൂനം=നിശ്ചയം. കണ്ണുകളോടു തുല്യത വിചാരിക്കുമ്പോൾ മാനും, മീനും, കാമശരവും മദമടങ്ങി വലയുമെന്നത്ഥം. മല്ലീമലർപ്രതിമം=മല്ലീമലരിനോടു് (മല്ലികപ്പൂവിനോടു്) പ്രതിമ(സാദൃശ്യം) ഉള്ളതു്. മൃദുസ്മിതം=മൃദുവാ യ പുഞ്ചിരി: അതെല്ലാം....കണ്ടാൽ=പുഞ്ചിരി കണ്ടാൽ മല്ലീമല രിന്റെ കഥ തന്നെ മറക്കും. അധരമണി=അധരരത്നം (അതിരമ്യ മായ അധരം). സാരം=ശ്രേഷ്ഠം. ജന....ചോരം=ജനങ്ങളുടെ ഹൃദ

സാരം ജനഹൃദയചോരം കുളർമതിയുമതി വികചസരസിജവുമടിമപെടുമണിവദനമനുപമമുദാരം. അല്ലേ മുലക്കലശമെല്ലായിലും നയനകല്യാണമായതു നരാണാം, കൊടിനടുവു മിന്നൽക്കൊടിയൊളമധീരം പൃഥുലമണിരഥതുലിതമണിജഘനമിളയ തളിരരുണമിതു ചരണമഭിരാമം.''

ഇത്ഥം പേർത്തും പുകണ്ണും നിജനയനപുടം-
കൊണ്ടു പൂർണ്ണാനുരാഗം
പ്രത്യംഗം പാർത്തു രൂപാമൃതമതനു നുക-
ന്നും കലർന്നും വിമോഹം

യത്തെ ചോരണം ചെയ്യുന്നതു് (കവരുന്നതു്). കുളർമതി=കുളർമയുള്ള ചന്ദ്രൻ. അതി....സിജം=അതിവികചമായ(ഏററവും വിരിഞ്ഞ)സരസിജം (താമരപ്പൂവു്). അണിവദനം=മനോഹരമായ മുഖം. ഉദാരം=ഉൽകൃഷ്ടം. മുഖം ചന്ദ്രനെക്കാളും താമരപ്പൂവിനേക്കാളും ഭംഗിയുള്ളതാണെന്നു സാരം. അല്ലേ=അതുമല്ല. മുലക്കലശം=കലശം (കുടം) പോലെയുള്ള സ്തനം. എല്ലായിലും=എല്ലാററിലും വച്ചു്. നയനകല്യാണം=നയനങ്ങരം (കണ്ണുകരം)ക്കു് കല്യാണം(മംഗളവസ്തു). കണ്ണുകരംക്കു കാണേണ്ടതായ മംഗല്യപദാത്ഥമെന്നു സാരം. നരാണാം=പുരുഷന്മാക്കു്. കൊടിനടുവു്=കൊടി(ലത)പോലെ കൃശമായ മദ്ധ്യം. മിന്നൽക്കൊടിയൊളം=മിന്നൽപ്പിണരിനോളം. അധീരം=അസ്ഥിരം (ക്ഷണത്തിൽ മറിഞ്ഞുപോകുന്നതു്). പൃഥുല....—ലിതം=പൃഥുലമായ (വിസ്താരമുള്ള) മണിരഥത്തോടു് (രത്നമയമായ തേരിനോടു്) തുലിതം (സാദൃശ്യമുള്ളതു്). അണിജഘനം=മനോഹരമായ ജഘനം (അരക്കെട്ടിൻെറ പൂവ്വഭാഗം). ജഘനപ്രദേശം മണിത്തേരിനോടു് തുല്യമാകുന്നു. ഇളയതളിരരുണം=ഇളയ തളിരുപോലെ അരുണം (ചുവന്നതു്). ചരണം=കാൽ. അഭിരാമം=മനോഹരം. ഈ ദണ്ഡകത്തിൽ പാഞ്ചാലിയുടെ അംഗത്തെ കേശാദിപാദാന്തമായി വണ്ണിച്ചിരിക്കുന്നു. മനുഷ്യരുടെ അംഗവണ്ണന കേശാദിപാദാന്തമായും ദേവതമാരുടേതു പാദാദികേശാന്തമായുമാണു് കവികരം ചെയ്യാറുള്ളതു്.

58. ഇത്ഥം=ഇപ്രകാരം. പേർത്തും=വീണ്ടും വീണ്ടും. പുകണ്ണും=പുകഴ്ത്തിയും. നിജനയനപുടംകൊണ്ടു്=തങ്ങളുടെ കണ്ണുകൊണ്ടു്. പൂർണ്ണാ

അത്യുന്മേഷം കലന്നീടിന കമലശരാ-
 തങ്കസംക്ഷോഭവേഗ-
പ്രസ്താരം പൂണ്ടു നാനാവികൃതിവിലസിതാ-
 സ്തത്ര ജാതാ നരേന്ദ്രാഃ 58

സ്ഥൂണാകാരം ചമഞ്ഞാർ ചിലരനിമിഷതാം
 പൂണ്ടതിസ്വിന്നഹസ്താ-
ത്താനേ താംബൂലവല്ലീം ഝടിതി നിപതിതാ-
 മോർത്തതില്ലേതുമന്യേ
ഊനാത്മസ്ഥൈര്യമന്യേ പ്രിയസഖമവലം-
 ബ്യ സ്ഥിതാ മാരബാണ-
ക്ഷീണാശ്ശോണാധരീന്താം പ്രതി ബഹുവിധസ-
 ങ്കല്പസൗധാധിരൂഢാഃ 59

---

നരാഗം (ക്രി. വി.) =പൂർണ്ണമായ (തികഞ്ഞ) അനുരാഗത്തോടുകൂടി. പ്രത്യംഗം=അംഗങ്ങൾ തോറും. രൂപാമൃതം=രൂപമാകുന്ന അമൃതം. അതനു=(ക്രി. വി.) അനല്പമാകുംവണ്ണം. നുകർന്നു=ആസ്വദിച്ചു. കലന്നു വിമോഹം=മോഹാലസ്യം പൂണ്ടു. അത്യു....പ്രസ്താരം=അത്യുന്മേഷം (അധികമായ ഉന്മേഷം) പ്രാപിച്ച കമലശരാതങ്കം (കാമപീഡ) കൊണ്ടുള്ള സംക്ഷോഭത്തിൻെറ (മനഃക്ഷോഭത്തിൻെറ) വേഗത്തിൻെറ പ്രസ്താരം (വ്യാപ്തി). നാനാ....സിതാഃ=നാനാവികൃതികളുടെ (പല വികാരങ്ങളുടെ) വിലസിതത്തോടു് (വിലാസത്തോടു്) കൂടിയവർ. തത്ര=അവിടെ. ജാതാഃ=ജാതന്മാരായി. നരേന്ദ്രാഃ=രാജാക്കന്മാർ. ഇപ്രകാരം സ്തുതിച്ചു അനുരാഗത്തോടെ അംഗങ്ങൾ തോറും നോക്കി പാഞ്ചാലിയുടെ രൂപാമൃതം നുകർന്നു കാമപീഡ പെരുകി രാജാക്കന്മാർ പരവശരായി പല ഗോഷ്ഠികളും കാണിച്ചു.

59. സ്ഥൂണാകാരം=സ്ഥൂണത്തിൻെറ (തൂണിൻെറ) ആകൃതി പോലെയുള്ള ആകൃതി. ചിലർ തൂണുപോലെ നിന്നു. അനിമിഷതാം=നിമിഷം (എമച്ചിമിഴി) ഇല്ലാത്തവരുടെ അവസ്ഥയെ. അതിസ്വിന്നഹസ്താൽ=ഏറ്റവും സ്വിന്നമായ (വിയർത്ത) ഹസ്തത്തിൽ

''മാനംകൊണ്ടും മനോജ്ഞാകൃതിമധുരിമകൊ–
ണ്ടും മഹാകീൎത്തികൊണ്ടും
നൂനം ഞാനേവ മന്യേ സദൃശത കലരും
കാന്തനസ്യാ മൃഗാക്ഷ്യാഃ
ഏനാമെല്ലാ പ്രകാരത്തിലുമഴകൊടു നാം
കൊണ്ടുപോയ്ക്കൊണ്ടു മേന്മേ–
ലാനന്ദക്രീഡിതാഡംബരപരമരസ–
പ്രൗഢി വാഴേണമിന്നേ 60

(കയ്യിൽ) നിന്നു്. താംബൂലവല്ലീം=വല്ലിപോലെയുള്ള താംബൂലത്തെ (വെററിലച്ചുരുളിനെ). ഝടിതി=വേഗത്തിൽ. നിപതിതാം=നിപതിച്ച (താംബൂലവല്ലീവിശേഷണം). ഏതും=ഒട്ടും. അന്യേ=മററുചിലർ. ചിലർ വിയത്ത കയ്യിൽനിന്നു താംബൂലം നിലത്തു വീണതറിഞ്ഞില്ല. ഊനാത്മസൈ്ഥര്യം=(ക്രി. വി.) ഊനമായ (കുറഞ്ഞ) ആത്മസൈ്ഥര്യ (മനഃസൈ്ഥര്യം)ത്തോടു കൂടുംവണ്ണം. പ്രിയസഖം=പ്രിയപ്പെട്ട തോഴനെ. അവലംബ്യ=പിടിച്ചിട്ടു്. സ്ഥിതാഃ=സ്ഥിതിചെയ്ത (നിന്നു). മാര....ക്ഷീണാഃ=കാമബാണങ്ങളാൽ ക്ഷീണന്മാരായിട്ടു്. ശോണാധരീംതാംപ്രതി=തുടുത്ത അധരത്തോടു കൂടിയ (സുന്ദരിയായ) അവളെക്കുറിച്ചു്. ബഹു....രൂഢാഃ=ബഹുവിധങ്ങളായ സങ്കല്പങ്ങളാകുന്ന സൗധങ്ങളിൽ (മാളികകളിൽ) കയറിയ. ചിലർ മനസ്സുറയ്ക്കാതെ ചങ്ങാതിയെ പിടിച്ചു് നാനാവിചാരങ്ങളോടുകൂടി നില്പായി. ഇതിൽ കമ്പസ്വേദാദികളായ സാത്വികവികാരങ്ങളെ പറഞ്ഞിരിക്കുന്നു.

60. മാനം=മാന്യത. മനോ....രിമ=മനോജ്ഞമായ ആകൃതിയുടെ മാധുര്യം. മഹാകീൎത്തി=വലിയ കീൎത്തി. നൂനം=നിശ്ചയം. ഞാനേവ=ഞാൻതന്നെ. മന്യേ=ഞാൻ വിചാരിക്കുന്നു. സദൃശത=ചേച്ച്. കാന്തൻ=ഭൎത്താവു്. അസ്യാഃ മൃഗാക്ഷ്യാഃ=ഈ മാൻമിഴിയാറംക്കു്. ആനന്ദ....പ്രൗഢി=(ക്രി. വി.) ആനന്ദംകൊണ്ടുള്ള ക്രീഡിതാഡംബരത്തിങ്കൽ (ക്രീഡാഘോഷത്തിൽ) ഉള്ള പരമരസത്തിന്റെ പ്രൗഢിയോടുകൂടുംവണ്ണം. മാനം, രൂപഗുണം, കീൎത്തി ഇവ കൊണ്ടു് സുന്ദരിയായ ഇവറംക്കു ചേൎന്നവൻ ഞാനാണു്. എനിക്കി

എല്ലാവന്നും കുലസ്ഥാം ധനുരിദമത്തുകൊ—

ണ്ടെന്തു ലക്ഷം മുറിപ്പാൻ

വല്ലന്നോരിന്നൃപന്മാർ പലരുളരത്തുകൊ

ണ്ടും ഫലം കിന്നു പാത്താൽ

ഇല്ലല്ലോ ചാരുരൂപാമൃതമധുരിമകൊ—

ണ്ടന്യനിക്കന്യകായാ—

സ്തുല്യോ ഞാനെന്നി നൂനം വിധിമതവുമതി

ന്നൊത്തവാറെന്നു മന്യേ 61

നിൽക്കട്ടേ വിൽ കുലസ്ലെന്നതുമെളുതിതു ല—

ക്ഷം മുറിക്കെന്നതും ചെ—

റവൽകൃഷ്ടം കമ്മമല്ലങ്ങിതു മമ പെരികെ

പ്രൗഢമുണ്ടിപ്രമേയം

---

ന്നുഃതന്നെ ഇവളെ വിവാഹംചെയ്തു കൊണ്ടുപോയി സുഖിച്ചു വസി ക്കണം.

61. എല്ലാവന്നും=എല്ലാ രാജാവിന്നും. ധനുരിദം=ഈ വില്ലി നെ. ലക്ഷം=ലക്ഷ്യം (ലാക്ക്). വല്ലന്നോർ=ശക്തരായവർ. നൃപ ന്മാർ=രാജാക്കന്മാർ. പലരുളർ=പലരുണ്ട്. ഫലം=പ്രയോജനം. കിന്നു=എന്തു്. ചാരു....കൊണ്ടു്=ചാരു (മനോഹരം) വായ രൂപാമൃ തത്തിൻെറ മാധുര്യംകൊണ്ടു്. ഇക്കന്യകായാഃ=ഈ കന്യകയ്ക്കു്. തുല്യഃ=സദൃശൻ. ഞാനെന്നി=ഞാനല്ലാതെ. വിധിമതം=ദൈവസ ങ്കല്പം. വില്ലു് ആക്കും കുലസ്ഥാം. ലാക്ക മുറിപ്പാൻ കെല്പുള്ളവരും പലരുണ്ടു്. പക്ഷേ, അതുകൊണ്ടു ഫലമെന്തു്? സൗന്ദര്യംകൊണ്ടു് എന്നെപ്പോലെ ഇവൾക്കു തുല്യനായിട്ടു് മറെറാരുവനില്ലല്ലൊ.

62. എളുതിതു്=എളുപ്പമുള്ളതാണു്. ചെററു്=കുറച്ചു്. ഉൽകൃ ഷ്ടം=വലിയ. കമ്മം=തൊഴിൽ. പ്രൗഢം=മഹത്തു്. പ്രമേയം= വിഷയം. ഇക്കന്യാചിത്തം=ഈ കന്യകയുടെ ചിത്തം (മനസ്സു്). ചലതി=ചലിക്കുന്നു (സഞ്ചരിക്കുന്നു). ഇതാസ്താം=(ഇതു്+ആസ്താം) ഇതിരിക്കട്ടെ. സുക്ഷേത്രാ=നല്ല ക്ഷേത്രത്തിൽ പിറന്നവൾ (കുലീന).

ഇക്കന്യാചിത്തമാരിൽ ചലതി പുനരതോ-
ക്ഷ്ണെമെന്തിന്നിതാസ്സാം
സുക്ഷേത്രാ നൂനമയ്യോ പരമവരിവരിൽ
കാണ്കൊടാപങ്കജാക്ഷീ 62

അന്ധാനാമിന്നൃപാണാം പുനരിഹ നിനവാ-
കുന്നതെന്തംഗലക്ഷ്മീ-
സന്താനപ്രൗഢിചേരുന്നവനൊഴിയ വരാ
കന്യകാഭാഗ്യയോഗ്യം
ചിന്താഭേദൈരമീഷാം കിമിഹ ബത വൃഥാ
ഞാൻ നിനയ്ക്കുന്നതുണ്ടോ
സന്ദേഹം ദ്രൗപദീവല്ലഭനിവനടനെ-
ന്നൊച്ചുകൊള്ളേണമിന്നേ. 63

---

പരം=ഏററവും. അവരിവരിൽ=അങ്ങനെയുമിങ്ങനെയുമുള്ളവരിൽ. കൺകൊടാ = കണ്ണുകൊടുക്കുകയില്ല. പങ്കജാക്ഷീ = താമരക്കണ്ണി. വില്ല കുലയ്ക്കുന്നതു് നിസ്സാരമായ കാര്യം. ലാക്കു മുറിക്കുന്നതും വലിയ കാര്യമല്ല. എന്നാൽ വലുതായിട്ടൊരു കാര്യമുണ്ടു്. അതു് കന്യകയ്ക്കു് ആരിലാണനുരാഗം എന്നതാകുന്നു. കുലീനയായ ഈ സുന്ദരി അവരേയുമിവരേയും കാമിക്കുകയില്ല.

63. അന്ധാനാം=അന്ധന്മാരായ. ഇന്നൃപാണാം=ഈ രാജാക്കന്മാൎക്കു്. നിനവാകുന്നതെന്തു്=വിചാരമെന്തു്? അംഗ....പ്രൗഢി= അംഗലക്ഷ്മിയുടെ സന്താനത്തിന്റെ (സമൃദ്ധിയുടെ) പ്രൗഢി. വരാ= വരില്ല. കന്യകാ....യോഗ്യം=കന്യകാഭാഗ്യത്തിന്റെ (കന്യകാലാഭഭാഗ്യത്തിന്റെ) യോഗം. ചിന്താഭേദൈഃ=ചിന്താഭേദങ്ങൾ (വിവിധചിന്തകൾ) കൊണ്ടു്. അമീഷാം=ഇവരുടെ. കിമിഹ=ഇവിടെയെന്തു്? ബത=കഷ്ടം. വൃഥാ=വെറുതെ. സന്ദേഹം=സംശയം. ദ്രൗപദീവല്ലഭൻ=ദ്രൗപദിയുടെ പ്രിയൻ. അന്ധന്മാരായ ഈ രാജാക്കന്മാരുടെ വിചാരമെന്താണു്? സൗന്ദര്യസമൃദ്ധി തികഞ്ഞവനല്ലാതെ കന്യകയെ ലഭിക്കയില്ല. ഇവർ പലതും വിചാരിക്കുന്നതു വെറുതെ

എപ്രകാരമണിതിങ്കളും നിറമൂലാവു-

മക്കളിർനിലാവുമ-

ങ്ങെപ്രകാരമഴകേറുമംബുധിയുമമ്പി-

ലുമ്പർപുരവാരിയും

അപ്രകാരമിടചേൎന്നു ഞാനുമനുരാഗ-

ലോലയിവരാം കൃഷ്ണയും

പുഷ്പബാണരണകേളിവീചിയിലഴിഞ്ഞു-

ലഞ്ഞുവിലസീടുമോ? 64

കണ്ടിരിക്കെ നരപാലസംഘമത്തു ഞാനെ-

ടുത്തു ബത കൊണ്ടുപോ-

യ്ക്കൊണ്ടു മല്പുരിയിൽ വെച്ചുകൊണ്ടിനിയ സൗധ-

ശൃംഗമണിരംഗകേ

---

യാണ്. ഞാൻ വിചാരിക്കുന്നതിൽ സംശയമില്ല. ഞാനാണ് ദ്രൗപദിയുടെ പ്രിയനെന്നു് ഇന്നുതന്നെ വിളിപൊങ്ങണം.

64. അണിതിങ്കൾ=ഭംഗിയുള്ള ചന്ദ്രൻ. നിറ....നിലാവു്= നിറംകൂടിയ നിലാവു്. അംബുധി=സമുദ്രം. ഉമ്പർ....വാരി=ഉമ്പർപുരത്തിലെ (സ്വർഗ്ഗത്തിലെ) വെള്ളം, അതായതു് ഗംഗ. അനുരാഗലോല=അനുരാഗത്താൽ ലോല (തൃഷ്ണയുള്ളവൾ). കൃഷ്ണ=പാഞ്ചാലി. പുഷ്പ....വീചി=പുഷ്പബാണന്റെ (കാമന്റെ) രണകേളി (യുദ്ധലീല) യാകുന്ന വീചി (തിര). സാരം സ്പഷ്ടം. ഇതു്—

''ശശിനമുപഗതേയം കൗമുദീ മേഘമുക്തം
ജലനിധിമനുരൂപം ജഹ്നുകന്യാവതീർണ്ണാ.''

എന്ന രഘുവംശശ്ലോകത്തിന്റെ ആശയാനുകരണമാകുന്നു.

65. നരപാലസംഘം=നരപാലന്മാരുടെ (രാജാക്കന്മാരുടെ) സംഘം (സമൂഹം). മൽപുരിയിൽ=എന്റെ പുരി (രാജധാനി)യിൽ. ഇനിയ=മധുരമായ (മനോഹരമായ). സൗധ....ഗകേ=സൗധശൃംഗത്തിൽ (മാളികമുകളിൽ) ഉള്ള മണിരംഗത്തിൽ, അതായതു് മണിമയമായ ക്രീഡാഗൃഹത്തിൽ. ഇവൾ മുഖാരവിന്ദം=ഇവളുടെ മുഖപത്മം.

കണ്ടു കണ്ടിവൾമുഖാരവിന്ദമധരം നു-
കർന്നു മധുരം നമു-
ക്കുണ്ടൊരുത്സവമകപ്പെടുന്നിതു ചി-
രേണ വിശ്വഗുണശാലിനഃ. 65

ഇന്നി നിത്യമവരോധമാനിനികൾ മുന്ന-
മുള്ളവരശേഷവും
നിർണ്ണയം വിളിപണിക്കുലാമിവൾ നമുക്കു
തുല്യമഹിഷീ ദൃഢം
അന്വഹം ദ്രുപദപുത്രിയോടിവളൊടൊക്ക-
വേ ബത കളിക്കൊഴി-
ഞ്ഞൊന്നുമെങ്ങുമിളകേനിനി പ്രകൃതിവർഗ്ഗ-
മസ്തവനിപാലനേ. 66

---

നമ....പ്പെടുന്നിതു=നമുക്കൊരുത്സവം വരുവാനുണ്ടു്. ചിരേണ=വളരെക്കാലംകൊണ്ടു്. വിശ്വഗുണശാലിനഃ=വിശ്വഗുണങ്ങൾ (സൽഗുണങ്ങൾ) കൊണ്ടു് ശോഭിക്കുന്ന (നമുക്കു് എന്നതിന്റെ വിശേഷണം). എല്ലാ രാജാക്കന്മാരും കണ്ടുകൊണ്ടിരിക്കെ ഞാനിവളെ എന്റെ പുരിയിലേക്കു കൊണ്ടുപോയി കാമലീലകളിലേർപ്പെടുമ്പോൾ നമുക്കുണ്ടാകുന്ന ഉത്സവം അന്യാദൃശമെന്നു സാരം.

66. ഇന്നി=ഇനി. നിത്യം=എല്ലായ്പോഴും. അവരോധമാനിനികൾ=അന്തഃപുരസ്ത്രീകൾ (അവരോധം=അന്തഃപുരം). അശേഷവും=മുഴുവനും. നിർണ്ണയം=നിശ്ചയം. വിളിപണിക്കു്=വിളിച്ചുകല്പിക്കുന്ന പണിക്കു്. ഉലാം=ഉലാവും (നടക്കും). തുല്യമഹിഷീ=തുല്യയായ മഹിഷി(പ്രധാനപത്നി). ദൃഢം=നിശ്ചയം. അന്വഹം=ദിനം തോറും. ദ്രുപദപുത്രി=ദ്രുപദരാജാവിന്റെ മകൾ. ഒക്കവേ=ഒത്തുകൊണ്ടുതന്നെ. ഇളകേൻ=ഞാൻ ഇളകുകയില്ല. പ്രകൃതിവർഗ്ഗം=പ്രകൃതികളുടെ (മന്ത്രിമാർ മുതലായവരുടെ) കൂട്ടം. അസ്തു=ഭവിക്കട്ടെ. അവനിപാലനേ=അവനി(ഭൂമി)യുടെ പാലനത്തിൽ(രക്ഷണത്തിൽ).

പാൎത്ഥനെന്നു നിയമേന നേൎന്നിവളെ ലബ്ധ–
വാൻ ദ്രുപദനത്ഭുതം
പ്രാൎത്ഥനാഫലമിതന്തരിച്ചതിന്നു മൂല–
മുണ്ടു കരുതുംവിധൌ
തീൎത്തിതീശ്വരനിനിക്കിതെന്നുടനിരിക്കി–
ലാം വിധി വധൂവര–
പ്രാപ്തി യോഗ്യതയിലേ വരുത്തുവിതുമസ്സു
കാന്തനരനല്ലയോ? 67

---

സാരം സ്പഷ്ടം. ''ദ്രുപദപുത്രിയോടിവളൊട്ടു്'' എന്നതു് വിശേഷണവിശേഷ്യങ്ങൾക്കു രണ്ടിനും സംസ്കൃതത്തിലെപ്പോലെ വിഭക്തി പ്രത്യയം ചേൎത്തുകൊണ്ടുള്ള പ്രയോഗമാകുന്നു. 'ഇളകേൻ' എന്നതു് ഇളകാ എന്ന നിഷേധഭാവിയിൽനിന്നു് 'ഏൻ' പ്രത്യയം ചേൎന്ന രൂപമാകുന്നു.

67. പാൎത്ഥനെന്നു്=അൎജ്ജുനനെന്നു്. നിയമേന=നിയമ (നിശ്ചയം) ത്തോടു കൂടി. നേൎന്നു്=പ്രാൎത്ഥിച്ചു്. ലബ്ധവാൻ=ലഭിച്ചു. ദ്രുപദൻ=പാഞ്ചാലരാജാവു്. അത്ഭുതം = ആശ്ചൎയ്യം. പ്രാൎത്ഥനാഫലം=പ്രാൎത്ഥനയുടെ (നേൎച്ചയുടെ) ഫലം. അന്തരിച്ചതിന്നു്=മറിച്ചായതിനു്. മൂലം=ഹേതു. കരുതുംവിധൌ=ആലോചിക്കുമ്പോൾ. തീൎത്തി....രിക്കിലാം=ഈശ്വരൻ ഇതെനിക്കായിട്ടാണു സൃഷ്ടിച്ചതെന്നു വരാം. വിധി=ബ്രഹ്മാവു്. വധൂവരപ്രാപ്തി=വധൂവരന്മാരുടെ (ഭാൎയ്യാഭൎത്താക്കന്മാരുടെ) സമാഗമം. യോഗ്യതയിൽ=ചേൎച്ചയിൽ. വരുത്തുവിതു്=വരുത്തുന്നു. ഉമസ്സു=ശ്രീപാൎവ്വതിക്കു്. കാന്തൻ=ഭൎത്താവു്. അരൻ (ഹരൻ)=ശിവൻ. അൎജ്ജുനന്നു് കൊടുപ്പാൻ നേൎന്ന പ്രകാരമാണു് ദ്രുപദന്നു് ഈ പുത്രിയുണ്ടായതു്. പക്ഷേ, ആ നേൎച്ചയുടെ ഫലം മറിച്ചാണുവന്നതു്. ആലോചിക്കുമ്പോൾ അതിന്നു കാരണവുമുണ്ടു്. വിധി ഇവളെ എനിക്കായി സൃഷ്ടിച്ചതായിരിക്കാം. ബ്രഹ്മാവു് വധൂവരന്മാരെ യോഗ്യതപോലെയേ ചേൎക്കാറുള്ളു. ശ്രീപാൎവ്വതിക്കു ഭൎത്താവു് ശിവനല്ലയോ?

അഹോ പാരം ഭാവം പെരുത്തു മ-
ദമേഷാം ക്ഷിതിഭൃതാം
മഹാശക്തോ ഞാനെന്നവനവ-
നു തോന്നുന്നിത്തധുനാ
സഗർവ്വം നോക്കിക്കൊണ്ടഴകൊടു
ദുരാശാവിഗളിതോ
മനോജ്ഞാമിക്കന്യാമഹമനു-
ഭവാമ്യേവ നിയതം. 68

കനത്തോരുന്മാദാൽ കമലമി-
യലും പൊയ്കകളിലും
മണിപ്രാസാദേ വാ മണിയറ-
യിലും പൂമ്പൊഴിയിലും

68. അഹോ=കഷ്ടം. പാരം=വളരെ. ഭാവം=അഭിപ്രായം. പെരുത്തു=വലുതു. മദം=ഗർവ്വം. ഏഷാം ക്ഷിതിഭൃതാം=ഈ രാജാക്കന്മാരുടെ. മഹാശക്തഃ=വലിയ ശക്തൻ. അധുനാ=ഇപ്പോഠം. സഗർവ്വം (ക്രി. വി.)=ഗർവ്വത്തോടുകൂടി. ദുരാശാവിഗളിതഃ=ദുരാശയിൽ നിന്നു വിഗളിതൻ (അകന്നവൻ). മനോജ്ഞാം=മനോഹരയായ. ഇക്കന്യാം=ഈ കന്യകയെ. അഹം=ഞാൻ. അനുഭവാമ്യേവ=അനുഭവിക്കുന്നുണ്ടുതന്നെ. നിയതം=നിശ്ചയമായും. ഈ രാജാക്കന്മാരുടെ ഭാവവും മദവും വലുതുതന്നെ. താന്താങ്ങഠം മഹാശക്തന്മാരാണെന്നു് ഇവരോരോരുത്തൎക്കും തോന്നുന്നു. ഞാനാകട്ടേ, ദുരാശകൂടാതെതന്നെ ഈ കന്യകയെ അനുഭവിക്കുന്നുണ്ടു്, നിശ്ചയം.

69. കനത്തോരുന്മാദാൽ=വലുതായ ഉന്മാദം (സ്വരഭ്രമം) ഹേതുവായിട്ടു്. കമലം=താമരപ്പൂവു്. മണിപ്രാസാദേവാ=മണിമയമായ മാളികയിലും (വാശബ്ദത്തിന്നു സമുച്ചയാൎത്ഥം). പൂമ്പൊഴിയിലും= പൂങ്കാവിലും. അനു....സരം=അനുസ്യൂതമായ (ഇടതടവില്ലാത്ത) പ്രേമത്തിൻെറ പ്രസരത്തോടുകൂടി. (ക്രി. വി.) അനയാ=ഇവളോടു്. അമലയാ=നിൎമ്മലയായ (അനയാ എന്നതിൻെറ വിശേഷണം).

അനുസ്യൂതപ്രേമപ്രസരമ–
നയാ ചേന്നമലയാ
കനം ഞാനാനന്ദാബ്ധിയിൽ മുഴ–
കുമാറന്നവിരതം'' 69

ഏവം കൈക്കൊണ്ടു നാനാവിധമനവധിസ–
ങ്കല്പമല്പേതരാശാ–
മാവിർമ്മോദം വളർത്തങ്ങവരവരിളകും
വീരഗർവ്വാവലേപാഃ
സാവജ്ഞം തങ്ങളിൽത്തങ്ങളിലുദിതമദം
വീക്ഷ്യ ചാപം കുലപ്പാൻ
ഭാവിച്ചുംകൊണ്ടു താന്താനഹമഹമികയോ–
ത്തസ്ഥുരേതേ നരേന്ദ്രാഃ. 70

---

കനം=ഏററവും. ആനന്ദാബ്ധിയിൽ=ആനന്ദസമുദ്രത്തിൽ. മുഴകുമാറു്=മുഴകിക്കൊണ്ടിരിക്കും. അവിരതം=എപ്പോഴുമ്പോഴും. സാരം സ്പഷ്ടം. ''മാനംകൊണ്ടും'' എന്നു തുടങ്ങിയ ശ്ലോകംമുതൽ ഇതുവരെ നാനാരാജാക്കന്മാരുടെ സങ്കല്പങ്ങളെയാണു വർണ്ണിച്ചിരിക്കുന്നതു്.

70. ഏവം=ഈവണ്ണം. നാനാവിധം=ബഹുവിധം. അനവധിസങ്കല്പം=അവധിയില്ലാത്ത സങ്കല്പത്തെ. അല്പേതരാശാം=അല്പേതര (അനല്പ)യായ ആശയെ. ആവിർമ്മോദം (ക്രി. വി.)=ആവിർഭൂതമായ മോദത്തോടുകൂടി. ഇളകും....ലേപാഃ=ഇളകുന്ന വീരഗർവ്വം (വീരനെന്ന ഗർവ്വം) കൊണ്ടുള്ള അവലേപ (മദം)ത്തോടുകൂടിയവരായിട്ടു്. സാവജ്ഞം=അവജ്ഞ (അനാദരം) യോടുകൂടി. ഉദിതമദം (ക്രി. വി.)=ഉദിതമായ (ഉണ്ടായ) മദത്തോടുകൂടി. വീക്ഷ്യ=നോക്കീട്ടു്. ചാപം=വില്ലു്. അഹമഹമികയാ=ഞാൻ മുമ്പു് ഞാൻ മുമ്പു് എന്ന ധൃതിയോടെ. ഉത്തസ്ഥുഃ=ഉത്ഥാനംചെയ്തു. ഏതേ നരേന്ദ്രാഃ=ഈ രാജാക്കന്മാർ. ഇങ്ങനെ പല സങ്കല്പങ്ങളോടുകൂടിയ രാജാക്കന്മാർ വില്ലു കുലപ്പാനായി ബദ്ധപ്പെട്ടെഴുന്നേററു.

KOTTAYAM PUBLIC LIBRARY KOTTAYAM

ഉൽക്കത്വം പൂണ്ടുദഗ്രഭ്രമമുടനുടനേ
ചെന്നു രംഗേ കരേറി-
ത്തിക്കിത്തള്ളിക്കളഞ്ഞും ചിലർ ചിലരൊടിട-
ഞ്ഞും പിടഞ്ഞും തടഞ്ഞും
ഒക്കത്തെക്കപ്പിടിച്ചാർ കതിചന കുലവി-
ല്ലൊട്ടു പിന്നിൽക്കിടന്നാർ
തിക്കിക്കൈകാലൊടിഞ്ഞും വിഗളിതധൃതി പിൻ-
വാങ്ങിനാർ കേപി ഭൂപാഃ. 71

കേഷാഞ്ചിൽ കാലൊടിഞ്ഞൂ ഝടിതി കരമൊടി-
ഞ്ഞൂ ചിലക്കുങ്ങമിങ്ങും
ഭൂഷാജാലങ്ങൾ ചൂഴം വിഗളിതധൃതി പൊ-
ട്ടിത്തെറിച്ചൂ പരേഷാം
രോഷാവേഗേന തമ്മിൽ പ്രകടിതമദമാ-
ത്സര്യമേഷാന്നൃപാണാം
ഘോഷം മററൊന്നു മററൊന്നുദിതമൊരുവരും
ചെന്നിളക്കീല ചാപം. 72

71. ഉൽകത്വം=ഉത്സുകത്വം. ഉദഗ്രഭ്രമം (ക്രി. വി.)=ഉദഗ്രമായ (മഹത്തായ) ഭ്രമത്തോടുകൂടി. രംഗേ=രംഗത്തിൽ. കതിചന=ചിലർ. വിഗളിതധൃതി (ക്രി. വി.)=വിഗളിതമായ (പോയ) ധൈര്യത്തോടുകൂടുംവണ്ണം. കേപി=ചില. ഭൂപാഃ=രാജാക്കന്മാർ. രാജാക്കന്മാരെല്ലാവരും രംഗത്തിൽ കയറി തങ്ങളിൽ തിക്കിത്തിരക്കി വില്ലെടുപ്പാൻ ചെന്നതിൽ ചിലർ വില്ലു പിടിച്ചു; ചിലർ പിന്നിൽ കിടന്നതേയുള്ളു; ചിലർ കയ്യും കാലും ഒടിഞ്ഞു ധൈര്യംകെട്ടു പിൻവാങ്ങി.

72. കേഷാഞ്ചിൽ=ചിലക്കു്. ഝടിതി=വേഗത്തിൽ. കരം=കൈ. ഭൂഷാജാലങ്ങൾ=ആഭരണസമൂഹങ്ങൾ. വിഗളിതധൃതി (ക്രി. വി.)=വിഗളിതമായ (പോയ) ധൃതിയോടുകൂടി. പരേഷാം=മററുള്ള

വില്ലും വേണ്ടാ നമുക്കിങ്ങഥ പുനരധുനാ
ചാരു പോയ്ക്കോംകിലത്രേ
പല്ലും വേണ്ടാ കണക്കേ പെരുത്തു ശകുനദോ–
ഷം നമുക്കെന്നുമന്യേ
പെണ്ണും വേണ്ടീല ഹാഹാ ശിവശിവ പൊടിയാ–
കുന്നിതെന്നംഗമയ്യോ
കണ്ണുംകൊണ്ടങ്ങു പോയ്ക്കോള്ളുകിൽ മതിമതി പെ–
ട്ടന്നു കഷ്ടാ ദശേയം 73

എന്നെല്ലാം ചാപലംകൊണ്ടവശതയിലഴ–
ച്ചും പറഞ്ഞും തളൎന്നും
ഖിന്നം വ്രീളാവിനമ്രാനനമഖിലമഹീ–
പാലജാലം വ്യരംസീൽ

---

വക്കു്. രോഷാവേഗേന=രോഷ(കോപം)ത്തിന്റെ ആവേഗത്താൽ. പ്രകടിതമദമാത്സര്യം=മദത്തേയും മാത്സര്യത്തേയും പ്രകടിതമാക്കിയതു് (ഘോഷവിശേഷണം). ഘോഷം=ശബ്ദം. ഉദിതം=ഉണ്ടായി. ചാപം=വില്ലു്. മദമത്സരങ്ങളെ പ്രകാശിപ്പിച്ചുംകൊണ്ടു് ഘോഷം കൂട്ടിയതല്ലാതെ രാജാക്കന്മാരിൽ ഒരാളും വില്ലു ചെന്നിളക്കുകയുണ്ടായില്ല.

73. അഥപുനരധുനാ=ഇനി ഇപ്പോൾ. ചാരു=മനോഹരമായി (കേടൊന്നുംകൂടാതെ). ശകുനദോഷം=ശകുനപ്പിഴ. മന്യേ=ഞാൻ വിചാരിക്കുന്നു. ഹാ ഹാ=അയ്യയ്യോ. ശിവ ശിവ=കഷ്ടം കഷ്ടം. അംഗം=ശരീരം. കഷ്ടാ=കഠിനയാണു്. ദശേയം (ഇയം ദശാ)=ഈ അവസ്ഥ. വില്ലു പിടിച്ചപ്പോൾ അംഗഭംഗം വന്ന ചിലരുടെ വാക്കാണിതു്.

74. ചാപലം=ചാപല്യം. അവശത=പാരവശ്യം. ഖിന്നം=ഖേദിച്ചതു്. വ്രീളാ....നനം=വ്രീള(ലജ്ജ)കൊണ്ടു വിനമ്രമായ(താഴ്ന്ന) ആനന(മുഖം)ത്തോടുകൂടിയതു്. അഖിലമഹീപാലജാലം=എല്ലാ മഹീപാലന്മാരുടെ (രാജാക്കന്മാരുടെ)കൂട്ടം. വ്യരംസീൽ=വിരമിച്ചു.

ചിന്നംധൈര്യം ചിരിച്ചും ചിലരതു പദകി-
ച്ചും പഴിച്ചും പറഞ്ഞും
കർണ്ണം പൊട്ടുംപ്രകാരം വരസദസി തദാ
കോപി കോലാഹലോ / ഭൂൽ. 74

അന്നേരന്തത്ര മുഖ്യേ സദസി മരുവുമോ-
രോ മഹാഭൂസുരന്മാ-
രന്യോന്യം തങ്ങളിൽപ്പാർത്തനവധി പരിഹാ-
സേന പേർത്തും പറഞ്ഞാർ
''എന്നേ വൈചിത്ര്യമേ നന്നിതു വലിയ വിനോ-
ദം നൃപന്മാരിലേകൻ
നന്നായീലെന്നു വന്നീലഴകിതു പുനരെ-
ല്ലാവരും നല്ലരല്ലോ. 75

---

ചിന്നം ധൈര്യം (ക്രി.വി.)=ചിന്നുന്ന ധൈര്യത്തോടുകൂടി. പദകിച്ചും പഴിച്ചും പറയുക=വക്കാണിച്ചും ശകാരിച്ചും പറയുക (പദകിക്കുക=വക്കാണിക്കുക). കർണ്ണം=കാതു്. വരസദസി=വരന്മാരുടെ സദസ്സിൽ. കോപി കോലാഹലഃ=ഒരു കോലാഹലം. അഭൂൽ=ഉണ്ടായി. മേൽ പ്രകാരം വിളിച്ചുപറഞ്ഞും ലജ്ജകൊണ്ടു മുഖം താഴ്ത്തിയും രാജാക്കന്മാർ വിരമിച്ചു. ചിലർ അവരുടെ വാക്കിനെ പറഞ്ഞു പരിഹസിച്ചു. എല്ലാംകൂടി വരസഭയിൽ വലിയ കോലാഹലമുണ്ടായി.

75. തത്ര=അവിടെ. മുഖ്യേ സദസി=മുഖ്യമായ സഭയിൽ. മഹാഭൂസുരന്മാർ=മഹാന്മാരായ ഭൂസുരന്മാർ (ബ്രാഹ്മണർ). അന്യോന്യം=തമ്മിൽത്തമ്മിൽ. അനവധി പരിഹാസേന=അവധിയില്ലാത്ത പരിഹാസത്തോടുകൂടി. വൈചിത്ര്യമേ=ആശ്ചര്യംതന്നെ. വിനോദം=നേരമ്പോക്കു്. ഏകൻ=ഒരുവൻ. നല്ലർ=നല്ലവർ. രാജാക്കന്മാർ വിഷ്ണ്ണരായപ്പോൾ സഭാവാസികളായ മഹാബ്രാഹ്മണർ തമ്മിൽത്തമ്മിൽ നോക്കി പരിഹസിച്ചുകൊണ്ടു പറഞ്ഞു. ഇതു വലിയ നേരമ്പോക്കുതന്നെ. രാജാക്കന്മാരിൽ ഒരുവൻ മാത്രം നന്നായി എന്നു വന്നില്ല. എല്ലാവരും നല്ലവർ തന്നെ.

കിട്ടും കോപ്പല്ല നൂനം കരുതുമളവിലി–
    പ്പെണ്ണിവക്കെന്നുമെന്നേ
ധൃഷ്ടദ്യുമ്നാ! ചമച്ചോരഴകിതു പെരിക–
    ക്കൗശലക്കാരനേ നീ
മുട്ടിച്ചെല്ലും ദശായാം ചിലരിവർ ദമന–
    ന്മാരിരിക്കുന്നവക്കും
കഷ്ടിക്കും വിൽകുലച്ചേണ്ടുകിലിഹ വിജയ–
    ന്താൻ പിറക്കേണമിന്നും 76

അല്ലല്ലേ കാണെഴുന്നേററത പുനരൊരുവൻ
    ചേദിഭൂമീശ്വരന്താ–
നല്ലല്ലീ സത്യമെങ്കിൽച്ചെറുതു പശപെടു–
    ന്നുണ്ടു കാര്യം വിചാര്യം
വില്ലുങ്കൽ ചെന്നുപുക്കാനഴകിതവനെടു–
    ക്കും ദൃഢം നില്ലെടാ നീ
കില്ലില്ലേ വില്ലെടുത്താൻ ചിലയത കുലയേ–
    ററീല പിൻവാങ്ങിനാനോ? 77

---

76. കിട്ടുംകോപ്പല്ല=കിട്ടുന്ന മട്ടല്ല. എന്നേ ധൃഷ്ടദ്യുമ്നാചമച്ചോരഴകിതു്=എടോ ധൃഷ്ടദ്യുമ്നാ, നീ ചമച്ച ഈ അഴകു് ആശ്ചര്യംതന്നെ. പെരിക....രനേ നീ=നീ വലിയ സൂത്രക്കാരൻതന്നെ. മുട്ടിച്ചെല്ലും ദശായാം=അടുത്തു ചെല്ലുന്ന സമയത്തു്. ദമനന്മാർ=ശക്തന്മാർ. ഇരിക്കുന്നവക്കും=ഇരിക്കുന്നവരിൽവെച്ചു്. കഷ്ടിക്കും=കഷ്ടിയായിട്ടെങ്കിലും. ഇന്നും=ഇനിയും. ഇവക്കു് ഈ കന്യകയെ കിട്ടുന്ന മട്ടല്ല. അമ്പട ധൃഷ്ടദ്യുമ്നാ, നീ ചെയ്തുവെച്ച പണി വിചിത്രം തന്നെ. ശക്തന്മാരായ ഈ ഇരിക്കുന്നവക്കാക്കും വില്ലു കുലയ്ക്കുവാൻ വയ്യ. അതു വേണമെങ്കിൽ അജ്ജുനൻതന്നെ ഇനിയും ജനിക്കണം.

77. അല്ലല്ലേ=അങ്ങനെയൊന്നുമല്ല. എഴ....രുവൻ=അതാ ഒരുവൻ എഴുന്നേററു. ചേദി....ല്ലല്ലീ=ചേദിഭൂമിയുടെ ഈശ്വരൻ (ശിശു

KOTTAYAM PUBLIC LIBRARY KOTTAYAM

എങ്കിൽക്കോളേ മുതിന്നങ്ങഥ പുനരെഴുന്നീ–
    റ്റു ജരാസന്ധനെങ്കിൽ
സങ്കല്പം കേളതേ കേവലമിവനു കുല–
    യ്ക്കാമിതെന്നുണ്ടു പണ്ടേ
ശങ്കിച്ചീലത്ര നന്നുദ്ധൃതമഥ ധനുര–
    ച്ചോ കുലച്ചീലെടുത്താൻ
വങ്കൻ ഭൂയോപി വീണാനഴകിതു ദമന–
    ന്നെത്ര പല്ലത്ര പോയീ 78

അതാരെടോ വന്നതു വൃദ്ധനെന്നേ
വിനോദമേ! ശല്യരതില്ല ഖേദം
ഉദാരനത്രേ കുലവില്ലെടുക്കാ-
നതാവതില്ലെന്നു വഴക്കിനാൻപോൽ. 79

---

പാലൻ) തന്നെയല്ലേ. ചെറുതു=കുറച്ചു. പശപെടുന്നുണ്ടു=പശിമയു ണ്ടാകുന്നുണ്ട്. കാര്യം വിചാര്യം=കാര്യം വിചാരിക്കത്തക്കതാണ്. ചില=വില്ല്, വില്ലു കുലയ്ക്കുവാൻ ശിശുപാലൻ ചെയ്ത ശ്രമത്തെ ഈ ശ്ലോകത്തിൽ വർണ്ണിച്ചിരിക്കുന്നു. ഇതിൽ ആദിമുതൽ അവസാനം വരെ ഹാസ്യരസം വ്യഞ്ജിക്കുന്നു. അർത്ഥം സ്പഷ്ടം.

78. കോളേ=നേരേ. സങ്കല്പം=വിചാരം. അതേ കേവലം= അതുതന്നെയാണ്. ശങ്കിച്ചീലത്ര=അത്ര വിചാരിച്ചില്ല. ഉദ്ധൃതം= ഉദ്ധരിക്ക(എടുക്ക)പ്പെട്ടു. ധനുഃ=ധനുസ്സ് (വില്ല്). വങ്കൻ=വിഡ്ഢി. ഭൂയോപി=പിന്നെയും. ജരാസന്ധൻ വില്ലെടുത്തുവെങ്കിലും കുല പ്പാൻ ശക്തനായില്ല. അതിനിടയിൽ വീണു പല്ലു മുഴുവൻ പോയി. ഇതിലും ഹാസ്യരസം സ്ഫുരിക്കുന്നു.

79. വൃദ്ധൻ=വയസ്സൻ. എന്നേ വിനോദമേ=എന്നേ നേരമ്പോ ക്കുതന്നെ. ശല്യരത്രേ=ശല്യരാണതു്. ഇല്ലഖേദം=വൃദ്ധനാണെങ്കിലും ഖേദം (തളർച്ച) ഇല്ല. ഉദാരൻ=ഉൽകൃഷ്ടൻ (യോഗ്യൻ). ആവതില്ലെ ന്നു=സാദ്ധ്യമല്ലെന്നു വിചാരിച്ചു്. വഴക്കിനാൻ പോൽ=പിൻവാ ങ്ങി പോൽ. സാരം സ്പഷ്ടം.

എന്തിക്കല്ലിച്ചിരിക്കുന്നതു ശിവശിവ പാ—
ഞ്ചാലരാജൻ നടേ കേൾ
ബന്ധിച്ചീടാത കാര്യം പുനരിതു ധനുരാ—
രോപണം കണ്ടുകൂടി
ചിന്തിച്ചീടേണ്ടതുണ്ടോ പുനരിനിയുമഹോ
കർണ്ണനോടെന്തു കർണ്ണേ!
മന്ത്രിച്ചീടുന്നതേററം കുരുസുതനതു മ—
ന്ത്രം ഫലിക്കുന്നിതുണ്ടോ? 80

കോളേ മന്ത്രം ഫലിച്ചു ദൃഢതരമെഴുനീ—
ററാനസൗ കർണ്ണനെന്നേ
ഭോഷാ പിന്നെത്തനിക്കെന്തെതു പുനരരുതാ—
യിന്നതീഹീ വിനോദം!

---

80. നടേ=ആദ്യം. ബന്ധിച്ചീടാതകാര്യം=സാധിക്കാത്ത കാര്യം. ധനുരാരോപണം=ധനുസ്സിൻെറ ആരോപണം (കുലയേററൽ). കണ്ടുകൂടി=കണ്ടുകഴിഞ്ഞു. ചിന്തിച്ചീടേണ്ടതുണ്ടോ= വിചാരിക്കേണ്ടതുണ്ടോ? കർണ്ണേ=ചെവിയിൽ. മന്ത്രിച്ചീടുന്നതു്=സ്വകാര്യമായി പറയുന്നതു്. കുരുസുതൻ=കുരുരാജപുത്രൻ (ദുര്യോധനൻ). പാഞ്ചാലരാജൻ നിശ്ചയിച്ചതായ വില്ലുകുലയ്ക്കൽ എന്ന കാര്യം അസാദ്ധ്യമായ ഒന്നാണെന്നു കണ്ടുകഴിഞ്ഞു. ഇനി ഇതിന്നു് ആക്കെങ്കിലും സാധിക്കുമെന്നു വിചാരിപ്പാനുണ്ടോ? എന്താണു് ദുര്യോധനൻ കർണ്ണനോടു് ചെവിയിൽ മന്ത്രിക്കുന്നതു്. ആ മന്ത്രം ഫലിക്കുമോ?

81 കോളേ=നല്ലതുതന്നെ. ദൃഢതരം (ക്രി. വി.) =അധികം ദൃഢമായിട്ടു്. അസൌ കർണ്ണൻ=ആ കർണ്ണൻ. 'എന്നേ ഭോഷാ' എന്നതു് കർണ്ണനോടു് പരിഹാസത്തോടുള്ള സംബോധന. തനിക്കെ.... യിന്നതു്=തനിക്കു് എന്തൊന്നാണു് അസാദ്ധ്യമായിട്ടുള്ളതു്. 'ഈഹീ' എന്നതു് പരിഹാസദ്യോതകമായ വ്യാക്ഷേപകം. തൽപ്രഭാവോദയം=അവൻെറ പ്രഭാവത്തിൻെറ (ശക്തിയുടെ) ഉദയം(കയററം). അരിയിടമാ=ഒരരിയിടപോലും (ലേശംപോലും). കോദണ്ഡം=വില്ലു്.

കാണേണം തൽപ്രഭാവോദയമരിയിടമാ
സംശയിച്ചീലെടുത്താൻ
കോദണ്ഡം ദണ്ഡമില്ലങ്ങവനുമടനഹോ
തീൎന്നുതോ പോരുമെല്ലാം. 81

വാഞ്ഛാവേഗങ്ങൾ വൈക്കാമിനി നിയതമിതി-
ന്നിത്ര ശക്തിപ്രതാപം
തോഞ്ചീടും വീരരായുള്ളവരവരവരാ-
ലുള്ളതോ തീൎന്നതല്ലോ
പാഞ്ചാലക്ഷോണിപാലൻ പണയമിദമഴി-
ച്ചങ്ങു വൈക്കേണമൊന്നിൽ
തേഞ്ചൊല്ലാളല്ലായ്കിൽ സുചിരമിഹ നര-
ച്ചിങ്ങിരിക്കെന്നു വന്നു. 82

---

ദണ്ഡം=പ്രയാസം. അവനുമഹോ തീൎന്നിതോ=അവനും അടങ്ങിയോ? പോരും=മതി. ദുര്യോധനൻെറ മന്ത്രം ഫലിച്ചു. കൎണ്ണൻ അതാ എഴുനീററു. അവന്നു് അസാദ്ധ്യമായിട്ടൊന്നും ഇല്ലെന്നാണു് വിചാരം. അവൻെറ മിടുക്കൊന്നു കാണണം. അതാ ഒട്ടും സംശയിക്കാതെ വില്ലെടുത്തു. എന്തു്, കൎണ്ണൻെറ ശക്തിയും തീൎന്നുവോ?

82. വാഞ്ഛാവേഗങ്ങൾ=വാഞ്ഛ (ഇച്ഛ)കളുടെ വേഗങ്ങൾ(പ്രവാഹങ്ങൾ). വൈക്കാം=നിൎത്തിവെക്കാം. നിയതം=നിശ്ചയം. ശക്തിപ്രതാപം=ശക്തികൊണ്ടുള്ള പ്രതാപം. അവരവരാലുള്ളതു്=താന്താങ്ങളാൽ കഴിയുന്നതു്. തീൎന്നതല്ലോ=കഴിഞ്ഞുവല്ലോ. പാഞ്ചാ.... പാലൻ=പാഞ്ചാലരാജൻ. പണയമിദം=ഈ പണയം (പന്തയം). അഴിച്ചങ്ങുവൈക്കേണം=ഉപേക്ഷിക്കണം. ഒന്നിൽ=ഒന്നുകിൽ. തേഞ്ചൊല്ലാൾ=തേൻമൊഴിയാൾ(പാഞ്ചാലി). സുചിരം=വളരെക്കാലം. നരച്ചിങ്ങിരിക്ക=വൃദ്ധയായിരിക്കുക. ഇനി ആളുകളുടെ അത്യാഗ്രഹങ്ങളൊക്കെയും കെട്ടിവെക്കാം. ശക്തിയുള്ള രാജാക്കന്മാർ അവരവരെക്കൊണ്ടു കഴിയുന്നതു് ചെയ്തുകഴിഞ്ഞു. ഇനി ഒന്നുകിൽ പാഞ്ചാ

സമ്മതത്തിനിരിയാസ്സ വേണ്ടതെഴുനീൽക്കെ–
ടോ! വിഗതസംശയം
നമ്മളാൽച്ചിലരെടുക്ക സമ്പ്രതി കുലയ്ക്കു
വില്ല പലർക്കൂടിയും
നമ്മമാക്കരുതിതങ്ങൊരുത്തനൊരു പെണ്ണു
മൂത്തിഹ നരച്ച മൂ–
ത്തമ്മയാകിലുടനിങ്ങിരുന്നൊരു നമുക്കു–
മുണ്ടു പിഴ നിണ്ണയം'' 83

എന്നു കേചന പറഞ്ഞു ഭൂസുരർ മുതിന്നു
യൗവനമദേന ചെ–
ന്നന്വിതപ്രമദമങ്ങുമിങ്ങുമുരുസാഹ–
സേന പെരുമാറിനാർ

---

ലരാജാവ് ഈ പണയം ഉപേക്ഷിക്കണം; അല്ലെങ്കിൽ കന്യക വിവാഹം കഴിയാതെയിരുന്നു വൃദ്ധയാകണം എന്നു വന്നു.

83. സമ്മതം=അനുവാദം. ''സമ്മതത്തിനിരിയാസ്സവേണ്ടതു്'' എന്നതിനു ക്ഷത്രിയരെല്ലാം മടങ്ങി, ഇനി ബ്രാഹ്മണരെക്കൊണ്ടു് വില്ല കുലയ്ക്കാൻ സാധിക്കുമോ എന്നു നോക്കാം, എന്നുള്ള സമ്മതം കിട്ടുവാൻ കാത്തിരിക്കുന്നതു യുക്തമല്ല, എന്നു സാരം. വിഗതസംശയം (ക്രി. വി.)=സംശയം കൂടാതെ. നമ്മളാൽച്ചിലർ=നമ്മളിൽ ച്ചിലർ (അതായതു് ബ്രാഹ്മണർ). നമ്മമാക്കരുതു്=കളിയാക്കരുതു് (നമ്മം=കളി). മൂത്തമ്മ=മുത്തശ്ശി. ഇക്കാര്യം കളിയായിട്ടു കരുതരുതു്. ഒരു കന്യക കല്യാണം കഴിയാതെ ഇരുന്നു നരച്ച മുത്തശ്ശിയായാൽ ഇവിടെ ഇതു കണ്ടുംകൊണ്ടിരുന്ന നമുക്കും ദോഷമുണ്ടാകും. അതുകൊണ്ടു നമ്മളാൽച്ചിലർ വില്ല കുലയ്ക്കുവാൻ ശ്രമിക്കണം.

84. കേചന=ചിലർ. ഭൂസുരർ=ബ്രാഹ്മണർ. മുതിന്നു്=ഉത്സാഹിച്ചു്. യൗവനമദേന=യൗവനംകൊണ്ടുള്ള മദത്താൽ. അന്വിതപ്രമദം(ക്രി. വി.)=അന്വിതമായ (കൂടിയ)സന്തോഷത്തോടെ. ഉരുസാഹസേന=ഉരുവായ (മഹത്തായ)സാഹസത്തോടെ. പ്രവരർ=ശ്രേഷ്ഠർ.

ഇന്നിതിൽ പ്രവരരാരിതെന്നഥ തിരഞ്ഞു
നോക്കുമളവെത്തിനാർ
ചെന്നു വിപ്രതകലൻ ഭീമനൊടദഭ്ര-
മേഘഘനരൂപിണാ 84

''ആഢ്യനെന്നു മതിരാതതെങ്കിലെഴ-
നീല്ലെടോ! സരസനേതുമേ
മൗഢ്യമുദ്രകളെടുക്കലാ തടിയ-
നായതിൻ ഫലമിതെന്തെടോ!
കൂട്ട ഞങ്ങരം കുലവില്ലെടുക്കയി സ-
ഖേ! കിടക്കുമൊരു പെൺപെലാർ
വാട്ടമെങ്കിലതിനും വരാ പിഴ ഫ-
ലിക്കിലോ പെരിക നല്ലർ നാം.'' 85

---

വിപ്രത=ബ്രാഹ്മണത്വം. അദഭ്ര....പിണാ=അദഭ്രം (അനല്പം)ആയും ശുഭ്രം ധവളം(ആയും)ഘനമായുമുള്ള രൂപത്തോടുകൂടിയ. ഇതു 'ഭീമനൊടു' എന്നതിൻെറ വിശേഷണം. ഭീമനൊടെത്തിനാർ എന്നതിനു ഭീമനോടണഞ്ഞു എന്നർത്ഥം. ബ്രാഹ്മണർ മുൻചൊന്നപ്രകാരം പറഞ്ഞു് അത്യുത്സാഹംപൂണ്ടു് അങ്ങുമിങ്ങും നടന്നു. ആരാണു് തങ്ങളുടെ കൂട്ടത്തിൽ അധികം ശക്തൻ എന്നു തിരഞ്ഞുനോക്കിയപ്പോരം വെളുത്തു കനത്ത മെയ്യോടുകൂടിയ ഭീമനെ കണ്ടു് അദ്ദേഹത്തിൻെറ അരികിൽ ചെന്നെത്തി.

85. ആഢ്യൻ=ആഭിജാത്യത്തെ സൂചിപ്പിക്കുന്ന ഒരു ബഹുമാനപദം. സരസൻ=രസികൻ. മൗഢ്യമുദ്രകരം=മൗഢ്യത്തിൻെറ(മൂഢതയുടെ) മുദ്രകരം (ചിഹ്നങ്ങരം). അയി സഖേ=അല്ലയോ സ്നേഹിത! പെൺപെലാർ=പെൺകിടാവു്. ഇതു തടിയനായ ഭീമനെ ഉത്സാഹിപ്പിച്ചുംകൊണ്ടുള്ള ബ്രാഹ്മണരുടെ വചനമാകുന്നു. സാരം സ്പഷ്ടം.

ഇതി പ്രഹസിതാകുലം പല–
രുമായണഞ്ഞാശു കൈ–
പ്പിടിച്ചു പരിതോ നടന്നവർ
വലിച്ചുലയ്ക്കും വിധൗ
കൃതസ്മിതമുദീക്ഷണൈസ്സക–
ലകർമ്മവിജ്ഞോയമെ–
ന്നുദാരമുപദിഷ്ടവാൻ ദ്വിജ–
ഗണായ ശക്രാത്മജം. 86

എങ്കിൽ താൻ പോരികെന്നുല്ലളിതമതിർകട–
ന്നെത്തുപെട്ടെന്തിനാരെ–
ശ്ശങ്കിക്കുന്നൂ ഭവാനെന്നവിടയുമവർ മു–
ട്ടിച്ചു പുക്കോരു നേരം

86. പ്രഹസിതാകുലം(ക്രി.വി.)=പ്രഹസിതം(ചിരി)കൊണ്ടു് ആകുലം (പൂർണ്ണം)ആകുംവണ്ണം. ആശു=വേഗത്തിൽ. പരിതഃ=ചുററും. കൃതസ്മിതം (ക്രി.വി.)=സ്മിതം (പുഞ്ചിരി)ചെയ്തുംകൊണ്ടു്. ഉദീക്ഷണൈഃ=നോട്ടങ്ങൾകൊണ്ടു്. സകലകർമ്മവിജ്ഞഃ=എല്ലാ കർമ്മങ്ങളുടേയും വിജ്ഞൻ(അറിയുന്നവൻ)ആണു്. അയം=ഇദ്ദേഹം. ഉദാരം=(ക്രി. വി.) ഔദാര്യത്തോടെ. ഉപദിഷ്ടവാൻ=ഉപദേശിച്ചു. ദ്വിജഗണായ=ദ്വിജന്മാരുടെ ഗണത്തിന്നു് (സംഘത്തിന്നു്) ശക്രാത്മജം=ഇന്ദ്രപുത്രനെ (അർജ്ജുനനെ). ബ്രാഹ്മണർ പലരുംകൂടി ഭീമനെ കൈക്കുപിടിച്ചു വലിക്കുന്ന സമയത്തു് അദ്ദേഹം അർജ്ജുനനെ കണ്ണുകൊണ്ടുകാട്ടി ''ഇദ്ദേഹം ഇതിലൊക്കെ നല്ല അറിവുള്ളവനാണു്'' എന്നുപദേശിച്ചു.

87. ഉല്ലളിതം=ഉത്സാഹംകൊണ്ടുള്ള ഇളക്കം. ഭവാൻ=അങ്ങു്. കിം കിം=എന്തിനു്. പാർക്കുന്നതു്=താമസിക്കുന്നതു്. പ്രകടയ=നീ പ്രകടിപ്പിച്ചാലും. പടുതാം=പടുത്വത്തെ (സാമർത്ഥ്യത്തെ). മാസ്തു=ഭവിക്കേണ്ട. ശങ്കാ=സംശയം. ഇതി=എന്നു്. ചൊല്ലു്=വാക്കു്. കൺകോണൂടെ=കടാക്ഷത്തിലൂടെ. വിജയനിൽ=അർജ്ജുനനിൽ. വില

കിം കിം പാൎക്കുന്നതെങ്കിൽ പ്രകടയ പടുതാം
　　മാസ്സു ശങ്കേതി ചൊല്ലും
കണ്ടേകാണ്ടുടേ കടന്നൂ വിജയനിൽ വിലസ-
　　ദ്വിക്രമേ ചക്രപാണേഃ. 87

ഏതസ്മിന്നേവ കാലേ സവിനയമരികേ
　　പാൎത്ഥകണ്ടദ്വിജന്മ-
വ്രാതം കാണാതവണ്ണം മുകുളിതഹസിതം
　　ധൎമ്മസൂനോൎമ്മുഖാബ്ജം
ജാതോല്ലാസം ഹിഡിംബപ്രമഥനമപി സം-
　　വീക്ഷ്യ മദ്ധ്യേ ദ്വിജാനാ-
മാത്തുംഗാഭോഗശാലീ മുദിതമുഖമെഴ-
　　ന്നീററു നിന്നാൻ കിരീടീ 88

---

സദ്വിക്രമേ (വിജയ വിശേഷണം)= വിലസിക്കുന്ന വിക്രമത്തോടുകൂടിയ. ചക്രപാണേഃ=ചക്രം കയ്യിലുള്ളവന്റെ (ശ്രീകൃഷ്ണന്റെ.) എന്നാൽ താൻ വരു എന്നു പറഞ്ഞു ബ്രാഹ്മണർ അൎജ്ജുനന്റെ അടുക്കലും ചെന്നു മുട്ടിച്ചു. അപ്പോൾ ''എന്നാൽ എന്തിനു താമസിക്കുന്നു. കാണിക്ക തന്റെ സാമൎത്ഥ്യം'' എന്നിങ്ങനെ ശ്രീകൃഷ്ണന്റെ അരുളപ്പാടും കടാക്ഷംവഴിയായി അൎജ്ജുനനിൽ കടന്നു. ഭഗവാൻ അനുജ്ഞാസൂചകമായി ഒന്നു 'കടാക്ഷിച്ചു എന്നു സാരം.

88. ഏതസ്മിന്നേവകാലേ=ഈ കാലത്തിങ്കൽ തന്നെ. സവിനയം (ക്രി. വി.)=വിനയത്തോടെ. ദ്വിജന്മവ്രാതം=ദ്വിജന്മാക്കളുടെ (ബ്രാഹ്മണരുടെ) വ്രാതം (സമൂഹം). മുകുളിതഹസിതം=മുകുളിതമായ (കൂമ്പിയ) ഹസിതത്തോടു (മന്ദഹാസത്തോടു)കൂടിയ. ധൎമ്മസൂനോഃ= ധൎമ്മപുത്രന്റെ. മുഖാബ്ജം=മുഖപത്മത്തെ. ജാതോല്ലാസം=ജാതമായ (ഉണ്ടായ) ഉല്ലാസത്തോടുകൂടിയ. ഹിഡിംബപ്രമഥനം അപി= ഹിഡിംബാസുരനെ പ്രമഥനം ചെയ്ത (കൊന്ന)വനെ, അതായതു് ഭീമനേയും. സംവീക്ഷ്യ=നോക്കീട്ടു്. മദ്ധ്യേ=നടുവിൽ. ദ്വിജാനാം=ബ്രാഹ്മണരുടെ. ആത്തും....ശാലീ=ആത്തുംഗമായ (ഉന്നതമായ) ആഭോഗം

ദ്രുപദദുഹിതുസ്സാദ്ധം പ്രേമ്ണാ
മുരാരിദൃഗഞ്ചല-
പ്രഗളിതകൃപാപീയൂഷാസ്വാ-
ദമേദുരമാനസഃ
പതിരിവ മരീചീനാം പൂൎവ്വാ-
ചലാൽ ഘനസംവൃതി-
ൎദ്വിജവരസഭാമധ്യാദുത്ത-
സ്ഥിവാനഥ വാസവിഃ. 89

(വിശാലത)കൊണ്ടു ശോഭിക്കുന്ന (കിരീടിയുടെ വിശേഷണം). മുദിതമുഖം (ക്രി. വി.)=മുദിതമായ (പ്രസന്നമായ) മുഖത്തോടുകൂടി. കിരീടി=അൎജ്ജുനൻ. ഈ അവസരത്തിൽത്തന്നെ അൎജ്ജുനൻ ബ്രാഹ്മണർ കാണാത്തവിധം ജ്യേഷ്ഠന്മാരുടെ മുഖത്തേക്കു നോക്കി. അപ്പോൾ ധൎമ്മപുത്രന്റെ മുഖം ഉള്ളിൽ പുഞ്ചിരികൊള്ളുന്നതായും ഭീമസേനൻ ഉല്ലാസം പൂണ്ടതായും കണ്ടു. തത്സമയത്തു് വിശാലോന്നതകായനായ വിജയൻ പ്രസന്നമുഖനായി ആ ബ്രാഹ്മണമധ്യത്തിൽ എഴുനീററു നിന്നു.

89. അൎജ്ജുനന്റെ ഉത്ഥാനത്തെ ഒരു ശ്ലോകംകൊണ്ടു വൎണ്ണിക്കുന്നു:—ദ്രുപദദുഹിതുഃ=ദ്രുപദന്റെ ദുഹിതാവിന്റെ(പുത്രിയുടെ). സാദ്ധം =കൂടെ. പ്രേമ്ണാ=പ്രേമത്തോടു. മുരാരി....മാനസഃ=മുരാരിയുടെ(ശ്രീകൃഷ്ണന്റെ) ദൃഗഞ്ചലത്തിൽ (നേത്രാഗ്രത്തിൽ)നിന്നു പ്രഗളിതമായ (പ്രവഹിച്ച) കൃപാപീയൂഷത്തിന്റെ (കരുണാമൃതത്തിന്റെ) ആസ്വാദത്താൽ മേദുരമായ (പുഷ്ടമായ) മാനസത്തോടുകൂടിയവനായ (വാസവിയുടെ വിശേഷണം.) പതിരിവ മരീചീനാം=മരീചികളുടെ(രശ്മികളുടെ) പതി അതായതു് സൂര്യൻ എന്നപോലെ. പൂൎവ്വാചലാൽ= കിഴക്കെ പൎവ്വതത്തിന്മേൽ (ഉദയഗിരിയിന്മേൽ)നിന്നു്. ഘനസംവൃതിഃ=ഘനയായ സംവൃതിയോടു(സംവരണത്തോടു)കൂടിയ; സൂര്യപക്ഷത്തിൽ ഘനങ്ങളെക്കൊണ്ടു് ആവരണത്തോടുകൂടിയ. ദ്വിജവരസഭാമധ്യാൽ=ദ്വിജവരന്മാരുടെ (ബ്രാഹ്മണശ്രേഷ്ഠന്മാരുടെ) സഭയുടെ മദ്ധ്യത്തിൽ നിന്നു്. ഉത്തസ്ഥിവാൻ=ഉത്ഥാനംചെയ്തു. അഥ= അനന്തരം. വാസവിഃ=വാസവപുത്രൻ (അൎജ്ജുനൻ). ശ്രീകൃഷ്ണന്റെ

ഗദ്യം:—2. അഥ സമുദിതോദ്യമം ഭൂമിദേവേന്ദ്രവേ ഷോയമമ്പോടെഴുന്നീററു നിന്നോരുനേരത്തഹോ കഷ്ടമീ ധൃഷ്ടനെങ്ങുള്ളതീ മൂഢനാത്മീയവൃത്താന്തമോരാതവൻ നമ്മ ളാക്കില്ല ശസ്ത്രങ്ങൾ ശാസ്ത്രങ്ങളേ മുററുമുള്ളൂ ചെറുപ്പം തുട ങ്ങായ്ക്കടങ്ങീടുകെന്നങ്ങു കേചിൽ, പരേ ധർമ്മജാല്യം തുടങ്ങാ യ്ക്ക താനെന്തറിഞ്ഞിട്ടു തർക്കിച്ചു വന്നു നമുക്കും ചിലക്കാ യുധം പണ്ടുമുണ്ടായിരുന്നാറു കേൾപ്പീലയോ പാർത്തുകാണെ

---

കൃപാകടാക്ഷാമൃതം നുകർന്നു സംതൃപ്തനായ അർജ്ജുനൻ, ഉദയഗിരി യിൽനിന്നു സൂര്യനെന്നപോലെ, ബ്രാഹ്മണസഭയിൽനിന്നു, പാ ഞ്ചാലിയുടെ പ്രേമത്തോടൊപ്പം ഉത്ഥാനം ചെയ്തു. 'ഘനസംവൃതിഃ' എന്ന വിശേഷണം ഉപമാനോപമേയങ്ങൾ രണ്ടിലും സാധാരണം. ഉപമയും സഹോക്തിയും അലങ്കാരങ്ങൾ. ഹരിണീവൃത്തം. ''നസമ ഹരിണിക്കാറും പത്തും മുറിഞ്ഞു രസം ലഗം.''

ഗദ്യം 2. ആ സമയത്തു ബ്രാഹ്മണസഭയിലുണ്ടായ അവ സ്ഥാന്തരത്തെപ്പറയുന്നു:—അഥ=അനന്തരം. സമുദിതോദ്യമം (ക്രി. വി.)=സമുദിതം(ജാതം)ആയ ഉദ്യമത്തോടുകൂടി. ഭൂമി....വേഷഃ=ഭൂമി ദേവേന്ദ്രൻെറ(ബ്രാഹ്മണവര്യൻെറ) വേഷംപോലെയുള്ള വേഷത്തോടു കൂടിയ. അയം=ഇവൻ(അർജ്ജുനൻ). അഹോ=ആശ്ചര്യം. ധൃഷ്ടൻ= ലജ്ജയില്ലാത്തവൻ. എങ്ങുള്ളതു്=എവിടത്തുകാരനാണ്. മൂഢൻ= അജ്ഞൻ. ആത്മീയവൃത്താന്തം=ആത്മീയമായ (തന്നെസ്സംബന്ധി ച്ച) വർത്തമാനം. നമ്മളാക്കു്=നമ്മൾക്കു് (ബ്രാഹ്മണർക്കു്). ഇല്ല ശസ്ത്ര ങ്ങൾ=ശസ്ത്രങ്ങൾ (ആയുധങ്ങൾ)ഇല്ല. ശാസ്ത്രങ്ങൾ=തർക്കവ്യാകരണാ ദികൾ. മുററുമുള്ളൂ=മാത്രമേയുള്ളൂ. ചെറുപ്പം തുടങ്ങായ്ക=ചെറുപ്പം(ചാപ ല്യം) തുടങ്ങരുതു്. അടങ്ങീടുക=ഒതുങ്ങുക. അങ്ങു=അവിടെ (സഭ യിൽ). കേചിൽ=ചിലർ. നമുക്കു് ആയുധമില്ല. അതുകൊണ്ടു് ചാപല്യം തുടങ്ങരുതു്. എന്നു സഭയിലുള്ളവരിൽ ചിലർ പറഞ്ഞു. പരേ=മററുള്ള. ധർമ്മജാല്യം=ധർമ്മത്തിലുള്ള ജളത (ധർമ്മമാകാതെവരു മോ എന്ന ദുശ്ശങ്ക). താനെ....ച്ചുവന്നു=താൻ എന്തറിഞ്ഞാണ് തർക്കി ക്കുന്നതു്. ഉണ്ടായിരുന്നാറു=ഉണ്ടായിരുന്ന പ്രകാരം. കേൾപ്പീലയോ= കേൾക്കുന്നില്ലേ? പാർത്തുകാണ്=ആലോചിച്ചു നോക്കൂ. ഭോഷാ=

ന്തുഭോഷോ പുരാ ഭാഗ്ഗവൻ ചെയ്ത ശൗര്യം ധരിച്ചീലയോ
കിം കിമെന്തങ്ങഹോ വിപ്രനില്ലൊക്കുമേ ശങ്കിയാഴ്കേതു
മേ ചെൽക വില്ലങ്ങെടുക്കെന്നു കേചിൽ, പരം വിസ്മൃതി
ക്കാരനി ബ്രാഹ്മണന്താൻ തനിക്കാവതും പോവതും തന്നി
ണങ്ങക്കു തൻകാരണോക്കും ബലാൽ മററു മാലോകരായുള്ള
വക്കും സദാ വേണ്ടുവൊന്നല്ലിതെന്നേവനും തോന്നുമിക്കോ
പ്പു കാട്ടുന്നതും തൻപിറപ്പും ധരിച്ചിട്ടുമല്ലെന്തെടോ നൃനമി
ക്ഷത്രിയന്മാർ ചിരിക്കെന്നു വന്നു മഹാഹാസ്യരായുള്ള നാ
ന്തങ്ങളൊട്ടിത്തരം കാട്ടിനാൽ നാളെ ലോകക്കു കേട്ടാലി
ണങ്ങാ സതാമെന്നു കേചിൽ, ക്ഷണം നിങ്ങളെല്ലാം പൊ
റുപ്പിൻ മഹാബ്രാഹ്മണത്വം തുളുമ്പിച്ചു കുന്തിക്കിടന്നങ്ങു കാ
ട്ടായ്ക ജാതിക്കു പോരാ നമുക്കില്ലയോ ചൊല്ലു ബ്വാണാസ
നാരോപണം കാണിരിക്കും മഹാഭൂസുരൻ ദ്രോണർ താന

---

വിഷ്ണൂ! പുരാ=പണ്ടു്. ഭാഗ്ഗവൻ=ഭൃഗുവിൻെറ ഗോത്രപുത്രൻ (പരശു
രാമൻ). ശൗര്യം=ശൂരത. കിം കിം=എന്തു് എന്തു്. വിപ്രനില്ലൊ
ക്കുമേ=ബ്രാഹ്മണനു കഴികയില്ല. കേചിൽ=ചിലർ (പരേ കേചിൽ
എന്നു പൂവ്വത്തോടന്വയം). നമുക്കും ചിലക്കു് ആയുധമുണ്ടായിരുന്നു.
പണ്ടു പരശുരാമൻ ചെയ്ത പരാക്രമം കേട്ടിട്ടില്ലേ? അതുകൊണ്ടു ശ
ങ്കിച്ചു നില്ക്കാതെ ചെന്നു വില്ലെടുക്കു എന്നു മററുചിലർ പറഞ്ഞു. പ
രം=ഏററവും. വിസ്മൃതിക്കാരൻ=മറവിക്കാരൻ. ആവതും പോവതും=
ആകുന്നതും ആകാത്തതും. തന്നിണങ്ങക്കു്=തൻെറ സ്വജനങ്ങൾക്കു്.
മാലോകർ—മഹാലോകർ. സദാ=എല്ലാപ്പോഴും. വേണ്ടുവോന്നല്ല=
വേണ്ടുന്ന ഒന്നല്ല. പിറപ്പു്=ജനനം. മഹാഹാസ്യർ=ഏററവും പരി
ഹാസ്യർ. ഇണങ്ങാ=ചേരുകയില്ല. സതാം=സജ്ജനങ്ങൾക്കു്. ഈ
ബ്രാഹ്മണൻ വലിയ മറവിക്കാരൻ. തൻെറ സാധ്യാസാധ്യതകളും,
തൻെറ സ്വജനങ്ങൾക്കും കാരണവക്കും മഹാലോകക്കും തീരെ അസാ
ദ്ധ്യമെന്നു തോന്നുന്ന ഈ പ്രവൃത്തിയുടെ ഗൗരവവും തൻെറ ജനനവും
ഇദ്ദേഹം ധരിച്ചിട്ടില്ല. ക്ഷത്രിയർ ഇതുകണ്ടു ചിരിക്കും. ഇതു് സജ്ജ

ല്ലയോ വിൽപയററിച്ചു പോരുന്നതെന്നെങ്കിലസ്സമ്പ്രദായ ത്തിലുള്ളോരു ശിഷ്യോയമെന്നുണ്ട വെക്കാം വഴക്കാവത ല്ലൊന്നുകൊണ്ടും കുലസ്ഥാകിലെല്ലാമിളസ്സേണ്ടുവൊന്നല്ല ചെൽകെന്നു കേചിൽ, ഭ്രമത്തിന്നു ചൊല്ലാവതല്ലേതു കൈ കൊണ്ടെടുക്കേണ്ടുവെന്നുള്ളതും പാക്കിലങ്ങെപ്രകാരം കുല സ്സേണ്ടുവെന്നുള്ളതും പൃഷ്ഠമേതഗ്രമേതെന്നുമേവം ധരിച്ചീട വല്ലാതവന്നെത്ര നന്നിത്തരം തോന്നുമാറെന്നുമന്യോന്യമു ച്ചൈരഴച്ചുല്ലളച്ചാപലം കൈപ്പിടിച്ചും കയച്ചും ചിരിച്ചും തഴച്ചോരു സംഭ്രാന്തി കൈക്കൊണ്ടതിവ്യാകുലേ ഭൂസുരാ ണാം കുലേ

---

നങ്ങരാംകള കേട്ടാൽ പൊരുന്നുകയില്ല. എന്നു ചിലർ പറഞ്ഞു. ക്ഷണം=അല്പനേരം. മഹാബ്രാഹ്മണത്വം=ബ്രാഹ്മണശ്രേഷ്ഠനെന്നുള്ള അവസ്ഥ. തുളുമ്മിച്ച്=പൊഴിച്ച്. കുന്തി=കുന്തിച്ച്. ബാണാസനാരോപണം=ബാണാസനത്തിൻെറ (വില്ലിൻെറ)ആരോപണം (കുലയ്ക്കൽ). മഹാഭൂസുരൻ=മഹാബ്രാഹ്മണൻ. ദ്രോണർ=ദ്രോണാചാര്യർ. വിൽപയററിച്ചുപോരുന്നതു്=വിൽപ്രയോഗം പഠിപ്പിക്കുന്നതു്. അസ്സമ്പ്രാദയത്തിൽ=ആ പാരമ്പര്യത്തിൽ. ശിഷ്യോയം=ശിഷ്യനാണിവൻ. വഴക്കാവതല്ല=ഒഴിഞ്ഞുപോരരുതു്. കുലസ്ഥാസ്സിൽ=കുലസ്ഥാമെങ്കിൽ. ഇളസ്സേണ്ടുവൊന്നല്ല=ഒഴിസ്സേണ്ടതല്ല. ബ്രാഹ്മണ്യം കൊണ്ടു കുന്തിച്ചു വിസ്ലിത്തം കാട്ടാതിരിക്കു. നമുക്കു വിൽ കുലസ്ഥാൻ അഹ്തയില്ലേ? മഹാബ്രാഹ്മണനായ ദ്രോണരല്ലേ വില്ലഭ്യസിപ്പിക്കുന്നതു്? ആ സമ്പ്രദായത്തിലുള്ള ഒരു ശിഷ്യനായിരിക്കാം ഇദ്ദേഹം. ഏതായാലും ഒഴിക്കരുതു് എന്നു ചിലർ പറഞ്ഞു. ഭ്രമത്തിന്നു് ചൊല്ലാവതല്ല=ഭ്രമത്തിന്നുവേണ്ടി (ഭ്രമത്തെ ശരിയാക്കുവാൻ വേണ്ടി) പറയരുതു്. പൃഷ്ഠം=കട. അഗ്രം=തല. ധരിച്ചീടവല്ലാതവന്നു്=ധരിപ്പാൻ കഴിയാത്തവന്നു്. ഭ്രമംകൊണ്ടു വല്ലതും പറയരുതു്. വില്ലു് ഏതു കൈകൊണ്ടാണെടുക്കേണ്ടതു്, എങ്ങനെയാണു് കുലസ്സേണ്ടതു്, അതിൻെറ കടയേതു്, തലയേതു് എന്നൊന്നും അറിവാൻ വയ്യാത്തവനു് ഈ സാഹസം ചെയ്‌വാൻ തോന്നിയതു് നല്ലതുത

ഏവം ചാപല്യവേഗാൽ പലവഴിയിലഴ—
ച്ചും തഴയ്ക്കുന്ന ധാത്രീ—
ദേവന്മാരെപ്പറഞ്ഞങ്ങതിരഭസമട—
ക്കിപ്പടുത്വാതിരേകാൽ
ഭാവം തേറാതവണ്ണം വിനയപരിമളം
മന്ദമന്ദം നടന്ന—
ങ്ങാവിർമ്മോദേന രംഗേ വിജയനഥ കരേ—
റീടിനാനൂഢധൈര്യം. 90

---

ന്നെ. അന്യോന്യം=തമ്മിൽത്തമ്മിൽ. ഉച്ചൈഃ=ഉറക്കെ. അഴച്ച്=വിളിച്ചുപറഞ്ഞു്. ഉല്ലളച്ചാപലം(ക്രി. വി.)=ഉല്ലളത്തായ (ഇളകിമറിയുന്ന) ചാപല്യത്തോടുകൂടി. കയച്ചും=അയച്ചും. തഴച്ചോരു=വർദ്ധിച്ച. സംഭ്രാന്തി=സംഭ്രമം. അതിവ്യാകുലേ(സതി)=ഏററവും വ്യാകുലം(പരവശം) ആയ സമയത്തു്. ഭൂസുരാണാം=ബ്രാഹ്മണരുടെ. ഗണേ (അതിവ്യാകുലേ എന്നതിനോടു യോജന)=സമൂഹം. മേൽപ്രകാരം തമ്മിൽ തമ്മിൽ പറഞ്ഞുംകൊണ്ടു ബ്രാഹ്മണസമൂഹം സംഭ്രമപരവശമായിച്ചമഞ്ഞ സമയത്തു്. (''വിജയനഥകരേറീടിനാൻ''എന്നു് ഉത്തരശ്ലോകത്തിൽ പറയുന്നതിനോടുചേൎത്തു് ഇതന്വയിക്കണം).

90. ചാപല്യവേഗാൽ=ചാപല്യത്തിൻെറ തള്ളിച്ചനിമിത്തം. തഴയ്ക്കുന്ന=ഭ്രമിക്കുന്ന. ധാത്രീദേവന്മാരെ=ബ്രാഹ്മണരെ. അതിരഭസം=അതിവേഗത്തിൽ. പടുത്വാതിരേകാൽ=പടുത്വത്തിൻെറ (സാമർത്ഥ്യത്തിൻെറ) അതിരേകത്താൽ(ആധിക്യത്താൽ). ഭാവംതേറാതവണ്ണം വിനയപരിമളം=ഭാവം (അന്തൎഗ്ഗതം) അറിയാത്ത വിധത്തിലുള്ള വിനയത്തിൻെറ പരിമളത്തോടുകൂടി. മന്ദമന്ദം=വളരെപ്പതുക്കെ. (രണ്ടും ക്രിയാവിശേഷണം). ആവിർമ്മോദേന = ആവിർഭൂതമായ (ഉണ്ടായ)മോദത്തോടെ. രംഗേ=രംഗത്തിൽ. വിജയൻ=അൎജ്ജുനൻ. ഊഢധൈര്യം (ക്രി.വി.) =ഊഢമായ (വഹിക്കപ്പെട്ട)ധൈര്യത്തോടുകൂടി. ആ സമയത്തു വിജയൻ ചാപല്യംകൊണ്ടു പലതും പറഞ്ഞു പരിഭ്രമിക്കുന്ന ബ്രാഹ്മണരെ ഒതുക്കി, തൻെറ ഉള്ളിലുള്ള ഭാവം എന്തെന്നു് ആൎക്കും മനസ്സിലാക്കുവാൻ വയ്യാത്തവിധം അത്ര വിനയം പ്രദൎശിപ്പിച്ചുകൊണ്ടു, ധൈര്യസമേതം രംഗത്തിലേക്കു കയറി.

പ്രകടിതവതി വാമേ പുംഖരേഖാം കടാക്ഷേ
ഗുണകഷണകളങ്കം ദക്ഷിണേ ച പ്രകോഷ്ഠേ
അഭിമുഖമഭിയാതേ സവ്യസാചീതി ശങ്കാ
ക്ഷണമജനി നൃപാണാമപ്രസംഗാത്തിരോഭൂൽ. 91

പ്രത്യക്ഷാംഭോജബാണം വലരിപുതനയം
തത്ര രംഗാധിരൂഢം

---

91. അദ്ദേഹത്തെക്കണ്ടപ്പോൾ രാജാക്കന്മാക്കണ്ടായ ഭാവത്തെ പറയുന്നു:—പ്രകടിതവതി(ത. പു. സ. ഏ.)=പ്രകടമാക്കിച്ചെയ്തവനായ. വാമേ=വലത്തേതായ (കടാക്ഷേ എന്നതിൻെറ വിശേഷണം). പുംഖരേഖാം=പുംഖം (അമ്പിൻെറ കട)കൊണ്ടുള്ള രേഖയെ(പ്രകടിതവതി എന്നതിൻെറ കമ്മം). കടാക്ഷേ=കടാക്ഷത്തിൽ (കണ്ണിൻെറ കടയ്ക്കൽ). ഗുണകഷണകളങ്കം=ഗുണം (ഞാൺ)കൊണ്ടുള്ള കഷണം (ഉരസൽ) ഹേതുവായ കളങ്ക(മാലിന്യം)ത്തെ. ഇതും പ്രകടനക്രിയാകമ്മം. ദക്ഷിണേ=വലത്തേതായ. പ്രകോഷ്ഠേ=കൈത്തണ്ടമേൽ. അഭിമുഖം=നേരെ. അഭിയാതേ(സതി)=വന്നപ്പോൾ(തസ്മിൻ എന്നധ്യാഹരിക്കണം). സവ്യസാചീ ഇതിശങ്കാ=സവ്യസാചി (ഇടത്തുകൈകൊണ്ടുകൂടി ശരം തൊടുക്കുന്നവൻ അതായതു് അജ്ജുനൻ) എന്നുള്ള ശങ്ക. ക്ഷണം=അല്പനേരം. അജനി=ജനിച്ചു. നൃപാണാം=രാജാക്കന്മാക്കു്. അപ്രസംഗാൽ=പ്രസംഗം (പ്രസക്തി) ഇല്ലായ്കയാൽ. തിരോഭൂൽ=തിരോഭവിച്ചു(മറഞ്ഞു). ഇടത്തുകണ്ണിൻെറ കടയ്ക്കൽ ശരത്തിൻെറ കടകൊണ്ടിട്ടുള്ള പാടും വലത്തു കൈത്തണ്ടമേൽ ഞാണകൊണ്ടുരഞ്ഞിട്ടുള്ള വടുവും സ്പഷ്ടമായി കാണപ്പെടുന്ന അദ്ദേഹം നേരേ വന്നപ്പോൾ ഇയ്യാൾ സവ്യസാചിയാണോ എന്നു ക്ഷണനേരം ശങ്കയുണ്ടായി. ആ ശങ്കയ്ക്കു പ്രസക്തിയില്ലാത്തിനാൽ അതപ്പോൾത്തന്നെ മറയുകയും ചെയ്തു. വലത്തുകൈകൊണ്ടുമാത്രം അസ്ത്രം തൊടുക്കുന്നവക്കു വലത്തുകണ്ണിൻെറ കടയ്ക്കൽ പുംഖരേഖയും ഇടത്തുകൈത്തണ്ടമേൽ ഞാൺതഴമ്പും ഉണ്ടാകുന്നതു പതിവാണു്. പ്രസ്തുതപുരുഷനു് അതു നേരെമറിച്ചും കൂടി കാൺകയാൽ ഇദ്ദേഹം സവ്യസാചിയാണോ എന്നു ശങ്കിച്ചുവെന്നു സാരം.

92. അദ്ദേഹത്തെക്കണ്ടപ്പോൾ പാഞ്ചാലിക്കുണ്ടായ ഭാവഭേദത്തെ

പ്രത്യഗ്രൗത്സുക്യലോലം ദ്രുപദകുലശിഖാ-
മഞ്ജരീ സാ കുമാരീ
ഉദ്യന്നീറംക്കണ്ണകലാമംഗലമരതകമാ-
ലാമണിഞ്ഞാറം തദാ വ-
ന്നെത്തും മാലാപ്പ്ണത്തിന്നിനിയ പൊഴുതു കൊ-
ണ്ടീടിനാളെന്നപോലെ. 92

ഭക്ത്യാ ചാപം വലംവെച്ചുപചിതവിനയം
തത്ര മോദേന കുമ്പി-
ട്ടത്തുംഗാത്മാ മഹീയഃ സ്വയമഥ കുലവി-
ല്ലങ്ങെടുത്താച്ചി മെല്ലെ

---

പറയുന്നു:— പ്രത്യക്ഷാംഭോജബാണാം=പ്രത്യക്ഷനായിട്ടുള്ള അംഭോജബാണൻ (താമരപ്പൂവമ്പൻ, കാമൻ)ആയ. വലരിപുതനയം=വലരിപുവിൻെറ(ഇന്ദ്രൻെറ)പുത്രനെ. തത്ര=അവിടെ. രംഗാധിരൂഢം=രംഗത്തിൽ കയറിയ (വലരിപുതനയവിശേഷണം). പ്രത്യ....ലോലം=പ്രത്യഗ്രമായ(പുതിയ) ഔത്സുക്യംകൊണ്ടു ലോലം(സതൃഷ്ണം)ആകുംവണ്ണം (ക്രി. വി.). ദ്രുപ....ഞ്ജരീ=ദ്രുപദരാജാവിൻെറ കുലത്തിന്നു ശിഖാമഞ്ജരി (മുടിയിൽ ചൂടുന്ന പൂങ്കുല)യായ. സാ കുമാരീ=ആ കന്യക. ഉദ്യന്നീറം....മാലാം=ഉദ്യത്തുക്കളായ (ഉന്മേഷംപൂണ്ട) നീറംക്കണ്ണുകളുടെ(നീണ്ട കണ്ണുകളുടെ) കല (വിദ്യ, അതായതു് നോട്ടം)ആകുന്ന മംഗളമരതകമാലയെ (മംഗളാർത്ഥമായ മരതകമണിമാലയെ). വന്നെത്തും....ത്തിന്നു്=വന്നെത്തുന്ന (അടുത്തുവരുന്ന) മാലാപ്പ്ണത്തിന്നു് (മാലയിടലിന്നു്). പൊഴുതു........പോലെ=പൊഴുതുകൊള്ളുകയോ എന്നു തോന്നുമാറു്. പൊഴുതെന്നാൽ മുഹൂത്തമെന്നർത്ഥം. പൊഴുതുകൊറംക=മുഹൂത്തനേരത്തണിയിക്കുക. കാമദേവൻ പ്രത്യക്ഷമായതുപോലിരിക്കുന്ന ആ യുവാവിനെ പാഞ്ചാലി കടാക്ഷമാലയണിയിച്ചതിനെ ഭാവിയായ സ്വയംവരമാലാപ്പ്ണത്തിന്നു് പൊഴുതുകൊറംകയോ എന്നു തോന്നുമെന്നുൽപ്രേക്ഷിച്ചിരിക്കുന്നു. ഉൽപ്രേക്ഷാലങ്കാരം.

93. ഭക്ത്യാ=ഭക്തിയോടെ. ചാപം=വില്ലു്. ഉപചിതവിനയം(ക്രി. വി.)=ഉപചിതമായ(വദ്ധിച്ച) വിനയത്തോടേ. മോദേന=

ബദ്ധോല്ലാസം കലച്ചാനണിപവഴി തൊട്ട-
ത്താൻ വലിച്ചാൻ മുറിച്ചാൻ
ചിത്രാകാരഞ്ച ലക്ഷം ഝടിതി പടുധിയാ-
മഗ്രണീരപ്രയാസം. 93

രംഗേ പാൎത്ഥൻ കരേറുന്നളവവനിഭുജാം
ചിത്തവും പോൎക്കുരേറീ
ശങ്കായാം, വില്ലെടുക്കുന്നളവൊരു തലനോ-
വങ്ങെടുത്തു വിശേഷാൽ,
ഭംഗം ലക്ഷത്തിലെത്തുന്നളവിലഥ തദീ-
യാസ്ത്രപാതനേ തേഷാം
സങ്കല്പം പത്തുനൂറ,ല്പതിനിടയിലഹോ
ലക്ഷലക്ഷം മുറിഞ്ഞു. 94

---

സന്തോഷത്തോടെ. ഉത്തുംഗാത്മാ=ഉത്തുംഗം (ഉന്നതം)ആയ ആത്മാവിനോടു് (ദേഹത്തോടു, മനസ്സിനോടു് എന്നും) കൂടിയ. മഹീയഃ=അതിമഹത്തായ. ആച്ചി=തുടച്ചു്. ബദ്ധോല്ലാസം(ക്രി. വി.)=ബദ്ധം(ജാതം) ആയ ഉല്ലാസത്തോടുകൂടി. അണിപവഴി=ഭംഗിയുള്ള ശരം. ചിത്രാകാരം=ചിത്രം (നാനാപ്രകാരം) ആയ ആകാരത്തോടുകൂടിയ. ലക്ഷം=ലാക്കു്. ഝടിതി=വേഗം. പടുധിയാം=പടുവായ ധീ(ബുദ്ധി)യുള്ളവരിൽവെച്ചു്. അഗ്രണീഃ=മുമ്പൻ. അപ്രയാസം (ക്രി. വി.)=പ്രയാസംകൂടാതെ. സാരം സ്പഷ്ടം.

94. രംഗേ=രംഗത്തിൽ. പാൎത്ഥൻ=അൎജ്ജുനൻ. അവനിഭുജാം=അവനി(ഭൂമി)യെ ഭുജിക്കുന്ന(രക്ഷിക്കുന്ന)വരുടെ അതായതു് രാജാക്കന്മാരുടെ. ചിത്തം=മനസ്സു്. ശങ്കായാം=ശങ്കയിൽ. അൎജ്ജുനൻ രംഗത്തിൽ കയറിയപ്പോഠ നൃപന്മാരുടെ മനസ്സു ശങ്കയിൽ കയറി. തലനോവു്=തലവേദന. വില്ലെടുത്തപ്പോഠ രാജാക്കന്മാൎക്കു തലവേദനയെടുത്തു. ഭംഗം=മുറിവു്. ലക്ഷത്തിൽ=ലാക്കിൽ. തദീയാസ്ത്രപാതേന=തദീയങ്ങളായ (അവനെസ്സംബന്ധിച്ച) അസ്ത്രങ്ങളുടെ പാതം കൊണ്ടു്. തേഷാം=അവരുടെ. സങ്കല്പം=ആശ. ലക്ഷലക്ഷം=അന

ഗുരുരവഹിതമീക്ഷണേ വികൃഷ്ടേ
ധനുഷി ധനഞ്ജയ ഇത്യബോധി ഭീഷ്മഃ
യുഗപദിഷുവിസജ്ജനേ കൃപോസൗ
പരിദലിതേ വിദുരോ വിവേദ ലക്ഷേ. 95

ആളീധൃതം കഞ്ചന പഞ്ചവൎണ്ണം
കേളീശുകം പക്ഷപുടേ സ്പൃശന്തീ
പാണ്ഡോസ്സുതാഃ പഞ്ച വരാ മമേതി
രാജന്യലോകായ നിവേദയന്തീ 96

---

വധിലക്ഷം. അൎജ്ജുനൻെറ അസ്ത്രപതനംകൊണ്ടു ലക്ഷം മുറിഞ്ഞ പ്പോഠം രാജാക്കന്മാരുടെ ആശ ലക്ഷലക്ഷം മുറിഞ്ഞു. അലങ്കാരം അക്രമാതിശയോക്തി.

95. ലക്ഷ്യവേധം ചെയ്ത പാൎത്ഥനെ ചിലർ അറിഞ്ഞതായി പ്പറയുന്നു:—ഗുരുഃ=ഗുരുനാഥൻ(ദ്രോണർ). അവഹിതം ഈക്ഷണേ=അ വഹിതമാകുംവണ്ണമുള്ള (മനസ്സിരുത്തിക്കൊണ്ടുള്ള) ഈ ക്ഷണ(ദൎശനം) ത്തിങ്കൽ. വികൃഷ്ടേ ധനുഷി(ധനുഷി വികൃഷ്ടേ സതി)=വില്ലു വള ച്ചപ്പെട്ട സമയത്തു്. ധനഞ്ജയഃ ഇതി=ധനഞ്ജയൻ(അൎജ്ജുനൻ) എന്നു്. അബോധി=ബോധിച്ചു(അറിഞ്ഞു). ഭീഷ്മഃ=ഭീഷ്മർ. യുഗ പദിഷുവിസജ്ജനേ=ഒരുമിച്ചുള്ള ഇഷുക്കളുടെ (അസ്ത്രങ്ങളുടെ)വിസജ്ജ നത്തിങ്കൽ. കൃപോസൗ=ഈ കൃപൻ. പരിദലിതേ(സതി)=പരിദ ലിതം(ഖണ്ഡിതം)ആയ സമയത്തു്. വിദുരഃ=വിദുരൻ. വിവേദ= അറിഞ്ഞു. ലക്ഷേ=ലക്ഷ്യം. (പരിദലിതേ സതി എന്നു യോജന). അവധാനത്തോടുകൂടി നോക്കുന്നതു കണ്ടപ്പോഠം ദ്രോണരും, വില്ലു വള ച്ചപ്പോഠം ഭീഷ്മരും, ഒന്നിച്ചു ശരങ്ങളയച്ചപ്പോഠം കൃപരും, ലാക്കു മുറി ച്ചപ്പോഠം വിദുരരും അദ്ദേഹം അൎജ്ജുനനാണെന്നു മനസ്സിലാക്കി.

96–97. പാഞ്ചാലിയുടെ സ്വയംവരമാലാൎപ്പണത്തെ പറയു ന്നു:— ആളീധൃതം=ആളിയാൽ(തോഴിയാൽ)ധരിക്കപ്പെട്ട. കഞ്ചന= ഒരു. പഞ്ചവൎണ്ണം=അഞ്ചുവൎണ്ണങ്ങളോടുകൂടിയ. കേളീശുകം=കളിത്ത ത്തയെ. പക്ഷപുടേ=പക്ഷത്തിൻെറ(ചിറകിൻെറ)മദ്ധ്യത്തിൽ. സ്പൃ ശന്തീ=സ്പൎശിക്കുന്നവളായി. പാണ്ഡോഃ സുതാഃ=പാണ്ഡുവിൻെറ

വിദ്ധം തു ലക്ഷം പ്രസമീക്ഷ്യ കൃഷ്ണാ
പാൎത്ഥഞ്ച ശക്രപ്രതിമം വിലോക്യ
ആദായ ശുക്ലം വരമാല്യദാമ
ജഗാമ കുന്തീസുതമുൽസ്മരന്തീ. 97

വേലാതീതാനുഭാവഃ പ്രകടിതഭുജവീ-
ൎയ്യം മഹാത്മാനമേനം
ബാലാ കൃഷ്ണാ തദാനീമുപചിതകുതുകം
വീക്ഷ്യ മന്ദാക്ഷലോലാ

---

പുത്രന്മാർ. പഞ്ച=അഞ്ചുപേർ. വരാഃ മമ ഇതി=വരന്മാരാണു് എനിക്കു് എന്നു്. രാജന്യലോകായ=ക്ഷത്രിയലോകത്തിന്നായിക്കൊണ്ടു്. നിവേദയന്തീ=നിവേദനം ചെയ്യുന്നവളായി. വിദ്ധം=വേധിക്കപ്പെട്ട. തു=ആകട്ടെ. ലക്ഷം=ലാക്കിനെ. പ്രസമീക്ഷ്യ=കണ്ടിട്ടു്. കൃഷ്ണാ=പാഞ്ചാലി. പാൎത്ഥം ച=അൎജ്ജുനനേയും. ശക്രപ്രതിമം=ശക്ര(ഇന്ദ്രൻ)നോടു പ്രതിമ(സാദൃശ്യം)ഉള്ളവനായ(പാൎത്ഥവിശേഷണം). വിലോക്യ=കണ്ടിട്ടു്. ആദായ=എടുത്തിട്ടു്. ശുക്ലം=വെളുത്ത നിറമുള്ള. വരമാല്യദാമ=സ്വയംവരമാലയെ. ജഗാമ=ഗമിച്ചു. കുന്തീസുതം=കുന്തീപുത്രനെ. ഉത്സ്മരന്തീ=ഉൽസ്മര(ഉത്ഥിതനായ സ്മരനോടു കൂടിയവരം)ആയി. സ്പൃശന്തീ, നിവേദയന്തീ, ഉൽസ്മരന്തീ എന്നീ മൂന്നും കൃഷ്ണാവിശേഷണങ്ങൾ. തോഴി കയ്യിൽ എടുത്തിട്ടുള്ള ഒരു പഞ്ചവൎണ്ണക്കിളിയുടെ ചിറകിന്നിടയിൽ തടവി പാണ്ഡവന്മാർ അഞ്ചുപേർ എനിക്കു വരന്മാരാണെന്നു ക്ഷത്രിയരെയെല്ലാം അറിയിച്ചുംകൊണ്ടു സ്ഥിതിചെയ്തിരുന്ന പാഞ്ചാലി, മുറിഞ്ഞ ലക്ഷ്യത്തേയും ഇന്ദ്രതുല്യനായ അൎജ്ജുനനേയും കണ്ടിട്ടു് സ്വയംവരത്തിനുള്ള ധവളകുസുമമാലയും കയ്യിലെടുത്തു സ്മരാവേശത്തോടുകൂടി അൎജ്ജുനന്റെ സമീപത്തേയ്ക്കു ചെന്നു. ശുക്ലവൎണ്ണമായ മാലയെന്നു പറഞ്ഞതുകൊണ്ടു് ഇരിപ്പപ്പൂമാലയെന്നു ഗ്രഹിക്കണം. 'ആളീസ്തൃത'മിത്യാദിപദ്യത്തിൽ ക്രിയയാൽ കാൎയ്യബോധനമെന്ന നിദൎശനാലങ്കാരം.

98. വേലാ....വീൎയ്യം=വേലാതീതമായ (അതിരുകവിഞ്ഞ)അനുഭാവം (തേജസ്സു)കൊണ്ടു പ്രകടിതമായ (പ്രകാശിപ്പിക്കപ്പെട്ട) ഭുജവീ

ലീലാമന്ദം തദാ രണ്ടടി നതമുഖി മു—
    ന്നോക്കി വന്നങ്ങണിഞ്ഞാൾ
മാലാം പാൎത്ഥസ്യ കണ്ഠേ നിജഭുജലതികാ—
    ശ്ലേഷമാസൂത്രയന്തീ 98

വിബുധകരവിമുക്താ പുഷ്കരാൽ പുഷ്പവൃഷ്ടിഃ
പുരജനനയനാന്താൽ ബാഷ്പവൃഷ്ടിഃ പ്രമോദാൽ
നൃപദുഹിതൃകരാഗ്രാൽ സ്വേദവൃഷ്ടിസ്തദാനീം
സമജനി മഹനീയേ പ്രസ്തുതേ മാല്യദാനേ. 99

---

ത്യത്തോടു(കയ്യൂക്കിനോടു)കൂടിയ. മഹാത്മാനം=മഹാമനസ്സനായ. ഏനം=ഇവനെ(അൎജ്ജുനനെ). ബാലാ=ബാലികയായ. കൃഷ്ണാ=പാഞ്ചാലി. തദാനീം=അപ്പോൾ. ഉപചിതകുതുകം (ക്രി. വി.)=ഉപചിതമായ (വൎദ്ധിച്ച) കൌതുകത്തോടെ. വീക്ഷ്യ=നോക്കീട്ടു്. മന്ദാക്ഷലോലാ=മന്ദാക്ഷം(ലജ്ജ)കൊണ്ടു ലോല(ചഞ്ചല)യായിട്ടു്. ലീലാമന്ദം (ക്രി. വി.)=ലീലയാൽ മന്ദമാകുംവണ്ണം. നതമുഖി=കുനിഞ്ഞ മുഖത്തോടുകൂടിയ. മാലാം=മാലയെ. പാൎത്ഥസ്യ=പാൎത്ഥന്റെ. കണ്ഠേ=കഴുത്തിൽ. നിജ....ശ്ലേഷം=തന്റെ ഭുജലതികകൾ(ലതകൾ പോലെയുള്ള കൈകൾ)കൊണ്ടുള്ള ആശ്ലേഷത്തെ(ആലിംഗനത്തെ). ആസൂത്രയന്തീ=ആസൂത്രണം ചെയ്യുന്നവളായിട്ടു്(ആസൂത്രണം ചെയ്ക=സൂത്രരേഖകൊണ്ടു് സ്ഥാനമുറപ്പിക്കുക). പാഞ്ചാലി ലജ്ജാനമ്രമുഖിയായി വിലാസത്തോടെ ചെന്നു് അൎജ്ജുനന്റെ കണ്ഠത്തിൽ മാലയിട്ടു. അതു കണ്ടാൽ,വരുവാനുള്ള തന്റെ ഭുജാലിംഗനത്തിന്നുള്ള സ്ഥാനം കുറിക്കുകയാണോ എന്നു തോന്നും. വാചകശബ്ദമില്ലായ്കയാൽ ഗമ്യോൽപ്രേക്ഷ.

99. വിബുധകരവിമുക്താ=വിബുധന്മാരുടെ (ദേവകളുടെ) കരങ്ങളാൽ മോചിക്കപ്പെട്ട. പുഷ്കരാൽ=ആകാശത്തുനിന്നു്. പുഷ്പവൃഷ്ടിഃ=പുഷ്പവൎഷം. പുരജനനയനാന്താൽ=പുരജനങ്ങളുടെ നയനാന്തത്തിൽ(കണ്ണുകളുടെ കടയ്ക്കൽ)നിന്നു. ബാഷ്പവൃഷ്ടിഃ=ബാഷ്പവൎഷം. പ്രമോദാൽ=സന്തോഷം നിമിത്തം. നൃപദുഹിതൃകരാഗ്രാൽ=നൃപദുഹിതാവിന്റെ (രാജപുത്രിയുടെ) കരാഗ്രത്തിൽ (കൈവിരലിൽ)നിന്നു.

കണ്ടു തച്ചരിതമത്ഭുതം ദ്രുപദ-
പുത്രനാദരവശാലുടൻ
കൊണ്ടുവന്ന മണിതേർ കരേറി നിഭൃ-
തം കരേററി നിജവല്ലഭാം
ചണ്ഡവേഗമഥ തേർ കിടാകിന വൃ-
കോദരേണ സമമുദ്യതേ
ഗന്തുമിന്ദ്രതനയേ സരോഷമതി-
ചുക്ഷുഭേ നൃപമഹാബലം 100

---

സ്വേദവൃഷ്ടിഃ=വിയപ്പുവഷം. തദാനീം=അപ്പോഠം. സമജനി=ഉണ്ടായി. മഹനീയേ=മാന്യമായ. പ്രസ്തുതേ(സതി)=പ്രസ്താവിക്ക (ആരംഭിക്ക)പ്പെട്ട സമയത്തു്. മാല്യദാനേ=മാലയുടെ ദാനം(മാല്യദാനേ പ്രസ്തുതേ സതി എന്നു യോജന). പാഞ്ചാലി അജ്ജ്ജുനനെ മാലയിട്ടപ്പോഠം ദേവകളുടെ കയ്യിൽനിന്നു പൂമഴയും, പൗരനേത്രങ്ങളിൽനിന്നു കണ്ണീർമഴയും, കന്യാകരത്തിൽനിന്നു വിയപ്പുമഴയും ഉണ്ടായി. വിയപ്പുണ്ടാകുന്നതു സാത്വികഭാവത്തിൻെറ ചിഹ്നം. സമുച്ചയാലങ്കാരം.

100. തച്ചരിതം=അവൻെറ (അജ്ജ്ജുനൻെറ)ചരിതം. അത്ഭുതം=ആശ്ചര്യകരം. ദ്രുപദപുത്രൻ=ദ്രുപദരാജാവിൻെറ പുത്രൻ(ധൃഷ്ടദ്യുമ്നൻ). ആദരവശാൽ=ആദരത്തോടെ. മണിതേർ=മണിമയമായ തേർ. നിഭൃതം=പതുക്കെ. നിജവല്ലഭാം=തൻെറ വല്ലഭയെ(പ്രിയയെ). ചണ്ഡവേഗം(ക്രി. വി.)=വലിയ വേഗത്തോടെ. തേർകിടാകിന=തേർ തെളിച്ച(കിടാകുക=തെളിക്കുക). വൃകോദരേണ=ഭീമനോടു്. സമം=കൂടി. ഉദ്യതേ(സതി)=ഉദ്യതനായപ്പോഠം. ഗന്തും=പോകാൻ. ഇന്ദ്രതനയേ=അജ്ജ്ജുനൻ (ഇന്ദ്രതനയേ ഉദ്യതേ എന്നു യോജന). സരോഷം (ക്രി. വി.)=കോപത്തോടെ. അതി ചുക്ഷുഭേ=ഏററവും ക്ഷോഭിച്ചു. നൃപമഹാബലം=നൃപന്മാരുടെ മഹത്തായ ബലം(സൈന്യം). ധൃഷ്ടദ്യുമ്നൻ കൊണ്ടുവന്നതും ഭീമസേനൻ തെളിക്കുന്നതുമായ തേരിൽ കയറി പാഞ്ചാലിയേയും കരേററി അജ്ജ്ജുനൻ പോകുവാൻ ഭാവിച്ചു. തത്സമയത്തു് സ്വയംവരത്തിന്നു വന്നിട്ടുള്ള രാജാക്കന്മാരുടെ സൈന്യങ്ങഠം വല്ലാതെ ക്ഷോഭിച്ചു.

ഗദ്യം:—3. തദനു നരവരാഃ സസംഭ്രമഗൃഹീതായുധാഃ കോപഭാരാരുണദാരുണേക്ഷണാഃ ക്ഷണേനൈവ കഷ്ടം മൂഢജനമൂർദ്ധാഭിഷിക്ത ഏവായം ദ്രുപദരാജഃ യേനാസ്മാസു സ്വസ്ഥേഷു തിഷ്ഠമാനേഷു കസ്മൈചിദ്വിപ്രവടവേ ധന്യേയം കന്യാ സമർപ്പിതാ, നിയതമൈന്ദ്രജാലിക ഏവായം ബ്രാഹ്മണഃ യേന സകലരാജലോകദുരാരോപം ചാപമാരോപ്യ ചഞ്ചലം ലക്ഷ്യം ചാപനിഗമാനഭിജ്ഞേന നിപുണമപവിദ്ധം, കുത്രത്യോയമതിവിധിയാതോ ബ്രാഹ്മണബ്രുവഃ, യസ്തു നഃ സകലാനപി തൃണീകൃത്യ സ്വയംവരാഡംബരേ

---

ഗദ്യം 3. തദനു=അതിനുശേഷം. നരവരാഃ=രാജാക്കന്മാർ. സസംഭ്രമഗൃഹീതായുധാഃ=സസംഭ്രമമാകുംവണ്ണം ആയുധങ്ങളെ ഗ്രഹിച്ചവരായി. കോപ....ക്ഷണാഃ=കോപഭാരം(കനത്തകോപം)കൊണ്ടു്. അരുണങ്ങളും (ചുവന്നവ)ആയും ദാരുണങ്ങളും (ഭയങ്കരങ്ങളും)ആയും ഇരിക്കുന്ന ഈക്ഷണ(നേത്ര)ങ്ങളോടു കൂടിയവരായിട്ടു്. ക്ഷണേന ഏവ=ക്ഷണനേരംകൊണ്ടുതന്നെ. കഷ്ടം=കഷ്ടമേ. മൂഢ....ഷിക്തഃ ഏവ=മൂഢജനങ്ങളിൽവെച്ചു മൂർദ്ധാഭിഷിക്തൻ(ചക്രവർത്തിയായി ശിരസ്സിൽ അഭിഷേകം ചെയ്യപ്പെട്ടവൻ)തന്നെയാണു്. അയം ദ്രുപദരാജഃ=ഈ ദ്രുപദരാജാവു്. യേന=യാതൊരുവനാൽ. അസ്മാസു സ്വസ്ഥേഷു തിഷ്ഠമാനേഷു(സത്സു)=നമ്മൾ സ്വസ്ഥന്മാരായി സ്ഥിതിചെയ്യുന്ന സമയത്തു്. കസ്മൈചിൽവിപ്രവടവേ=ഒരു ബ്രാഹ്മണബാലനു് (വടു=ബാലൻ). ധന്യാ ഇയം കന്യാ=ധന്യയായ ഈ കന്യക. സമർപ്പിതാ=ദാനം ചെയ്യപ്പെട്ടു. നിയതം=നിശ്ചയമായും. ഐന്ദ്രജാലികഃ ഏവ=ഇന്ദ്രജാലക്കാരൻതന്നെ. അയം ബ്രാഹ്മണഃ=ഈ ബ്രാഹ്മണൻ. യേന=യാതൊരുവനാൽ. സകല....രോപം=എല്ലാ രാജലോകങ്ങളാലും ദുരാരോപം(കുലയേററപ്പെടുവാൻ പ്രയാസമുള്ള). ചാപം=വില്ലിനെ. ആരോപ്യ=കുലയേററീട്ടു്. ചഞ്ചലം=ഇളകിക്കൊണ്ടിരിക്കുന്ന. ലക്ഷ്യം=ലാക്കു്. ചാപനിഗമാനഭിജ്ഞേന(യേന എന്നതിന്റെ വിശേഷണം)=ചാപനിഗമത്തിൽ (ധനുർവ്വിദ്യയിൽ) അനഭിജ്ഞൻ(അറിവില്ലാത്തവൻ)ആയ. നിപുണം(ക്രി. വി.)=നൈപുണ്യ

KOTTAYAM PUBLIC LIBRARY KOTTAYAM

വന്ദിഗ്രാഹമഗ്രഹീഷ്ട രാജപുത്രീം, തദയമസ്യ ദുർവ്വിനയസ്യ ഫലമദ്യൈവ താവദനുഭവതു പുനരനാത്മസദൃശസംബന്ധവിഘാതേ വിശല്യാന്തഃകരണശ്ച പാഞ്ചാലരാജഃ സൈഷാപി കുമാരീ നാസാദയതു ബന്ധുജനശോചനീയാമവസ്ഥാമിഹ സ്ഥാതും കഞ്ചിൽ ക്ഷണമപി സാമ്പ്രതമസാമ്പ്രതമവശ്യം പശ്യതോഹരേത്ര വിപ്രവടൗ യഥാർഹം ദണ്ഡം പ്രയുജ്യ കൃഷ്ണാമാഹരിഷ്യാമഃ സമക്ഷമിത്യാദി വാ

---

ത്തോടുകൂടി. അപവിദ്ധം=വേധിക്കപ്പെട്ട. കുത്രത്യഃ=എവിടത്തുകാരനാണ്. അയം=ഈ. അതിവിയാതഃ=ഏററവും വിയാതൻ(നിർല്ലജ്ജൻ)ആയ. ബ്രാഹ്മണബ്രുവഃ=ബ്രാഹ്മണനെന്നു തന്നെപ്പറയുന്നവൻ (ജന്മമാത്ര ബ്രാഹ്മണൻ). യഃ തു=യാതൊരുവനാകട്ടെ. നഃ സർവ്വാൻ അപി=നമ്മെ എല്ലാവരേയും. തൃണീകൃത്യ=തൃണമാക്കിച്ചെയ്തിട്ട്(അനാദരിച്ചിട്ട്). സ്വയം....ബരേ=സ്വയംവരമഹോത്സവത്തിൽ. വന്ദിഗ്രാഹം അഗ്രഹീഷ്ട=വന്ദിയെ(തടവുകാരിയെ) ഗ്രഹിക്കുന്നതുപോലെ ഗ്രഹിച്ചു. രാജപുത്രീം=രാജപുത്രിയെ. തൽ=അതുകൊണ്ട്. അയം=ഇവൻ. അസ്യദുർവ്വിനയസ്യ=ഈ വിനയമില്ലായ്മയുടെ. അദ്യ ഏവ താവൽ=ഇന്നുതന്നെ. അനുഭവതു=അനുഭവിക്കട്ടെ. പുനഃ=പിന്നെ. അനാ....ഘാതേ=അനാത്മസദൃശനോട് (തനിക്കു സദൃശനല്ലാത്തവനോട്)ഉള്ള സംബന്ധത്തിൻെറ വിഘാതത്തിൽ(നാശത്തിൽ). വിശല്യാന്തഃകരണഃ ച(ഭവതു)=വിശല്യമായ(ശല്യമില്ലാതായ) അന്തഃകരണത്തോടുകൂടിയവനായും ഭവിക്കട്ടെ. പാഞ്ചാലരാജഃ=പാഞ്ചാലരാജാവ്. സാ ഏഷാ അപികുമാരീ=ഈ കുമാരി (കന്യക)യും. ന ആസാദയതു=പ്രാപിക്കാതിരിക്കട്ടെ. ബന്ധു....നീയാം=ബന്ധുക്കളായ ജനങ്ങളാൽ ശോചനീയ(ശോച്യ)യായ. അവസ്ഥാം=അവസ്ഥയെ. ഇഹ=ഇവിടെ. സ്ഥാതും=സ്ഥിതിചെയ്‌വാൻ. കഞ്ചിൽ ക്ഷണം അപി=ഒരു ക്ഷണംപോലും. സാമ്പ്രതം=ഇപ്പോൾ. അസാമ്പ്രതം=അയുക്തമാണ്. അവശ്യം=തീർച്ചയായും. പശ്യതോഹരേ=പശ്യന്നായവനെ(കണ്ടുംകൊണ്ടിരിക്കുന്നവനെ)അനാദരിച്ചു ഹരിക്കുന്നവനായ. അത്ര വിപ്രവടൗ=ഈ ബ്രാഹ്മണബാലനിൽ. യഥാർഹം=അർഹതപോലെയുള്ള. ദണ്ഡം=ശിക്ഷയെ. പ്രയുജ്യ=ചെയ്തിട്ട്.

ത്ത്വാസമുദ്വേജിതസകലലോകാഃ സരഭസമഭിപത്യ സമാലക്ഷ്യവിജയലക്ഷ്മീതാണ്ഡവം പാണ്ഡവം പര്യവാരയൻ. തദാനീന്തു സർവ്വവീരഭൂഷാമണിസ്സവ്യസാചീ സത്വരോപസ്ഥിതാൻ നിജനിജവസനാന്യാവേഷ്ട്യ പ്രവേഷ്ടഗൃഹീതദണ്ഡാൻ ഗാഢദഷ്ടോഷ്ഠപുടാൻ നിരങ്കുശഗർവ്വേണ ഹുങ്കുർവ്വാണാൻ ''ഭദ്ര മുഹൂർത്തമത്രൈവ രഥോപസ്ഥേ തിഷ്ഠതുഭവാൻ, വയം കേചന വധൂം പരിവാര്യ രക്ഷാമന്ത്രൈഃ ക്ഷത്രിയപിശാചാൻ നിവാരയാമഃ, കേചിദത്രൈവ സാഹായ്യാ

---

കൃഷ്ണാം=പാഞ്ചാലിയെ. ആഹരിഷ്യാമഃ=ഞങ്ങൾ വീണ്ടുകൊണ്ടു വരുന്നുണ്ട്. സമക്ഷം=അക്ഷികൾക്കു മുന്നിൽവെച്ച്. ഇത്യാദി....ലോകാഃ=ഇങ്ങനെ തുടങ്ങിയുള്ള വാൎത്തകൾകൊണ്ടു് സകലലോകങ്ങളെ (ജനങ്ങളെ)യും സമുദ്വേജനം ചെയ്തവർ(ഭയപ്പെടുത്തിയവർ)ആയിട്ട്. സരഭസം=വേഗത്തിൽ. അഭിപത്യ=നേക്കു ചാടീട്ട്. സമ....താണ്ഡവം=സമാലക്ഷ്യമായ (കാണപ്പെടുവാൻ കഴിയുന്ന) വിജയലക്ഷ്മിയുടെ താണ്ഡവ(നൃത്തം)ത്തോടുകൂടിയ. പാണ്ഡവം=അജ്ജുനനെ. പര്യവാരയൻ=പരിവാരണം ചെയ്തു(വളഞ്ഞു). തദാനീം തു=അപ്പോഴാകട്ടെ. സർവ്വവീരഭൂഷാമണിഃ=എല്ലാവീരന്മാൎക്കും ഭൂഷണരത്നമായ. സവ്യസാചീ=അജ്ജുനൻ. സത്വരോപസ്ഥിതാൻ=ത്വരയോടുകൂടി ഉപസ്ഥിതന്മാരായ (അടുത്തുനിന്ന). നിജനിജവസനാനി=താന്താങ്ങളുടെ വസനങ്ങളെ (വസ്ത്രങ്ങളെ.) ആവേഷ്ട്യ=ആവേഷ്ടനം ചെയ്തിട്ട് (അരയിൽ കെട്ടീട്ട്). പ്രവേഷ്ട....ദണ്ഡാൻ=പ്രവേഷ്ടങ്ങളിൽ (കൈകളിൽ) ദണ്ഡങ്ങളെ (വടികളെ) ഗ്രഹിച്ചവരായ. ഗാഢ....പുടാൻ=ഗാഢമാംവണ്ണം ദഷ്ടങ്ങളായ (കടിക്കപ്പെട്ട) ഓഷ്ഠപുടങ്ങളോട്(ചുണ്ടുകളോടു)കൂടിയ. നിരങ്കുശഗർവ്വേണഹുംകുർവ്വാണാൻ=നിരങ്കുശമായ (അങ്കുശം=തോട്ടി ഇല്ലാത്ത, എതിരില്ലാത്ത)ഗർവ്വംകൊണ്ടു ഹുംകരിക്കുന്നവർ (ഹും എന്നു മൂളുന്നവർ)ആയ. ഭദ്ര=നല്ലവനേ! മുഹൂർത്തം=അല്പനേരം. അത്രൈവ രഥോപസ്ഥേ=ഈ രഥോപസ്ഥത്തിൽതന്നെ (രഥോപസ്ഥം=തേർത്തടം). തിഷ്ഠതു=സ്ഥിതി ചെയ്യണം. ഭവാൻ അങ്ങ്. വയം കേചന=ഞങ്ങൾ ചിലർ. വധൂം=വധുവിനെ. പരിവാര്യ=ചുററിനിന്നു്. രക്ഷാമന്ത്രൈഃ=രക്ഷാൎത്ഥമായുള്ള മന്ത്രങ്ങളെക്കൊണ്ടു്.

ൎത്ഥം തിഷ്ഠാമഃ, കേപി സമ്മുഖമഭ്യേത്യ ബഹുവിധദണ്ഡ പ്രഹാരൈരഭിപതതോമൂനതിദൂരം വിദ്രാവയാമഃ, സത്യം ബ്രഹ്മസൂത്രേണ ശപേ ഭുവനമിദമദ്യൈവാബ്രാഹ്മണം ഭവതു ശസ്ത്രപാണയസ്തേ പ്രയോക്താരഃ ഛത്രപാണയോ വയമനു ഭോക്താരഃ'' സരോഷമിത്യാദി ഭാഷമാണാനീഷദുദഞ്ചിത മഞ്ജുഹാസമധുരാനനസ്സൎവ്വാനപ്യുൎവ്വീസുരാൻ നിവാൎയ്യ തദേ വ കാൎമ്മുകമാദായ വിഷ്ടാരവിഷ്ണുൎജ്ജഘുവിഹസ്തിതസമ സ്തലോകഃ സവിനയാവലേപമാചഖ്യൗ.

---

ക്ഷത്രിയപിശാചാൻ=ക്ഷത്രിയന്മാരാകുന്ന പിശാചങ്ങളെ. നിവാര യാമഃ=നിവാരണം ചെയ്യുന്നുണ്ടു് (അകററുന്നുണ്ടു്) കേചിൽ=ചിലർ. അത്ര ഏവ=ഇവിടെത്തന്നെ. സാഹായ്യാൎത്ഥം=സാഹായ്യം (സഹാ യകൎമ്മം) ചെയ്യുന്നതിനുവേണ്ടി. തിഷ്ഠാമഃ=സ്ഥിതിചെയ്യുന്നുണ്ടു്. കേപി=ചിലർ. സമ്മുഖം=അഭിമുഖമായി. അഭ്യേത്യ=ചെന്നിട്ടു്. ബഹു....പ്രഹാരൈഃ=പലവിധമുള്ള ദണ്ഡപ്രഹാരങ്ങൾ (വടികൊണ്ടു ള്ള അടികൾ)കൊണ്ടു്. അഭിപതതഃ=അഭിപതിക്കുന്നവർ (നേരിട്ടു ണയുന്നവർ)ആയ. അമൂൻ=ഇവരെ. അതിദൂരം=വളരെ അകലെ. വിദ്രാവയാമഃ=ഓടിക്കുന്നുണ്ടു്. സത്യം=സത്യമാണു്. ബ്രഹ്മസൂത്രേ ണ=പൂണൂലുകൊണ്ടു്. ശപേ=ശപിക്കുന്നു (ശപഥം ചെയ്യുന്നു)ണ്ടു്. ഭുവ നം ഇദം=ഈ ലോകം. അദ്യ ഏവ=ഇന്നുതന്നെ. അബ്രാഹ്മണം ഭവതു= അബ്രാഹ്മണം (ബ്രാഹ്മണശൂന്യം)ആയി ഭവിക്കട്ടെ. ശസ്ത്രപാണയഃ= ശസ്ത്രം (ആയുധം) കയ്യിലുള്ളവരായ. തേ=അവർ(ക്ഷത്രിയർ). പ്രയോ ക്താരഃ=പ്രയോക്താക്കൾ (പ്രയോഗിക്കുന്നവർ)ആകുന്നു. ഛത്രപാണ യഃ=ഛത്രം (കുട) കയ്യിലുള്ളവരായ. വയം=ഞങ്ങൾ. അനുഭോക്താ രഃ=അനുഭജിക്കുന്നവരാകുന്നു. സരോഷം (ക്രി. വി.)=രോഷത്തോടു കൂടി. ഇത്യാദി=ഇങ്ങനെ തുടങ്ങിയതിനെ. ഭാഷമാണാൻ=ഭാഷി ക്കുന്നവരായ(ഉൎവ്വീസുരവിശേഷണം). ഈഷ....നനഃ=കുറഞ്ഞൊന്നു് ഉദഞ്ചിതം (ശോഭിതം)ആയി മഞ്ജു(മനോഹരം)ആയിരിക്കുന്ന ഹാസ ത്താൽ മധുരമായ ആനന (മുഖം)ത്തോടുകൂടിയ (സവ്യസാചിയുടെ വി ശേഷണം). സൎവ്വാനപി ഉൎവ്വീസുരാൻ=എല്ലാ ഉൎവ്വീസുരന്മാരെ (ബ്രാഹ്മ ണരേ)യും. നിവാൎയ്യ=നിവാരണം ചെയ്തിട്ടു് (വിലക്കീട്ടു്). തദേവ

''കസ്യ ദ്രോണോ ധനുഷി ന ഗുരുഃ
സ്വസ്തി ദേവവ്രതായാ-
മന്ദാഭ്യാസഃ കുരുപതിരയം
ശ്രീസമൃദ്ധൈർവ്വിലാസൈഃ
ഭോഃ കർണ്ണാദ്യാഃ! ശൃണുത തദിമാം
ബ്രാഹ്മണസ്യാസ്യ വാണീം
രാധായന്ത്രം രചയത പുന-
ർവ്വിധമപ്യസ്ത്രവിധം 101

---

കാർമ്മുകം = ആ കാർമ്മുകത്തെ (വില്ലിനെ)ത്തന്നെ. ആദായ= എടുത്തിട്ട്. വിഷ്ഫാര........ലോകഃ=വിഷ്ഫൂർജ്ജഥു (ഇടിമുഴക്കം) പോലെയുള്ള വിഷ്ഫാരം (ഞാണൊലി) കൊണ്ടു് വിഹസ്തം (വ്യാകുലം) ആക്കപ്പെട്ട സമസ്തലോകത്തോടുകൂടിയവനായിട്ട്. സവിനയാവലേപം (ക്രി. വി.)=വിനയസഹിതമായ അവലേപ (ഗവ്വം)ത്തോടുകൂടി. ആചഖ്യൌ=ആഖ്യാനം ചെയ്തു (പറഞ്ഞു). ''കഷ്ടം മൂഢജന—'' എന്നതുമുതൽ ''കൃഷ്ണാമാഹരിഷ്യാമസ്സമക്ഷം'' എന്നതുവരെ രാജാക്കന്മാരുടെ വചനം. ''ഭദ്ര മുഹൂർത്തമത്രൈവ'' എന്നുതുടങ്ങി ''വയമനുഭോക്താരഃ'' എന്നതുവരെ അർജ്ജുനനോടുള്ള ബ്രാഹ്മണരുടെ വചനം. രാജാക്കന്മാർ കയർത്തുചെന്നു് അർജ്ജുനനെ വളഞ്ഞു. അപ്പോൾ ബ്രാഹ്മണർ അദ്ദേഹത്തോട് വീര്യംപറവാൻ തുടങ്ങി. അർജ്ജുനനാകട്ടെ, അവരെ വിലക്കി ഞാണൊലികളാൽ ഭുവനം മുഴുവൻ കലുക്കിക്കൊണ്ടു് താഴെ കാണുംപ്രകാരം പറഞ്ഞു.

101. കസ്യ=എവന്നു്. ദ്രോണഃ=ദ്രോണാചാര്യൻ. ധനുഷി= വില്ലിൽ. ന ഗുരുഃ=ഗുരുവല്ല. സ്വസ്തി=മംഗളം. ദേവവ്രതായ= ദേവവ്രതന്നു് (ഭീഷ്മക്ക്) ആയിക്കൊണ്ടു്. അമന്ദാഭ്യാസഃ=അമന്ദം (അനല്പം) ആയ അഭ്യാസത്തോടുകൂടിയവനാണ്. കുരുപതിഃ അയം= ഈ കുരുരാജാവു്. ശ്രീസമൃദ്ധൈഃ=ശ്രീഹേതുവായിട്ടുണ്ടായ. വിലാസൈഃ=വിലാസങ്ങൾ (ലീലകൾ) കൊണ്ടു്. ഭോഃ കർണ്ണാദ്യാഃ=അല്ലയോ കർണ്ണാദികളേ! ശൃണുത=നിങ്ങൾ ശ്രവിച്ചാലും. ബ്രാഹ്മണസ്യ അസ്യ=ബ്രാഹ്മണനായ ഇവൻെറ. വാണീം=വാക്കിനെ. രാധായന്ത്രം= രാധായന്ത്രത്തെ (ചിത്രലക്ഷ്യത്തെ). രചയത=നിങ്ങൾ രചിച്ചാലും.

വിശേ ഭൂപാലവീരാഃ! ശൃണുത സമരബ
ദ്ധോദ്യമാ വാചമേനാം
ഭൂയാംസോ ഭൂമിദേവാ വയമതനുസമിൽ-
കാണ്ഡഖണ്ഡപ്രവീണാഃ
ഏകസ്ത്വേഷ പ്രധൃഷ്യാദിഹ പരമഗുരോഃ
സാഭിയോഗഃ പ്രഭാവാ-
ദൈരായദ്ധ്വം സമേതാസ്സദസി വിജയലീ-
ലാദ്യ സദ്യോ ഭവിത്രീ'' 102

---

പുനഃ=പിന്നെയും. വിദ്ധം അപി=വിദ്ധം (വേധിക്കപ്പെട്ടതു്) എങ്കിലും. അവിദ്ധം അസ്തു=അവിദ്ധം (വേധിക്കപ്പെടാത്തതു്) ആയി ഭവിക്കട്ടെ. ദ്രോണർ ആക്ക വില്ലിൽ ഗുരുവല്ല? കുരുപതിക്കും ഗുരുവാണെന്നത്ഥം. ഭീഷ്മർ സ്വസ്ഥിമാനായിട്ടിരിക്കുന്നു. കുരുരാജാവായ ദുര്യോധനൻ അനല്പമായ അഭ്യാസത്തോടുകൂടിയവനും ശ്രീവിലാസങ്ങളോടുകൂടിയവനും ആണു്. അതുകൊണ്ടു്, അല്ലയോ കണ്ണ്നാദികളേ! നിങ്ങരം ബ്രാഹ്മണനായ ഇയ്യുള്ളവൻെറ വാക്കു കേരംക്കുവിൻ. രാധായന്ത്രത്തെ വീണ്ടും നിമ്മിക്കുവിൻ. അതു് എയ്തു മുറിക്കപ്പെട്ടുവെങ്കിലും. മുറിക്കപ്പെടാത്തതായിത്തന്നെയിരിക്കട്ടെ—എന്നു വിനയം. ദ്രോണർ എനിക്കും ഗുരുവാണു്; ഭീഷ്മർ വന്ദ്യനുമാണു്; കുരുപതിയുടെ പഠിപ്പു് ധനത്തിളപ്പുകൊണ്ടുള്ളതാണു്; യന്ത്രം വേണമെങ്കിൽ ഇനിയും വെച്ചുകൊരംക; ഞാൻ മുറിക്കാം—എന്നു ഗവ്വാത്ഥം.

102. വിശേ ഭൂപാലവീരാഃ=എല്ലാ രാജവീരന്മാരേ! ശൃണുത=കേരംക്കുവിൻ. സമ........ദ്യമാഃ=യുദ്ധത്തിന്നുദ്യമം ചെയ്ത (ഭൂപാലവീരവിശേഷണം). വാചമേനാം=ഈ വാക്കിനെ. ഭൂയാംസഃ=ഭൂയാന്മാർ (ബഹുതരന്മാർ) ആയ. ഭൂമിദേവാഃ വയം=ഭൂമിദേവന്മാർ (ബ്രാഹ്മണർ) ആയ ഞങ്ങരം. അതനു........വീണാഃ=അതനുക്കരം (അനല്പങ്ങരം) ആയ സമിൽകാണ്ഡങ്ങളുടെ (ചമതക്കോലുകളുടെ) ഖണ്ഡനത്തിങ്കൽ പ്രവീണന്മാർ (നിപുണന്മാർ) ആണു്. ഏകസ്ത്വേഷഃ=ഏകനായ ഇവനാകട്ടെ. പ്രധൃഷ്യാൽ=പ്രധഷിക്കും (അഭിഭവിക്കും). ഇഹ=ഇവിടെ. പരമഗുരോഃ=പരമൻ (ശ്രേഷ്ഠൻ) ആയ ഗുരുവിൻെറ. സാഭിയോഗഃ = അഭിയോഗത്തോടുകൂടിയ (ഉദ്യുക്തനായ). പ്രഭാ

ശ്രുത്വാ വാണീമസഹ്യാം കടുമയൊടു ധനുർ-
　　ജ്യാലതാമൊന്നിരപ്പി-
ച്ചെത്തീ യുദ്ധായ നേരിട്ടഹമഹമികയാ
　　രാജവീരാസ്തദാനീം
ഉൾത്തിങ്ങും കോപഭാരാൽ പ്രളയഘനഘടാ-
　　ഘർഘരാസാരസാര-
പ്രസ്താരൈശ്ശസ്ത്രവർഷൈശ്ശതമുഖപതിതൈർ-
　　മ്മൂടിനാരിന്ദ്രസൂനും　　103

---

വാൽ=മാഹാത്മ്യത്താൽ. വൈരായദ്ധ്വം=നിങ്ങൾ വൈരത്തെച്ചെയ്യുവിൻ. സമേതാഃ=സമേതന്മാർ(കൂടിച്ചേർന്നവർ) ആയിട്ടു്. സദസി=സദസ്സിൽ. വിജയലീലാ=വിജയത്തിൻെറ കളി. അദ്യ=ഇന്നു്. സദ്യഃ=വേഗത്തിൽ. ഭവിത്രീ=ഉണ്ടാകും. യുദ്ധത്തിനൊരുമ്പെട്ട രാജവീരന്മാരേ, നിങ്ങൾ കേൾക്കുവിൻ. ഞങ്ങൾ ബ്രാഹ്മണർ മിക്കതും ചമതക്കോലുമുറിപ്പാൻ മാത്രം നിപുണന്മാരാണു്. ഗുരുപ്രഭാവത്താൽ ഉദ്യുക്തനായ ഇയ്യുള്ളവനൊരുവൻ മാത്രം അഭിഭവിക്കുമോ? നിങ്ങൾ ഒത്തൊരുമിച്ചു് കലഹിക്കുവിൻ. പെട്ടെന്നു ജയം ലഭിക്കും—എന്നു വിനയം. ഞാൻ ഒരുവൻ മതി നിങ്ങളെ അഭിഭവിപ്പാൻ എന്നും, പെട്ടെന്നു വിജയലീല (അർജ്ജുനൻെറ കളി) ഉണ്ടാകുമെന്നും ഗർവ്വം.

103. ശ്രുത്വാ=കേട്ടിട്ടു്. വാണീം=വാക്കിനെ. അസഹ്യാം=സഹിപ്പാൻ വയ്യാത്ത (വാണീവിശേഷണം). ധനുഃ.......താം=ധനുസ്സിൻെറ ജ്യാലതയെ (ഞാണിനെ). ഇരപ്പിച്ചു്=ശബ്ദിപ്പിച്ചു്. യുദ്ധായ = യുദ്ധത്തിനായ്ക്കൊണ്ടു്. അഹമഹമികയാ = ഞാൻമുമ്പു് ഞാൻമുമ്പു് എന്ന ധൃതിയോടെ. രാജവീരാഃ=വീരന്മാരായ രാജാക്കന്മാർ. തദാനീം=അപ്പോൾ. കോപഭാരാൽ=കനത്തകോപത്താൽ. പ്രളയ....പ്രസ്താരൈഃ=പ്രളയത്തിലെ ഘനഘടകളുടെ (മേഘസമൂഹങ്ങളുടെ)ഘർഘരമായ (ഘരഘരശബ്ദത്തോടുകൂടിയ) ആസാരം (വർഷം) പോലെ സാരമായ (ശക്തിയുള്ള) പ്രസാരത്തോടു് (പ്രസരണത്തോടു്)കൂടിയ. ശസ്ത്രവർഷൈഃ=ശസ്ത്രവർഷങ്ങളെക്കൊണ്ടു്. ശതമുഖപതിതൈഃ=നൂറു മുഖങ്ങളിൽനിന്നു പതിച്ച (ശസ്ത്രവർഷവിശേഷണം).

സാരഥ്യം പൂണ്ട വാതാത്മജനധികരുഷാ
തുംഗസാലം ഗൃഹീത്വാ
ദൂരേ വീയിക്കളഞ്ഞാനതിവിതതശരാ–
സാരമാശ്ചര്യധാമാ
ശ്രീരാമാ രാമ! ഘോരാനുടലിൽ ഞെട്ടഞെട–
ക്കൊള്ളമാറസ്ത്രശസ്ത്രാൻ
നേരിട്ടെയ്തു നാരായണസഹചരനും
വൈരമൂലംക്കൊണ്ടണഞ്ഞു 104

അന്നേരം തത്ര വൃഷ്ണ്യന്ധകബലമൊരുമി–
ച്ചഞ്ജസാ കൂടി വേറേ
ജന്യം കണ്ടാസ്വദിച്ചു നിഭൃതമിടയിടെ–
പ്പാർത്തു ദൈത്യാരിഭാവം

ഇന്ദ്രസൂനം=ഇന്ദ്രപുത്രനെ (അർജ്ജുനനെ). രാജാക്കന്മാർ പോരിനണഞ്ഞു് ശസ്ത്രവർഷങ്ങളെക്കൊണ്ടു് അർജ്ജുനനെ മൂടി.

104. സാരഥ്യം=സാരഥിയുടെ അവസ്ഥ. വാതാത്മജൻ=വായുപുത്രൻ (ഭീമസേനൻ). അധികരുഷാ=അധികമായ രുട്ടിനോടു് (രോഷത്തോടു) കൂടി. തുംഗസാലം=തുംഗം (ഉന്നതം) ആയ സാല (വൃക്ഷ)ത്തെ. ഗൃഹീത്വാ=എടുത്തിട്ടു്. അതി........സാരം=അത്യന്തം വിതതങ്ങളും(പരന്നവ) ആയ ശരങ്ങളുടെ ആസാര (വർഷം)ത്തെ. ആശ്ചര്യധാമാ=ആശ്ചര്യമായ ധാമം (തേജസ്സ്) ഉള്ള (വാതാത്മജവിശേഷണം). ശ്രീരാമാരാമ=സംഭ്രമദ്യോതകമായ ഈശ്വരസംബോധന. ഘോരാൻ=ഘോരങ്ങളായ. അസ്ത്രശസ്ത്രാൻ=അസ്ത്രങ്ങളേയും ശസ്ത്രങ്ങളേയും. നാരായണസഹചരൻ=ശ്രീകൃഷ്ണൻെറസഹചരൻ(കൂട്ടുകാരൻ), അതായതു് അർജ്ജുനൻ. തേരാളിയായ ഭീമസേനൻ ഉയരമുള്ള ഒരു മരം പറിച്ചെടുത്തു് അതുകൊണ്ടു് ശത്രുക്കളുടെ ശരങ്ങളെ വീശിക്കളഞ്ഞു. അർജ്ജുനൻ അസ്ത്രശസ്ത്രങ്ങളെ പ്രയോഗിച്ചുംകൊണ്ടു് ശത്രുക്കളോടടുക്കുകയും ചെയ്തു.

105. വൃഷ്ണ്യന്ധകബലം=വൃഷ്ണികളുടേയും അന്ധകന്മാരുടേയും

വർണ്ണിക്കാമതല്ല തോഴാ! വലരിപുസുതവീ-
രൃം പൊറാഞ്ഞും വലഞ്ഞും
ഖിന്നം ഭൂപാലസൈന്യം വിഗളിതധൃതി പി-
ന്നോക്കി വാങ്ങിച്ചുരുങ്ങീ 105

പ്രകോപകലുഷാശയൗ ഝടിതി കർണ്ണശല്യൗ തദാ
നിവാര്യ നൃപവാഹിനീം പരിഭവിച്ചണഞ്ഞീടിനാർ
നിഗൂഢമനുകമ്പിതൗ നികടവർത്തിനാ ചക്രിണാ
മഹേന്ദ്രപവനാത്മജൗ മുറുവൽപൂണ്ടു പോർതേടിനാർ 106

---

(ഇവർ യാദവന്മാരുടെ വകഭേദങ്ങളാണ്) സൈന്യം. അഞ്ജസാ= വേഗത്തിൽ. ജന്യം=യുദ്ധം. ആസ്വദിച്ചു=നുകന്നു. നിഭൃതം=നിശ്ശബ്ദം. ദൈത്യാരിഭാവം=ദൈത്യാരി (ശ്രീകൃഷ്ണൻ)യുടെ ഭാവം (മുഖഭാവം). വലരിപുസുതവീര്യം=വലരിപുസുതന്റെ (അർജ്ജുനന്റെ) വീര്യം. ഖിന്നം=ഖേദിച്ച. ഭൂപാലസൈന്യം=രാജസൈന്യം. വിഗളിതധൃതി=വിഗളിതമായ (പോയ) ധൃതിയോടു (ധൈര്യത്തോടു) കൂടിയതു്. അപ്പോഠം യാദവന്മാർ ഇടയ്ക്കിടയ്ക്കു് ശ്രീകൃഷ്ണന്റെ മുഖഭാവം നോക്കിക്കൊണ്ടു് യുദ്ധം കണ്ടു രസിച്ചു. ഏതെങ്കിലും ഒരു പക്ഷത്തിൽ ചേരണമെന്നു് സ്വാമിക്കഭിപ്രായമുണ്ടോ എന്നറിവാനാണു് ഭാവം നോക്കിയതെന്നു് ധരിക്കണം. ഇതിനിടയിൽ ധനഞ്ജയന്റെ അസ്ത്രപ്രഹാരം പൊറുക്കുവാൻവയ്യാതെ രാജസൈന്യങ്ങളെല്ലാം പിൻതിരിഞ്ഞു.

106. പ്രകോപകലുഷാശയൌ=പ്രകൃഷ്ടമായ കോപത്താൽ കലുഷമായ (കലങ്ങിയ) ആശയത്തോടുകൂടിയ. ഝടിതി=വേഗത്തിൽ. കർണ്ണശല്യൗ=കർണ്ണനും ശല്യനും. നിവാര്യ=നിവാരണംചെയ്തിട്ടു്. നൃപവാഹിനീം=നൃപന്മാരുടെ വാഹിനിയേ (സേനയെ). പരിഭവിച്ചു്=അനാദരിച്ചു്. നിഗൂഢം= (ക്രി. വി.) ഗൂഢമായി. അനുകമ്പിതൌ=ദയ ചെയ്യപ്പെട്ടവരായ (മഹേന്ദ്രപവനാത്മജൌ എന്നതിന്റെ വിശേഷണം). നികടവർത്തിനാ=നികടത്തിൽ (സമീപത്തിൽ) വർത്തിക്കുന്ന. ചക്രിണാ=ശ്രീകൃഷ്ണനാൽ (അനുകമ്പിതൌ എന്നതിന്റെ കർത്താവു്) മഹേന്ദ്രപവനാത്മജൌ=ഇന്ദ്രന്റേയും വായുവിന്റേയും

സ്വാച്ഛന്ദം പാൎത്ഥമുക്തൈരിഷുഭിരവിദിതാ-
കൃഷ്ടിസന്ധാനമോക്ഷൈ-
രച്ഛോ നിൎഭിന്നഗാത്രസ്തുമുലരണമുപേ-
ക്ഷിച്ചു തൻപ്രാണകാംക്ഷീ.
അശ്രാന്തബ്രഹ്മതേജോവിലസിതമകമേ
മന്യമാനോ വിപക്ഷം
പശ്യന്നേവാംഗരാജസ്സപദി നിവവൃതേ
സംഗരാത്തുംഗധാമാ 107

---

പുത്രന്മാർ (അൎജ്ജുനനും ഭീമനും). മുറുവൽ=വേഗം. കൎണ്ണനും ശല്യരും കയൎത്തുകൊണ്ടു് യുദ്ധത്തിനടുത്തു. അപ്പോരം സമീപത്തുനിന്നുകൊണ്ടു് ശ്രീകൃഷ്ണനാൽ ഗൂഢമായി കടാക്ഷിക്കപ്പെട്ട ഭീമാൎജ്ജുനന്മാർ അവരോടെതിരിട്ടു.

107. സ്വച്ഛന്ദം=തന്റെ ഇഷ്ടംപോലെ. പാൎത്ഥമുക്തൈഃ=പാൎത്ഥനാൽ മുക്തങ്ങളായ (അയയ്ക്കപ്പെട്ട). ഇഷുഭിഃ=ഇഷുക്കളാൽ (ബാണങ്ങളാൽ). അവിദിതാ........മോക്ഷൈഃ=അവിദിതങ്ങളായ (അറിയപ്പെടാത്ത) ആകൃഷ്ടി (വലിക്കൽ) സന്ധാനം (തൊടുക്കൽ) മോക്ഷം (അയയ്ക്കൽ) എന്നിവയോടുകൂടിയ (ഇഷുഭിഃ എന്നതിന്റെ വിശേഷണം). അച്ഛോ=അയ്യോ. നിൎഭിന്നഗാത്രഃ=നിൎഭിന്നമായ (ഏററവും പിളക്കപ്പെട്ട) ഗാത്രത്തോടുകൂടിയവനായിട്ടു്. തുമുലരണം=തുമുലയുദ്ധത്തെ. തൻപ്രാണകാംക്ഷീ=തന്റെ പ്രാണനെ കാംക്ഷിക്കുന്നവനായിട്ടു്. അശ്രാ........സിതം=അശ്രാന്തമായ (ക്ഷീണതയില്ലാത്ത) ബ്രഹ്മതേജസ്സിന്റെ വിലസിത (വിലാസം) ത്തോടു കൂടിയ. മന്യമാനഃ=ബഹുമാനിക്കുന്നവനായിട്ടു്. വിപക്ഷം=ശത്രുവിനെ. പശ്യൻ ഏവ=ദൎശിച്ചുകൊണ്ടുതന്നെ. അംഗരാജഃ=അംഗരാജാവു് (കൎണ്ണൻ). സപദി=വേഗത്തിൽ. നിവവൃതേ=നിവൎത്തിച്ചു. സംഗരാൽ=യുദ്ധത്തിൽനിന്നു്. തുംഗധാമാ=തുംഗമായ തേജസ്സോടുകൂടിയ. എടുക്കുന്നതും തൊടുക്കുന്നതും അയയ്ക്കുന്നതും അറിയാത്തവിധം അത്ര വേഗത്തിൽ അൎജ്ജുനനാൽ പ്രയുക്തങ്ങളായ ശരങ്ങൾകൊണ്ടു് ശകലിതശരീരനായ കൎണ്ണൻ, എതിരില്ലാത്ത ബ്രഹ്മതേജസ്സുള്ള തന്റെ

അത്രാന്തരേ വായുസുതൻ ഗൃഹീത്വാ
വൃദ്ധം ബലാത്സംയതി മത്സ്യരാജം
മർദ്ദിച്ചു കൊല്ലാക്കൊല ചെയ്തയച്ചു
വിസ്രസ്തഗാത്രം വിദിതാനുഭാവം 108

കാലക്ഷേപം വിനാ കിം ഫലമിഹ വചസാം
വിസ്തരൈസ്തത്ര യുദ്ധേ
നീളപ്പേർത്തും ചൊരിഞ്ഞീടിന നിശിതശരൈർ-
ഭൂമിപാലാനശേഷാൻ
മാല്പുള്ളിൽച്ചേർത്തു മണ്ടിച്ചഴകൊടു സഹജൈ-
രന്വിതോ രാജപുത്ര്യാ
മേളത്തിൽ പോയ്ക്കുലാലാവസഥമുപഗതോ
ജിഷ്ണുരംബാം വവന്ദേ 109

---

ശത്രുവിനെ ഉള്ളാലെ ബഹുമാനിച്ചുകൊണ്ടു് യുദ്ധത്തിൽനിന്നു പിന്തിരിഞ്ഞു.

108. അത്ര അന്തരേ=ഈ അന്തര (അവസരം) ത്തിൽ. വായുസുതൻ=ഭീമൻ. ഗൃഹിത്വാ=പിടിച്ചു്. വൃദ്ധം=വൃദ്ധനായ. ബലാൽ=ബലാൽക്കാരേണ. സംയതി=സംയത്തിൽ (പോരിൽ). മത്സ്യരാജം=മത്സ്യരാജാവിനെ. മർദ്ദിച്ചു്=തിരുമ്മീട്ടു്. വിസ്രസ്തഗാത്രം=വിസ്രംസിച്ച (സന്ധിബന്ധങ്ങളയഞ്ഞ) ശരീരത്തോടുകൂടിയ. വിദിതാനുഭാവം=വിദിതമായ (പ്രസിദ്ധമായ) അനുഭാവത്തോടുകൂടിയ (രണ്ടും മത്സ്യരാജവിശേഷണം). ഭീമസേനൻ വൃദ്ധനായ മത്സ്യരാജനെ പിടിച്ചു മർദ്ദിച്ചു് മൃതപ്രായനാക്കി പറഞ്ഞയച്ചു.

109. കാലക്ഷേപം വിനാ=കാലംപോക്കുന്നതുകൂടാതെ. കിം ഫലം=എന്തു ഫലം. ഇഹ=ഇവിടെ. വചസാംവിസ്തരൈഃ=വാക്കുകളുടെ വിസ്തരങ്ങൾകൊണ്ടു്. തത്രയുദ്ധേ=ആ യുദ്ധത്തിൽ. നിശിതശരൈഃ=നിശിതങ്ങളാം (മൂർച്ചയുള്ളവ) ആയ ശരങ്ങളെക്കൊണ്ടു്. ഭൂമിപാലാൻ അശേഷാൻ=എല്ലാ രാജാക്കന്മാരേയും. സഹജൈഃ=സോദരന്മാരോടു്. അന്വിതഃ=കൂടിയവനായിട്ടു്. രാജപുത്ര്യാ=രാജപു

മാച്ചേലാതേ വിദിത്വാ പരപുരുഷഗിരാ
ത്തൂൎണ്ണമാനീയ പാൎത്ഥാൻ
പാൎശ്വേ മാനിച്ചിരുത്തി ദ്രുപദനൃപതി സൽ-
കൃത്യ മാത്രാ സമേതാൻ
സ്വൈരാലാപേഷു തേഷാം ജതുഭവനമഹാ-
മൃത്യുവക്ത്രച്യുതിം കേ-
ട്ടാശ്ചര്യപ്പെട്ടു കന്യാം വിരവൊടു വിജയൻ
വേട്ടുകൊൾകെന്നവാദീൽ 110

---

ത്രിയോടു്. കുലാലാവസഥം=കുലാലന്റെ (കുംഭകാരന്റെ) ആവസഥത്തെ (ഗൃഹത്തെ). ഉപഗതഃ=പ്രാപ്തനായിട്ടു്. ജിഷ്ണുഃ=അൎജ്ജുനൻ. അംബാം=അമ്മയെ. വവന്ദേ=വന്ദിച്ചു. അൎജ്ജുനൻ രാജവീരന്മാരെ ഓടിച്ചു്, സോദരന്മാരോടും പാഞ്ചാലിയോടുംകൂടി, കുലാലന്റെ ഗൃഹത്തിൽച്ചെന്നു് കുന്തിദേവിയെ വന്ദിച്ചു.

110. മാച്ചേലാതേ=മാച്ചു് (മാലിന്യം, മായ) കൂടാതെ. വിദിത്വാ=അറിഞ്ഞിട്ടു്. പരപുരുഷഗിരാ=പരപുരുഷന്റെ (ശ്രീകൃഷ്ണന്റെ) വാക്കിനാൽ. തൂൎണ്ണം=വേഗം. ആനീയ=കൊണ്ടുവന്നിട്ടു്. പാൎത്ഥാൻ=പൃഥാപുത്രന്മാരെ (പാണ്ഡവന്മാരെ). പാൎശ്വേ=സമീപത്തിൽ. ദ്രുപദനൃപതി=ദ്രുപദരാജാവു്. സൽകൃത്യ=സൽക്കരിച്ചിട്ടു്. മാത്രാ=മാതാവിനോടു്. സമേതാൻ=കൂടിയവരായ. സ്വൈരാലാപേഷു=ഇഷ്ടംപോലെയുള്ള സംഭാഷണങ്ങളിൽ. തേഷാം=അവരുടെ. ജതു........ച്യുതിം=ജതുഭവനം (അരക്കില്ലം) ആകുന്ന മഹത്തായ മൃത്യുവക്ത്രത്തിൽനിന്നുള്ള ച്യുതി (മുക്തി)യേ. കന്യാം = കന്യകയെ. അവാദീൽ=പറഞ്ഞു. ശ്രീകൃഷ്ണന്റെ വാക്കുകൊണ്ടു് പാഞ്ചാലരാജാവു് അവർ പാണ്ഡവന്മാരാണെന്നറിഞ്ഞു് അവരെ അമ്മയോടുകൂടി വരുത്തി സൽക്കരിക്കയും, സ്വൈരസല്ലാപത്തിനിടയിൽ അവർ അരക്കില്ലമാകുന്ന മൃത്യുവക്ത്രത്തിൽനിന്നു രക്ഷപ്പെട്ടതു കേട്ടു് അത്ഭുതപ്പെടുകയും, പാഞ്ചാലിയെ അൎജ്ജുനൻ വേൾക്കണമെന്നു പറകയും ചെയ്തു.

തൽകാലേ ധൎമ്മജൻതാൻ ദ്രുപദനൊടു മുതി-
ന്നാബഭാഷേ മനീഷീ
''സഖ്യംപൂണ്ടുദ്വഹാമസ്സപദി വയമിമാ-
മൈവരും ദൈവയോഗാൽ
ഒക്കെക്കൂടി ത്രിലോകീമഹിതമിതുപഭോ-
ക്ത്തും വധൂരത്നമഗ്രേ
കൈക്കൊണ്ടംബാനിയോഗം വിരചിതസമയാ
ഹന്ത നാ''മെന്നിവണ്ണം. 111

അതു കേട്ടു ഗൃഹീതമൗനമുദ്രേ
സതി ചിന്താകുലിതേഥ യജ്ഞസേനേ
മൃദുലസ്മിതസുന്ദരാസ്യചന്ദ്രഃ
സദയം വ്യാസമുനീന്ദ്രനാവിരാസീൽ 112

111. തൽകാലേ=ആ സമയത്തു്. ആബഭാഷേ=പറഞ്ഞു. മനീഷീ=വിദ്വാനായ. സഖ്യംപൂണ്ടു്=യോജിച്ചു്. ഉദ്വഹാമഃ= വേൾക്കുന്നുണ്ടു്. സപദി=വേഗം. വയം=ഞങ്ങൾ. ദൈവയോഗാൽ=ഈശ്വരകല്പിതത്താൽ. ഒക്കെക്കൂടി=എല്ലാവരുംകൂടി. ത്രിലോകീമഹിതം=ത്രിലോകിയിൽ (ത്രൈലോക്യത്തിൽ) വെച്ചു് മഹിതം (പൂജിതം) ആയ. ഉപഭോക്തും=ഉപഭോഗിക്കുവാൻ. വധൂരത്നം= സ്ത്രീരത്നത്തെ. അംബാനിയോഗം=അമ്മയുടെ കല്പനയെ. വിരചിതസമയാഃ=സമയം (നിശ്ചയം) ചെയ്തവർ. അപ്പോൾ വിദ്വാനായ ധൎമ്മപുത്രൻ പറഞ്ഞു:—''ദൈവവശാൽ ഞങ്ങൾ ഐവരുംകൂടി ഒത്തു യോജിച്ചു് ഇവളെ വേൾക്കുന്നുണ്ടു്. ഈ കന്യകാരത്നത്തെ ഞങ്ങൾ എല്ലാവരുംകൂടി അനുഭവിക്കുവാൻ അമ്മ കല്പിച്ചപ്രകാരം ഞങ്ങൾ സമയംചെയ്തിരിക്കുന്നു.''

112. ഗൃഹീതമൗനമുദ്രേ സതി=ഗൃഹീമൗനമുദ്രൻ (മൗനമുദ്രയെ ഗ്രഹിച്ചവൻ) ആയ സമയത്തിങ്കൽ. ചിന്താകുലിതേ=ചിന്തയാൽ ആകുലിതൻ (പരവശൻ) ആയ. യജ്ഞസേന=യജ്ഞസേനൻ (സതി എന്നതിനോടു യോജന). മൃദു........ചന്ദ്രഃ=മൃദുലമായ സ്മിതം

KOTTAYAM PUBLIC LIBRARY KOTTAYAM

അപ്പോളത്യന്തഭക്ത്യാ വിരചിതമുചിതാ–
തിഥ്യകൃത്യം ഗൃഹീത്വാ
ശുഭ്രേ പീഠേ നിഷണ്ണോ മുനികുലപെരുമാൾ
പാഷ്തീം പാണ്ഡവാനാം
അഭ്യാശേ ചേത്തു ജന്മാന്തരസമുപഗതം
പഞ്ചപത്നീത്വമസ്യാഃ
സുപ്രീത്യോപാംശു സവ്വം ദ്രുപദനൊടറിയി–
ച്ചീടിനാനുള്ളവണ്ണം 113

---

(പുഞ്ചിരി) കൊണ്ടു സുന്ദരമായ ചന്ദ്രതുല്യമായുള്ള മുഖത്തോടുകൂടിയ. സദയം (ക്രി. വി.)=ദയയോടെ. വ്യാസമുനീന്ദ്രൻ=വ്യാസമഹഷി. ആവിരാസീൽ=ആവിർഭവിച്ചു. ഐവരുംകൂടി പാഞ്ചാലിയെ വിവാഹംചെയ്യാമെന്നുള്ള ധമ്മപുത്രവചനംകേട്ട് ദ്രുപദരാജാവു് ചിന്താപരവശനായി മൌനം പൂണ്ടു. അപ്പോൾ വ്യാസമുനി പ്രത്യക്ഷീഭവിച്ചു.

113. അത്യന്തഭക്ത്യാ=ഏററവും ഭക്തിയോടെ. വിരചിതം=ചെയ്യപ്പെട്ട. ഉചിതാതിഥ്യകൃത്യം=ഉചിതമായ അതിഥിസൽക്കാരത്തെ. ഗൃഹീത്വാ=സ്വീകരിച്ചിട്ട്. ശുഭ്രേ=ശുദ്ധമായ. പീഠേ=പീഠത്തിൽ. നിഷണ്ണഃ=ഇരുന്നവനായ. മുനികുലപെരുമാൾ=മുനികുലത്തിൻെറ നാഥൻ (വ്യാസൻ). പാഷ്തീം=പാഞ്ചാലിയെ. പാണ്ഡവാനാം = പാണ്ഡവന്മാരുടെ. അഭ്യാശേ=സമീപത്തിൽ. ജന്മാന്തരസമുപഗതം=ജന്മാന്തരത്തിൽ (അന്യജന്മത്തിൽ) ഉണ്ടായ. പഞ്ചപത്നീത്വം=അഞ്ചുപേരുടെ പത്നി എന്ന അവസ്ഥയെ. അസ്യാഃ=ഇവരുടെ്. സുപ്രീത്യാ=നല്ല പ്രീതിയോടെ. ഉപാംശു=വിജനത്തിൽവെച്ച്. സവ്വം=എല്ലാം. യജ്ഞസേനൻെറ സൽക്കാരം സ്വീകരിച്ച് വ്യാസഭഗവാൻ പാഞ്ചാലിക്കു് മുജ്ജന്മത്തിൽ അഞ്ചുപേരുടെ ഭാര്യയായിരിക്കുവാൻ യോഗമുണ്ടായിട്ടുണ്ടെന്നറിയിച്ചു.

[പാഞ്ചാലി പൂവ്വജന്മത്തിൽ മൌൽഗല്യനെന്ന വൃദ്ധമുനിയുടെ പത്നിയായ നാളായണിയായിരുന്നു. കുഷ്ഠരോഗിയായ അദ്ദേഹം പത്നിയുടെ ഭത്തൃശുശ്രൂഷകണ്ടു സന്തുഷ്ടനായി ദിവ്യരൂപം ധരിച്ച് വളരെക്കാലം അവളെ രമിപ്പിച്ചു. പിന്നെ അദ്ദേഹം വിരക്തനായി

''ചൊല്ലാമെല്ലായിലും മറെറാരു പരമരഹ–
സ്യാന്തരം ധമ്മവായു–
സ്വർല്ലോകേന്ദ്രാശ്വിദേവാൻ ക്ഷിതിഭരഹൃതയേ
പാണ്ഡവത്വം പ്രപന്നാൻ
കല്യാനേതാനറിഞ്ഞീടപി ച ഗുണവതീ
സാ മഹാലക്ഷ്മിതന്നേ
കല്യാണീ പുണ്യപൂരൈസ്തവ ചിരമുപചിതൈ–
രത്ര ജാതാ കുമാരീ 114

---

തപസ്സിന്നൊരുങ്ങിയപ്പോഠം നാളായണി തനിക്കു ഭോഗതൃപ്തി വന്നീലെന്നും കുറെക്കൂടി രമിപ്പിക്കേണമെന്നും അപേക്ഷിച്ചു. അപ്പോഠം മഹഷി ''നീ ഭൂമിയിൽ ദ്രുപദപുത്രിയായി ജനിക്കും; അന്നു നിനക്കു് അഞ്ചു ഭത്താക്കന്മാരുമുണ്ടാകും'' എന്നു ശപിച്ചു. പിന്നെ അവഠം ശിവനെക്കുറിച്ചു തപസ്സുതുടങ്ങി. ശിവൻ ഭത്തൃകാമയായ അവഠംക്കു് അഞ്ചു ഭത്താക്കന്മാരുണ്ടാകുമെന്നു വരം നല്കി. എന്ന കഥ ഇതിൽ സൂചിപ്പിച്ചിരിക്കുന്നു.]

114. പരമരഹസ്യാന്തരം=പരമമായ മറെറാരു രഹസ്യം. ധമ്മ ........ദേവാൻ=ധമ്മൻ (യമൻ, വായു, സ്വഗ്ഗനാഥനായ ഇന്ദ്രൻ, അശ്വിദേവന്മാർ) എന്നിവരെ. ക്ഷിതിഭരഹൃതയേ=ഭൂഭാരത്തിൻെറ ഹരണത്തിനായിക്കൊണ്ടു്. പാണ്ഡവത്വം=പാണ്ഡുപുത്രന്മാർ എന്ന അവസ്ഥയെ. പ്രപന്നാൻ=പ്രാപ്തന്മാരായിട്ടു്. കല്യാൻ=കല്യന്മാർ (ശക്തന്മാർ) ആയ. ഏതാൻ=ഇവരെ. അപിച=എന്നുതന്നെയല്ല. ഗുണവതീ=ഗുണങ്ങളോടുകൂടിയ. സാ മഹാലക്ഷ്മി=ആ ശ്രീഭഗവതി. കല്യാണീ=മംഗളരൂപിണിയായ. പുണ്യപൂരൈഃ=പുണ്യസമൂഹങ്ങളാൽ. തവ=നിൻെറ. സമുപചിതൈഃ=വദ്ധിച്ചവയായ. ജാതാ=ജനിച്ചു. കുമാരീ=പുത്രിയായിട്ടു്. ഈ പാണ്ഡവന്മാർ യമൻ, വായു, ഇന്ദ്രൻ, അശ്വിദേവകഠം എന്നിവരുടെ അവതാരങ്ങളാണു്. അങ്ങയുടെ മകഠം മഹാലക്ഷ്മിയും ആണു്.

[ഈ ശ്ലോകത്തിൽ പഞ്ചേന്ദ്രോപാഖ്യാനം സൂചിതമായിരിക്കുന്നു. എങ്ങനെയെന്നാൽ—ശിവൻ നാളായണിക്കു് അഞ്ചു ഭത്താക്കന്മാരുണ്ടാകുമെന്നു് വരം കൊടുത്തപ്പോഠം ആ പതിവ്രത ഒരാഠം മതി

പ്രാചീനം വാസനായോഗവുമുപഗതമി-
ദ്ദേവകാരുണ്യവാശ്ശും
വ്യാജാപേതം മിഥോഭാവവുമിനിയ മഹേ-
ശാജ്ഞയും പ്രാജ്ഞമൗലേ!

---

എന്നണത്ഥിച്ചു. ഭത്താവിനെ തരേണമെന്നു് അഞ്ചുരു അപേക്ഷിക്കയാൽ അഞ്ചുപേർ ഉണ്ടാകാതെ കഴികയില്ലെന്നു ശിവനും പറഞ്ഞു. അഞ്ചുപേരും അതിയോഗ്യന്മാരാകുമെന്നും അവരിലോരോരുത്തരുടേയും സംഗമത്തിൽ അവരം കന്യകയായിത്തന്നെ ഇരിക്കുമെന്നും ശിവൻ അനുഗ്രഹിക്കുകയാൽ നാളായണി ആശ്വസിച്ചു. പിന്നെ, ഗംഗയിൽ ചെന്നാൽ ദിവ്യനായ ഒരു പുരുഷനെ കാണുമെന്നും അദ്ദേഹത്തെ തൻെറ അടുക്കലേക്കു് കൂട്ടിക്കൊണ്ടു വരണമെന്നും കല്പിച്ചു് ശിവൻ അവളെ പറഞ്ഞയച്ചു. അവരം ഗംഗയിൽ ചെന്നപ്പോരം ഇന്ദ്രനെ കണ്ടെത്തുകയും, തന്നെ കാമിക്കുന്നവനെന്നറിയപ്പെട്ട ഇന്ദ്രനെ അവരം നാനാവിലാസങ്ങളെക്കൊണ്ടു് മയക്കി ബഹുദൂരം ആകഷിച്ചു് ശിവസമീപത്തേക്കു് ആനയിക്കുകയും ചെയ്തു. തദവസരത്തിൽ ശിവനും ശ്രീപാവ്വതിയുംകൂടി ചൂതുകളിച്ചുകൊണ്ടിരിക്കുകയായിരുന്നു. ത്രൈലോക്യപാലകനായ തൻെറ ആഗമനത്തിൽ പ്രത്യുത്ഥാനാദികരം ചെയ്യാതിരുന്നതുകൊണ്ടു് ഇന്ദ്രൻ ശിവനോടു കോപിച്ചു് പരുഷവാക്കുകരം പറയുകയും, അപ്പോരം ശിവപാരിഷദന്മാർ അദ്ദേഹത്തെ പിടിച്ചു് കാരാഗൃഹത്തിലാക്കുകയും ചെയ്തു. ആ കാരാഗൃഹത്തിൽ ഇതുപോലെ ശിവനിന്ദ ചെയ്ത നാലു് ഇന്ദ്രന്മാർ മുമ്പുതന്നെ കിടന്നിരുന്നു. ഇപ്പോരം ആകെ അഞ്ചു് ഇന്ദ്രന്മാരായി. അനന്തരം ഈ പഞ്ചേന്ദ്രന്മാരുംകൂടി ശിവനെ സ്തുതിച്ചു പ്രസാദിപ്പിച്ചു. പ്രസന്നനായ ഭഗവാൻ നാളായണിയെ ചൂണ്ടിക്കാട്ടി ''ഈ സ്ത്രീക്കു് ഭാവിജന്മത്തിൽ അഞ്ചു ഭത്താക്കന്മാരുണ്ടാകും. നിങ്ങരം അഞ്ചുപേരും മനുഷ്യയോനിയിൽ ജനിച്ചു് ഇവളുടെ ഭത്തൃത്വത്തെ സ്വീകരിക്കുമാറാകട്ടെ'' എന്നു കല്പിച്ചു. അതുപ്രകാരം യമൻ, വായു, ഇന്ദ്രൻ, അശ്വിദേവകരം എന്നിവരുടെ ബീജത്തിൽനിന്നു് അവർ പാണ്ഡുപുത്രന്മാരായി ഭൂമിയിൽ പിറക്കുകയും ചെയ്തു.]

115. പ്രാചീനം=പണ്ടുള്ളതായ. വാസനായോഗം=വാസനയുടെ യോഗം (ചേർച്ച). ഉപനതം=അടുത്തുവന്ന. ദേവകാരുണ്യവാശ്ശ്=ഈശ്വരകൃപയുടെ അതിശയം. വ്യാജാപേതം=വ്യാജമല്ലാത്ത.

രാജൻ! നിർദ്ധാര്യ ബുദ്ധ്യാ ദുഹിതരമവരെ-
    വക്കമൊന്നിച്ചു വേഠംപ്പാ-
നാചാരധ്വംസശങ്കാങ്കുരമകലെ വെടി-
    ഞ്ഞാനുകൂല്യം ഭജേഥാഃ'' 115

ഇവണ്ണം വ്യാസോക്താമഴകിയ
    പുരാണാത്ഭുതകഥാം
ചെവിക്കൊണ്ടാനമ്രേഷ്വമിതധൃ-
    തി സർവ്വേഷു നിഭൃതം
അവണ്ണംതന്നേയെന്നുടനനു-
    വദിക്കം പരിചഹോ
നവം കേഠംക്കപ്പെട്ടു വിബുധന-
    ഗരീദുന്ദുഭിരവം. 116

---

മിഥോഭാവം=അന്യോന്യസ്നേഹം. ഇനിയ=നല്ല. മഹേശാജ്ഞ= ശിവൻെറ കല്പന. പ്രാജ്ഞമൌലേ!=വിദ്വന്മൌലേ! രാജൻ=രാജാവേ! നിർദ്ധാര്യ=ഉറച്ചിട്ടു്. ബുദ്ധ്യാ=ബുദ്ധികൊണ്ടു്. ദുഹിതരം= ദുഹിതാവിനെ (മകളെ). ആചാര........ങ്കുരം=ആചാരധ്വംസ (നടവടിത്തെററു്) ത്തെക്കുറിച്ചുള്ള ശങ്കയുടെ അങ്കുരം (ഉത്ഭവം). ആനുകൂല്യം=അനുകൂലതയെ. ഭജേഥാഃ=നീ ഭജിച്ചാലും. സാരം സ്പഷ്ടം.

116. വ്യാസോക്താം=വ്യാസനാൽ പറയപ്പെട്ട. പുരാണാത്ഭുതകഥാം=പഴയ അത്ഭുതകഥയെ. ചെവിക്കൊണ്ടു്=കേട്ടു്. ആനമ്രേഷു (സത്സു)=നമിച്ചവരായ സമയത്തു്. അമിതധൃതി (ക്രി.വി.)= അനല്പമായ ധൃതി (പ്രീതി)യോടേ. സർവ്വേഷു=എല്ലാവരും (ആനമ്രേഷു എന്നതിനോടു യോജന). അനുവദിക്കുംപരിച്=അനുവദിക്കുമ്പോഠം. വിബുധ........രവം=സ്വർഗ്ഗപുരിയിലെ ദുന്ദുഭിശബ്ദം. വ്യാസരുടെ അരുളപ്പാടു കേട്ടപ്പോഠം എല്ലാവരും അങ്ങനെതന്നെ എന്നു സമ്മതിച്ചു. തത്സമയം സ്വർഗ്ഗത്തിൽനിന്നു ദുന്ദുഭിവാദ്യം കേഠംക്കപ്പെട്ടു.

അന്തംകൂടാതവണ്ണം വളരുമനുപമാ–
നന്ദപീയൂഷയൂഷ–
സ്യന്ദേ മുങ്ങിക്കളിക്കും ദ്രുപദനൃപഗിരാ
പാണ്ഡുപുത്രാസ്തദാനീം
ബന്ധിച്ചൂരക്കാമ്പിലും കൈയിലുമഹനി ശുഭേ
കൗതുകം ധൗമ്യനോത്തും
മന്ത്രംകൊണ്ടഗ്രഹീഷുർമ്മുരഭിദനുമതാ
യാജ്ഞസേനീകരാഗ്രം. 117

ശക്താഃ കുന്തീകുമാരാസ്തദനു ചരഗിരാ
യാജ്ഞസേനീവിവാഹ–
പ്രത്യഗ്രാഡംബരം കേട്ടതിവിസരദസൂ–
യാജ്വരേണാഭിയാതാൻ

---

117. അന്തം=അററം. അനു........സ്യന്ദേ=അനുപമം (അതുല്യം) ആയ ആനന്ദമാകുന്ന പീയൂഷയൂഷത്തിൻെറ (അമൃതക്കുഴമ്പിൻെറ) സ്യന്ദ (പ്രവാഹം(ത്തിൽ. ദ്രുപദനൃപഗിരാ=ദ്രുപദരാജാവിൻെറ വാക്കിനാൽ. പാണ്ഡുപുത്രാഃ=പാണ്ഡവന്മാർ. തദാനീം=അപ്പോരം. ബന്ധിച്ച്=വഹിച്ച്, കെട്ടി എന്നും. അഹനി=അഹസ്സിൽ. ശുഭേ=ശുഭമായ. കൌതുകം=കുതുകം; കാപ്പ് എന്നും. ധൌമ്യൻ=പാണ്ഡവപുരോഹിതൻ. അഗ്രഹീഷുഃ = ഗ്രഹിച്ചു. മുരഭിദനുമതാഃ = മുരഭിത്തിനാൽ (ശ്രീകൃഷ്ണനാൽ) അനുവദിക്കപ്പെട്ടവരായിട്ട്. യാജ്ഞ........രാഗ്രം= യാജ്ഞസേനി (പാഞ്ചാലി)യുടെ കരാഗ്രത്തെ. സാരം സ്പഷ്ടം.

118. ശക്താഃ=ശക്തന്മാരായ. കുന്തീകുമാരാഃ=കുന്തീപുത്രന്മാർ. തദനു=അതിനുശേഷം. ചരഗിരാ=ചരന്മാരുടെ (ഒററുകാരുടെ) വാക്കിനാൽ. യാജ്ഞ........ബരം=യാജ്ഞസേനിയുടെ വിവാഹത്തിൻെറ പ്രത്യഗ്രമായ (പുതിയ) ആഡംബരം (മോടി). അതി........രേണ=അധികം വിസരത്തായ (വ്യാപിക്കുന്ന) അസൂയയാകുന്ന ജ്വരം ഹേതുവായിട്ട്. അഭിയാതാൻ=അഭിയാനംചെയ്ത (ആക്രമിച്ച). രുദ്ധ്വാ=രോധിച്ച് (തടുത്ത്). പാഞ്ചാലഗേഹം=പാഞ്ചാലരാജാ

രുദ്ധ്വാ പാഞ്ചാലഗേഹം കൃതതുമുലരണാൻ
കൗരവാനസ്ത്രശസ്ത്രൈ-
ർവ്വിദ്രാവ്യാമീ തയാ ചേൎന്നഥ നൃപസുതയാ
സൗഖ്യമൂരംക്കൊണ്ടിരുന്നു. 118

ദ്രൗപദീസ്വയംവരം പ്രബന്ധം
സമാപ്തം.

ശ്രീകൃഷ്ണായ നമഃ.

---

വിൻെറ ഗൃഹത്തെ. കൃതതുമുലരണാൻ=തുമുലമായ രണത്തെച്ചെയ്ത. കൗരവാൻ=കൗരവന്മാരെ (ദുര്യോധനാദികളെ). അസ്ത്രശസ്ത്രൈഃ= അസ്ത്രങ്ങരംകൊണ്ടും ശസ്ത്രങ്ങരംകൊണ്ടും. വിദ്രാവ്യ=ഓടിച്ചിട്ട്. അമീ=ഈ. (കുന്തീകുമാരാഃ എന്നതിനോടു യോജന). തയാ=ആ. നൃപസുതയാ=രാജപുത്രിയോട്. അനന്തരം ചാരന്മാർ പറഞ്ഞു പാഞ്ചാലീസ്വയംവരാഘോഷം കേട്ട് അസൂയ മുഴുക്കുകയാൽ പാഞ്ചാലരാജധാനിയെ വളഞ്ഞു യുദ്ധംതുടങ്ങിയ കൗരവന്മാരെ തോല്പിച്ചോടിച്ച് പാണ്ഡവന്മാർ പാഞ്ചാലിയോടുചേൎന്ന് സുഖമായി പാൎത്തു.

ശുഭം.

# ശുദ്ധിപത്രം

| പേജ് | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| 6 | 28 | അന്തഃപുരത്തലെ | അന്തഃപുരത്തിലെ |
| 12 | 4 | എഴന്നെള്ളി | എഴുന്നള്ളി |
| 16 | 23 | ചമ്പുകാരൻ | ചമ്പൂകാരൻ |
| 38 | 18 | കാലെതത്ര | കാലേതത്ര |
| 43 | 24 | യദൃഭിസേഹ | യദൃഭിഃസഹ |
| 45 | 2 | സംഭ്രാമിയായ്ക്ക | സംഭ്രമിയായ്ക്ക |
| 46 | 7 | വിസറി | വിശറി |
| 47 | 5 | വേ്യശ്യ | വേശ്യ |
| ,, | 19 | നിച്ചിരികത്തി | നിച്ചിരിയത്തി |
| 49 | 4 | പോയിപ്പുക്കളു | പോയ്പ്പുക്കളു |
| 50 | 25 | തിരക്കെഴിപ്പാൻ | തിരക്കൊഴിപ്പാൻ |
| 53 | 25 | വികഞ്ഞു് | വകഞ്ഞു് |
| 60 | 24 | അതൃത്തി | അതിർത്തി |
| 61 | 29 | ശ്രീഷ്ണൻ | ശ്രീകൃഷ്ണൻ |
| 66 | 12 | പൊന്മരംക്കരന്തം | പൊന്മാരക്കരന്തം |
| 84 | 8 | ഓത്തുതില്ലേത്തും | ഓത്തതില്ലേത്തും |
| 87 | 4 | കാൺകൊടാ | കൺകൊടാ |
| 89 | 13 | നമ | നമു |
| 93 | 17 | ഉൽകതപം | ഉൽക്കതപം |
| 99 | 11 | അല്ലാസ്സിൽ | അല്ലയാസ്സിൽ |
| 107 | 17 | സമ്പ്രാദയം | സമ്പ്രദായം |
| 111 | 10 | പാതനേ | പാതേന |
| 118 | 6 | മുഹൂത്തു | മുഹൂത്തി |
| 123 | 15 | സാരത്ഥ്യം | സാരഥ്യം |
| 125 | 3 | നിഭിണ്ണ | നിർഭിണ്ണ |
| 126 | 16 | ഗൃഹിത്വാ | ഗൃഹീത്വാ |

## KOTTAYAM PUBLIC LIBRARY
### KOTTAYAM

Cl. No. MA9 Acc. No. 1848

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of ₹1 per day will be charged

MA9
KER-D 1848

കേരളസാഹിത്യഅക്കാദമി

ശിപദിസ്വയംവരം